| വാല്യം 99 |
|---|

**പട്ടാമ്പി ബ്ലോക്ക്**

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

# കൊപ്പം ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

കൊപ്പം ഗ്രാമ പഞ്ചായത്ത്



# ഒമ്പതാം പദ്ധതി - ജനകീയ പദ്ധതി

കൊപ്പം ഗ്രാമ പഞ്ചായത്ത്.

# വികസന റിപ്പോർട്ട്

1996.



# റിപ്പോർട്ടിനെക്കുറിച്ച് ഒരുവാക്ക്!

ഇതൊരു സമഗ്രവികസന റിപ്പോർട്ട് ആണെന്ന്
അവകാശപ്പെടുന്നില്ല.
സാദ്ധ്യമായിടത്തോളം വിവരങ്ങൾ ശേഖരിച്ചും
ജനങ്ങളുടെ അഭിലാഷങ്ങൾ ഉൾകൊണ്ടു കൊണ്ടും
നമ്മുടെ പഞ്ചായത്തിൽ അടുത്ത അഞ്ചു
വർഷത്തിനുള്ളിൽ നേടിയെടുക്കേണ്ട
ഏതാനും കാര്യങ്ങളിലേക്ക് വിരൽ ചൂണ്ടുക
മാത്രമേ ഇതിൽ ചെയ്തിട്ടുള്ളൂ. അപാകതകളും
പോരായ്മകളും ഉണ്ടാവാം. സദയം ക്ഷമിക്കുക....

**ഇ. പി. നാരായണൻ,**
പ്രസിഡണ്ട്,
കൊപ്പം ഗ്രാമപഞ്ചായത്ത്.

# താളുകൾ മറിക്കുമ്പോൾ....


| | | | |
|---|---|---|---|
| 1. | ആമുഖം | ......... | 1 |
| 2. | ചരിത്രം | ......... | 3 |
| 3. | ഭൂപ്രകൃതി | ......... | 6 |
| 4. | കൃഷി - ജലസേചനം | ......... | 11 |
| 5. | മൃഗസംരക്ഷണം | ......... | 25 |
| 6. | വിദ്യാഭ്യാസം | ......... | 33 |
| 7. | ആരോഗ്യം - കുടിവെള്ളം | ......... | 39 |
| 8. | വ്യവസായം | ......... | 45 |
| 9. | റോഡ് - ഊർജ്ജം | ......... | 48 |
| 10. | ഭവന നിർമ്മാണം | ......... | 53 |
| 11. | സംസ്കാരം | ......... | 57 |
| 12. | വനിത | ......... | 62 |
| 13. | സഹകരണം | ......... | 68 |
| 14. | പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം | ......... | 71 |
| 15. | വിഭവസമാഹരണം | ......... | 75 |

# ഭരണ സമിതി അംഗങ്ങൾ



ശ്രീ. കെ. അബ്ദുൾ ജബ്ബാർ
(വൈ. പ്രസിഡണ്ട്)



ശ്രീ. ഇ.പി. നാരായണൻ
(പ്രസിഡണ്ട്)



ശ്രീ. പി. സുബ്രഹ്മണ്യൻ
(ചെയർമാൻ
സ്റ്റേൻറിംഗ് കമ്മിറ്റി)



ശ്രീമതി. പി. രുഗ്മിണി
അന്തർജനം



ശ്രീമതി.സി. ഇന്ദിരാ ദേവി



ശ്രീമതി. ടി. ഭാനുമതി



ശ്രീമതി. വി.പി. അയിഷാബി



ശ്രീ. എൻ.പി. മരക്കാർ



ശ്രീ. എ .പി. രാമദാസ്



ശ്രീ. സി. ഉസ്മാൻ ഹാജി

# വികസന റിപ്പോർട്ട്.

## ആമുഖം.

ആസൂത്രിത ഗ്രാമവികസനത്തിനും തദ്ദേശ ഭരണത്തിൽ വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുമായി ഉദ്ദേശിച്ചുകൊണ്ട് ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതി നിയമത്തിനനുസൃതമായി കേരള പഞ്ചായത്ത് രാജ് നിയമം 23-4-94 മുതൽ പ്രാബല്യത്തിൽ വന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നടന്ന പൊതു തെരഞ്ഞെടുപ്പിലൂടെ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തു ഭരണ സമിതികൾ 1995 ഒക്ടോബർ 2-ാം നു- അധികാരത്തിലേറി. ഗ്രാമ പഞ്ചായത്തു വാർഡു തലത്തിൽ രൂപീകരിച്ചിട്ടുള്ള ഗ്രാമ സഭകളാണ് പഞ്ചായത്ത്‌രാജ് ഭരണ സമ്പ്രദായത്തിലെ ഏററവും പ്രധാനഘടകം. വാർഡിലെ എല്ലാ വോട്ടർമാരും അംഗങ്ങളായുള്ള ഗ്രാമ സഭകളിലൂടെ തദ്ദേശ ഭരണ കാര്യങ്ങളിൽ നേരിട്ടു പങ്കാളിയാവുന്നതിന് ജനങ്ങൾക്ക് അവസരം ലഭിച്ചിരിക്കയാണ്. കേരളത്തിന്റെ 9-ാം പദ്ധതി ജനകീയാസൂത്രണത്തിലൂടെ രൂപപ്പെടുത്തുന്നതിനുള്ള തീരുമാനം അതുകൊണ്ടു തന്നെ ഏറെ പ്രാധാന്യമർഹിക്കുന്നു. പദ്ധതി രൂപരേഖ മുഖ്യമായും ഗ്രാമ സഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളുടേയും നിർദ്ദേശങ്ങളുടേയും ക്രോഡീകരണവും, ദ്വിതീയ വിവരശേഖരണവും അടങ്ങിയ വികസന റിപ്പോർട്ട് ആണ്. ഇപ്രകാരം തയ്യാറാക്കപ്പെട്ട വികസന റിപ്പോർട്ട് വികസന സെമിനാറിൽ അവതരിപ്പിക്കപ്പെടുകയും ഇതിലെ നിർദ്ദേശങ്ങൾ കർമ്മസമിതികളുടെ ചുമതലയിൽ വിവിധ സ്കീമുകളും പ്ലാനുകളുമാക്കി മുൻഗണനാടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തുന്നതോടെ പദ്ധതി രൂപരേഖ പൂർണ്ണമാവുന്നു.

16 9-96ന് പഞ്ചായത്ത് സാംസ്കാരികനിലയത്തിൽ ചേർന്ന യോഗത്തിൽ പ്രസിഡണ്ട് ശ്രീ. **ഇ. പി. നാരായണൻ** ചെയർമാനായുള്ള സംഘാടകസമിതി രൂപീകരണത്തോടെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് കൊപ്പം ഗ്രാമ പഞ്ചായത്തിൽ തുടക്കം കുറിച്ചു. പഞ്ചായത്തിലെ എല്ലാ രാഷ്ട്രീയ കക്ഷികളുടേയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കുകയുണ്ടായി. 17-9-96 ന് ഒന്നാംഘട്ട പ്രാദേശിക പരിശീലനം നടന്നു. പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. **S. G. സുരേഷ്** പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ജില്ലാ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ പങ്കെടുത്തു. 105 ആളുകൾ പരിശീലനത്തിനു എത്തിച്ചേർന്നു. ഒററ ദിവസത്തെ പരിശ്രമം കൊണ്ടു ഇത്രയും പേരെ പങ്കെടുപ്പിക്കാൻ സാധിച്ചത് ഒരു നല്ല തുടക്കമായി. ക്ലാസ്സിനുശേഷം 12 ഗ്രൂപ്പുകളായി തിരിച്ച് കൺവീനർമാരെ തെരഞ്ഞെടുത്തു. ഓരോ ഗ്രൂപ്പിനും സബ്ബ്കമ്മററികൾ രൂപീകരിച്ചു. ദ്വിതീയ വിവരശേഖരണത്തിന് 17 അംഗ സമിതിയെയും ചുമതലപ്പെടുത്തി 19-9-96ന് പാടശേഖര കമ്മററി സെക്രട്ടറിമാരുടെയും കേര വികസന സമിതി അംഗങ്ങളുടേയും സംയുക്ത യോഗം കൂടി കൃഷി രംഗത്ത് നടപ്പാക്കേണ്ട പദ്ധതികൾക്ക് രൂപം നല്കി. 25-9-96 ന് വിവിധ ഗ്രൂപ്പുകളുടെ സബ് കമ്മററികൾ അതാതു വിഷയത്തെക്കുറിച്ചുള്ള ചോദ്യാവലികൾ തയ്യാറാക്കി. 26-9-96 ന് പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും വിദ്യാർത്ഥികളും അദ്ധ്യാപകരും ഗ്രാമസഭയുടെ സന്ദേശം ഉൾക്കൊള്ളുന്ന ബാഡ്ജ് ധരിച്ചു. ചില സ്കൂൾ അസംബ്ലികളിൽ പഞ്ചായത്ത് മെമ്പർമാർ സംബന്ധിച്ച് ഗ്രാമസഭയുടെ പ്രാധാന്യം വിശദീകരിച്ചു. 28-9-96ന് മൃഗസംരക്ഷണ സെമിനാർ സംഘടിപ്പിച്ചു

29-9-96 മുതൽ 6-10-96 വരെയുള്ള ദിവസങ്ങളിലാണ് ഗ്രാമസഭകൾ ചേർന്നത്. ഗ്രാമസഭകളുടെ വിജയത്തിനായുള്ള പ്രചാരണ പ്രവർത്തനങ്ങൾ പൊതുവെ നല്ല രീതിയിൽ സംഘടിപ്പിക്കാൻ കഴിഞ്ഞു ഇതിന്റെ മുന്നൊരുക്കം എന്ന നിലയിൽ വാർഡുതല സംഘാടക സമിതികൾ രൂപീകരിച്ചു. II, VI, VIII, IX വാർഡുകളിൽ അയൽക്കൂട്ടങ്ങൾ ചേർന്നു പഞ്ചായത്തു മെമ്പർമാരുടെ നേതൃത്വത്തിൽ ഗൃഹസന്ദർശന പരിപാടിയിലൂടെ ഓരോ അംഗത്തിനുമുള്ള ക്ഷണക്കത്ത് നേരിട്ടു നൽകുകയായിരുന്നു. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും മൈക്ക് അനൗൺസ്മെൻറ് നടത്തി. VI, IX വാർഡുകളിൽ ഗ്രാമസഭയ്ക്കുശേഷം കലാപരിപാടികൾ ഉണ്ടായിരുന്നു

ഏററവും നല്ല ഗ്രാമസഭ സംഘടിപ്പിച്ച വാർഡിന് 10,000 / ക. യുടെ ഒരു വികസന പ്രവർത്തി പാരിതോഷികമായി പ്രഖ്യാപിച്ചിരുന്നത് ഗ്രാമസഭകളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ആവേശം പകർന്നു.

പഞ്ചായത്തിൽ ആകെ 14146 വോട്ടർമാരുള്ളതിൽ വിവിധ ഗ്രാമസഭകളിലായി 2310 പേർ പങ്കെടുത്തു. ഇതിൽ 498 സ്ത്രീകളുണ്ടായിരുന്നു. 150 മുതൽ 341 അംഗങ്ങൾ വരെയാണ് പങ്കാളിത്തം. 185 സ്ത്രീകൾ പങ്കെടുത്ത ഗ്രാമസഭയുമുണ്ട്. ശരാശരി 20% വോട്ടർമാർ ഗ്രാമസഭകളിൽ സമ്മേളിച്ചു സ്ത്രീകളുടെ പങ്കാളിത്തം 17% ആയിരുന്നു. പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ എല്ലാ ഗ്രാമസഭകളിലും കൂട്ടമായി പങ്കെടുത്തു.

17-10-96 ന് പഞ്ചായത്ത് മെമ്പർമാരും ഡി. ആർ പി. മാരും ഗ്രൂപ്പ് കൺവീനർമാരും ചേർന്ന് ഗ്രാമസഭാ പ്രശ്നങ്ങൾ ക്രോഡീകരിച്ചു. രണ്ടാംഘട്ട ജില്ലാതല പരിശീലനത്തിനു ശേഷം 30-9-96 ന് പഞ്ചായത്ത് തലത്തിലുള്ള രണ്ടാംഘട്ട ശില്പശാല. നടന്നു. അന്നു തന്നെ വികസന സെമിനാറിനായുള്ള സ്വാഗതസംഘവും രൂപീകരിച്ചു 96 പേർ 2-ാംഘട്ട പരിശീലനത്തിൽ പങ്കെടുത്തു വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് 13 ഗ്രൂപ്പുകളിലെയും ചെയർമാൻ. മാർ, കൺവീനർമാർ, 10 അംഗങ്ങൾ എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തി. 28 10-96ന് പഞ്ചായത്തിലുള്ള എല്ലാ ഉദ്യോഗസ്ഥൻമാരുടെയും ഒരു യോഗം വിളിച്ചു കൂട്ടി നടപ്പുപദ്ധതികളുടെ അവലോകനം നടത്തി. നവംബർ 1ന് 'പുനരർപ്പണദിന' മായി ആചരിച്ചു ഇതിന്റെ ഭാഗമായി കൊപ്പം സെൻറർ ശുചീകരണം നടത്തി. പഞ്ചായത്ത് പ്രസിഡണ്ട് പ്രവർത്തി ഉദ്ഘാടനം ചെയ്തു പഞ്ചായത്തു മെമ്പർമാർ, KRP, DRP, LRP മാർ, കൊപ്പം ഗവ: ഹൈസ്കൂളിലെ NCC വിഭാഗം വിദ്യാർത്ഥികൾ എന്നിവർ സജീവമായി സഹകരിച്ചു. ഒക്ടോബർ 2, 4, തിയ്യതികളിൽ 13 ഗ്രൂപ്പുകളും ചേർന്ന് കരട് റിപ്പോർട്ടു തയ്യാറാക്കി 3-11-96ന് 34 പേർ ഗ്രാമ പഞ്ചായത്ത് മെമ്പർമാരുടെയും D R P മാരുടെയും നേതൃത്വത്തിൽ ആറ് സംഘങ്ങളായി പഠനപര്യടനം നടത്തി വിവരങ്ങൾ ശേഖരിച്ചു. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ K R P, D R P, L R P മാർ, പഞ്ചായത്ത്, കൃഷി, മൃഗസംരക്ഷണ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ എന്നിവരുടെ കൂട്ടായ്മയുടെ സാക്ഷാത്കാരമാണ് ഈ വികസന റിപ്പോർട്ട്.

സ്വാതന്ത്ര്യസമര സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളിൽ എന്നും മുന്നിൽ നിന്നിരുന്ന വള്ളുവനാട് താലൂക്കിന്റെ ഭാഗമായി 1961-ൽ കൊപ്പം പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. ഇപ്പോൾ ഒററപ്പാലം താലൂക്കിന്റെ ഭാഗമാണ്. കിഴക്ക് തർതലക്കുന്നും, വടക്ക് ചളമ്പ്രക്കുന്നും, പടിഞ്ഞാറ് രായിരനെല്ലൂർ മലയും, തെക്ക് രാമഗിരി കോട്ടയും അതിരുകളിട്ട മനോഹരമായ ഒരു ഭൂപ്രദേശമാണിത്. 25 7 ച കി മീററർ വിസ്തൃതിയും 24492 ജനസംഖ്യയുമുള്ള ഈ ഒന്നാം ഗ്രേഡ് പഞ്ചായത്തിൽ ഒരു വില്ലേജ് മാത്രമേയുള്ളൂ. 23-12-1963ന് ശ്രീ. കെ. പി ഗോപാലമേനോൻ പ്രസിഡണ്ടായി പ്രഥമ ഭരണസമിതി അധികാരമേററു. തുടർന്ന് 29-9 79 മുതൽ 30-9-84 വരെ ശ്രീ. ഇ പി. നാരായണനും 6-2-88 മുതൽ 19-9-95 വരെ ശ്രീ. എം. കെ. വാസുദേവൻനായരും നമ്മുടെ പഞ്ചായത്ത് പ്രസിഡണ്ടുമാരായിരുന്നു പുതിയ പഞ്ചായത്ത് രാജ് സംവിധാന പ്രകാരം 2-10 95 ന് ശ്രീ ഇ. പി. നാരായണന്റെ നേതൃത്വത്തിലുള്ള ഭരണസമിതി നിലവിൽ വന്നു.

പട്ടാമ്പി ബ്ലോക്കിലെ ആമയൂർ, ചെറുകോട്, വിളയൂർ എന്നീ ഡിവിഷനുകളിലും തിരുവേഗപ്പുറ, മുതുതല എന്നീ ജില്ലാ പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലും പട്ടാമ്പി അസംബ്ലിമണ്ഡലത്തിലും ഒററപ്പാലം പാർലമെൻറ് മണ്ഡലത്തിലും ഉൾപ്പെട്ടതാണ് നമ്മുടെ പഞ്ചായത്ത്.

## നമ്മുടെ ജനപ്രതിനിധികൾ.

### ഗ്രാമ പഞ്ചായത്ത് ഭരണസമിതി:-

ഇ. പി. നാരായണൻ — പ്രസിഡണ്ട്.
കെ. അബ്ദുൾജബ്ബാർ — വൈ: പ്രസിഡണ്ട്.
പി. സുബ്രഹ്മണ്യൻ — സ്റ്റാൻറിങ്ങ് കമ്മററി ചെയർമാൻ.

എൻ. പി. മരക്കാർ.
സി. ഉസ്മാൻ.ഹാജി.
ടി. ഭാനുമതി.
സി. ഇന്ദിരാദേവി.
വി. പി. ഐഷാബി.
എ. പി. രാമദാസ്.
പി. രുഗ്മണി അന്തർജ്ജനം.
} മെമ്പർമാർ.

### ബ്ളോക്ക് പഞ്ചായത്ത് (പട്ടാമ്പി)

എം. സുലോചന — മെമ്പർ, വിളയൂർ മണ്ഡലം.
കെ. വി. പത്മിനിടീച്ചർ — മെമ്പർ, ചെറുകോട് മണ്ഡലം.
കമ്മുക്കുട്ടി എടത്തോൾ — മെമ്പർ, ആമയൂർ മണ്ഡലം.

### ജില്ലാ പഞ്ചായത്ത് (പാലക്കാട്.)

കെ. വി. വിജയദാസ് — ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, (മുതുതല മണ്ഡലം)
ഇ. പി. ശങ്കരൻ — ജില്ലാ പഞ്ചായത്ത് ധനകാര്യ സ്റ്റാൻറിങ്ങ് കമ്മററി ചെയർമാൻ, (തിരുവേഗപ്പുറ മണ്ഡലം.)

### അസംബ്ളി.

കെ ഇ. ഇസ്മയിൽ — ബഹു: റവന്യൂ മന്ത്രി, കേരള (പട്ടാമ്പി നിയോജകമണ്ഡലം.)

### പാർലമെൻറ്.

എസ്. അജയകുമാർ — എം. പി, (ഒററപ്പാലം നിയോജകമണ്ഡലം.)

# ചരിത്രം.

കൊപ്പം പഞ്ചായത്തിന്റെ ചരിത്രം പഴയ വള്ളുവനാട് താലൂക്കിന്റെ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. കേവലം ഭരണപരമോ, സാങ്കേതികമോ ആയ അതിർത്തികൾക്കപ്പുറമാണ് ചരിത്രം രൂപം കൊള്ളുന്നത് എന്നതുതന്നെയാണ് അതിനു കാരണം. കുഞ്ഞു മാമലകളും കുന്നിൻ ചെരിവുകളും ഇടയ്ക്കിടെ നെൽവയലുകളും തെങ്ങിൻ തോപ്പുകളും ഇടകലർന്നു കിടക്കുന്ന കേരളത്തിന്റെ പ്രകൃതി ഭംഗി നമ്മുടെ പഞ്ചായത്തിനെയും അനുഗ്രഹിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ ചെറു നീരരുവികളൊഴികെ ഒരു പുഴപോലും നമ്മുടെ പഞ്ചായത്തിൽ കൂടെ ഒഴുകുന്നില്ല.

ജന്മി – കുടിയാൻ ബന്ധത്തിലധിഷ്ഠിതമായ സമൂഹക്രമം തന്നെയാണ് ഇവിടെയും നിലകൊണ്ടിരുന്നത് പ്രധാന ജന്മികുടുംബങ്ങൾ മൂത്തിരിങ്ങോട്, കാലടി, പുള്ളം, കുതിരവട്ടം എന്നിവയായിരുന്നു. ജന്മികുടുംബങ്ങൾക്ക് പാട്ടം കൊടുത്തു കൊണ്ട് അവരുടെ മേധാവിത്വം അംഗീകരിച്ചുകൊണ്ട് ജീവിക്കുവാൻ മാത്രമേ അന്ന് സാധാരണക്കാരായ കൃഷിക്കാർക്ക് കഴിയുമായിരുന്നുള്ളു. ജന്മികുടുംബങ്ങൾ അധികം സവർണ്ണജാതിക്കാരുടേതായിരുന്നു. ആദ്ധ്യാത്മികതയുടെയും മണ്ണിന്റെയും അധിപരായിരുന്ന ജന്മിമാരുടെ മേധാവിത്തം കൃഷിക്കാരന്റെ അവകാശങ്ങളെ ഞെക്കിഞെരുക്കിയിരുന്നു. സ്വന്തം വീട്ടിൽ നല്ല ഒരു കറിയുണ്ടാക്കുന്നതിനു പോലും ജന്മിയുടെ അനുമതി ആവശ്യമായിരുന്നു. തിരുവായക്കെതിർവായില്ലെന്ന സ്ഥിതിയിൽ കൃഷിക്കാരുടെ ദുരിതങ്ങൾ ചെറുതല്ലായിരുന്നു. എങ്കിലും അത് വടക്കെ മലബാറിലേതുപോലെ വളരെ കഠിനമോ, അസഹനീയമോ ആയിരുന്നില്ലെന്ന വ്യത്യാസം ശ്രദ്ധേയമാണ്.

അക്കാലത്ത് വിദ്യാലയങ്ങൾഏറെക്കുറെ ഇല്ലായിരുന്നു ഇപ്പോൾ അരോത്ത് അമ്പലം സ്ഥിതിചെയ്യുന്നിടത്ത് കാനം പള്ളത്ത് ശങ്കരൻനായർ സ്ഥാപിച്ച പുലാക്കുന്നത്ത് സ്കൂൾ ഈ പഞ്ചായത്തിലെ ആദ്യത്തെ സ്കൂളായിരുന്നു നാട്ടെഴുത്തച്ഛന്മാർ എഴുത്തു പഠിപ്പിക്കുന്ന രീതിയും ഉണ്ടായിരുന്നു. ബ്രാഹ്മണ സമുദായത്തിൽ സംസ്കൃത – വേദപഠനങ്ങൾ നടത്തിയിരുന്നു മുസ്ലീംകൾക്കിടയിൽ ഓത്തുപള്ളിക്കൂടങ്ങളും.

വിദേശാധിപത്യവും ജന്മി കുടിയാൻ ബന്ധങ്ങളും സമൂഹത്തെ എല്ലാ വിധത്തിലും അലങ്കോലപ്പെടുത്തുകയായിരുന്നു.

ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷിയായിരുന്നു. അതിനോടനുബന്ധിച്ചുള്ള മററു തൊഴിലുകൾ മാത്രമായിരുന്നു ജീവനോപായം. ലോകമഹായുദ്ധങ്ങൾ കെട്ടഴിച്ചുവിട്ട ക്ഷാമം ജനങ്ങളെ ദുരിതങ്ങൾക്കിടയിലേക്ക് ആട്ടിപ്പായിച്ചു. ആരോഗ്യരംഗത്ത് നാടൻ വൈദ്യന്മാരുടെ സേവനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. സമ്പന്ന കുടുംബങ്ങളായിരുന്നു വെങ്കിലും നമ്പൂതിരിമാർക്കിടയിൽ ഒട്ടേറെ അനാചാരങ്ങൾ നിലവിലുണ്ടായിരുന്നു

ഇത്തരം ചുററുപാടുകൾ മാററിത്തീർക്കുവാനുള്ള മനോഭാവത്തിന്റെ ഫലമായാണ് മററു പ്രദേശങ്ങളിലെന്ന പോലെ നമ്മുടെ പഞ്ചായത്തിലും നവോത്ഥാന പ്രസ്ഥാനങ്ങൾ ഉദയം കൊള്ളുന്നത്, നമ്പൂതിരിയോഗക്ഷേമസഭയുടെ പ്രവർത്തനം ഇവിടെ എടുത്തുപറയേണ്ടിരിക്കുന്നു. വള്ളുവനാട്ടിലാകെ ഈ പ്രസ്ഥാനത്തിന് അടിവേരുണ്ടായിരുന്നു. വി ടി. ഭട്ടതിരിപ്പാട്, പ്രേംജി എന്നിവർ കെട്ടഴിച്ചു വിട്ട ആ പ്രസ്ഥാനം മൂത്തിരിങ്ങോട് പ്രഥമജില്ലാബോർഡ് തെരഞ്ഞെടുപ്പിൽ കവളപ്പാറ മൂപ്പിൽ നായരെ പരാജയപ്പെടുത്തിയ ഭവത്രാതൻ നമ്പൂതിരിപ്പാടിലൂടെ പുള്ളം, ആര്യാപള്ളം എന്നിവരിലേക്ക് പടർന്നു പിടിച്ചു വിധവാ വിവാഹം, മിശ്രഭോജനം മിശ്രവിവാഹം തുടങ്ങിയ കർമ്മപരിപാടികൾക്ക് തുടക്കം കുറിക്കുന്നത് ഇങ്ങനെയാണ്. ഈ രംഗത്ത് അഗ്നിജ്വാല പോലെ പടർന്നു കയറിയ പ്രവർനത്തരീതികളാണ് പുള്ളം ദമ്പതിമാരിൽ ഉണ്ടായത്. വർഷങ്ങൾക്കുമുമ്പു തന്നെ വിധവാവിവാഹം നടത്തിക്കുവാനും മിശ്രവിവാഹം നടത്തിക്കുവാനും വേണ്ട ധൈര്യവും കർമ്മകുശലതയും നേടിയെടുത്തവരായിരുന്നു അവർ. ഉല്പതിഷ്ണുക്കളായ നമ്പൂതിരി യുവാക്കൾ അവരോടൊപ്പം അണിനിരന്നിരുന്ന പോലെ തന്നെ സവർണ്ണ ജന്മികൾ അവരെ ഒററപ്പെടുത്തുവാൻ നിതാന്തജാഗ്രത പ്രകടിപ്പിച്ചിരുന്നു

സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ പിന്നീട് വളർന്നുവന്ന ദേശീയ പ്രക്ഷോഭങ്ങൾക്ക് വേണ്ട ഊർജ്ജം പകർന്നു. ഇത്തരം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവരിൽ പലരും സ്വാതന്ത്ര്യസമര സേനാനികളായി മാറി. ഇക്കൂട്ടത്തിൽ പുള്ളം, ആര്യാപള്ളം എന്നിവർ മുൻപന്തിയിലുണ്ടായിരുന്നു. ഇതിനു മുമ്പു തന്നെ എം. പി. ഗോവിന്ദമേനോനിൽ നിന്ന് പ്രചോദനമുൾക്കൊണ്ടുകൊണ്ട് ഇ. പി ഗോപാലൻ ദേശീയ പ്രസ്ഥാനത്തിലേക്ക് കടന്നു വന്നിരുന്നു.

അന്തരിച്ച പി. രാമചന്ദ്രൻ നെടുങ്ങാടി, ടി. രാമൻ, പാവൂട്ടിയെഴുത്തച്ഛൻ, ഇ. പി. നാരായണൻ നായർ, കെ. പി. നാരായണപിഷാരടി, (കൊട്ടക്കോട്ടകുറുപ്പ്) എന്നിവർ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. പള്ളം ദമ്പതിമാരും ഇ. പി. യും സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന് ധീരമായ നേതൃത്വം നല്കി. അയിത്തോച്ചാടനം, മിശ്രഭോജനം, ക്ഷേത്ര പ്രവേശനം, കള്ളഷാപ്പ് പിക്കറ്റിംഗ്, വിദേശവസ്ത്ര ബഹിഷ്കരണം, ഉപ്പുകുറുക്കൽ എന്നീ പ്രവർത്തനങ്ങളുമായി ഇവർ രാജ്യം മുഴുവൻ സഞ്ചരിക്കുകയായിരുന്നു. ക്ഷേത്രക്കുളങ്ങളിൽ ഹരിജനങ്ങളെ കൂട്ടമായി കുളിപ്പിക്കൽ ഭസ്മകുറിയിടീക്കൽ അമ്പലങ്ങളിൽ തൊഴാൻ അണിനിരത്തൽ എന്നിവ നിക്ഷിപ്തതാല്പര്യക്കാരെ വിറളിപിടിപ്പിച്ചിരുന്നു. പള്ളം ഇതോടൊപ്പം തന്നെ സൂരി രോഗചികിത്സ, നാടകാഭിനയം എന്നിവയും നടത്തിയിരുന്നു. പാട്ടക്കുടിയാന്മാരുടെ ദുരിതങ്ങൾക്കറുതി വരുത്താനായി നടത്തപ്പെട്ട ചെറുതും വലുതുമായ ഒട്ടേറെ സമരങ്ങൾ ഉയർന്നു വരുന്ന സാഹചര്യമായിരുന്നു അന്നത്തേത്.

കോൺഗ്രസ് പ്രസ്ഥാനം വമ്പിച്ച ഒരു ബഹുജന മുന്നേറ്റമായിരുന്നു ഇ പി ഗോപാലൻ, പള്ളം, ആര്യാപള്ളം എന്നിവരെ പോലെ നേതൃത്വപരമായ പ്രവർത്തനരംഗത്ത് വരാത്ത മറ്റു പ്രവർത്തകരും ഉണ്ടായിരുന്നു. പയ്യൂർ കൊട്ടാരത്തിൽ കോമൻ നായർ, കെ. പി കോപ്പൻ, കെ. ശങ്കരൻ, എം. കെ. നാരായണമേനോൻ, കെ. പി. വിക്കിരിശ്ശമേനോൻ (ഇച്ചപ്പമേനോൻ), തെക്കെപ്പാട്ട് രാജഗോപാലൻ, എസ്. അബ്ദുറഹിമാൻ എന്നിവരും രംഗത്തുണ്ടായിരുന്നു കോൺഗ്രസ് സോഷ്യലിസ്റ്റ്പാർട്ടി രൂപാന്തരപ്പെട്ടപ്പോൾ മുതൽ വർഗ്ഗ ബഹുജന സംഘടനാ പ്രവർത്തനങ്ങൾ ആരംഭിച്ചതായി കാണാം.

അദ്ധ്യാപക പ്രസ്ഥാനം, കർഷക പ്രസ്ഥാനം കലാസമിതികൾ എന്നിവ ഈ കാലത്താണ് ഉയർന്നു വന്നത്. അദ്ധ്യാപകർ അന്നു നാമമാത്രമായ ശമ്പളം മാത്രം കിട്ടുന്നവരും മാനേജ്മെൻറിൻെറ ക്രൂരതകൾക്കിരയായവരും ആയിരുന്നു. കൃഷിക്കാരും ഉപരിവർഗ്ഗത്തിൻെറ മർദ്ദനചൂഷണങ്ങൾക്ക് ഇരയായിരുന്നു. ഇതിൽ നിന്നെല്ലാം മോചനം നേടുന്നതിനായി അദ്ധ്യാപകസംഘടനകളും കർഷക സംഘങ്ങളും ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. പാട്ടം വെട്ടിക്കുറയ്ക്കൽ, ജന്മിത്തം അവസാനിപ്പിക്കൽ, സ്വാതന്ത്ര്യം നേടിയെടുക്കൽ, അദ്ധ്യാപകന് ഉയർന്ന ശമ്പളവും ജോലി സ്ഥിരതയും ലഭിക്കൽ എന്നീ ലക്ഷ്യങ്ങൾ സമാന്തരമായി നേടിയെടുക്കുകയെന്നതായിരുന്നു ഇതിൻെറ ഉദ്ദേശം. അദ്ധ്യാപക പ്രസ്ഥാനത്തിൻെറ ആദ്യകാല നേതാക്കളായിരുന്ന കെ. ജി. യും, എൻ. കെ. ജി. യും പിന്നീട് ഈ പഞ്ചായത്തിലെ ഭരണസമിതി മെമ്പർമാർ കൂടിയായിരുന്നു കർഷക സംഘത്തിൻെറ പ്രധാന പ്രവർത്തകനായിരുന്നു കെ. സി. ശ്രീധരൻ. പാട്ടക്കുടിയാൻമാരുടെയും അദ്ധ്യാപകരുടെയും പ്രസ്ഥാനങ്ങൾ അവകാശ സമരങ്ങളുമായി മുന്നേറി. പല കോൺഗ്രസ് സോഷ്യലിസ്റ്റുകാരും ഈ ഘട്ടത്തിൽ കമ്മ്യൂണിസ്റ്റുകാരായി മാറി.

നമ്മുടെ ചരിത്രത്തിൻെറ ഭാഗമായി മററു ചില കാര്യങ്ങൾ കൂടി സ്മരിക്കേണ്ടതുണ്ട്. മലബാറിലെ ആകെ ഇളക്കി മറിച്ച മാപ്പിള ലഹള ഈ പഞ്ചായത്തിൽ നടക്കുകയുണ്ടായില്ല. ടിപ്പുവിൻെറ പടയോട്ടം നടന്നു വെന്നു പറയപ്പെടുന്ന രാമഗിരി കോട്ടയുടെ ഒരു ഭാഗം ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. അത്യത്ഭുതകരമായ ഒരുദൃശ്യമാണ് തറുതലക്കുന്നിലെ കാക്കൊത്തിക്കല്ല്. ദക്ഷിണ കാശിയെന്നറിയപ്പെടുന്ന ഹരിഹരക്കുന്നത്ത് ശിവക്ഷേത്രം ഈ പഞ്ചായത്തിലാണ്. വിശ്വാസികൾ ഇന്നും പാമ്പിൻപടം വഴിപാടു ചെയ്യുന്ന പ്രസിദ്ധമായ പാമ്പിൻകാവും അരോത്തമ്പലത്തിനു സമീപമായി നമ്മുടെ പഞ്ചായത്തിലുണ്ട്.

കേരളത്തിലെ വലിയൊരു വിഭാഗം ജനങ്ങൾക്ക് ചികിത്സാ സഹായങ്ങൾ നൽകിക്കൊണ്ടിരുന്ന പുലാശ്ശേരിയിലെ കൊക്കോട്ടിൽ കൃഷ്ണൻനമ്പ്യാർ നാടൻ ചികിത്സാ സമ്പ്രദായങ്ങളനുസരിച്ച് ഒടിവ്, ചതവ്, മുറിവ് എന്നിവക്കായി ഉഴിച്ചിൽ നടത്തിയിരുന്ന മഹാനാണ്. ആധുനിക ചികിത്സാ സൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് അതൊരു വലിയ സേവനമായിരുന്നു.

പുലാശ്ശേരിയിലെ കരുവാവിൽ കളരിയും ആമയൂർ പുതിയ റോഡിലെ പരിയങ്ങാട്ട് പണിക്കരുടെ കളരിയും പയററു പരിശീലനത്തിന് വഴിയൊരുക്കിയിരുന്നു. പള്ളത്തിൻെറയും വക്കീൽ പത്മനാഭമേനോന്റെയും ഹരിജനോദ്ധാരണ പ്രവർത്തനങ്ങളുടെ പരിലാളനമേററ് ആദ്യത്തെ ആദിദ്രാവിഡ സ്കൂൾ (1936 മാർച്ച് 16) ഇപ്പോൾ പുലാശ്ശേരി ഗവ: വെൽഫെയർ സ്കൂൾ ആയി.

പ്രശസ്ത കവിയായിരുന്ന കുറുവാൻതൊടി ശങ്കരനെഴുത്തച്ഛനും, അദ്ദേഹത്തിൻെറ മരുമകൻ ഡോ: കെ. എൻ. എഴുത്തച്ഛനും ഈ പഞ്ചായത്തുകാരായിരുന്നു വെന്നത് അഭിമാനകരമാണ്.

കൊപ്പം പഞ്ചായത്തിനെ ഇതരപഞ്ചായത്തുകളുമായി ബന്ധപ്പെടുത്തുന്ന ഒരു തീർത്ഥാടന കേന്ദ്രമാണ് രായിരനെല്ലൂർമല. പറയിപെററ പന്തിരുകുലത്തി

ലെ നാറാണത്തുഭ്രാന്തൻ ഇവിടെ അധിവസിച്ചതായി ഐതിഹ്യകഥയാണ്. ഇവിടെ അദ്ദേഹത്തിന്റെ ശില്പം ഈ പഞ്ചായത്തുകാരനായ പുത്തൻവീട്ടിൽ സുരേന്ദ്രകൃഷ്ണൻ സ്ഥാപിച്ചിരിക്കുന്നു. മലയിലെ ദുർഗ്ഗാദേവിയെ സന്ദർശിക്കാൻ തുലാം ഒന്നിന് പതിനായിരങ്ങളാം ഒത്തുകൂടാറുണ്ട്.

ജീവിത സുഖങ്ങളിൽ നിന്ന് എന്നന്നേക്കുമായി ആട്ടിപ്പായിക്കപ്പെട്ടവർക്ക് ആശ്രയമായി സന്നദ്ധ സംഘമെന്ന നിലയിൽ പ്രവർത്തിക്കുന്ന അഭയം കേന്ദ്ര ഓഫീസും ഈ പഞ്ചായത്തിലാണ്.

ചരിത്രപരമായിതന്നെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ശക്തമായ അടിത്തറയുള്ള നമ്മുടെ പഞ്ചായത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടി ഓഫ് ഇന്ത്യ(മാർക്സിസ്റ്റ്) നാണ് ഇപ്പോഴും സ്വാധീനം. മുസ്ലീംലീഗിനാണ് ഇപ്പോൾ രണ്ടാം സ്ഥാനം. തുടർന്ന് കോൺഗ്രസ് ഐ, ഭാരതീയ ജനതാ പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടി എന്നിവയും.

# ഭൂപ്രകൃതി.

നമ്മുടെ പഞ്ചായത്തിന്റെ കിടപ്പ് കിഴക്ക നിന്നും പടിഞ്ഞാറോട്ട ചരിഞ്ഞാണ്. കമ്പനികുന്ന്, ചേമ്പ്രകുന്ന്, മുക്കബ്മല, തറുതലകന്ന് പുളിക്കൽ കുന്ന്, നെല്ലികുന്ന്, ചളമ്പ്രകുന്ന്, എരഞ്ഞോട്ടുകുന്ന്, രായിരനെല്ലൂർ മല, തെക്കുംമല തുടങ്ങിയവയാണ് പ്രധാന കുന്നുകൾ. ഇവയും ചരിവുകളും ചേർന്ന് പഞ്ചായത്തിന്റെ കാൽഭാഗത്തോളം വിസ്തൃതി വരും. അതിനു താഴെ ഫലഭൂയിഷ്ഠമായ താഴ്വരകളും തുടർന്ന് പുരയിടങ്ങളും വയലുകളും കാണപ്പെടുന്നു പഞ്ചായത്തിൽ 60% പ്രദേശത്തും വെട്ടുകൽ മണ്ണാണ് കാണുന്നത്. ബാക്കി സ്ഥലങ്ങളിൽ 10% പാറക്കൂട്ടം 30% പശിമരാശി കലർന്ന എക്കൽ മണ്ണുമാണ് ഉള്ളത്. മിക്ക പ്രദേശങ്ങളിലും താരതമ്യേന താഴ്ന്ന മണ്ണാണ് (deep soil ) നീർവാഴ്ചയുള്ളതും ചരൽ കലർന്ന കളിമണ്ണു വരെ (Grawelly clay 2 mm — 0 02 mm) കാണുന്നുണ്ട്. ചരിവു പ്രദേശങ്ങളിൽ മണ്ണൊലിപ്പു പൊതുവേ കുറവാണ് (Moderate Erosion) സമുദ്ര നിരപ്പിൽ നിന്നും 00 മീററർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഇടനാടാണ്കൊപ്പം.

## കാലാവസ്ഥ:-

ആണ്ടിൽ ശരാശരി 240 സെ. മീ. മഴ ലഭിക്കുന്ന കാലവർഷമാണ കൂടുതൽ.

### മഴ ലഭ്യത '95.

| മാസം | ജനു | ഫിബ്ര | മാർച്ച് | ഏപ്രി | മെയ് | ജൂൺ | ജൂലാ | ആഗ | സപ്ത | ഒക്ടോ | നവ | ഡിസ |
|---|---|---|---|---|---|---|---|---|---|---|---|---|
| ലഭ്യമായ മഴ (മി. മി.) | 8 | 9 | 27 | 87 | 161 | 477 | 633 | 349 | 165 | 249 | 136 | 28 |

### താപനില.

| മാസം | | ജനു | ഫിബ്ര | മാർച്ച് | ഏപ്രി | മെയ് | ജൂൺ | ജൂലൈ | ആഗ | സപ്ത | ഒക്ടോ | നവ | ഡിസ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഊഷ്മാവ് °C | Max. | 32.9 | 35.1 | 37.3 | 34.8 | 34 2 | 29.2 | 28.1 | 29 2 | 31.1 | 31.9 | 30 9 | 30 9 |
| | Min, | 22 | 22 9 | 23 5 | 23.9 | 24.2 | 22.5 | 21.7 | 22.4 | 22.1 | 22 5 | 22.9 | 21.7 |

കേരളത്തിലെ 13 കാർഷിക കാലാവസ്ഥാ മേഖലകളിൽ Central Mid - Land ലാണ് നമ്മുടെ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

## ജല ലഭ്യത:-

പഞ്ചായത്ത് പൊതുവേ ജല ദൗർലഭ്യമുള്ള പ്രദേശമാണ് 10 സെന്റു മുതൽ 1 ഏക്കർ വരെ വിസ്തീർണ്ണമുള്ള 89 കുളങ്ങളും, 2733 കിണറുകളും, 25 കി. മീററോളം നീളത്തിൽ തോടുകളും, 5 നീരുറവകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവ കൂടാതെ 179 കുഴൽ കിണറുകളുമുണ്ട്. ബ്ലോക്കിൽ ആകെ 49.56 MCM ഭൂഗർഭജലം ഉള്ളതിൽ 42 13 MCM ജലസേചനത്തിന് ഉപയോഗിക്കാമെങ്കിലും 35 99 MCM ജലവും ഉപയോഗപ്രദമാക്കിയിട്ടില്ല. 6.14 MCM മാത്രമാണ് ഇപ്പോൾ ഉപയോഗിക്കുന്നത് KWA ജലവിതരണ ശൃംഖലയിൽ 78 പൊതു ടാപ്പുകളാണ് പഞ്ചായത്തിലുള്ളത്. ഭൂതപ്പുഴയിൽ നിന്നുമാണ് കുടിവെള്ളം പദ്ധതിക്കുള്ള ജലലഭ്യത.

## ഭൂവിനിയോഗം:-

പഞ്ചായത്തിന്റെ ഭൂവിസ്തൃതി 25.7 ച. കി. മീറ്റർ ആണ്. ഇതിൽ 5 ച. കി. മീറ്റർ പ്രദേശത്ത് നെൽകൃഷിയും 10 ച. കി. മീറ്റർ മററു കൃഷികളുമാണ്. ബാക്കി പ്രദേശങ്ങൾ പുരയിടം, പൊതുസ്ഥലങ്ങൾ തരിശ് എന്നിവയിൽപ്പെടുന്നു. നെൽവയലിൽ 480 ഹെക്ടർ ഒരുപ്പൂവും 420 ഹെക്ടർ ഇരുപ്പൂവുമാണ്. മൂന്നു പൂവൽകൃഷി ചെയ്യുന്ന പ്രദേശം നമ്മുടെ പഞ്ചായത്തിൽ ഇല്ല തരിശുഭൂമി മിക്കതും മലമ്പ്രദേശങ്ങളാണ്. 10% പാറക്കെട്ടുകളും ഉണ്ട്.

## ജൈവ സമ്പത്ത്:-

നെല്ല്, തെങ്ങ്, കവുങ്ങ് കുരുമുളക്, വാഴ, കശുമാവ്, റബ്ബർ, മരച്ചീനി, പച്ചക്കറികൾ ഇവയാണ് പഞ്ചായത്തിലെ പ്രധാന കൃഷികൾ. മാവ്, പ്ലാവ്, പുളി, നെല്ലി തുടങ്ങിയ ഫല വൃക്ഷങ്ങളും, ധാരാളമുണ്ട്. പഞ്ചായത്തിന്റെ രണ്ടാം വാർഡിൽ വല്ലപ്പുഴ പഞ്ചായത്തിനോടു ചേർന്ന് 5 ഏക്കർ നെല്ലിക്കാട്ട് തന്നെയുമുണ്ട്. ഇവിടത്തെ കണ്ണാന്തളി പൂക്കളും, കണ്ണഞ്ചിപ്പിക്കുന്നതാണ്. ഔഷധ സസ്യങ്ങളുടെ കൃഷിയും സംരക്ഷണവും വളരെ അപൂർവ്വമായേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ.

പശു, ആട് എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. പോത്ത്, കാള, മുയൽ എന്നിവയും. കോഴി വളർത്തലും നാമമാത്രമായുണ്ട്. കരണ്ടു വർഗ്ഗത്തിൽപ്പെട്ട 'മൊച്ച' നമ്മുടെ പഞ്ചായത്തിലെ പുലാശ്ശേരി – കീഴ്മുറി പ്രദേശങ്ങളിൽ കാണപ്പെടുന്നു. മണ്ണേങ്ങോട്, നെടുമ്പ്രക്കാട്, ആമയൂർ, പുലാശ്ശേരി, തെക്കുംമല ഭാഗങ്ങളിൽ മയിലുകൾ ഉണ്ട്. മുള്ളൻപന്നി, വെരുക്, പനവെരുക്, കഴുതപ്പുലി, പാററാട, തുടങ്ങിയവയും ചില പ്രദേശങ്ങളിലുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ പഞ്ചായത്തിലെ ജൈവസമ്പത്തിനെക്കുറിച്ച് സമഗ്ര പഠനം നടത്തിയിട്ടില്ല; അതിനുള്ള ശ്രമം തുടങ്ങണം.

## മനുഷ്യ വിഭവം:-

1991 – ലെ സെൻസസ് പ്രകാരം ജനസംഖ്യ 22286 ആയിരുന്നു. അത് 1996-ൽ 24492 ആയി ഉയർന്നു. വളർച്ചാനിരക്ക് രണ്ടു ശതമാനമാണ്. ജനന മരണ നിരക്കുകൾ ജില്ലാ – സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്. 12462 പുരുഷൻമാരും 12030 സ്ത്രീകളും ഉണ്ട്. ഇതിൽ 9072 പുരുഷൻമാരും 9483 സ്ത്രീകളും സാക്ഷരതകൈവരിച്ചിട്ടുണ്ട്. (73% ) പഞ്ചായത്തിന്റെ ജനസംഖ്യയിൽ 13% അതായത് '2999 പേർ' പട്ടികജാതിയിൽപ്പെടുന്നു. ആറു വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 2382 ആണ്. ജനസംഖ്യയുടെ 15% കർഷകത്തൊഴിലാളികളും, 30% കൃഷിക്കാരും, 10% നിർമ്മാണത്തൊഴിലാളികളും, 2% ഉദ്യോഗസ്ഥരുമാണ്. തൊഴിൽ രഹിതർ 33% വരും.

## പഠന പര്യടനം:-

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ആദ്യപടിയായി പഞ്ചായത്തിന്റെ ഭൂപ്രകൃതി, പ്രകൃതി വിഭവങ്ങൾ തുടങ്ങിയവ അവലോകനം ചെയ്യാനായി പഞ്ചായത്തിന്റെ തെക്ക – വടക്കുദിശയിൽ മൂന്നു പഠന പര്യടനം സംഘടിപ്പിച്ചു. 34 പേർ ആറ് ഗ്രൂപ്പുകളായി മൂന്നു പാതയിൽ (നെടുമ്പ്രക്കാട് – പ്രഭാപുരം, കിഴക്കേകര – കരിങ്ങനാട്, ചളമ്പ്ര – പറക്കാട്) നടന്ന് ഭൂമിയുടെ കിടപ്പ്, ഭൂപ്രകൃതി വിഭാഗങ്ങൾ, ഭൂവിനിയോഗ വിവരങ്ങൾ, ജലലഭ്യതയുടെ വിശദാംശങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തി രേഖാചിത്രവും പട്ടികയും അന്യത്ര ചേർക്കുന്നു.

○ ○ ○

# കൊപ്പം ഗ്രാമ പഞ്ചായത്ത് - പഠന പര്യടനം.






| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | കുത്തനെ ചരിവ് | ഉയർന്ന സമതലം | കുന്ന് | കുത്തനെ ചരിവ് | ചരിവ് | ഉയർന്ന സമതലം | ഉയർന്ന ചരിവ് | [illegible] | താഴ്ന്ന സമതലം | കുന്നിൻ ചരിവ് | താഴ്ന്ന സമതലം | കുന്നിൻ ചരിവ് |
| സസ്യാവരണം | പുല്ല്, കുറ്റിച്ചെടികൾ | നെല്ല് | പുല്ല്, കുറ്റിച്ചെടി | തേക്ക്, മാവ്, പ്ലാവ് | പുല്ല്, വട്ടവൃക്ഷങ്ങൾ | പുല്ല്, ചെറുവൃക്ഷങ്ങൾ | നെല്ല്, വാഴ, തെങ്ങ്, ചെറുവൃക്ഷങ്ങൾ | തരിശ് | നെല്ല് | തെങ്ങ്, കവുങ്ങ്, റബ്ബർ, ഇഞ്ചി | നെല്ല് | റബ്ബർ, തെങ്ങ്, വാഴ |
| ജലവിഭവം | – | ചോല | – | – | – | കുളം, കിണർ | ചോല | – | കുളം, കിണർ | കിണർ | കുളം, കിണർ | കിണർ |
| പരിസ്ഥിതി | മണ്ണൊലിപ്പ് | – | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | വാറ പൊട്ടിക്കൽ | നെൽ പാടം മൂടുന്നു | മണ്ണൊലിപ്പ് | – | – | – | മണ്ണൊലിപ്പ് |
| മണ്ണിനം | ചരൽ മണ്ണ് | എക്കൽ മണ്ണ് | വാറ | വശിമരാശി മണ്ണ് | പാറക്കല്ല്, ചരൽമണ്ണ് | പാറക്കൂട്ടം, ചരൽ മണ്ണ് | വശിമരാശി മണ്ണ് | ചരൽ മണ്ണ്, പാറ | കറുത്ത മണ്ണ് | ഫലഭൂയിഷ്ഠമായ മണ്ണ്, വെട്ടുകല്ല് | ഫലഭൂയിഷ്ഠമായ മണ്ണ് | ചരൽ കലർന്ന മണ്ണ് |
| പ്രാദേശിക നാമം | മുക്കണ്ണ് മല | ചവറാകുഴി | നെല്ലിക്കുന്ന് | വേങ്ങാട് | നായകർന്ന കുന്ന് | മൈലാടിപ്പാറ | കാളേക്കാട് വള്ളിയാൻ | ഏറെക്കാട് | | മണ്ണേക്കോട് | അരോത്ത് പാടം | പ്രഭാപുരം |




| | | | | | | | |
|---|---|---|---|---|---|---|---|
| ഭൂപ്രകൃതി. | പീഠഭൂമി. | സമതലം | കുന്നിൻ-ചരിവ് | സമതലം. | ചരിവ് | കുത്തനെ ചരിവ് | കുന്നിൻ മണ്ട. |
| മൺതരം. | വെട്ടുകല്ല്, ചരൽ | മണൽ കലർന്ന കറുത്ത മണ്ണ് | മണൽ-കലർന്ന ചെമ്മണ്ണ് | മണൽ കലർന്ന കറുത്തമണ്ണ്. | വെട്ടുകല്ല്, ഉരുളൻകല്ല്. | വെട്ടുകല്ല്, ഉരുളൻ കല്ല്. | കരിമ്പാറ വെട്ടുകല്ല്. |
| സസ്യാവരണം | തെങ്ങ്, കശു-മാവ്, പാഴ്മരങ്ങൾ | നെല്ല് | തെങ്ങ്, വാഴ, കമുക്ക്, തേക്ക്. | നെല്ല്. | കുറ്റിക്കാട്, പാഴ്മരങ്ങൾ | തരിശ്, കുറ്റിക്കാട്, പാഴ്മരം. | കുറ്റിക്കാട്, തരിശ്. |
| ജലവിഭവം | — | തോട്, കുളം, കിണർ. | — | കുളങ്ങൾ, കിണറുകൾ. | — | — | — |
| പരിസ്ഥിതി. | കരിങ്കൽ-ക്വാറി | വയൽ-നികർത്തിയിരിക്കുന്നു. | മണ്ണൊ-ലിപ്പ്. | വയൽ നികത്തിയിരിക്കുന്നു | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് |
| സാമൂഹ്യസ്ഥാപനങ്ങൾ | .... | നമസ്കാര പള്ളികൾ, ഭജന മഠം. | ദുർഗാക്ഷേത്രം. നാറാണത്ത്ഭ്രാന്തന്റെ ശില്പം. | .. | കച്ചേരി അമ്പലം. | — | — |
| ജൈവസമ്പത്ത് | — | — | ചെറുപക്ഷികൾ, ചെറുമൃഗങ്ങൾ. | — | ചെറുപക്ഷികൾ ചെറുമൃഗങ്ങൾ | മുയൽ, മയിൽ, ചെറുമൃഗങ്ങൾ. | മുയൽ, മയിൽ, മറ്റുപക്ഷികൾ |




| | | | | | |
|---|---|---|---|---|---|
| ഭൂപ്രകൃതി. | ചെറുകുന്ന് | ചെറിയ ചരിവ് | സമതലം | ചരിവ് | കുന്നിൻമണ്ട. |
| മൺതരം | വെട്ടുകൽ മണ്ണ്. | വെട്ടുകൽ മണ്ണ്. | മണൽ കലർന്ന കറുത്ത മണ്ണ് | വെട്ടുകൽ മണ്ണ്. | വെട്ടുകൽ മണ്ണ്. പാറ |
| സസ്യാവരണം | വാഴ, തെങ്ങ് | തെങ്ങ്, വാഴ. | നെല്ല്, തെങ്ങ്, വാഴ | തെങ്ങ്. ഫലവൃക്ഷങ്ങൾ | റബ്ബർ |
| പരിസ്ഥിതി പ്രശ്നങ്ങൾ | – | | വെള്ളം കൂടുന്നു. | മണ്ണൊലിപ്പ്. | മണ്ണൊലിപ്പ്, കരിങ്കൽ ക്വാറി. |

# കൃഷി - ജലസേചനം.

കുഞ്ഞു മാമലകളും കുന്നിൻ ചെരിവുകളും തെങ്ങിൻ തോപ്പുകളും ചന്തം ചാർത്തുന്ന കൊപ്പം പഞ്ചായത്തിലെ സസ്യശ്യാമളമായ നെൽവയലുകൾ കണ്ണിനും കരളിനും കൗതുക മുണർത്തുന്ന അനുഭൂതിയായിരുന്നു. വളരെ പുരാതനമായി 95% ഭൂമിയും ബ്രഹ്മസ്വം ഭൂമികളായിരുന്നു. പാട്ടക്കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്നു. ജന്മം; കാണം; വെറും പാട്ടം ഭൂമിയിൽ യാതൊരു അവകാശവും കൃഷിക്കാരന് ഉണ്ടായിരുന്നില്ല വെറുംപാട്ട കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം ജന്മിക്ക് പാട്ടം അളന്നു കഴിഞ്ഞാൽ മുഴു പട്ടിണിതന്നെയായിരുന്നു. "കൃഷിഭൂമി കൃഷിക്കാരന്" "ഉള്ള ഭൂമിയിൽ ഉറച്ചു നിൽക്കുക" എന്നീ ആവശ്യങ്ങൾക്കായി കൃഷിക്കാരന്റെ സംഘടിത ശബ്ദം ഉണ്ടാവുകയും 1950ന് ശേഷം കുറേയേറെ മാററങ്ങൾ കാണുകയും, പാട്ടക്കോടതികൾ മുഖേന കൃഷിക്കാരന് നേരിയതോതിൽ ആശ്വാസം കിട്ടുവാനും തുടങ്ങി. 1970 ലെ സമഗ്ര ഭൂപരിഷ്കരണ നിയമം കൃഷിക്കാരന് ഒട്ടേറെ ആശ്വാസമേകി. തുടന്ന് 10 കൊല്ലക്കാലത്തോളം കാർഷിക മേഖലയിൽ ഒരു പുത്തൻ ഉണർവ്വ് അനുഭവപ്പെടുകയും കൃഷിക്കാർ കൂട്ടായ്മയോടെ പ്രവർത്തിക്കുകയും ചെയ്തിരുന്നു. വിത്തുകൾ കൈമാറിയും പൂട്ടുകന്നുകളെ പരസ്പരം കൈമാറുകയും ചെയ്തിരുന്നു. ഉള്ള ഭൂമിയിൽ ഉറച്ചു നിൽക്കാൻ പാട്ടക്കുടിയാൻമാർക്ക് കരുത്തും ആവേശവും നല്കിയ ശ്രീ ഇ. പി. ഗോപാലൻ, ശ്രീ കെ. സി. ശ്രീധരൻ, ശ്രീ കെ. ജി. നായർ, ശ്രീ പള്ളം തുടങ്ങിയ മഹൽ വ്യക്തികളെ ഈ അവസരത്തിൽ സ്മരിക്കുന്നു.

പണ്ടുകാലത്ത് ആര്യൻ, തെക്കൻചീര, കഴമ, പൊന്നാര്യൻ, വെട്ടുകാരി, ചെങ്കഴമ, വട്ടൻ, വെളുത്ത വട്ടൻ, മോടൻ, തവളക്കണ്ണൻ, ചിറ്റേനി, നവര, തെക്കൻബീവി, വെള്ളക്കോലി, നെയ്ചീര തുടങ്ങി വൈവിധ്യമുള്ള നെല്ലിനങ്ങളും ചാമ, കോറ, എള്ള്, മുതിര തുടങ്ങിയ കൃഷികളും ധാരാളം കൃഷി ചെയ്തിരുന്നു. പച്ചക്കറി, വാഴ, ഉഴുന്ന് തുടങ്ങിയ കൃഷികളും ധാരാളമായുണ്ടായിരുന്നു. കാളപൂട്ടമത്സരം, നെൽകുറികൾ തുടങ്ങിയവ കൃഷിക്കാരന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു. പണ്ടത്തെ കൃഷിക്കാർ അദ്ധ്വാനശീലരായിരുന്നു. ഗ്രാമത്തിലെ ഭൂരിഭാഗം ആൾക്കാരുടെയും മുഖ്യവരുമാനം കൃഷിയിൽ നിന്നായിരുന്നു. സമൂഹത്തിൽ കൃഷിക്കാരന് നല്ല മാന്യത ഉണ്ടായിരുന്നു.

ഇന്നത്തെ ചിത്രം ആകെ വ്യത്യസ്ഥമായിരിക്കുന്നു. 1980ന് ശേഷമാണ് ഈ മാററം കണ്ടു തുടങ്ങിയത്. കൃഷിഭൂമി തുണ്ടംതുണ്ടങ്ങളായി മാറി. മററു അവശ്യസാധനങ്ങളുടെ വില വർദ്ധിച്ചതനുസരിച്ച് കാർഷിക ഉല്പന്നങ്ങൾക്ക് ആനുപാതികമായി വില വർദ്ധിച്ചില്ല. ഇത് കാർഷിക രംഗത്തെ മുരടിപ്പിന് കാരണമായി. കൃഷിക്കാരെ ഇന്ന് പഴയതുപോലെ സമൂഹം മാനിക്കുന്നില്ല. കൂട്ടുകുടുംബങ്ങളുടെ തകർച്ച ജനപ്പെരുപ്പം ഗൾഫ് പണത്തിന്റെ സ്വാധീനം തുടങ്ങിയവയും കാർഷികമേഖലയെ ക്ഷീണിപ്പിച്ചു. കർഷകത്തൊഴിലാളികൾ കൂടുതൽ കൂലി ലഭിക്കുന്ന ആദായകരമായ മററു മേഖലയിലേക്ക് മാറി. അതുകൊണ്ടു തന്നെ കാർഷിക രംഗത്ത് വേണ്ടത്ര തൊഴിലാളികളെ കിട്ടാത്ത അവസ്ഥ വരുകയും ചെയ്തു. പഴയ വിത്തിനങ്ങളുടെ സ്ഥാനത്ത് ജ്യോതി, ആതിര തുടങ്ങിയ പുതിയ വിത്തുകളാണ് കൃഷി ചെയ്യുന്നത് നെൽകൃഷി ചെയ്തിരുന്ന പലസ്ഥലങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. വെള്ളം നനയ്ക്കാൻ ഉപയോഗിച്ചിരുന്ന ഏത്തങ്ങളും, കാളത്തേക്കുകളും അപ്രത്യക്ഷമായിരിക്കുന്നു. റബ്ബർ, തെങ്ങ് എന്നീ വിളകൾ വർദ്ധിച്ചപ്പോൾ നെല്ല്, വാഴ, മരച്ചീനി, പച്ചക്കറി എന്നീ കൃഷികൾ കുറഞ്ഞിരിക്കുന്നു. മണ്ണൊലിപ്പു കൂടിയിരിക്കുന്നു. ജൈവവളങ്ങളില്ലാതെ അമിതമായ രാസവള പ്രയോഗത്താൽ മണ്ണിന്റെ ഫലപുഷ്ടി കുറഞ്ഞുകൊണ്ടിരിക്കുന്നു. പഴയ കാലത്തെ കർഷക - കർഷകതൊഴിലാളി ഐക്യം ഇല്ലാതായിരിക്കുന്നു.

# ഇന്നത്തെ വിള ചേരുവ.

| വിള | കൃഷി വിസ്തീർണ്ണം (ഹെക്ടർ) | ഉൽപ്പാദന ക്ഷമത / ഹെക്ടർ. പഞ്ചായത്ത് (ടൺ) | സംസ്ഥാനം (ടൺ) |
|---|---|---|---|
| നെല്ല് | 480 | 21 | 1.96 |
| തെങ്ങ് | 320 | 7000 എണ്ണം | 5900 എണ്ണം |
| കവുങ്ങ് | 30 | 1, 10,000 എണ്ണം | 213409 എണ്ണം |
| കുരുമുളക് | 30 | 300 Kg. | 276 Kg. |
| വാഴ | 20 | 600 Kg. | 7951 Kg. |
| കശുമാവ് | 18 | 600 Kg. | 823 Kg. |
| റബ്ബർ | 30 | 800 Kg. | 1000 Kg. |
| മരച്ചീനി | 10 | 15000 Kg. | 19866 Kg. |
| പച്ചക്കറി | 5 | — | — |

മൊത്തം പത്ത് പാടശേഖരങ്ങളിലായി 480 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു.

## ഉൽപാദന ക്ഷമത:-

പൊതുവെ പഞ്ചായത്തിൽ ഉൽപാദന ക്ഷമത കുറവാണ്. കൂട്ടുമുണ്ടകൻ കൃഷിയും, പൊടി വിതയും, ഒററവിള കൃഷിയും വ്യാപകമായതോടു കൂടി നെല്ലിന്റെ ഉൽപാദന ക്ഷമത കുറച്ചിരിക്കുന്നു. പരിച്ചരണ കുറവിന്റെ അഭാവവും ആറുമാസക്കാലത്തെ കടുത്ത വേനൽക്കാലവും കാരണം തെങ്ങ്, കുരുമുളക് എന്നിവയുടെ ഉൽപാദനക്ഷമതയും കുറവാണ്. വാഴ, റബ്ബർ കവുങ്ങ് തുടങ്ങിയവയുടെ ഉൽപാദന ക്ഷമത കുറഞ്ഞിട്ടില്ല.

## നടപ്പു പദ്ധതികളുടെ അവലോകനം:-

8-ാം പദ്ധതിക്കാലത്ത് നടപ്പിലാക്കിയതും ഇപ്പോഴും തുടരുന്നതുമായ പദ്ധതികളെ കുറിച്ചാണ് താഴെ സൂചിപ്പിക്കുന്നത്.

## 1. നെൽകൃഷി വികസനത്തിനുള്ള പ്രത്യേക പദ്ധതി:-

പാലക്കാട് ജില്ലയിലുള്ള ഈ പദ്ധതി പ്രകാരം നെൽകൃഷി വികസനത്തിന് ഗ്രൂപ്പ് ഫാമിംഗ് സമിതികൾ മുഖാന്തിരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

* ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ കിണർ പമ്പ്സെററ് എന്നിവക്ക് 50% ധനസഹായം 5000 രൂപയിൽ കവിയാതെ നൽകുന്നു.

* സസ്യസംരക്ഷണ മരുന്നുകൾ 50% സബ്സിഡി നിരക്കിൽ ഹെക്ടറിന് 200-രൂപയിൽ കവിയാതെ നൽകുന്നു.

* പൊതുഞാററടി ഉണ്ടാക്കുന്നതിന് ഹെക്ടറി ന് 2000 രൂപയിൽ കവിയാതെ നൽകുന്നു.

* കളനാശിനികൾ, സ്പ്രേയറുകൾ, കുമ്മായം എന്നിവ 50% സബ്സിഡി നിരക്കിൽ നൽകുന്നു.

ഈ പദ്ധതി ഇപ്പോഴും തുടരുന്നു. ഈ പദ്ധതി യിൽ കൂടുതൽ ഫണ്ട് വകയിരുത്തേണ്ടതാണ്.

## 2. സുഗന്ധ വ്യഞ്ജന കൃഷി വികസനത്തി നുള്ള സമഗ്ര പദ്ധതി:-

സുഗന്ധ വിളകളായ കുരുമുളക്, ജാതി, ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ, തുടങ്ങിയവയുടെ ഉൽപ്പാദന വർദ്ധന വിനുവേണ്ടി ധനസഹായം നൽകുന്നു.

### കുരുമുളക്:-

ഉൽപാദനം മുരടിച്ച പഴയ കുരുമുളക തോട്ടങ്ങൾ മാററി അത്യുൽപാദനശേഷിയുള്ള പുതിയ കുരുമുളക് തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം നൽകുന്ന 91-92 മുതൽ ഈ പദ്ധതി തുടങ്ങി. ഇപ്പോഴും തുടരു ന്നു. അതുപോലെ അത്യുൽപാദനശേഷിയുള്ള കുരു മുളക് പ്രദർശന തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ധന സഹായം നൽകുന്നു.

### ജാതി. ഗ്രാമ്പൂ:-

25 തൈകൾ വീതമുള്ള പ്രദർശന തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം നൽകുന്നു.

### ഇഞ്ചി, മഞ്ഞൾകൃഷി:-

ഈ കൃഷി വ്യാപിപ്പിക്കുന്നതിനു വേണ്ടി 25 സെൻറ് വീതം ഉള്ള പ്ലോട്ടുകൾക്ക് ധന സഹായം നൽകുന്നു അത്യുൽപാദനശേഷിയുള്ള വിത്തിഞ്ചിയും രാസവളങ്ങളും കീടനാശിനിയും പ്ലോട്ടുകൾ ഉണ്ടാക്കു ന്നതിനു വേണ്ട ധനസഹായവും നൽകുന്നു.

ഈ പദ്ധതികൾ കൂടുതൽ കൃഷിക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകി തുടരാവുന്നതാണ് സ്ഥിര മായ വിലയുള്ളതും കയററുമതി സാധ്യതകളുള്ളതും ഈ പഞ്ചായത്തിൽ തുടരാവുന്നതുമാണ്. സുഗന്ധ വ്യഞ്ജനങ്ങളുടെ കൃഷി. ഈ പദ്ധതികൾ കൂടുതൽ ജനകീയമാക്കണം.

## 3. തരിശുഭൂമി വികസന പദ്ധതി:-

ഈ പദ്ധതിപ്രകാരം തരിശുഭൂമിയിൽ തെങ്ങിൻ തൈകൾ വയ്ക്കുന്നതിന് പട്ടികജാതി വിഭാഗങ്ങളിൽ പ്പെട്ട കൃഷ്കർക്ക് സൗജന്യമായും, മററുള്ളവക്ക് 50% സബ്സിഡി നിരക്കിലും തെങ്ങിൻ തൈകൾ വിത രണം ചെയ്യുന്നു.

ഈ പദ്ധതി ഇപ്പോൾ തുടരുന്ന രീതിമാററി തരിശുഭൂമി കണ്ടെത്തി അവിടെ ആവശ്യമായ വൃക്ഷ ങ്ങൾ നടുന്നതിനാവശ്യമായ വൃക്ഷങ്ങൾ നടുന്നതിനു ള്ള പദ്ധതി തയ്യാറാക്കി തൈകൾ വിതരണം ചെയ്യു ണം. തുടർന്ന് മേൽനോട്ട പ്രവർത്തനം നടത്തണം.

## 4. സമഗ്ര നാളികേര വികസന പദ്ധതി:-

ചുരുങ്ങിയത് 30 സെൻറ് തെങ്ങുകൃഷിയുള്ളവർ ക്ക് നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന രീതിയിൽ ധനസഹായം നൽകുന്നു.

* കിണർ കുഴിക്കുന്നതിന് 10000 രൂപ. (സബ്സിഡി 2500 രൂപ)

* പമ്പുസെററ് സ്ഥാപിക്കുന്നതിന്. (സബ്സിഡി 2500 രൂപ)

കൂടാതെ ബോധവൽക്കരണത്തിനും റോക്കർ സ്പ്രേയറിനും ഗ്രൂപ്പ് ഇറിഗേഷനും ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നു ഈപദ്ധതി തുടരാ വുന്നതാണ്.

## 5. സ്കൂൾ വിദ്യാർത്ഥികൾ മുഖേനയുള്ള പച്ചക്കറി വികസന പരിപാടി:-

* സ്കൂളുകളിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ.

* സ്കൂളുകൾ മുഖേന കുട്ടികളുടെ വീടുകളിൽ പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കൽ.

* മികച്ച പച്ചക്കറി തോട്ടങ്ങൾക്ക് സമ്മാ- നം നൽകുന്നു.

* വിത്തുകൾ, വളങ്ങൾ, ഉപകരണങ്ങൾ എന്നിവ സൗജന്യമായി നൽകുന്നു.

ഈ പദ്ധതി തുടരാവുന്നതാണ്. ഗ്രാമസഭകളുടെ നേതൃത്വത്തിൽ കുട്ടികളുടെ ക്ലബ്ബുകൾ രൂപീകരിച്ച് പദ്ധതികൾ നടപ്പിലാക്കണം.

## 6. ഗ്രൂപ്പ് ഫാമിങ്ങ്:-

1992-93 മുതൽ ഈ പദ്ധതി തുടങ്ങി. മൊത്തം 410 ഹെക്ടർ നെൽകൃഷിയിലായി 10 പാടശേഖര സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പൊതു ഞാററടി തയ്യാറാക്കുന്നതിനുള്ള സബ്സിഡി കൊടുക്കുന്നു. കൂടാതെ കുമ്മായം, കീടനാശിനികൾ തുടങ്ങിയവയും സൗജന്യനിരക്കിൽ നൽകുന്നു. ട്രാക്ടർ വാങ്ങുന്നതിന് ഈ പദ്ധതി പ്രകാരം 10000 രൂപ സബ്സിഡി നൽകുന്നു. പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതികൾ ശക്തിപ്പെടുത്തി ഈ പദ്ധതികൾ തുടരാവുന്നതാണ്. ഭൂരിഭാഗം കൃഷിക്കാർക്കും ആവശ്യമായ പദ്ധതികൾ നൽകുന്നതിനുള്ള ഫണ്ട് ലഭ്യമാക്കണം.

## 7. ചെറുകിട ഇടത്തരം കൃഷിക്കാർക്കു വേണ്ടിയുള്ള പ്രധാനമന്ത്രിയുടെ പ്രത്യേകപരിപാടി

കൃഷിയിൽ യന്ത്രവൽക്കരണം വരുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പവർ ട്രില്ലർ, മെതിയന്ത്രം, കുളങ്ങൾ, പമ്പുസെററ്, കിണർ എന്നിവക്ക് ഈ പദ്ധതി ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ഈ പദ്ധതി ഇപ്പോൾ തുടരുന്നില്ല. തുടർന്നും നടത്തേണ്ടതാണ്.

## 8. പയറുവർഗ്ഗ വികസന പദ്ധതി:-

പയർ, ഉഴുന്നുവിത്ത്, റൈസോബിയം കൾച്ചർ എന്നിവയുടെ മിനി കിററുകൾ വിതരണം ചെയ്യുന്നു. നമ്മുടെ ഭക്ഷ്യരംഗത്ത് മാംസ്യത്തിന്റെ കുറവ് പ്രത്യേകിച്ച് എടുത്തുപറയുന്നു. പയറുവർഗ്ഗ കൃഷിയുടെ വിപുലീകരണത്തിലൂടെ ഇതിന് പരിഹാരം കണ്ടെത്താവുന്നതാണ്. മേൽപറഞ്ഞ പയർ വർഗ്ഗങ്ങൾക്ക് പുറമേ നിലക്കടല, സോയാബീൻ, മുതിര, എന്നിവ നമ്മുടെ പഞ്ചായത്തിൽ കൃഷി ചെയ്യാവുന്നതാണ്.

## 9. ഹ്രസ്വകാല എണ്ണക്കുരുവിന്റെ വികസനം

എള്ളിന്റെ മിനികിററുകൾ വിതരണം ചെയ്യുന്നു. നല്ല വില ലഭിക്കുന്ന എണ്ണക്കുരുവായ എള്ളിന്റെ കൃഷി വ്യാപിപ്പിക്കാവുന്നതാണ്. നെൽപ്പാടങ്ങളിൽ മൂന്നാംവിളയായി എള്ള് കൃഷി നടത്താവുന്നതാണ്. അതുപോലെ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായും നടത്താവുന്നതാണ്.

## 10. നെൽകൃഷി വികസനത്തിനുള്ള സമഗ്ര പരിപാടി.

92-93 ൽ തുടങ്ങിയ ജന പദ്ധതി പ്രകാരം നല്ലയിനം നെൽവിത്തുകളും കളനാശിനി, കീടനാശിനി, സ്പ്രേയറുകൾ, പവർ ടില്ലറുകൾ എന്നിവ സബ്സിഡി നിരക്കിൽ നൽകുന്നു. ഈ പദ്ധതി ഇപ്പോൾ നിലവിലില്ല. ഇപ്പോഴും തുടരാവുന്നതാണ്.

## 11. പട്ടിക ജാതിക്കാർക്കുള്ള പ്രത്യേക ഘടക പദ്ധതി:-

ഈ പദ്ധതി പ്രകാരം പട്ടിക ജാതിക്കാർക്ക് സൗജന്യമായി നൽകുന്നു.

* കിണർ കുഴിക്കൽ, കിണർ റിപ്പയർ.
* തെങ്ങ്, കുരുമുളക്, റബ്ബർ എന്നിവ കൃഷി ചെയ്യുന്നതിന്.
* പണിയായുധങ്ങൾ നൽകുന്നതിന്.
* നടീൽ വസ്തുക്കൾ നൽകുന്നതിന്.
* പമ്പു സെററ് നൽകുന്നതിന്.
* ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിന്.

ഓരോ വർഷവും പഞ്ചായത്തിലെ ഹരിജൻ കോളനികളിലേയും മററു ഹരിജനങ്ങൾക്കും കാർഷിക വികസനത്തിന് ആവശ്യമായ ഘടകങ്ങൾ സർവ്വെ നടത്തി കണ്ടുപിടിക്കുകയും അതിനനുസരിച്ചുള്ള ആക്ഷൻ പദ്ധതി ഉണ്ടാക്കി ആനുകൂല്യങ്ങൾ നൽകുകയും ചെയ്യാവുന്നതാണ്. വൈദഗ്ദ്ധ്യമുള്ള തൊഴിലുകളിൽ കൂടുതൽ പരിശീലനം നൽകുകയും വേണം.

## 12. കശുമാവ് തോട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതി:-

കശുമാവ് കൃഷി വ്യാപിക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ആദ്യത്തെ നാലു വർഷകാലത്തേക്ക് തൈകൾ നടുന്നതിനും തുടർന്നുള്ള പരിചരണത്തിനും ധനസഹായം നൽകുന്നു. ഈ പദ്ധതി തുടരാവുന്നതാണ്.

## 13. 100% കേന്ദ്രസഹായമുള്ള കവുങ്ങുവികസന പദ്ധതി:-

മഹാളി രോഗത്തിനെതിരെ മരുന്നു തളിക്കുന്നതിനും സബ്സിഡി നൽകുന്നു. റോക്കർ സ്പ്രെയർ നൽകൽ, മഞ്ഞളിപ്പു രോഗമുള്ള തൈകൾ വെട്ടിമാററൽ, ജലസേചനം വികസിപ്പിക്കുന്നതിന് ധനസഹായം നൽകുന്നു.

## 14 ജൈവ വളങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടി:-

പച്ചില സസ്യങ്ങളുടെ വിത്തുകൾ വിതരണം ചെയ്യുന്നു. കമ്പോസ്റ്റുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു. ഈ പദ്ധതി വിപുലപ്പെടുത്താവുന്നതാണ്.

## 15. ബയോഗ്യാസ് പ്ലാൻറ് നിർമ്മാണം:-

ഇത് നിർമ്മിക്കുന്നതിന് സബ്സിഡി നൽകുന്നു. കൂടുതൽ വ്യാപിപ്പിക്കാവുന്നതാണ്.

## 16 സ്വകാര്യമേഖലയിൽ അംഗീകൃത നഴ്സറികൾ നിർമ്മിക്കൽ:-

സ്വകാര്യ മേഖലയിൽ നഴ്സറികൾ സ്ഥാപിക്കുന്നതിന് ധനസഹായം നല്കുന്നു. പഞ്ചായത്തിനാവശ്യമായ അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം നടത്താവുന്നതാണ്.

## 17. നെൽകൃഷി ഉൽപ്പാദനം കൂട്ടാനുള്ള സംയോജിത പരിപാടി:-

മിനിമം 5 ഹെക്ടർ ഉള്ള ഗ്രൂപ്പ് ഫാമിങ്ങ് സമിതിയെ കണ്ടെത്തി അടിസ്ഥാന വിത്ത് ഹെക്ടറിന് 80 Kg. സൗജന്യമായി കൊടുക്കുന്നു. വിത്തുല്പാദിപ്പിക്കുന്നതിന് പ്രോത്സാഹനത്തുക നൽകുകയും അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖാന്തിരം വിത്തുശേഖരണം നടത്തുന്നു.

ഈ പദ്ധതി തുടരാവുന്നതാണ്.

## 18. സംയോജിത ധാന്യവിള വികസന പദ്ധതി:-

ധാന്യവിളകളിൽ സംയോജിത കീടനിയന്ത്രണ പരിപാടി ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്നു. അമിത കീടനാശിനി പ്രയോഗങ്ങൾ ഒഴിവാക്കി ധാന്യവിളകളിൽ പ്രത്യേകിച്ചും നെല്ലിൽ എങ്ങിനെ സമഗ്ര കീടനിയന്ത്രണം നടത്താം എന്നതിനെ കുറിച്ച് പരിശീലന പരിപാടി നടത്തുന്നു. ഇതു തുടരേണ്ടതാണ്.

## 19. പോഷക തോട്ടങ്ങളുടെ നിർമ്മാണം.

ഓരോ കൃഷിക്കാരനും 10 ഫലവൃക്ഷ തൈകൾ വിതരണം ചെയ്യുന്ന ഈ പദ്ധതി തുടരേണ്ടതാണ്.

## 20 വിള ഇൻഷുറൻസ് പദ്ധതി.

ഈ പദ്ധതി പ്രകാരം വിവിധ വിളകൾക്ക് ഇൻഷുറൻസ് സംരക്ഷണം നൽകുന്നു. ഇതു തുടരേണ്ടതാണ്.

## 21 നടീൽ വസ്തുക്കളുടെ വിതരണം.

വിവിധ ഗ്രൂപ്പ ഫാമുകളിൽ ഉൽപ്പാദിപ്പിച്ച നടീൽ വസ്തുക്കളം വിതരണം നടത്തുന്നു. ഈ പദ്ധതി തുടരേണ്ടതാണ്.

## 22. ഒരു ലക്ഷം പേർക്കുള്ള തൊഴിൽ ദാന പരിപാടി.

1995-96 ൽ ഉണ്ടായ പദ്ധതിയാണ് ഇത്. 18 നും 35നും മദ്ധ്യേ പ്രായമുള്ള കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന യുവാക്കളം 1000 രൂപ അടയ്ക്കുകയും 60 വയസ്സ കഴിഞ്ഞാൽ അവർക്ക് പ്രതിമാസം 1000 രൂപ പ്രകാരം പെൻഷൻ നൽകുകയും ചെയ്യുന്നു. കൂടാതെ ഈ കാലയളവിനുള്ളിൽ മരണപ്പെട്ടാൽ നഷ്ടപരിഹാരവും നൽകുന്നു. ഏർപ്പെട്ടിരിക്കുന്ന തൊഴിലിന് വായ്പയും സബ്സിഡിയും നൽകുന്നു.

## 23. ചെറുകിട ജലസേചനവകുപ്പിന്റെ പദ്ധതികൾ:-

5 ഹെക്ടർ വരെയുള്ള പദ്ധതി പഞ്ചായത്തിന് കൊടുത്തിട്ടുണ്ട്.

**ജലധാര.**

* 80% ഫണ്ട് സർക്കാരും 20% കൃഷിക്കാരും നൽകുന്ന പദ്ധതി.

**ജലവാഹിനി.**

* യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ ചെയ്യുന്ന കൃഷിവകുപ്പും മൈനർ ഇറിഗേഷൻ വകുപ്പും സംയുക്തമായി നടത്തുന്ന കുളം, ലിഫ്റ്റ് ഇറിഗേഷൻ ടാങ്ക് എന്നിവക്ക് നൽകുന്നു.

**ചെക്ക് ഡാമുകൾ.**

* തടയണകളുടെ നിർമ്മാണം.

# നെൽകൃഷി

കൊപ്പം പഞ്ചായത്തിലെ അഞ്ചിൽ ഒന്ന് ഭൂമിയിൽ നെൽകൃഷി ചെയ്യുന്നു. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളം രാസവളം, കീടനാശിനി എന്നിവ ഉപയോഗിക്കുന്നുണ്ടെങ്കിലും നെൽകൃഷി ലാഭകരമായി നടത്താൻ കഴിയുന്നില്ല. കീടബാധയും രോഗങ്ങളും പുതിയ വിത്തുകളെ ബാധിക്കുന്നതു കൊണ്ട് പഴയ വിത്തിനങ്ങളിലേക്ക് തിരിച്ചു പോവാൻ കർഷകരെ പ്രേരിപ്പിക്കുന്നു. പൊതുവെ ഉൽപാദനക്ഷമത കുറവാണ്. 8-10 മേനി വിളവ് മാത്രമാണ് ലഭിക്കുന്നത്. നെൽകൃഷിയെ മാത്രം ആശ്രയിച്ച ജീവിക്കുന്ന കൃഷിക്കാരുടെ സ്ഥിതി ശോചനീയമാണ്.

കൃഷി സ്ഥലങ്ങളൊക്കെ ചെറുകിട കർഷകരുടെ കൈവശമുള്ള തുണ്ടു തുണ്ടു ഭൂമികളായി കൊണ്ടിരിക്കുന്നു. ഈഅവസ്ഥ പൊതുജലസേചന സംവിധാനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഓരോ തുണ്ടു ഭൂമിയിലും വ്യത്യസ്ഥ വിത്തിനങ്ങളം കൃഷി ചെയ്യുന്നതും, വ്യത്യസ്ഥ സമയങ്ങളിൽ കൃഷി ചെയ്യുന്നതും മററു വരുമാനമുള്ള കൃഷിക്കാർ തങ്ങളുടെ ഭൂമിയിൽ കൃഷിയിറക്കാത്തതു, കൃഷിഭൂമി തന്നെ കെട്ടിട നിർമ്മാണത്തിനും റോഡു നിർമ്മാണത്തിനും ഉപയോഗിക്കുന്നതും തൊഴിലാളികളെ കിട്ടാത്തതും കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഉൽപ്പന്നത്തിന് നല്ല വിലയും വിററഴിക്കുന്നതിനും സ്ഥിരം കമ്പോളവും ഇല്ല. കർഷക തൊഴിലാളികൾക്ക് കൂലി കൂടുതലാണെന്നും അവരുടെ സേവനം കുറഞ്ഞു വരുന്നതായും കൃഷിക്കാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആവശ്യമുള്ള സമയത്ത് വിത്ത്, വളം കീടനാശിനികൾ എന്നിവ കിട്ടുന്നതിന് കാലതാമസം നേരിടുന്നു. ജൈവവളം കൃഷിക്കാർ നാമമാത്രമായി മാത്രമെ ഉപയോഗിക്കുന്നുള്ളു. ജൈവവളംതന്നെ ആവശ്യത്തിന് കിട്ടുന്നില്ല.

# കൊപ്പം പഞ്ചായത്തിലെ പാടശേഖര സമിതികളുടെ വിവരണം.

| വാർഡ് | പാടശേഖര സമിതികളുടെ പേര് | | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| 1, 2. | ആമയൂർ പാടശേഖര സമിതി. | | 53 70 |
| 2, 9. | വെട്ടിക്കാട് | ,, | 32.32 |
| 2. | പന്തീരടി | ,, | 38 10 |
| 3, 5. | എറയൂർ | ,, | 38.17 |
| 3, 4, 5. | മണ്ണേങ്ങോട് | ,, | 75 50 |
| 6. | പുലാശ്ശേരി | ,, | 72.56 |
| 7. | അരക്കളം | ,, | 20.08 |
| 7, 8. | കിഴമുറി | ,, | 48.38 |
| 8. | മേൽമുറി | ,, | 40.21 |
| 9, 10. | പള്ളത്ത്പടി | ,, | 60.98 |

## പ്രശ്നങ്ങൾ:-

1. നെൽകൃഷി ലാഭകരമല്ല.
2. ഉൽപാദനത്തിന് നല്ല വിലയോ വിററഴിക്കുന്നതിന് പൊതു കമ്പോളമോ ഇല്ല.
3. കർഷക തൊഴിലാളികൾക്ക് കൂലി കൂടുതലുണ്ട്. സേവനം കുറഞ്ഞു വരുന്നു.
4. യഥാസമയത്ത് വിത്ത്, വളം, കീടനാശിനികൾ എന്നിവ ലഭിക്കുന്നില്ല.
5. രണ്ടാംവിളയ്ക്ക് ജലദൌർലഭ്യം നേരിടുന്നു
6. പരിചയ സമ്പന്നരായ തൊഴിലാളികളെ കിട്ടാനില്ല.
7. ഭൂമി തുണ്ട വൽക്കരിക്കപ്പെട്ടിരിക്കുന്നു. വ്യത്യസ്ഥ ഇനങ്ങൾ വ്യത്യസ്ഥ സമയങ്ങളിൽ കൃഷി ചെയ്യുന്നു. ഇതുമൂലം കീടബാധ കൂടുന്നു.
8. സർക്കാർ പദ്ധതികൾ യഥാസമയം ലഭിക്കുന്നില്ല.
9. ജൈവ വളങ്ങളുടെ ഉപയോഗം കുറഞ്ഞു വരുന്നു.
10. ചെറുപ്പക്കാർ ഈ രംഗത്തേയ്ക്ക് കൂടുതൽ കടന്നു വരുന്നില്ല.
11. കൃഷി മുഖ്യ തൊഴിലാക്കിയിരുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു.
12. അമിതമായ രാസവള പ്രയോഗം മൂലം ഭൂമിയുടെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുന്നു.
13. ഒഴുകിപ്പോവുന്ന വെള്ളം തടഞ്ഞു നിർത്തി സംഭരിക്കാനുള്ള പദ്ധതിയില്ല.
14. പഴയ വലിയ കുളങ്ങൾ വേണ്ടത്ര സംരക്ഷിക്കുന്നില്ല.
15. വായ്പാ സൗകര്യം യഥാസമയത്ത് ലഭിക്കുന്നില്ല.
16. യന്ത്രങ്ങളുടെ ലഭ്യത കുറവ്.
17. ആധുനിക കൃഷി രീതിയെക്കുറിച്ചുള്ള അറിവില്ലായ്മ.
18. ജൈവ വളങ്ങളുടെ ദൗർലഭ്യം.

## പഞ്ചായത്തിലെ നിലവിലുള്ള വിഭവങ്ങൾ:-

ഈ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ തറതലക്കുന്ന്, കമ്പനിക്കുന്ന്, ചേമ്പ്രക്കുന്ന്, എരങ്ങോട്ടുകുന്ന്, ചളമ്പ്രകുന്ന്, രായിരനെല്ലൂർമല തെക്കേമലക്കുന്ന്, എന്നീ പ്രദേശങ്ങളാണ്, മററു സ്ഥലങ്ങൾ. ചെരിവ്, താഴ്‌വരകൾ, നെൽപ്പാടങ്ങൾ എന്നിവയാണ്. പഞ്ചായത്തിലെ 60% മണ്ണും വെട്ടുകൽ മണ്ണാണ്.

പണ്ട് കൃഷി ചെയ്തിരുന്നതും ഇപ്പോൾ കൃഷി ചെയ്യാതെ തരിശായി കിടക്കുന്നതുമായ സ്ഥലങ്ങളിൽ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ ഉപയോഗിക്കാവുന്ന ഭൂമിയുടെ വിസ്തീർണ്ണം.

| വിളകൾ | നിലവിലുള്ള വിസ്തീർണ്ണം (ഹെക്ടർ) | ജലസേചന സൗകര്യം കൊണ്ട് കൂടാവുന്നത്. | ജലസേചന സൗകര്യം ഇല്ലാതെ കൂടാവുന്നത്. |
|---|---|---|---|
| നെല്ല് | 480 | 282 | 20 |
| തെങ്ങ് | 320 | 60 | |
| കവുങ്ങ് | 30 | 30 | |
| പച്ചക്കറി | 5 | 40 | |
| വാഴ | 20 | 100 | |
| കുരുമുളക് | 30 | — | 40 |
| റബ്ബർ | 30 | — | 20 |
| കശുമാവ് | 18 | — | 40 |
| ഇഞ്ചി / മഞ്ഞൾ | 5 | — | 20 |
| കിഴങ്ങ് വർഗ്ഗങ്ങൾ | 5 | — | 120 |
| തേക്ക്/മാഞ്ചിയം | | — | 2. 5 |
| കൂൺ പൂ കൃഷി | | — | 300 വീട്. |

## ജലവിഭവങ്ങൾ:-

നമ്മുടെ പഞ്ചായത്തിൽ ജലവിഭവം പൊതുവെ കുറവാണ്. ജല ദൗർലഭ്യം മൂലം പ്രധാനപ്പെട്ട പല വിളകളുടെയും ഉൽപ്പാദനം കുറവാണ്. ഭൂഗർഭജലം 15% മാത്രമാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

# നിലവിൽ ജലസേചനത്തിന് ഉപയോഗിക്കുന്ന പ്രധാന കുളങ്ങൾ.

| കുളങ്ങളുടെ പേര് | സ്ഥിതിചെയ്യുന്ന വാർഡ് | റിപ്പയർ ചെയ്താൽ ജലസേചനം നടത്താവുന്ന കൃഷി സ്ഥലം (ഏക്കറിൽ) |
|---|---|---|
| മാക്കുളം | I | 40 |
| കണ്ടൻചിറകുളം | | 10 |
| കണ്ണൻകുളം | | 20 |
| മലച്ചിക്കുളം | II | 50 |
| പഴകുളം | | 15 |
| കോത കുളം | | |
| പാടത്തെ കുളം | III | 50 |
| കൊട്ടമുണ്ട കുളം | | 20 |
| ഞൊടി കുളം | | 20 |
| | | 25 |
| എരഞ്ഞോട്ട് കുളം | IV | 50 |
| ചാത്തേടത്ത് കുളം | | 20 |
| കറുവത്ത് കുളം | | 40 |
| മഠത്തിൽ കുളം | V | 60 |
| ഇരട്ടക്കിണർ കുളം | | 20 |
| പുത്തൻ കുളം | | |
| കുന്നത്ത്യാർ കുളം | VI | 60 |
| കരുവായിൽ കുളം | | 25 |
| പാടശേഖര സമിതി കുളം | | 50 |
| നീളൻകുഴി കുളം | | 10 |
| വെള്ളത്തേടത്ത് കുളം | | 25 |
| അരക്കുളം | VII | 20 |
| കരുവാൻ കുളം | | 25 |
| വടക്കേതിൽ കുളം | | 30 |
| ചോലക്കുളം | VIII | 30 |
| മൂർഖൻ കുളം | | 20 |
| മഞ്ഞാട്ട് കുളം | | 10 |
| കന്നം കുളം | | 15 |
| ചാറഞ്ചിറ കുളം | | 10 |
| കൊക്കർണി കുളം | | 15 |
| പള്ളത്ത് വടക്കെ കുളം | IX | 20 |
| കൊക്കർണി കുളം | | 30 |
| വാൽപറമ്പിൽ കുളം | X | 50 |
| പടിക്കൽ കുളം | | 25 |

## തോടുകൾ:-

1. ആമയൂർ തോട് - (കക്കടത്ത്പാറ) മയിലാടിപ്പാറ മുതൽ വള്ളൂർ വരെ.
2. പാറക്കത്തോട് ചളുന്ത്രയിൽ നിന്നും, എറയൂരിൽ നിന്നും പുറപ്പെടുന്ന തോട് പപ്പടപ്പടി വരെ.

ഇതിനു പുറമെ നീരുറകളും, ചെറുചാലുകളും പഞ്ചായത്തിൽ ഉണ്ട്.

## നിലവിലുള്ള ചിറകൾ:-

1. ഓട്ടുപാറ.
2. വെട്ടിക്കാട് ഗവ: വക.

## നാടൻ ചിറകൾ:-

കുന്നപാറ. കററിയോട്, കളത്തുംപടി, പള്ളിയാൽചിറ, കലേപ്പാറപടി, മണ്ണാത്തിചിറ, മടാചിറ അല്ലത്തെചിറ, പാറക്കൽചിറ, പാറക്കൽചിറ അമ്മനാംപടിചിറ, കുരുളിച്ചിറ.

ഇതിനു പുറമെ 24 കിണറുകളും ജലസേചനത്തിന് ഉപയോഗിക്കുന്നുണ്ടെന്ന് ഗ്രാമ സഭകളിൽ ചർച്ച വന്നിട്ടുണ്ട്.

## നീർമറി പ്രദേശ വികസനം:-

കൊപ്പം, തിരുവേഗപ്പുറ പഞ്ചായത്തുകളിലെ ഏതാനും ഭാഗം ഉൾപ്പെടുത്തി ചളുന്ത്ര വാട്ടർ ഷെഡ് സ്കീമിന് കേന്ദ്ര ഗവൺമെൻറിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജനപങ്കാളിത്വത്തോടെ വാട്ടർ ഷെഡിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കണം. മററു വാർഡുകളിലുള്ള ചെറിയ നീർമറി പ്രദേശങ്ങൾ കണ്ടെത്തുകയും പുതിയ പദ്ധതികൾ ആരംഭിക്കേണ്ടതുമാണ്, ഉദാ:- തറതലകുന്ന്, കമ്പനിക്കുന്ന്, തെക്കുംമലക്കുന്ന്, രായിരനെല്ലൂർമല, നെടുമ്പ്രക്കാട്കുന്ന് തുടങ്ങി വികസന പദ്ധതികൾ ആരംഭിക്കുന്നതിന് യോജിച്ച സ്ഥലം കൊപ്പം പഞ്ചായത്തിൽ ധാരാളമുണ്ട്.

## തൊഴിൽ:-

### പഞ്ചായത്തിലെ കൂലി വ്യവസ്ഥകൾ:-

| കാർഷിക മേഖല | | മററു മേഖല | |
|---|---|---|---|
| പുരുഷ കൂലി | — 100-150. | പുരുഷൻ | — 125-175. |
| സ്ത്രീ | — 40-60. | സ്ത്രീ | — 60-75. |

## നെൽകൃഷി വികസനത്തിനുള്ള സാദ്ധ്യതകൾ.

1. നിലം ഉഴുതുന്നതിന്ന് പഞ്ചായത്തിൽ 4 ടാക്ടറുകളും 5 ടില്ലറുകളും, വാങ്ങുകയും നിയന്ത്രണം പഞ്ചായത്ത് ഏറെറടുക്കുകയും ചെയ്യുക.
2. പാടശേഖര അടിസ്ഥാനത്തിൽ നല്ല വിത്തു ഉൽപ്പാദിപ്പിക്കുന്നതിന്ന് നല്ല കൃഷിക്കാര കണ്ടെത്തി സാമ്പത്തികവും വിദഗ്ദ ഉപദേശവും നൽകി ഉല്പാദനവും സംഭരണവും, വിതരണവും ചെയ്യുന്നതിന്ന് സംവിധാനം ഉണ്ടാവുക.
3. മണ്ണു പരിശോധിക്കുന്ന തിന്ന് പഞ്ചായത്തടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാവുക.
4. മണ്ണൊലിപ്പ് തടയുന്നതിന്ന് പദ്ധതികൾ ആവിഷ്കരിക്കുക.
5. നെല്ലു സംഭരിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും കൃഷിക്കാരന് ആവശ്യമായ ആധുനിക കാർഷിക ഉപകരണങ്ങൾ വളം, കീടനാശിനി എന്നിവ വേസ്റ്റാക്ക ചെയ്യുന്നതിനും പാടശേഖര സമിതികളെ ഏകോപിച്ച് പഞ്ചായത്ത് ഭരണ സമിതികളുടെയും കൃഷിഭവൻെറയും നേതൃത്വത്തിൽ സഹകരണ സ്ഥാപനം രൂപീകരിക്കുക.

6 പ്രഖ്യാപിച്ച വൈദ്യുതി ഇളവ് മുഴുവൻ നെൽകൃഷിക്കാർക്കും കിട്ടുമെന്ന് ഉറപ്പു വരുത്തുക. മററു വിളകൾക്ക് കൂടി ലഭ്യമാക്കുക.

7. മയിലാടിപ്പറം മുതൽ വള്ളൂർ വരെയും എറയൂർ മുതൽ പപ്പടപടി വരെയും ഒഴുകുന്ന തോടുകൾക്ക് പുരാതനമായ ചിറകൾ റിപ്പയർ ചെയ്തു നിലനിർത്തുകയും പുതിയവ നിർമ്മിക്കുകയും ചെയ്യുക.

8. ടാക്കർ ബണ്ട് റോഡുകൾ നിർമ്മിക്കുക.

9. പണ്ട് കൃഷി ചെയ്തിരുന്നതും ഇപ്പോൾ കൃഷി ചെയ്യാത്തതുമായ കൃഷി സ്ഥലങ്ങളിൽ ജലസേചനം നടത്തുന്നതിന് ആവശ്യമായ കിണറുകളും കുളങ്ങളും റിപ്പയർ ചെയ്യുക.

10. പാടശേഖര അടിസ്ഥാനത്തിൽ കൃഷിക്കാരനും തൊഴിലാളികളും തമ്മിൽ ഐക്യം ഊട്ടി ഉറപ്പിക്കുകയും ഏകീകൃതമായ കൂലി വ്യവസ്ഥ നടപ്പിലാക്കുകയും ചെയ്യുക.

11 കാർഷികാവശ്യത്തിന് വൈദ്യുതി എളുപ്പത്തിൽ കിട്ടുന്നതിനു വേണ്ട സംവിധാനം ഏർപ്പെടുത്തുക.

12. ജൈവ വളങ്ങൾ, രാസവളങ്ങൾ, കീടനാശിനികൾ എന്നിവ ലഭ്യമാക്കുന്നതിന് കൂടുതൽ ഡിപ്പോകൾ അനുവദിക്കുക.

13. ഗ്രൂപ്പ് ഫാമിങ്ങ് സംഘകൃഷി സമ്പ്രദായം ശക്തിപ്പെടുത്തുക.

14 പച്ചില ജൈവവളം അടക്കം ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

15. പാടം നികത്തി വീടുവെയ്ക്കുന്നതിനും മററു കൃഷികൾ നടത്തുന്നതും കർശനമായി നിയന്ത്രിക്കുക.

16. കാർഷിക മേഖലയ്ക്ക് ആവശ്യമായ മുഴുവൻ വായ്പകളും സഹകരണ സ്ഥാപനങ്ങൾ വഴി ആക്കുകയും, വായ്പയുടെ ജാമ്യം ഗ്രാമ പഞ്ചായത്ത് ഏറെറടുക്കുകയും ചെയ്യുക.

17. കാർഷിക രംഗം പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുകയും, കൊപ്പം V. H. C. യിൽ കൃഷി പാഠ്യ വിഷയമാക്കുകയും ചെയ്യുക. അതുവഴി ചെറുപ്പക്കാരെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കാൻ കഴിയും.

18 ആധുനിക കൃഷി രീതിയെ കുറിച്ച് ബോധവൽക്കരണം നടത്തുക.

## തെങ്ങ്.

പഞ്ചായത്തിൽ ഏകദേശം 520 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയുണ്ട്. ഭൂരിഭാഗം തെങ്ങു കൃഷിയും മഴയെ ആശ്രയിച്ചാണ്. ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയാണെങ്കിൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിയും.

## പ്രശ്നങ്ങൾ.

1. ജലസേചനത്തിന് സൗകര്യമില്ലായ്മ.
2. ഉൽപ്പാദനശേഷി കുറഞ്ഞ തെങ്ങുകളുടെ ആധിക്യം.
3. അത്യുൽപാദന ശേഷിയുള്ള തെങ്ങിൻ തൈകളുടെ ദൗർലഭ്യം
4. തേങ്ങയുടെ വിലക്കുറവ്.
5. രോഗ കീടബാധ.
6 തെങ്ങുകയററ തൊഴിലാളികളുടെ കുറവ്
7. തെങ്ങു കൃഷിക്കാർക്ക് സാമ്പത്തിക സഹായങ്ങളുടെ അഭാവം.

## സാദ്ധ്യതകൾ.

1. ആവശ്യമായ ജലസേചനം നടത്തുന്നതിന വേണ്ട സൗകര്യം ഏർപ്പെടുത്തുക. കുഴൽ കിണർ, കിണർ, പമ്പ്സെററ് എന്നിവ അനുവദിക്കുക.

2. ട്രിപ്പ് ഇറിഗേഷൻ പ്രോത്സാഹിപ്പിക്കുക

3 അത്യുൽപാദനശേഷിയുള്ള നടീൽ വസ്തുക്കൾ ലഭ്യമാകുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ നഴ്സറികൾ സ്ഥാപിക്കുക.

4. കേരവികസന സമിതിയുടെ പ്രവർത്തനം വിപുലമാക്കുക. 10 സെൻറ് സ്ഥലവും 10 തെങ്ങുകളും ഉള്ള മുഴുവൻ കൃഷിക്കാരെയും മെമ്പർമാരാക്കുക.

5. നാളികേരത്തിന് മെച്ചപ്പെട്ടതാങ്ങുവില നിശ്ചയിക്കുക.

6. നാളികേരം സംഭരിച്ച് എണ്ണയാക്കി വിപണനം നടത്തുന്നതിന് സൗകര്യം ഏർപ്പെടുത്തുക.

7. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക.

8 തെങ്ങുകയററ തൊഴിലാളികൾക്ക് പരിശീലനം നൽകുക

9. തെങ്ങുകൃഷിക്കാർക്ക് ആവശ്യാനുസരണം വായ്പകളും സബ്സിഡികളും ലഭ്യമാക്കുക.

10. ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

## പച്ചക്കറി.

ഏകദേശം ഒന്നരക്കോടി ഉറുപ്പികയുടെ പച്ചക്കറികൾ നമ്മുടെ പഞ്ചായത്തിൽ ഒരു വർഷം ഉപയോഗിക്കുന്നു. ഇതിൽ 95% അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നു. എല്ലാ പച്ചക്കറികളും നമ്മുടെ നാട്ടിൽ തന്നെ സമൃദ്ധമായി വളർത്താവുന്നതാണ് മുമ്പ ധാരാളമായുണ്ടായിരുന്നു. സമീപകാലത്ത് കൃഷി ചെയ്യാറില്ല ഇതുമൂലം പഞ്ചായത്തിൽ തൊഴിൽ നഷ്ടം, വിലകൂടുതലുകൊണ്ടുള്ള സാമ്പത്തിക നഷ്ടം, അമിതമായ കീടനാശിനി ഉപയോഗിക്കുന്നതു കൊണ്ടുള്ള ആരോഗ്യ തകർച്ച എന്നിവ സംഭവിക്കുന്നു.

## പ്രശ്നങ്ങൾ.

1. താല്പര്യക്കുറവ്.

2. ജലസേചന സൗകര്യം ഇല്ലായ്മ.

3. നല്ലയിനം വിത്തിൻെറ അഭാവം.

4. വിപണന സൗകര്യമില്ലായ്മ.

5. സാമ്പത്തിക സഹായത്തിൻെറ കുറവ്.

## സാദ്ധ്യതകൾ.

1. നെൽപാടങ്ങളിൽ 3-ാംവിളയായി പച്ചക്കറി കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുക. അതിനാവശ്യമായ ജലസേചന സൗകര്യം ഏർപ്പെടുത്തുക.

2. നല്ല പച്ചക്കറി വിത്തുകൾ പഞ്ചായത്തടിസ്ഥാനത്തിൽ ഉണ്ടാക്കി ആവശ്യമുള്ള കൃഷിക്കാർക്ക് വിതരണം നടത്തുവാനുള്ള സൗകര്യം ഉണ്ടാക്കുക.

3. പച്ചക്കറി ഉല്പന്നങ്ങൾ കൃഷിക്കാരിൽ നിന്നു സംഭരിച്ച് പച്ചക്കറി ചന്തകളിൽ കൂടി വിതരണം ചെയ്യുക.

4. വിദ്യാർത്ഥികൾ, മഹിളാസമാജങ്ങൾ എന്നിവ വഴി പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുക.

5. വീട്ടമ്മമാരെ സംഘടിപ്പിച്ച് അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കുക.

6. പച്ചക്കറി കൃഷിക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ കൃഷിഭവൻ മുഖേന നൽകുക.

## ഫലവൃക്ഷങ്ങൾ.

ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള ഫലവൃക്ഷങ്ങൾ പ്രധാനമായും മാവ്, പ്ലാവ്, പുളി, പപ്പായ (കറുവത്ത്), നെല്ലി എന്നിവയാണ്.

## പ്രശ്നങ്ങൾ.

1. അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

2. ചക്ക, മാങ്ങ, പുളി എന്നിവയുടെ സംഭരണ സംസ്കരണ സൗകര്യങ്ങളുടെ അഭാവം.

3. സ്ഥിരമായ വിലയില്ലായ്മ.

4. പോഷക മൂല്യത്തെ കുറിച്ചുള്ള അജ്ഞത.

## സാദ്ധ്യതകൾ.

1. ഫല വൃക്ഷങ്ങൾ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുക.

2. അത്യുല്പാദന ശേഷിയുള്ള നടീ വസ്തുക്കളും, നടുന്നതിനും വേണ്ട ചിലവുകളും ലഭ്യമാക്കുക.

3. ഫല വർഗ്ഗങ്ങളുടെ സംസ്കരണ യൂണിററുകൾ പുതുതായി ആരംഭിക്കുക.

4. വിപണന സംവിധാനം മെച്ചപ്പെടുത്തുക.

5. പോഷക മൂല്യത്തെ കുറിച്ച് ബോധവല്ക്കരണം നടത്തുക.

## മററു വിളകൾ.

പഞ്ചായത്തിൽ കൃഷി ചെയ്യുന്ന പ്രധാനപ്പെട്ട മററു വിളകൾ കുരുമുളക്, വാഴ, കശുമാവ്, റബ്ബർ, കവുങ്ങ്, ഇഞ്ചി, മഞ്ഞൾ, കൂർക്ക, കപ്പ, മരച്ചീനി, ചേമ്പ്, ചേന, എന്നിവയാണ്.

## പ്രശ്നങ്ങൾ.

1. കവുങ്ങ്, കുരുമുളക്, വാഴ എന്നീ കൃഷികൾക്കാവശ്യമായ ജലസേചനക്കുറവ്.

2. ഉൽപ്പാദന ശേഷി കുറഞ്ഞവയുടെ ആധിക്യം.

3. അത്യുല്പാദനശേഷിയുള്ള നടീൽ വസ്തുക്കളുടെ അഭാവം.

4 പരിചരണക്കുറവ്.

5. രോഗകീടബാധ.

6. അധികരിച്ച കൂലിച്ചിലവ്.

7. വിററഴിക്കാനുള്ള കമ്പോളമില്ലായ്മ.

## സാദ്ധ്യതകൾ.

1. ജലസേചന സൗകര്യം ഉണ്ടാക്കുക.

2. ഉല്പാദനശേഷി കുറഞ്ഞവ വെട്ടിമാററുക. ഉല്പാദന ശേഷിയുള്ളവ കൃഷി ചെയ്യുക. ഉദാ:- കുരുമുളക്, കശുമാവ്, തെങ്ങിന് അടിത്തൈ നടൽ.

3. അത്യുല്പാദന ശേഷിയുള്ള നടീവസ്തുക്കൾ ലഭ്യമാക്കാൻ ആവശ്യമായ നഴ്സറികൾ സ്ഥാപിക്കുക.

4 ശാസ്ത്രീയമായ കൃഷിരീതികൾ സ്വീകരിക്കുക.

5. രോഗകീടബാധ ഒഴിവാക്കാൻ ശാസ്ത്രീയമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക.

6. തെങ്ങ്, കവുങ്ങ്, കശുമാവ് തുടങ്ങിയ വിളകളിൽ ഇടവിള കൃഷിയും, ബഹുനിലകൃഷിയും ഉണ്ടാക്കാനുള്ള പദ്ധതികൾ തയ്യാറാക്കുക.

7 ജൈവവള ലഭ്യത ഉറപ്പ് വരുത്തുന്നതിനും വേണ്ടി തോട്ടങ്ങളിൽ പയറു വർഗ്ഗ ചെടികൾ കൃഷിചെയ്യാൻ പ്രോത്സാഹിപ്പിക്കുക.

8. തരിശു ഭൂമികളിലേക്ക് ഈ വിളകൾ വ്യാപിപ്പിക്കുക.

9. കളശല്യം ഒഴിവാക്കുന്നതിനും, മണ്ണിനെ ഫലഭൂയിഷ്ഠമാക്കുന്നതിനും തോട്ടങ്ങളിൽ പയറു വർഗ്ഗത്തിൽപ്പെട്ട ആവരണ വിളകൾ ഉണ്ടാക്കുക.

10. മണ്ണുപരിശോധനയ്ക്ക് സംവിധാനം ഉണ്ടാക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ മാത്രം വളം ചെയ്യുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കുക.

11. കശുമാവ് കൃഷി വ്യാപിപ്പിക്കൽ.

12. നേന്ത്രവാഴ കൃഷി വ്യാപിപ്പിക്കൽ

13 റബ്ബർ കൃഷി വ്യാപിപ്പിക്കൽ, കവുങ്ങ് കൃഷി വ്യാപനം

## മററു സാദ്ധ്യതകൾ.

1. ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുക - മാർക്കററിങ്ങ് സംവിധാനം ഏർപ്പെടുത്തുക.

2. ഉദ്യാനകൃഷി, കററിമുല്ല, പൂച്ചെടികൾ, അലങ്കാര സസ്യങ്ങൾ എന്നിവയുടെ നിർമ്മാണവും, വിതരണം - തൊഴിൽ സാദ്ധ്യത നൽകുന്നു.

3. കൂൺകൃഷി പ്രോത്സാഹിപ്പിക്കുക.

4. മൾബറി കൃഷി പ്രോത്സാഹിപ്പിക്കുക.

5 തീററപ്പുൽകൃഷി, പച്ചില വളങ്ങളുടെ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക.

6. തേനീച്ചവളർത്തൽ പ്രോത്സാഹിപ്പിക്കുക.

7. കൃഷി അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുക. ഉദാ: റബ്ബർ അധിഷ്ഠിത വ്യവസായം, പഴവർഗ്ഗ സംസ്കരണ യൂണിററുകൾ, അച്ചാർ നിർമ്മാണം, കൊപ്രാ സംസ്കരണ യൂണിററുകൾ, ബേക്കറി നിർമ്മാണം മുതലായവ.

8. മണ്ണൊലിപ്പ് തടയുന്നതിന് മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുക.

9. ഇടക്കീർ പാർലറുകൾ സ്ഥാപിക്കുക.

10. വിള ഇൻഷുറൻ വ്യാപകമാക്കുക.

11. പ്രകൃതിക്ഷോഭ നഷ്ട പരിഹാരം യഥാസമയത്ത് വിതരണം ചെയ്യുക.

12. ആധുനിക സാങ്കേതികവിദ്യ കൃഷിക്കാർക്ക് നൽകുന്നതിനുള്ള സംവിധാന മുണ്ടാവുക

13. തേക്ക്, മാഞ്ചിയം കൃഷി വ്യാപിക്കൽ.

14. എല്ലാവിളകൾക്കും പ്രോത്സാഹന സമ്മാനം ഏർപ്പെടുത്തുക.

15. പഞ്ചായത്തിലെ കൃഷി വികസത്തിന് തൊട്ടടുത്തുള്ള പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രം ഉപയോഗപ്പെടുത്തുന്നതിന് സംവിധാന മുണ്ടാവുക.

16. നിലവിലുള്ള കൃഷിഭവൻ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. വിത്ത്, നടീവസ്തുക്കൾ, യന്ത്രസാമഗ്രികൾ എന്നിവ സൂക്ഷിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യമില്ല. കൊപ്പം മൃഗാശുപത്രിക്ക് സമീപം തരിശായി കിടക്കുന്ന സ്ഥലത്ത് അത്യാവശ്യ സൗകര്യമുള്ള ഒരു കെട്ടിടം നിർമ്മിക്കണം. ആവശ്യമായ സ്റ്റാഫിനെ സ്ഥിരമായി നിയമിക്കണം.

17. റബ്ബർ ഉൽപാദക സഹകരണ സംഘം വഴി പാൽ സംഭരിക്കുന്നത്. ചെറുകിട റബ്ബർ കൃഷിക്കാർക്ക് സഹായകമാവും. ആവശ്യമായ പദ്ധതി ഉണ്ടാവണം.

18 3-ാം വാർഡിൽ പാലെക്കുന്ന് ഭാഗത്ത് മണ്ണൊലിപ്പ് അനുഭവപ്പെടുന്നു. ഏററവുർ ഭാഗത്തെ പാടങ്ങളെ ബാധിക്കുന്നു മണ്ണ് സംരക്ഷണ പ്രവർത്തനം നടത്തണം.

19. 4-ാം വാർഡിൽ മാത്രമായി ഒരു പാടശേഖര സമിതി രൂപീകരിക്കണം.

20. പൊന്നീരിക്കയം ലിഫ്ററ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

21. പുലാശ്ശേരി പാടശേഖര സമിതിയുടെ സ്വന്തമായ സ്ഥലത്ത് നിർമ്മിച്ച കുളത്തിനരികിൽ ഒരു ടാങ്കും, പമ്പ് സെററും സ്ഥാപിക്കുക.

22. അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തനം എല്ലാപാടശേഖരങ്ങളിലും ആരംഭിക്കുക.

# മൃഗ സംരക്ഷണം.

## ആമുഖം.

നമ്മുടെ സമ്പത്ഘടനയുടെ വളർച്ചയിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് മൃഗസംരക്ഷണ മേഖലയ്ക്കുള്ളത്. പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം, ഇവയുടെ സംസ്കരണവും മററ് ഉല്പന്നങ്ങളും നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസായം, വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, ജെലാററിൻ, കൊഴുപ്പ്, എന്നിവ ലഭ്യമാക്കൽ, ഔഷധ നിർമ്മാണ വ്യവസായത്തിൽ ഹോർമോൺ, വാക്സിൻ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ മൃഗങ്ങളെ ലഭ്യമാക്കൽ, ഗവേഷണങ്ങൾക്കാവശ്യമുള്ള മൃഗങ്ങളെ ലഭ്യമാക്കൽ, വളർത്തു നായ്ക്കളുടെ സംരക്ഷണവും, പേ വിഷബാധാ നിർമ്മാർജ്ജന പ്രവർത്തനങ്ങളും, ശുദ്ധമായ മാംസ വിതരണം തുടങ്ങിയ ഒട്ടനവധി ഉല്പാദന വർദ്ധനവിനും വ്യവസായ വികസനത്തിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള സാദ്ധ്യതകൾ മൃഗസംരക്ഷണ മേഖലയിലുണ്ട്. ഈ മേഖലയിലെ 94 ശതമാനത്തോളം കാലിസമ്പത്ത് ഗ്രാമീണ ചെറുകിട – നാമമാത്ര കർഷകരിലായതുകൊണ്ടും ഈ മേഖലയിലെ ഏതാണ്ട് 60 ശതമാനത്തോളം അദ്ധ്വാനവും വനിതകൾ നിർവ്വഹിക്കുന്നതുകൊണ്ടും വനിതകളുടെ വികസനത്തിനും ഗ്രാമീണ സമ്പത് വ്യവസ്ഥ ശക്തമാക്കുന്നതിനും ഈ രംഗത്തെ വളർച്ചകൊണ്ട് സാദ്ധ്യമാവുന്നതാണ്.

## പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല

മുൻകാലങ്ങളിൽ പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും കൃഷിയെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്. അതുമായിബന്ധപ്പെട്ട നിലമൊരുക്കൽ, വെള്ളം തേവൽ, ഭാരം വലിക്കൽ തുടങ്ങിയ ജോലികൾക്കായി മിക്ക വീടുകളിലും കന്നുകാലികളെ വളർത്തിയിരുന്നു പോത്തുകളാണ് കൂടുതലുമുണ്ടായിരുന്നത്. ഭേദപ്പെട്ട കർഷക കുടുംബങ്ങളിൽ പശുക്കളെയും വളർത്തിയിരുന്നുവെങ്കിലും ഉഴവുമാടുകളുടെ സംരക്ഷണത്തിലാണ് ഗ്രാമീണർ കൂടുതൽ ശ്രദ്ധ ചെലുത്തിയിരുന്നത്. 90% വീടുകളിലും ആടുകളും ധാരാളം കോഴികളെയും വളർത്തിയിരുന്നു. കന്നുകാലികളുടെ വിപണനത്തിന് സമീപപ്രദേശങ്ങളിലെ ആഴ്ച ചന്തകൾ ഉപകരിച്ചിരുന്നു. വംശ വർദ്ധനവിനായി വിത്തുകാളകളെയാണ് ആശ്രയിച്ചിരുന്നത്. പരമ്പരാഗത നാടൻ ചികിത്സാ സമ്പ്രദായങ്ങളാണ് കൂടുതലായും സ്വീകരിച്ചിരുന്നത്. അത്യാവശ്യ ഘട്ടങ്ങളിൽ സമീപ പഞ്ചായത്തിലെ മൃഗാശുപത്രിയിൽ നിന്നാണ് വൈദ്യസഹായം തേടിയിരുന്നത്. ഗ്രാമത്തിൽ എരുമകളെ വളർത്തൽ താരതമ്യേന കുറവായിരുന്നു. ചുരുക്കം ചില വീടുകളിൽ വേട്ടനായ്ക്കളെയും വളർത്തിയിരുന്നു. നാടൻ പശുക്കളുടെ എണ്ണം കൂടുതലെങ്കിലും പാലുല്പാദനം താരതമ്യേന കുറവായിരുന്നു.

പഞ്ചായത്തിലെ മൃഗ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കൊപ്പം കേന്ദ്രമായി ഒരു കൃത്രിമ ബീജസങ്കലനഉപകേന്ദ്രം വന്നതോടെ നാടൻ പശുക്കളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും, പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ സേവനം ഈ കേന്ദ്രത്തിൽ ലഭ്യമായിരുന്നു. 1978-ൽ പഞ്ചായത്തിൽ മൃഗാശുപത്രി നിലവിൽ വന്നു. ഇന്ന് മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ഈ സ്ഥാപനം വഴിയാണ് ഗ്രാമവാസികൾക്ക് ലഭിക്കുന്നത്. മൃഗ ചികിത്സ, സർജറി, കൃത്രിമബീജദാനം, വന്ധ്യതാ നിവാരണം, പേ വിഷബാധ നിയന്ത്രണ പരിപാടികൾ, കർഷക പരിശീലനം തുടങ്ങിയ സേവനങ്ങൾ ഇവിടെനിന്നും ലഭിക്കുന്നു. 1996 ലെ കന്നുകാലി സെൻസസനുസരിച്ചുള്ള പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടെയും പക്ഷികളുടെയും സംഖ്യ, കൃത്രിമ ബീജസങ്കലന വിവരങ്ങൾ, രോഗ വിവരങ്ങളും പേ വിഷബാധ പ്രതിരോധ കുത്തിവെപ്പ് എന്നിവയുടെ വിവരങ്ങളും താഴെ കൊടുക്കുന്നു.

# വളർത്തു മൃഗ സംഖ്യ.

| കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വംശവർദ്ധനവ് | മററുള്ളവ | വംശവർദ്ധനവ് | മററുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 3 | 89 | — | 74 | 200 | 484 | 297 | 533 | – | 4 | 190 | 933 | 733 | |

# വളർത്തുപക്ഷി സംഖ്യ

| പൂവ്വൻകോഴി | പിടക്കോഴി | | ഇറച്ചിക്കോഴി | താറാവ് | | മററുള്ളവ |
|---|---|---|---|---|---|---|
| | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | | ആൺ | പെൺ | |
| 3845 | 6774 | 3751 | 5913 | 15 | 34 | 22 |

1995-96 ൽ പേ വിഷബാധ പ്രതിരോധ കുത്തിവെപ്പ് നൽകിയവയുടെ എണ്ണം -- പട്ടി - 91.

കടിയേററതിനു ശേഷം കുത്തിവെപ്പ് നടത്തിയവയുടെ എണ്ണം — പശു - 2, ആട് - 3.

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ.
## വർഷം 95 - 96.

| വളർത്തു മൃഗം | എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 ലധികം കുത്തിവെപ്പ് വേണ്ടി വന്നവ. |
|---|---|---|---|
| പശു | 725 | 923 | 7 |
| കിടാരി | 430 | | |
| എരുമ | 4 | | |

## 95 - 96 ൽ ചികിത്സിച്ച മൃഗങ്ങളുടെ എണ്ണം.

| പശു | എരുമ | ആട് | പട്ടി | കോഴി |
|---|---|---|---|---|
| 2139 | 163 | 684 | 2 | 7890 |

## പഞ്ചായത്തിലെ മൃഗസംരക്ഷണസ്ഥാപനങ്ങൾ.

1978 - ൽ പഞ്ചായത്തിൽ മൃഗാശുപത്രി നിലവിൽ വന്നു പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലാണ് ആരംഭിച്ചത് ഇന്ന് സർക്കാർ വക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 78 ന് മുമ്പ് കൊപ്പം പഞ്ചായത്തിൽ ഉണ്ടായിരുന്ന I C D P ഉപകേന്ദ്രം ഇപ്പോൾ നിലവിലില്ല മൃഗാശുപത്രിയിൽ ഒരു വെററിനറി സർജൻ, ഒരു ലൈവ് സ്റ്റോക് ഇൻസ്പെക്ടർ, ഒരു അററൻഡൻറ്, ഒരു പാർട് ടൈം സ്വീപ്പർ എന്നീ തസ്തികകളാണ് ഉള്ളത്. നിലവിൽ ലൈവ് സ്റ്റോക് ഇൻസ്പെക്ടർ തസ്തികയിൽ ആളില്ല. കെട്ടിടത്തിൽ വെള്ള സൗകര്യം ഇല്ല. ലബോറട്ടറി, ഓപ്പറേഷൻ തീയേററർ, ഉപകരണങ്ങളുടെ അപര്യാപ്തത, കർഷകർക്ക് പരിശീലനം നൽകുന്നതിനുള്ള ഹാൾ എന്നിവയൊന്നും മൃഗാശുപത്രിയിലില്ല സ്വന്തമായി വാഹന സൗകര്യം ഇല്ല നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് മൃഗചികിത്സ അത്യാവശ്യ ശസ്ത്രക്രിയകൾ, കൃത്രിമബീജധാനം, വന്ധ്യതാ നിവാരണം, പകർച്ച വ്യാധികളുടെ നിയന്ത്രണം, പേ വിഷബാധ നിയന്ത്രണ പരിപാടികൾ എന്നീ സേവനങ്ങൾ മൃഗാശുപത്രിയിൽ നിന്നും ലഭിക്കുന്നു.

# പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സരപദ്ധതി കാലത്തെ സ്കീമുകൾ.

**പ്രത്യേക ഘടക പദ്ധതി:-**

92-93 — പാറക്കണ്ട് കോളനിയിൽ കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തു 200 മുട്ട കോഴികളെയും, 100 Kg കോഴി തീററയും.

94-95 — കോലായിപറമ്പ് കോളനിയിൽ 9 ജോഡി പോത്തിൻ കുട്ടികളെ വിതരണം ചെയ്തു 25 ഗുണഭോക്താക്കൾക്ക് കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തു. (ഒരു ഗുണഭോക്താവിന് 6 കോഴി കുഞ്ഞുങ്ങൾ വീതം.)

94-95 — കോലായിപറമ്പ് കോളനിയിൽ 21 ഗുണഭോക്താക്കൾക്ക് ഒരു ജോഡി പെണ്ണാടുകളേയും, 4 പേർക്ക് ഓരോ ആണാടിനേയും വിതരണം ചെയ്തു.

**മോഡൽ ഡയറി യൂണിററ്:-**

91-92 — പഞ്ചായത്തിൽ രണ്ട് കർഷകർക്ക് 2 പശുക്കൾ വീതമുള്ള 2 മാതൃകാ ഡയറി യൂണിററുകൾ സ്ഥാപിക്കുന്നതിനും തീററപ്പുൽ കൃഷി നടത്തുന്നതിന് വളം വാങ്ങിക്കുന്നതിന് ധന സഹായം നൽകി.

**സ്ക്കൂൾ കുട്ടികൾക്ക് കോഴി വളർത്തൽ പദ്ധതി:-**

1993 — കൊപ്പം G H S, നടുവട്ടം ഗവ: ജനതാ ഹൈസ്കൂം, വിളയൂർ ഗവ: യു. പി. സ്കൂം എന്നിവിടങ്ങളിൽ 90 വിദ്യാർത്ഥിക്ക് 3 കോഴിക്കുഞ്ഞുങ്ങളെ വീതം നൽകി. (മൊത്തം 270 കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു )

**സമഗ്ര കോഴിവികസന പദ്ധതി:-**
**(M L. P. P.)**

1993-94 — മാസീവ് ലൈവ് സ്റ്റോക് പ്രൊഡക്ഷൻ പ്രോഗ്രാം അനുസരിച്ച് കൊപ്പം

94-95 പഞ്ചായത്തിൽ 960 കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

ഇതു കൂടാതെ പഞ്ചായത്തിൽ പേ വിഷബാധ പ്രതിരോധ കുത്തിവെപ്പ്, കാലിവസന്ത നിർമ്മാർജ്ജന പരിപാടികൾ, ഗോ രക്ഷാക്യാമ്പുകൾ എന്നിവ കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലത്ത് നടത്തിയിട്ടുണ്ട്. പദ്ധതികൾ എല്ലാം തൃപ്തികരമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. M L D P പദ്ധതികൾ വിതരണം ചെയ്ത കോഴി കുഞ്ഞുങ്ങളിൽ മരണനിരക്ക് കൂടുതലായിരുന്നു.

## പാലുൽപ്പാദനം.

96-ലെ ലൈസൻസ് പ്രകാരം പഞ്ചായത്തിൽ 200 നാടൻ കറവ പശുക്കളും, കറവററിയ 484 എണ്ണവും, സങ്കരഇനത്തിൽ 297 കറവയുള്ള പശുക്കളും, 53? കറവററിയ പശുക്കളുമാണുള്ളത്. ഒരു നാടൻ പശുവിന് ശരാശരി $1\frac{1}{2}$ ലിററർ പാലും, സങ്കരവർഗ്ഗത്തിന് ശരാശരി 4 ലിററർ പാലും കണക്കാക്കിയാൽ ശരാശരി 1500 ലിററർ പാലെങ്കിലും നമ്മുടെ പഞ്ചായത്തിൽ ദിവസേന ഉല്പാദിപ്പിക്കുന്നുണ്ട്. ഈ രംഗത്ത് വിപണനി ഇല്ലായ്മ, അശാസ്ത്രീയമായ പരിചരണമുറകൾ, മേച്ചിൽപുറങ്ങളുടെ കുറവ്, ശരിയായ രോഗ ചികിത്സയും പ്രതിരോധ കുത്തിവെപ്പുകൾ എന്നിവ യഥാസമയം നല്ലാതിരിക്കൽ ഇവ എല്ലാം പശു വളർത്തലിൽ നിന്നു കർഷകരെ വിട്ടു നിൽക്കുന്നതിന് പ്രേരിപ്പിച്ചിട്ടുണ്ട്. വനിതകൾക്കും തൊഴിലില്ലാത്ത യുവാക്കൾക്കും ഒരുപ്രധാന ഉപതൊഴിലോ മുഴുവൻ സമയ തൊഴിലായോ എടുക്കുന്നതിന് ഈ മേഖലയിലുള്ള സാദ്ധ്യത ചൂഷണം ചെയ്ത് പാലുല്പാദനം വർദ്ധിപ്പിക്കാവുന്നതാണ്.

## മാംസോൽപാദനം:-

ഈ രംഗത്ത് കാര്യമായ പുരോഗമന പദ്ധതികളൊന്നും തന്നെ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. ഒരു ഏകദേശ കണക്കനുസരിച്ച് പ്രതിമാസം 8000 Kg മാട്ടിറച്ചിയും, 1800 Kg. ആടിറച്ചിയും ഗ്രാമവാസികൾ ഉപയോഗിക്കുന്നുണ്ട്. മാട്ടിറച്ചിക്ക് 35 രൂപ / Kg. എന്ന നിരക്കിലും ആടിറച്ചിക്ക് 100

രൂപ / Kg. എന്ന നിരക്കിലും കണക്കാക്കിയാൽ പ്രതിവർഷം യഥാക്രമം 336000 രൂപയും, 216000 രൂപയും മൊത്തം 552000 രൂപ ഈ ആവശ്യത്തിനായി ചിലവഴിക്കുന്നു. ഇതിൽ മാട്ടിറച്ചിക്കുള്ള 80% മൃഗങ്ങളും ആടുകളിൽ 50% ത്തോളവും സംസ്ഥാനത്തിനു പുറത്തുനിന്നും വരുന്നവയാണ്. മാംസോൽപാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒരു വൻ സാമ്പത്തിക നേട്ടമായിരിക്കും. മാംസോൽപന്നങ്ങളുടെ വിൽപന കേന്ദ്രങ്ങളും ശുദ്ധിയായ മാംസം ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതികളും തയ്യാറാക്കാവുന്നതാണ്.

## ഇറച്ചിക്കോഴി ഉൽപാദനം:-

പഞ്ചായത്തിൽ 96 ലെ സെൻസസ് പ്രകാരം 5913 ഇറച്ചിക്കോഴികളാണുള്ളത്. നല്ല നിലയിൽ പ്രവർത്തിക്കുന്ന 4 ചെറുകിട സ്വകാര്യ ബ്രോയിലർ ഫാമുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പ്രതിമാസം 6000 ബ്രോയിലർ കോഴികളെ ഉല്പാദിപ്പിക്കുമ്പോൾ 3916800 രൂപ പ്രതിവർഷം പഞ്ചായത്തിൽ വരുമാനമുണ്ടാകുന്നു [Rs. 32/Kg. & 1.75 Kg./Bin] ഇതിൽ നിന്നും ഈ രംഗത്തെ വികസന സാദ്ധ്യത ബോധ്യപ്പെടുന്നതാണ്.

## മുട്ട ഉൽപാദന രംഗം:-

പഞ്ചായത്തിലെ ആവശ്യത്തിലുള്ള മുട്ട ഏതാണ്ട് മുഴുവനും അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ്. ഈ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ ഗ്രാമവാസികൾക്ക് കഴിഞ്ഞിട്ടില്ല. താരതമ്യേന ഉയർന്ന ഉൽപാദന ചിലവും ഉൽപാദനത്തിനുള്ള കാലതാമസവും ബ്രോയിലർ കോഴി വളർത്തൽ പോലെ മുട്ടക്കോഴി ഉൽപാദനം വ്യാപകമാവാത്തതിന് ഒരു കാരണമാണ്. ഏതാണ്ട് 2½-3 ലക്ഷം മുട്ടയോളം പ്രതിമാസം പഞ്ചായത്തിൽ വിപണനം നടക്കുന്നുണ്ട്. മുട്ട ഉൽപാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികൾ ഇക്കാരണങ്ങളാൽ വളരെ പ്രാധാന്യമർഹിക്കുന്നു.

## ബയോഗ്യാസ് പ്ലാൻറുകൾ:-

കന്നുകാലികളുടെ ചാണകം ഉപയോഗിച്ച് ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാവുന്നതാണ്.

## മൃഗശക്തി:-

വണ്ടി വലിക്കുവാനുള്ള കാളകളും പോത്തുകളും അപൂർവ്വമായിരിക്കുന്നു. നിലം ഉഴുന്നതിന് പഞ്ചായത്തിൽ പലയിടത്തും മൃഗങ്ങളെ വളർത്തി വരുന്നുണ്ട്. പ്രധാനമായും പോത്തുകളാണ്. ഇത് ഒരു ഉപജീവനമാർഗ്ഗമായി എടുത്തിട്ടുള്ള ചുരുക്കം കർഷകത്തൊഴിലാളികളും പഞ്ചായത്തിലുണ്ട്. ഈ മേഖലയിലേക്ക് വരുന്നവർക്ക് സാമ്പത്തികസഹായങ്ങൾ ചെയ്യുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നത് നന്നായിരിക്കും.

## കാലിത്തീറ്റ / തീറ്റപ്പുൽ കൃഷി:-

തീറ്റ പുൽകൃഷി ഗ്രാമവാസികൾക്കിടയിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. (കർഷകർക്കാവശ്യമുള്ള കാലിത്തീറ്റ കടകളിൽ നിന്നുമാണ് ലഭിക്കുന്നത്.) കന്നുകാലികൾക്ക് മുമ്പത്തെ പോലെ മേച്ചിൽ പുറങ്ങളില്ലാത്തതു കൊണ്ട് സൗകര്യമുള്ള സ്ഥലത്ത് ശാസ്ത്രീയമായി തീറ്റ പുൽകൃഷി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

## വന്ധ്യതാ നിവാരണം:-

വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ആവശ്യമായ നിർദ്ദേശങ്ങളും മരുന്നുകളും കർഷകർക്ക് ലഭ്യമാക്കുക. കർഷകർക്കാവശ്യമായ ബോധവൽക്കരണം നൽകുക. ഗോരക്ഷാ ക്യാമ്പുകൾ സംഘടിപ്പിക്കുക.

## പേവിഷബാധ നിർമ്മാർജ്ജനം.

* പേവിഷബാധ നിർമ്മാജന പദ്ധതി നടപ്പിലാക്കുക.
* വളർത്തു നായ്ക്കളുടെ പ്രതിരോധ കുത്തിവെപ്പും ലൈസൻസിങ്ങും കർശനമാക്കുക.
* അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക.
* നായ്ക്കളുടെ അനാവശ്യ വംശവർദ്ധനവ് തടയുക.
* ബോധവൽക്കരണ ക്ലാസുകൾ പൊതുജനങ്ങൾക്ക് നൽകുക.

## കന്നുകാലികൾക്ക് ആകസ്മിക മരണം മൂലമുള്ള നഷ്ടങ്ങൾ.

കന്നുകാലികളുടെ ഇൻഷ്വറൻസ് പ്രീമിയം വളരെ

കൂടുതലായതിനാൽ മൃഗങ്ങൾക്ക് സമഗ്ര കന്നുകാലി ഇൻഷുറൻസ് – മാസ്റ്റർ പോളിസി ഏർപ്പെടുത്തുക.

**ഓമന മൃഗങ്ങളെയും പക്ഷികളെയും വാണിജ്യാടിസ്ഥാനത്തിൽ വളർത്തുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തുക.**

**കർഷകപരിശീലനം:-**

1. പഞ്ചായത്ത് തലത്തിൽ ഒരു വിജ്ഞാന വ്യാപന കേന്ദ്രം ഉണ്ടാവുക.

2. മൃഗ സംരക്ഷണ പ്രവർത്തനങ്ങളെ കുറിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ക്ലാസുകൾ, ചർച്ചകൾ, സെമിനാറുകൾ ഇവ സംഘടിപ്പിക്കുക

3 താൽപര്യമുള്ള കർഷകർക്ക് മൃഗ സംരക്ഷണ രംഗത്ത് പരിശീലനം ലഭിക്കുന്നതിന് ബ്ലോക്ക്തല പരിശീലന കേന്ദ്രങ്ങൾ ഉണ്ടാവുക.

4. മൃഗസംരക്ഷണ മേഖലയിൽ വിവിധ രംഗങ്ങളിൽ പ്രശംസനീയമായ നേട്ടങ്ങൾ കാഴ്ച വെച്ച കർഷകരെ ആദരിക്കുക. പഞ്ചായത്ത്, ജില്ലാ, സംസ്ഥാനതല അവാർഡുകൾ ഏർപ്പെടുത്തുക.

**പഞ്ചായത്തിലെ മൃഗ സംരക്ഷണ മേഖലയുടെ വികസനത്തിനുള്ള പൊതുവായ നിർദ്ദേശങ്ങൾ**

1. മൃഗാശുപത്രിയിൽ ഒരു കന്നുകാലി വികസന സമിതി രൂപീകരിക്കുക.

2. ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിക്കുക. (നിലവിൽ ലൈവ് സ്റ്റോക് ഇൻസ്പെക്ടർ തസ്തിക ഒഴിഞ്ഞു കിടക്കുന്നു.)

3. മൃഗാശുപത്രിയിലേക്ക് വെള്ളം ലഭിക്കുന്നതിന് ഒരു പൈപ്പ് സ്ഥാപിക്കുക.

4. ആശുപത്രിയിൽ ചികിത്സിക്കപ്പെടുന്ന കേസുകൾക്കാനുപാതികമായി വേണ്ട മരുന്നുകളും സൗകര്യങ്ങളും ലഭ്യമാക്കുക. കന്നുകാലികളുടെ എണ്ണത്തിനനുപാതികമായി കൂടുതൽ കൃത്രിമബീജദാനകേന്ദ്രങ്ങൾ സ്ഥാപിക്കണം.

5. മൃഗാശുപത്രിയിൽ ഒരു ഓപ്പറേഷൻ നടത്തുന്നതിനുള്ള തിയറ്റർ മററു സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുക.

6. മൃഗാശുപത്രിയിൽ വാഹനം, ടെലഫോൺ എന്നിവ അനുവദിക്കുക.

7. 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് മൃഗാശുപത്രിയോടനുബന്ധിച്ച് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് പണിയുക.

8. കർഷക പരിശീലനത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

9. പാലുൽപ്പാദന സഹകരണ സംഘങ്ങൾ രൂപീകരിച്ച് ക്ഷീര വിപണനം മെച്ചപ്പെടുത്തുക.

10 3 മുതൽ 5 വരെ പശുക്കളെ വളർത്തുന്ന ചെറിയ ക്ഷീരോൽപ്പാദന യൂണിററുകൾ സ്ഥാപിക്കുക. കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുകയും ഈ രംഗത്തേക്ക് വനിതകളെയും യുവാക്കളെയും ആകർഷിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.

11. സൗജന്യ നിരക്കിൽ കാലിത്തീററ ലഭ്യമാക്കുക.

12. ഉല്പാദനക്ഷമത കൂടിയ ഇനം പശുക്കളെ ലഭിക്കുന്നതിനു വേണ്ടി നല്ല കിടാരികളെ

ശാസ്ത്രീയ രീതിയിൽ വളർത്തി കൊണ്ടുവരുന്നതിന് പദ്ധതി തയ്യാറാക്കുക.

13. പ്രതിരോധ കുത്തിവെപ്പുകൾ, മരുന്നുകൾ എന്നിവ ലഭ്യമാക്കുക.

14. വൃത്തിയുള്ള തൊഴുത്തുകളുടെ നിർമ്മാണത്തിന് സഹായവും സാങ്കേതിക നിർദ്ദേശങ്ങളും കർഷകർക്ക് നൽകുക.

15. മാംസോൽപാദനത്തിനുള്ള ആട് വളർത്തൽ പദ്ധതികൾ തയ്യാറാക്കുക

16. പോത്തിൻകുട്ടികൾ/കാളക്കുട്ടികൾ എന്നിവയെ മാംസോൽപാദനത്തിനായി വളർത്തുന്ന പദ്ധതികൾ തയ്യാറാക്കുക.

17. മുയൽ, കാട, കോഴി, എന്നിവയെ വളർത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.

18. ശാസ്ത്രീയമായ അറവുശാലകൾ ബ്ലോക്ക തലത്തിൽ സ്ഥാപിക്കുക.

19. പഞ്ചായത്തിൽ വൃത്തിയുള്ള ഇറച്ചി വില്പന സ്റ്റാളുകൾ സ്ഥാപിക്കുക.

20. ശുദ്ധിയായ മാംസോല്പാദനത്തിന്റെ ആവശ്യകത മാംസ പരിശോധന, ജന്തുജന്യ രോഗങ്ങൾ എന്നിവയെക്കുറിച്ച് ബോധവല്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

21. ഇറച്ചിക്കോഴി വളർത്തുന്നതിന് പദ്ധതികൾ തയ്യാറാക്കുക.

22. ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിട്ടുള്ള കർഷകർക്ക് വാക്സിൻ, മരുന്നുകൾ, തീററ എന്നിവ കുറഞ്ഞനിരക്കിൽ ലഭിക്കുന്നതിനും വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ തയ്യാറാക്കുക.

23. ഇറച്ചിക്കോഴി വളർത്തലിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വനിതകളെയും, യുവാക്കളെയും പ്രോത്സാഹിപ്പിക്കുക.

24. മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വളർത്തി വിതരണം ചെയ്യുന്ന എഗ്ഗർ നഴ്സറികൾ സ്ഥാപിക്കുക

25. പഞ്ചായത്തിലെ എല്ലാ വീടുകളിലും വീട്ടമ്മമാരുടെ പങ്കാളിത്തത്തോടെ അടുക്കളമുററത്തെ കോഴി വളർത്തൽ പദ്ധതികൾ തയ്യാറാക്കുക.

26. സ്കൂൾ പൗൾട്രിക്ലബ്ബുകൾ സ്ഥാപിക്കുക.

27. കോഴിത്തീററ മരുന്നുകൾ, ചികിത്സ എന്നിവ ലഭ്യമാക്കുക.

28. വാണിജ്യ അടിസ്ഥാനത്തിൽ വലിയ മുട്ടക്കോഴി വളർത്തു കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നവർക്ക് വേണ്ട സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നല്കുക.

29. താറാവ്, ടർക്കി, ഗിനിക്കോഴി എന്നിവയുടെ വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.

30. കർഷകർക്കാവശ്യമുള്ള തീററപ്പുൽ വിത്തുകൾ വിതരണം ചെയ്യുന്നതിനും പുൽകൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.

31. ഇടവിളയായി തെങ്ങുകൾക്കിടയിലും സൗകര്യമുള്ള സ്ഥലങ്ങളിൽ വാണിജ്യാടിസ്ഥാനത്തിലുള്ള തീററപ്പുൽകൃഷി ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുക.

32. കുറഞ്ഞ നിരക്കിൽ ഗുണ മേൻമയേറിയ കാലിത്തീററ കർഷകർക്ക് ലഭ്യമാക്കുക.

33. പ്രാദേശികമായി ലഭിക്കുന്ന പിണ്ണാക്ക്, പുളിങ്കുരു, കപ്പ, തുടങ്ങിയവ ഉപയോഗിച്ചു കാലിത്തീററ മിശ്രിതം സ്വയം ഉണ്ടാക്കുന്നതിന് കർഷകർക്ക് പരിശീലനം നല്കുക.

34. ബ്ലോക്കുതലത്തിൽ കാലിത്തീററ മിശ്രണ യൂണിററുകൾ സ്ഥാപിക്കുക.

35. കാലിത്തീററയുടെ ഗുണനിലവാര നിയന്ത്രണത്തിനുള്ള സംവിധാനങ്ങളുണ്ടാവുക.

36. കറവപ്പശുക്കളിൽ വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

37. പേ വിഷബാധ നിർമ്മാർജ്ജന പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുക.

38. കന്നുകാലികൾക്ക് ആകസ്മികമായുണ്ടാകുന്ന മരണം മൂലമുള്ള നഷ്ടം ഒഴിവാക്കുന്നതിന് സമഗ്ര കന്നുകാലി ഇൻഷ്വറൻസ് - മാസ്റ്റർ പോളിസി ഏർപ്പെടുത്തുക പ്രീമിയത്തിൽ ഒരു ഭാഗം അടക്കുന്നതിന് കർഷകരെ സഹായിക്കാൻ പഞ്ചായത്ത് സന്നദ്ധമാകണം.

39. ഓമന മൃഗങ്ങളേയും, പക്ഷികളേയും വാണിജ്യാടിസ്ഥാനത്തിൽ വളർത്തി വിപണനം ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തുക.

40. ശാസ്ത്രീയ രീതിയിലുള്ള കറവമാടുകൾ, വളർത്തൽ, മാംസോൽപാദനത്തിനുള്ള ആട്, കാള, പോത്ത്, മുയൽ, കാട, എന്നിവയുടെ വളർത്തൽ, ബ്രോയിലർ കോഴി-മുട്ടക്കോഴി വളർത്തൽ, കാലിതീററ നിർമ്മാണം, തീററപ്പുൽ കൃഷി, രോഗപ്രതിരോധ പ്രവത്തനങ്ങൾ വന്ധ്യതാ കാരണങ്ങൾ എന്നീ മൃഗസംരക്ഷണ മേഖലയിലെ വിവിധ കാര്യങ്ങളെക്കുറിച്ച് കഷ്കർക്ക് ബോധവൽക്കരണ ക്ലാസുകൾ, ചർച്ചകൾ, സെമിനാറുകൾ എന്നിവ നടത്തുക.

41. മൃഗങ്ങൾക്കുണ്ടാവുന്ന പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധകുത്തിവെപ്പു ക്യാമ്പുകൾ സംഘടിപ്പിക്കുക. ഗോ രക്ഷാക്യാമ്പുകൾ സംഘടിപ്പിക്കുക.

42. വിവിധ മൃഗപരിപാലന മേഖലകളിൽ പ്രയോഗിക പരിശീലനം നൽകുന്നതിന് ജില്ലാതല പരിശീലന കേന്ദ്രങ്ങൾ ഉണ്ടാവുക.

43. പഞ്ചായത്ത് കേന്ദ്രമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു വിജ്ഞാന വ്യാപന കേന്ദ്രം ആരംഭിക്കുക.

44. ചാണകത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.

45. മൃഗങ്ങളെ ഉപയോഗിച്ച് നിലം ഉഴുത് ഉപജീവനത്തിനുള്ള തൊഴിൽ കണ്ടെത്തുന്നവർക്ക് വേണ്ട സഹായങ്ങൾ നല്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.

46. മൃഗസംരക്ഷണ മേഖലയിലെ വിവിധരംഗങ്ങളിൽ പ്രശംസനീയമായ നേട്ടങ്ങൾ കാഴ്ചവെച്ച കർഷകരെ ആദരിക്കുക. പഞ്ചായത്ത്, ജില്ലാ, സംസ്ഥാനതല അവാർഡുകൾ ഏർപ്പെടുത്തുക.

47. കന്നുകാലി/കോഴി ഫാമിങ്ങ് മേഖലയിലെ കർഷകർക്ക് വൈദ്യുതി കണക്ഷൻ വേഗത്തിൽ ലഭിക്കുന്നതിനും സൗജന്യ നിരക്കിൽ ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക.

48. മൃഗ സംരക്ഷണ പദ്ധതികളുടെ ആനുകൂല്യം എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കണം

# മൽസ്യ മേഖല.

പഞ്ചായത്തിൽ പ്രധാനമായും കടൽ മത്സ്യങ്ങളാണ് വിപണനം നടക്കുന്നത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒരു ദിവസം ശരാശരി 5000 രൂപയുടെ പച്ചമത്സ്യവും ഉണക്കമത്സ്യവും വില്പന നടക്കുന്നുണ്ട്. ഒരു കൊല്ലത്തിൽ ഇരുപതു ലക്ഷം രൂപയുടെ മത്സ്യമെങ്കിലും ഇവിടുത്തെ ജനങ്ങൾ ഉപയോഗിക്കുന്നു. ശുദ്ധജല മത്സ്യങ്ങൾ ഈ പഞ്ചായത്തിൽ ലഭിക്കുന്നില്ല എന്നു തന്നെ പറയാം. അതിനാൽ ശുദ്ധജല മത്സ്യകൃഷിക്ക് വളരെ ശോഭനമായ ഭാവിയാണുള്ളത്. മത്സ്യം വളർത്തുന്നതിനു അനുയോജ്യമായ കൊട്ടമുണ്ടക്കുളം, കോതക്കുളം, മാങ്കുളം, ഏരങ്ങാട്ടുകുളം, ചിങ്ങത്ത്കുളം, അരക്കുളം, കരുവാൻകുളം, പടക്കേതിൽകുളം, ചേർക്കുളം, കടാൻകുളം തുടങ്ങി അനവധി പൊതുക്കുളങ്ങളും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കുളങ്ങളുമുണ്ട്.

## സാദ്ധ്യതകൾ.

1. ശുദ്ധജല മത്സ്യ കൃഷിക്ക് താല്പര്യമുള്ള വ്യക്തികൾ പഞ്ചായത്തിൽ ഉണ്ട്. അവർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മത്സ്യ കുഞ്ഞുങ്ങളെ എത്തിച്ചു കൊടുക്കാൻ വേണ്ട സൗകര്യങ്ങൾ പഞ്ചായത്ത് ചെയ്യേണ്ടതാണ്.

# വിദ്യാഭ്യാസം

സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ പൊതുവിദ്യാഭ്യാസ രംഗത്ത് കൊപ്പം പഞ്ചായത്ത് മുന്നിലായിരുന്നു. 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ തന്നെ സ്കൂളം നിലവിൽ വന്നിരുന്നു. അതിനു മുമ്പു തന്നെ എഴുത്തു പള്ളിക്കൂടങ്ങളും, ഓത്തുപള്ളിക്കൂടങ്ങളും ഒററപ്പെട്ട് നടത്തപ്പെട്ടിരുന്നു. സംസ്കൃത വിദ്യാഭ്യാസവും ചില നമ്പൂതിരി കുടുംബങ്ങളിൽ നിലവിലുണ്ടായിരുന്നു. ദേശീയ പ്രസ്ഥാനവും അതിന്റെ ഭാഗമായ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളും കൊപ്പം പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സ്കൂളം കാനം പള്ളത്ത് ശങ്കരൻ നായർ സ്ഥാപിച്ച അരോത്തമ്പലത്തിനടുത്ത് പുലാക്കുന്നത്ത് സ്കൂളം ആണെന്ന് കാരണവന്മാർ പറയുന്നു ഇതാണ് പിന്നീട് മാക്കാംതടത്തിൽ എഴുത്തശ്ശന്മാർ മുഖേന കണ്ണത്തുകളത്തിൽ നാരായണൻനായർ സ്ഥാപിച്ച ഇന്നത്തെ ആമയൂർ നോർത്ത് എ എൽ. പി. സ്കൂളായത്. അക്കാലത്തു തന്നെ അത്തം മുല്ലാക്കയുടെ നേതൃത്വത്തിൽ രണ്ട് സഞ്ചരിക്കുന്ന സ്കൂളുകളും ഉണ്ടായിരുന്നു. ഇതും പിന്നീട് ആമയൂർ നോർത്ത് സ്കൂളും ആമയൂർ എ എം. എൽ. പി. സ്കൂളും ആയി മാറി, 1936 ൽ ആണ് ഇന്നത്തെ പുലാശ്ശേരി ഗവ: വെൽഫെയർ സ്കൂളിന്റെ തുടക്കം. ആമയൂർ എ. യു. പി. സ്കൂളും പഴയ സ്കൂളാണ്. 1968ൽ കൊപ്പത്ത് ഒരു മദ്രസ്സയിൽ പ്രവർത്തനമാരംഭിച്ച കൊപ്പം ഗവ: ഹൈസ്കൂളിൽ കുറുവത്ത് ഏച്ചു നായർ സൗജന്യമായി നൽകിയ 3 ഏക്ര 14 സെന്റ് സ്ഥലത്താണ് ഇപ്പോഴം സ്ഥിതി ചെയ്യുന്നത്. 1994ൽ ഈ സ്കൂൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തി.

## വിദ്യാലയ വിവരങ്ങൾ 96 - 97.

| നമ്പർ | സ്കൂളിന്റെ പേര് | മേനേജ്മെന്റ് | കുട്ടികളുടെ എണ്ണം | S C | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|
| | | | | | M | F | ആകെ |
| 1 | ആമയൂർ A. M. L. P. S | എയ്ഡഡ് | 174 | 25 | 3 | 3 | 6 |
| 2 | ആമയൂർ L. V A L. P. S. | ,, | 182 | 24 | 1 | 5 | 6 |
| 3 | ആമയൂർ നോർത്ത് A L P. S | ,, | 206 | 42 | 3 | 4 | 7 |
| 4 | കരിങ്ങനാട് A. M. L. P. S. | ,, | 256 | 8 | 2 | 8 | 10 |
| 5 | കിഴുമുറി A M L P. S. | ,, | 146 | 5 | 1 | 4 | 5 |
| 6 | മേൽമുറി A L. P S | ,, | 264 | 54 | 3 | 6 | 9 |
| 7 | പുലാശ്ശേരി A. M. L. P. S. | ,, | 290 | 40 | 4 | 5 | 9 |
| 8 | പുലാശ്ശേരി G. W. L. P. S. | സർക്കാർ | 87 | 7 | | 3 | 3 |
| 9 | ആമയൂർ A. U. P. S. | എയ്ഡഡ് | 762 | 81 | 7 | 17 | 24 |
| 10 | മണ്ണേങ്ങോട് A U. P. S. | ,, | 1133 | 160 | 16 | 16 | 32 |
| 11 | G. V. H. S. S. കൊപ്പം. | സർക്കാർ | 2189 | 305 | 20 | 25 | 45 |

കൊപ്പം പഞ്ചായത്തിൽ ആകെ എട്ട് എൽ. പി. സ്കൂളുകളും രണ്ട് യു. പി സ്കൂളുകളും ഒരു ഹൈ സ്കൂളും ഉണ്ട്, അതിൽ പുലാശ്ശേരി G. W L. P, സ്കൂളിൽ അഞ്ചാം ക്ലാസ്സ വരെയുണ്ട്. മിക്ക സ്കൂളുകളിലും നിലവിലുള്ള കെട്ടിടത്തിന്റെ അപര്യാപ്തത കാരണം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കൂടുതലാണ്. 2189 കുട്ടികൾ പഠിക്കുന്ന കൊപ്പം ഗവ: ഹൈസ്കൂളിൽ 29 ഡിവിഷനുകൾ മാത്രമാണുള്ളത്. ഇപ്പോഴുള്ളതിന്റെ ഇരട്ടി ഡിവിഷനുകൾക്ക് സാദ്ധ്യതയുണ്ട്. ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കി ഉടൻ തന്നെ ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടതുണ്ട്. 1947 ൽ ഗേൾസ് സ്കൂളായി പ്രവർത്തനം ആരംഭിച്ച ലക്ഷ്മി വിലാസം എൽ. പി. സ്കൂൾ ഒഴികെ പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും മൂത്രപ്പുരയുണ്ട്. ആകെയുള്ള 6 അദ്ധ്യാപകരിൽ 5 പേർ അദ്ധ്യാപികമാരായിട്ടുകൂടി പ്രാഥമിക സൗകര്യങ്ങൾ പോലുമില്ല എന്നത് ശോചനീയം തന്നെയാണ്. ഹൈസ്കൂളിലും, യു. പി. സ്കൂളുകളിലും മാത്രമേ സ്റ്റാഫ് റൂം പ്രത്യേകമായുള്ളൂ. പ്രത്യേക ഓഫീസ് മുറി തന്നെ മിക്ക സ്കൂളുകളിലും ഇല്ല എന്ന് സർവ്വേയിൽ കാണുന്നു. ഹൈസ്കൂളിൽ ഒഴികെ എല്ലായിടത്തും നാമമാത്രമായ ലൈബ്രറിപുസ്തകങ്ങൾ മാത്രമേ ഉള്ളൂ. പുസ്തകങ്ങൾ ഭദ്രമായി സൂക്ഷിച്ചുവെക്കുന്നതിനുള്ള സൗകര്യക്കുറവാണ് പ്രധാനകാരണമായി പറയുന്നത്. ഉള്ള പുസ്തകങ്ങൾ തന്നെ കൃത്യമായി വിതരണം ചെയ്യാറില്ല.

ഓപ്പറേഷൻ ബ്ലാക്ക് ബോഡ് വഴി കിട്ടിയ ഒരു കിററല്ലാതെ പ്രൈമറി സ്കൂളുകളിൽ പരീക്ഷണ ശാലകളില്ല. ഹൈസ്കൂളിൽ തന്നെ പ്രതേക സംവിധാനം നിലവിലില്ല. കുടിവെള്ള സൗകര്യം മിക്ക വിദ്യാലയത്തിലും കുറവാണ്. കിണറുകൾ ഉള്ളവ തന്നെ വർഷം മുഴുവൻ ജലലഭ്യത ഇല്ലാത്തവയാണ്. ധാരാളം വാഹനങ്ങൾ സഞ്ചരിക്കുന്ന റോഡുകളോട് തൊട്ടു കിടക്കുന്ന പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികൾ കുടിവെള്ളത്തിനു വേണ്ടി ദൂരെ പോകുന്നത് പലപ്പോഴും അപകടത്തിന് കാരണമാകുന്നു. ഈ അവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.

കളിച്ചും ആടിയും പാടിയും രസിച്ചും പഠിക്കേണ്ട കൊച്ചു കുട്ടികൾ പഠിക്കുന്ന പ്രൈമറി വിദ്യാലയങ്ങളിൽ ക്ലാസുകൾ നടത്തുന്നതിന് പ്രത്യേകം മുറികളോ വേർതിരിക്കാനുള്ള തട്ടികയോ പോലും ഇല്ല എന്നത് കുട്ടികളുടെ പഠന നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു. കൊച്ചു കുട്ടികളിലെ കായിക ശേഷി വളർത്തി കൊണ്ടുവരുന്നതിനുള്ള പ്രത്യേക സംവിധാനങ്ങളൊന്നും പ്രൈമറി സ്കൂളുകളിലില്ല. തീരെ കളി സ്ഥലമില്ലാത്ത വിദ്യാലയങ്ങൾ പോലും നമ്മുടെ പഞ്ചായത്തിലുണ്ട്. കായിക പ്രതിഭകളെ വളർത്തി കൊണ്ടു വരുന്നതിനു വേണ്ട സൗകര്യം ചെയ്യേണ്ടതുണ്ട്. ഹൈസ്കൂളിൽ മാത്രമേ നല്ലൊരു കളിസ്ഥലം നിലവിലുള്ളു. സബ്ജില്ലാ - ജില്ലാ കായികമേളകളിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ കുട്ടികളുടെ സ്ഥിതി പരിശോധിച്ചാൽ നമ്മുടെ അവഗണന ബോദ്ധ്യപ്പെടുന്നതാണ്. ഒരു പുതിയ കൂട്ടായ്മയും അതുവഴി ഒരു പുത്തൻ സംസ്കാരവും വളർത്തി കൊണ്ടുവരുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന കായിക രംഗം തീർച്ചയായും മെച്ചപ്പെടുത്തേണ്ടതുണ്ട്.

കുട്ടികളിലെ സാഹിത്യപരവും കലാപരവുമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനു വേണ്ട സംവിധാനങ്ങൾ ഇന്ന് വിദ്യാലയങ്ങളിൽ കുറവാണ്. സബ് ജില്ലാ - ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനു വേണ്ട ശ്രമം മാത്രമാണുള്ളത്. ഇത്തരം കഴിവുകൾ വളർത്തിക്കൊണ്ടു വരുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. ആദ്യകാലത്ത് നടന്നു വന്നിരുന്ന സ്കൂൾ സാഹിത്യ സമാജങ്ങൾ പുനരുജ്ജീവിപ്പിക്കണം. പ്രവൃത്തി പരിചയം കുട്ടികളിൽ വളർത്തിക്കൊണ്ടു വരുന്നതിനു വേണ്ടി പ്രത്യേകം പിരീയഡുകൾ ഉണ്ടെങ്കിലും ഫലപ്രദമായി നടത്താറില്ല. തൊഴിലിനോടുള്ള ആഭിമുഖ്യം കുട്ടികളിൽ വളർത്തിക്കൊണ്ടു വരുന്നതിന് ഇന്നത്തെ ബോധന രീതിയിൽ തന്നെ മാററം വരുത്തേണ്ടതുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാമുഖ്യം നല്കുന്ന ഒരു രീതി അവലംബിക്കണം.

ഇന്നത്തെ വിരസമായ ക്ലാസ് റൂം അന്തരീക്ഷം മാററി ഒരു പുത്തൻ സിലബസ്സും, ബോധനരീതിയും, പുതിയ മൂല്യനിർണ്ണയ രീതിയും തുടങ്ങണം.

വിദ്യാലയങ്ങൾ പലപ്പോഴും വെറും 'കോച്ചിംഗ് സെൻററുകളായി' അധഃപതിച്ചിരിക്കുന്നു കാണാം പാഠം പഠിക്കുന്നതിന് വേണ്ട കഴിവു മാത്രം കുട്ടികളിൽ ഉണ്ടാകുകയും, അത് അളക്കുന്നതിനുവേണ്ടി ഒരു മൂല്യനിർണ്ണയ പരീക്ഷയുമാണ് നിലവിലുള്ളത്.

കുട്ടികളിലെ സർവ്വതോന്മുഖമായ കഴിവുകൾ വളർത്തി ഒരു 'സമഗ്ര വികസന' പ്രക്രിയയിൽ പങ്കാളികളാകാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യം പലപ്പോഴും നിറവേററപ്പെടുന്നില്ല.

പ്രൈമറി വിദ്യാലയത്തിലെത്താൻ പരമാവധി 25 കി. മീററർ സഞ്ചരിക്കേണ്ടി വരുന്നു എന്നത് കുട്ടികളെ സംബന്ധിച്ച് വളരെ ദുഷ്ക്കരമാണ്. ആമയൂർ കിഴക്കേക്കരയിൽ നിന്നും ഒന്നാം ക്ലാസിൽ ചേരുന്ന കുട്ടികൾക്ക് ഇത്രയും ദൂരം സഞ്ചരിക്കേണ്ട അവസ്ഥ മാററണം. തീരെ ഗതാഗത സൗകര്യം കുറഞ്ഞ ആമയൂർ കിഴക്കേക്കരയിൽ ഒരു സർക്കാർ സ്ക്കൂൾ അനുവദിക്കുകയാണെങ്കിൽ അതിനു വേണ്ട ഭൗതിക സാഹചര്യങ്ങൾ സൗജന്യമായി ഒരുക്കി തരുന്നതിന് അവിടുത്തുകാർ തയ്യാറാണ്.

യു. പി. സ്ക്കൂളിലെത്താൻ 6 കി. മീററർ വരെ സഞ്ചരിക്കുന്ന അവസ്ഥ പരിഹരിക്കുന്നതിന് സർക്കാർ വിദ്യാലയമായ പുലാശ്ശേരി ഗവ: വെൽഫെയർ എൽ. പി സ്ക്കൂളിൽ 6, 7 ക്ലാസുകൾ കൂടി തുടങ്ങണം. സാമൂഹ്യവികസന പ്രവർത്തനങ്ങളിൽ മുന്നിട്ടു പ്രവർത്തിക്കുന്ന 'അഭയ' ത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗവ: വെൽഫെയർ സ്ക്കൂൾ ഗ്രാമപഞ്ചായത്ത് ഏറെറടുത്ത് 6, 7 ക്ലാസുകൾ കൂടി ഉടൻ തന്നെ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളണം. അതു വഴി പുലാശ്ശേരി പടിഞ്ഞാററും മുക്കിൽ നിന്നും പഞ്ചായത്തിന്റെ ഒരററത്തുള്ള മണ്ണേങ്ങോട് യു പി സ്ക്കൂളിലേക്ക് 6 കി. മീ നടന്നു പോയി പഠിക്കുന്ന കുട്ടികൾക്ക് വലിയ ഒരാശ്വാസമായിരിക്കും.

അതുപോലെ മേൽമുറി എൽ. പി. സ്ക്കൂൾ, ആമയൂർ എൽ. പി. സ്ക്കൂൾ എന്നിവ യു. പി. ആക്കി ഉയർത്താനുള്ള ആവശ്യവും കൂടി ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

തൊട്ടടുത്ത പഞ്ചായത്തുകളിൽനിന്നുള്ള കുട്ടികൾ കൂടി പഠിക്കുന്ന കൊപ്പം ഗവ ഹൈസ്ക്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. ഇന്നുള്ളതിന്റെ ഇരട്ടിയെങ്കിലും കെട്ടിട സൗകര്യം ഉണ്ടാകണം. 90 കുട്ടികൾ വരെ ഞെരുങ്ങിയിരുന്ന് പഠിക്കുന്ന ക്ലാസ് റൂമുകൾ ഇപ്പോഴുണ്ട്. ഇത് കുട്ടികളുടെ പഠനനിലവാരത്തെയാണ് ബാധിക്കുന്നത്.

കഴിഞ്ഞ വർഷങ്ങളിലെ S S. L. C. വിജയ ശതമാനം പട്ടികയിൽ കൊടുത്തിട്ടുണ്ട്. പരിമിതികൾക്കുള്ളിൽ നിന്ന് ഉള്ള ബാദ്ധ്യതകളെ കഴിയുന്നത്ര പ്രയോജനപ്പെടുത്തുന്ന അദ്ധ്യാപകരുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായാണ് ഇത്രയെങ്കിലും വിജയശതമാനം നേടാൻ കഴിയുന്നത്. വിജയശതമാനം ഇനിയും ഉയർത്തേണ്ടതുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിന്റെ സത്വരശ്രദ്ധ ഉണ്ടെങ്കിൽ മാത്രമേ ഇതിനു കഴിയൂ.

1994 95ൽ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂളായി ഉയർത്തിയ കൊപ്പം ഗവ : ഹൈസ്കൂളിൽ ബാങ്കിങ്ങ് അസിസ്റ്റൻറ്, അക്കൗണ്ടൻസി ആൻറ് ഓഡിററിങ്ങ് എന്നീ കോഴ്സുകൾ നടത്തുന്നു. രണ്ടു ബാച്ചുകളിലായി 92 കുട്ടികൾ പഠിക്കുന്നുണ്ട്. പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന കുട്ടികൾക്ക് തൊഴിൽ സാദ്ധ്യത ഇന്ന് കുറവായത് കൊണ്ട് പല കുട്ടികളും വീണ്ടും കോളേജിൽ ചേർന്ന് പഠിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകൾ തുടങ്ങുകയാണ് വേണ്ടത്.

പ്രത്യേകം തൊഴിൽ മേഖലകളിലേക്ക് കടന്നു ചെല്ലാൻ പ്രാപ്തരാക്കുന്ന രീതിയിലുള്ള ഒരു വിദ്യാഭ്യാസ ക്രമം നിലവിൽ വരണം. പത്താം ക്ലാസ് കഴിയുന്നതോടു കൂടി തന്നെ ഏതു മേഖലയിലേക്ക് തിരിയണം എന്ന ധാരണ കുട്ടികളിൽ ഉണ്ടാക്കിയെടുക്കണം. കൃഷി, മററു തൊഴിലുകൾ എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. ഇന്നത്തെ വിദ്യാഭ്യാസം വെറും പരീക്ഷാ സംബന്ധിയാണ്. പരീക്ഷ എന്ന 'അങ്കം' ജയിച്ചു വരുന്നതിന് വേണ്ടി രക്ഷിതാക്കളും അദ്ധ്യാപകരും പാടുപെടുന്നു. യാന്ത്രികമായ കാണാപാഠം പഠിത്തത്തെ പ്രോത്സാഹിപ്പിക്കുന്നു. കുട്ടികൾ വെറും യന്ത്രപ്പാവകളായി മാറുന്നു. അനീതി കണ്ടാൽ ചോദ്യം ചെയ്യുന്ന സഹജീവികളെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു ഉത്തമ പൗരനാക്കി മാററിയെടുക്കാൻ ഇന്നത്തെ വിദ്യാഭ്യാസത്തിന് കഴിയുന്നില്ല. വിദ്യാലയത്തെ ഒരു സാംസ്ക്കാരിക കേന്ദ്രമാക്കി മാററണം. കലയിലും സാഹിത്യത്തിലും താല്പര്യം ഉണ്ടാക്കിയെടുക്കണം. ഇന്ന് പാഠ്യപദ്ധതിയിൽ സംഗീതം, ചിത്രകല എന്നിവയ്ക്കൊക്കെ സമയം നീക്കിവെച്ചിട്ടുണ്ടെ

ങ്കിലും ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. വിദ്യാർത്ഥികളിൽ ഒളിഞ്ഞുകിടക്കുന്ന ജന്മവാസന കളെ തൊട്ടുണർത്താൻ പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ എണ്ണം തന്നെ തീരെ ഇല്ല എന്നതാണ് സ്ഥിതി.

ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ സർവ്വസാധാരണമായതോടു കൂടി മുതിർന്നവരെപ്പോലെ തന്നെ കുട്ടികളിലും സാംസ്കാരിക നിലവാരത്തകർച്ച ഉണ്ടായിട്ടുണ്ട്. വികലമായ അനുകരണ സ്വഭാവം കുട്ടികളിൽ കണ്ടു വരുന്നു. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നാം എന്തു ഉപയോഗിക്കണം, എന്തു ഉപയോഗിക്കരുത് എന്ന് നിശ്ചയിക്കുന്നത് പരസ്യങ്ങളാണ്. പ്രത്യേകിച്ചും കുട്ടികളെ വശീകരിക്കാൻ അവയ്ക്ക് കഴിയുന്നു. കുട്ടികളിലെ സംഘബോധത്തെ ഇല്ലതാക്കുകയും കൂടുതൽ കുററകൃത്യങ്ങൾ ചെയ്യുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യുന്ന ഇലക്ട്രോണിക് മാധ്യമമായ ടി. വി. ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നു. ഈ വിപത്ത് മനസ്സിലാക്കി കുട്ടികളിൽ ധാർമ്മിക മൂല്യങ്ങൾ വളർത്തി കൊണ്ടുവരുന്നതിന് ഉതകുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കേണ്ടിയിരിക്കുന്നു

ഇന്നത്തെ വികലമായ രാഷ്ട്രീയബോധം പലപ്പോഴും വിദ്യാലയത്തെ 'കലാപാലയ' മാക്കി തീർത്തിരിക്കുന്നു വിദ്യാർത്ഥികളെ പരസ്പര സ്നേഹവും വിശ്വാസവും ഉള്ള പുതിയ പൗരന്മാരാക്കിത്തീർക്കുന്നതിനുതകുന്ന രീതിയിൽ പാഠ്യപദ്ധതിയിൽ മാററം വരുത്തണം ഇന്ത്യൻ പൗരൻെറ കടമകളെ കുറിച്ച് ബോധവന്മാരാകണം.

നമ്മുടെ സ്കൂളുകളിലെ ആകെയുള്ള 5689 കുട്ടികളിൽ 1957 പേർ 30% താഴെ മാർക്കുള്ളവരാണ് എന്നത് പഠന നിലവാരം മൊത്തം പിന്നിലാണെന്ന് കാണിക്കുന്നു ഈ സ്ഥിതിമാറണം. ഓരോ ക്ലാസിലും നേടേണ്ട പ്രാപ്തികൾ യഥാസമയം നേടിയിട്ടില്ല എന്ന് കാണാം, അവരെ കൂടി ഉയർത്തി കൊണ്ടു വരുന്നതിനുള്ള ശ്രമം ഉടൻ തന്നെ തുടങ്ങണം.

പി. ടി. എ. എല്ലാ സ്ക്കൂളുകളിലും ഉണ്ട്. കുട്ടികളുടെ അക്കാദമിക് നിലവാരം പലപ്പോഴും ഒന്നാമത്തെ അജണ്ടയായി വരാറില്ല. പി. ടി. എ. യുടെ പ്രവർത്തനം പഴയ അവസ്ഥയിൽ നിന്നും മാററം വരുന്നുണ്ട് ക്ലാസ് അടിസ്ഥാനത്തിൽ പി. ടി. എ. എവിടെയും കൂടാറില്ല. മാതൃസംഗമം എല്ലാ സ്കൂളുകളിലും കൂടാറുണ്ട്. ക്ലാസ് അടിസ്ഥാനത്തിൽ കൂടാറില്ല പ്രവർത്തനം ഫലപ്രദമല്ല. സ്ഥിരമായി വിദ്യാലയങ്ങളുമായി ബന്ധപ്പെടുന്ന രക്ഷിതാക്കളുടെ എണ്ണം കൂടി വരുന്നുണ്ട്.

പഞ്ചായത്തിൽ സ്ഥിരമായി ഉച്ചക്കഞ്ഞി വിതരണം നടത്തുന്ന വിദ്യാലയങ്ങളുടെ എണ്ണം കുറവാണ്. ഭാരിച്ച ചിലവുകൾ, രക്ഷിതാക്കളുടെ സഹകരണമില്ലായ്മ, അപര്യാപ്തമായ ഗവ: സഹായം എന്നിവ ഉച്ചക്കഞ്ഞി വിതരണത്തെ പ്രതികൂലമായി ബാധിക്കുന്നു നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഒരു കുട്ടിപോലും പട്ടിണി കിടക്കുന്നില്ല എന്ന് ഉറപ്പു വരുത്തുകയും അർഹമായ കുട്ടികൾക്കെല്ലാം പോഷക സമൃദ്ധമായ ഭക്ഷണം നല്കാൻ പഞ്ചായത്തിന് കഴിയുമോ എന്നും പരിശോധിക്കണം ഉച്ചക്കഞ്ഞി വിതരണം ഫലപ്രദമായി നടത്തണമെങ്കിൽ പഞ്ചായത്തിൻെറ സജീവ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണം.

പഞ്ചായത്തിൽ ആകെയുള്ള 156 അദ്ധ്യാപരിൽ 96 പേർ അദ്ധ്യാപികമാരാണ്. പഴഞ്ചൻ ബോധന രീതികളാണ് ഇപ്പോഴും മിക്ക സ്കൂളുകളിലും അനുവർത്തിച്ചു പോരുന്നത്. ഈ നില മാററിയെടുക്കുവാൻ വിദ്യാഭ്യാസ കോംപ്ലക്സുകൾ സജീവമാക്കേണ്ടതുണ്ട്. കൊപ്പം പഞ്ചായത്തിൽ പഞ്ചായത്ത് വിദ്യാഭ്യാസ കോംപ്ലക്സ് ഉണ്ടെങ്കിലും പ്രവർത്തനം നിർജ്ജീവം തന്നെ. സബ്ജക്ട് കൗൺസിലുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല അർപ്പണബോധമുള്ള അദ്ധ്യാപകരുടെ എണ്ണം കുറഞ്ഞുവരുന്നു എന്ന് എല്ലാ ഗ്രാമസഭകളിലും അഭിപ്രായപ്പെട്ടിട്ടുണ്ട്. രക്ഷിതാക്കൾ കുട്ടികളെ കുറിച്ച് അന്വേഷിക്കാൻ ചെല്ലുമ്പോൾ അദ്ധ്യാപകർ പലപ്പോഴും മാന്യമായ രീതിയിൽ പെരുമാറുന്നില്ല എന്നപരാതിയും ഉണ്ട്. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക പുറമെ 3 ട്യൂഷൻ സെൻററുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മൂന്നിലും കൂടി ആകെ 750 ഓളം കുട്ടികൾ പഠിക്കുന്നു ഒരു കമ്പ്യൂട്ടർ ഇൻസ്റ്റിററ്യൂട്ടും, 2 ടൈപ്പ് റൈററിംഗ് ഇൻസ്റ്റിററ്യൂട്ടും പഞ്ചായത്തിലുണ്ട്. സംസ്ഥാന തലത്തിൽ പോലും മത്സരിച്ച് വിജയിച്ച വിദ്യാർത്ഥികൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

ICDS ന്റെ കീഴിൽ നിലവിലുള്ള 21 അംഗ നവാടികൾ പഞ്ചായത്തിലുണ്ട്. ഇതിന്റെ പ്രവർത്തനം പ്രൈമറി വിദ്യാലയങ്ങൾക്ക് കൂടുതൽ സഹായകരമാണ്.

## സാദ്ധ്യതകൾ.

1. കൊപ്പം വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക. (കെട്ടിടം - ഫർണിച്ചർ.)
2. കൂടുതൽ സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന തരത്തിലുള്ള കൃഷി, മൃഗസംരക്ഷണം, ഇലക്ട്രോണിക്സ് ലാബ് ടെക്നീഷ്യൻ തുടങ്ങിയ കോഴ്സുകൾ തുടങ്ങുക.
3. കുട്ടികളുടെ യാത്രാദുരിതം പരിഹരിക്കുന്നതിന് സ്കൂൾ ബസ് തുടങ്ങുക.
4. 5-ാം ക്ലാസ് വരെയുള്ള ഇന്നത്തെ ഗവ: വെൽഫെയർ എൽ. പി സ്കൂൾ പഞ്ചായത്ത് ഏറ്റെടുത്ത് 6, 7 ക്ലാസുകൾ കൂടി തുടങ്ങുകയും ഭൗതിക സാഹചര്യങ്ങൾ (കെട്ടിടം, ഫർണിച്ചർ, കുടിവെള്ളം, മൂത്രപ്പുര, ചുററുമതിൽ ) ഉണ്ടാക്കണം.
5. എയ്ഡഡ് സ്കൂളിലെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഗ്രാമസഭകൾ മാനേജർമാരിൽ സമ്മർദ്ദം ചെലുത്തണം.
6. എല്ലാ സ്കൂളുകളിലും പഞ്ചായത്തിന്റെ നേതൃത്വത്തിൽ ധനസഹായം നൽകി ഉച്ചക്കഞ്ഞി വിതരണം നടപ്പിലാക്കണം. കൊപ്പം മാവേലി സ്റ്റോറിൽ നിന്നു തന്നെ അരി, പയർ എന്നിവ വിതരണം ചെയ്യുന്നതിന് വേണ്ട ഏർപ്പാട് ചെയ്യുക.
7. മുട്ട, പാൽ, പച്ചക്കറികൾ തുടങ്ങിയവ പഞ്ചായത്തിൽ ഉൽപ്പാദിപ്പിച്ചാൽ അവ കുട്ടികളുടെ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്താനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.
8. നിലവിലുള്ള വിദ്യാഭ്യാസ കോംപ്ലക്സ് ജനപങ്കാളിത്തത്തോടെ വിപുലമാക്കണം. ഇതിനായി ചുവടെ കൊടുത്തിരിക്കുന്ന പരിപാടികൾ നടപ്പിലാക്കണം.

* വിപുലമായ പഞ്ചായത്ത് വിദ്യാഭ്യാസ സമിതി രൂപീകരിക്കണം.
* സബ്ജക്ട് കൗൺസിലുകൾ ഉണ്ടാക്കണം.
* മോണിററിംഗ് സംവിധാനം.
* അക്കാദമിക്, നോൺ അക്കാദമിക് കമ്മിററികൾ രൂപീകരിക്കണം.
* പഠനോപകരണ നിർമ്മാണ ക്യാമ്പുകൾ നടത്തണം.
* പഞ്ചായത്തിലെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും ഡയറി ഏർപ്പെടുത്തുക
* സ്കൂൾ വികസന സമിതി രൂപീകരിക്കണം.
* ക്ലാസ് P. T. A കൂടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.
* പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.
* മാതൃസംഗമം സജീവമാക്കണം
* കുട്ടികളുടെ ആരോഗ്യ പരിശോധന സമഗ്രമാക്കണം.
* സാഹിത്യ സമാജങ്ങൾ പുനരുജ്ജീവിപ്പിക്കണം.
* ദിനാചരണങ്ങൾ ജനകീയ പങ്കാളിത്തത്തോടെ വിപുലമായി നടത്തണം.
* കലാ - കായിക രംഗത്തെ പ്രതിഭകളെ കണ്ടെത്തി കോച്ചിങ്ങ് നടത്തുന്നതിന് വേണ്ട നടപടികൾ തുടങ്ങണം.

## സാക്ഷരത.

സാക്ഷരതാ പ്രസ്ഥാനം ഒന്നാം ഘട്ടത്തിന് ശേഷം തുടന്ന് ഫലപ്രദമായി നടത്താൻ കഴിഞ്ഞിട്ടില്ല നവ സാക്ഷരരിൽ പലരും വീണ്ടും നിരക്ഷരതയിലേക്ക് വഴുതി വീണിരിക്കുന്നു തുടർ സാക്ഷരതാ പ്രവർത്തനം ആരംഭിക്കണം. നിലവിൽ പള്ളം സ്മാരക വായനശാലയിലും കൊപ്പം സാംസ്കാരിക

കേന്ദ്രത്തിലും ആരംഭിച്ച ജനവിദ്യാ കേന്ദ്രങ്ങളുടെ പ്രവത്തനം നിർജ്ജീവമാണ്.

കൊപ്പം പഞ്ചായത്തിൽ മൂന്ന് അൺ എയ്ഡഡ് സ്കൂളുകൾ ഉണ്ട്. ഇംഗ്ലീഷ് ഭാഷ തന്നെയാണ് മാധ്യമമായി ഉപയോഗിക്കുന്നത്. L K G. മുതൽ 7-ാം ക്ലാസ്സ് വരെയുള്ള അൺ എയ്ഡഡ് സ്കൂളും ഉണ്ട്. C. B. S. C അംഗീകാരമുള്ള കൊപ്പം ഇംഗ്ലീഷ് മീഡിയം സ്കൂൾ, പുലാശ്ശേരിയിലുള്ള M. E. T. സ്കൂൾ, പത്താം വാർഡിലെ പുത്തൻകുളത്തുള്ള ഡോൺ ബോസ്കോ ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നീ സ്കൂളുകളിലും കൂടി 600 ഓളം കുട്ടികൾ പഠിക്കുന്നുണ്ട്. നമ്മുടെ പ്രദേശത്തെ ധാരാളം കുട്ടികൾ ഈ സ്കൂളുകളിൽ പോയി പഠിക്കുന്നത് സർക്കാർ-എയ്ഡഡ് സ്കൂളുകളെ പ്രതികൂലമായി ബാധിക്കുന്നു എന്ന് സർവ്വെ കാണിക്കുന്നു. ഇന്നത്തെ അമിതമായ ഇംഗ്ലീഷ് ഭ്രമം നിരുത്സാഹപ്പെടുത്തുകയും സർക്കാർ-എയ്ഡഡ് സ്കൂളുകളെ ആകർഷകമാക്കുകയും വേണം.

ഇന്നത്തെ സാദ്ധ്യതകൾ പരമാവധി നടപ്പിലാക്കുന്നതിനുവേണ്ടി മൊത്തം ഒമ്പതാം പദ്ധതി വിഹിതത്തിന്റെ 10% എങ്കിലും വിദ്യാഭ്യാസത്തിനു വേണ്ടി ചെലവാക്കുകയും കൊപ്പം ഗ്രാമ പഞ്ചായത്തിന്റെ പൊതുവിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കണം.

## പഠന നിലവാരം.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | 30% ൽ താഴെ | 30% - 50% | 50%നു മുകളിൽ |
|---|---|---|---|---|
| 1 | A M L P S ആമയൂർ. | 6 | 31 | 50 |
| 2 | L V A L P S ആമയൂർ | 67 | 11 | 18 |
| 3 | A L P S ആമയൂർ നോർത്ത് | 22 | 42 | 41 |
| 4 | A M L P S കരിങ്ങനാട് | 38 | 29 | 62 |
| 5 | A M L P S കീഴ്മുറി | 11 | 23 | 33 |
| 6 | A L P S മേൽമുറി | 37 | 50 | 40 |
| 7 | A M L P S പുലാശ്ശേരി | 27 | 82 | 38 |
| 8 | G W L P S പുലാശ്ശേരി | 9 | 13 | 27 |
| 9 | A U P S ആമയൂർ | 186 | 299 | 185 |
| 10 | A U P S മണ്ണേങ്ങോട് | 351 | 356 | 285 |
| 11 | G V H S S കൊപ്പം | 1203 | 766 | 220 |

(3 മുതൽ 10 വരെയുള്ള കുട്ടികളുടെ എണ്ണമാണ് പട്ടികയിൽ സൂചിപ്പിക്കുന്നത്.)

## S. S. L. C. വിജയ ശതമാനം.

| വർഷം | പരീക്ഷക്കിരുന്ന കുട്ടികൾ | ജയിച്ച കുട്ടികൾ | ശതമാനം % |
|---|---|---|---|
| 1993-94 | 403 | 116 | 29 % |
| 1994-95 | 445 | 122 | 27 % |
| 1995-96 | 487 | 134 | 29.5 % |

# ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം.

പഞ്ചായത്തിലെ ആദ്യത്തെ ഹെൽത്ത് സെൻറർ 1958 ൽ നിലവിൽ വന്നു. ചെറിയ ഒരു കെട്ടിടത്തിൽ ഒരു ഡോക്ടറും ഒരു നേഴ്സും മാത്രമേയുണ്ടായിരുന്നുള്ളു. പ്രവർത്തനമാരംഭിക്കുമ്പോൾ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യം ഉണ്ടായിരുന്നില്ല. വാടക കെട്ടിടത്തിലാണ് ആദ്യം പ്രവർത്തനമാരംഭിച്ചത്. പിന്നീട് ഈ സ്ഥാപനം പഴയ പട്ടാളക്യാമ്പ് സ്ഥിതി ചെയ്തിരുന്ന ഇപ്പോഴത്തെ സ്ഥലത്തേയ്ക്ക് മാററുകയും ക്രമേണ ജനപങ്കാളിത്തത്തോടെയും സഹകരണത്തോടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണുണ്ടായത്. കൊപ്പം പഞ്ചായത്തിൽ നടന്ന വലിയൊരു ജനകീയ പ്രവത്തനമായിരുന്നു കൊപ്പം പി. എച്ച്. സെൻറർ കെട്ടിട നിർമ്മാണം.

പൊതുവേ ജനങ്ങൾ പാരമ്പര്യ വൈദ്യൻമാരെയും നാട്ടുചികിത്സാ വൈദ്യൻമാരെയും സമീപിക്കുകയായിരുന്നു പതിവ്. മാരക രോഗങ്ങൾക്ക് പഞ്ചായത്തിനു പുറത്തുള്ള മററ് ആശുപത്രികളെ സമീപിക്കുകയും ചെയ്തുവരുന്നു.

നിലവിൽ നമ്മുടെ പി എച്ച്. സെൻററിൽ മൂന്നു മെഡിക്കൽ ഓഫീസർമാരും 68 മററ് ജീവനക്കാരുമുണ്ട്. ഇവരിൽ 25 പേർ ഹെൽത്ത് സെൻററിൽ സ്ഥിരമായും മററുള്ളവർ ഫീൽഡ് വർക്കിലുമാണ്. രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം വേണ്ടത്ര ആയിട്ടില്ല.

ഗവണ്മെൻറിനെതിരെ ആരോഗ്യ സ്ഥാപനങ്ങൾ നിലവിൽ രണ്ടെണ്ണമുണ്ട്. ഷിഫാ ഹോസ്പിററലും, ബിസ്മില്ലാ ഹോസ്പിററലും കൂടാതെ ആയുർവ്വേദ ചികിത്സാ രംഗത്ത് ബി. എ. വി. ഫാർമസിയും പ്രവത്തിക്കുന്നുണ്ട്. ആയുർവ്വേദ വൈദ്യശാലകളിൽ ഡോക്ടർമാർ സന്ദർശകരായി രോഗികളെ പരിശോധിക്കുന്നുമുണ്ട്. അലോപ്പതി രംഗത്ത് ഒരു ഡെൻറിസ്റ്റും, ഒരു ഇ എൻ ടി സ്പെഷ്യലിസ്റ്റും സ്വകാര്യ പ്രാക്ടീസ് നടത്തുന്നുണ്ട്. മണ്ണേങ്ങോട് യാറത്തിനടുത്തും, പുലാശ്ശേരി പടിഞ്ഞാററുംമുറിയിലും ഓരോ ഹോമിയോ ഡോക്ടമാരും പ്രാക്ടീസ് നടത്തുന്നുണ്ട്.

പഞ്ചായത്തിൽ നെടുമ്പ്രക്കാട്, മേൽമുറി, പുലാശ്ശേരി നോർത്ത് (പടിഞ്ഞാററുംമുറി). പ്രഭാപുരം എന്നിവിടങ്ങളിൽ ഓരോ I P P സബ്ബ് സെൻററുകൾ പ്രവർത്തിക്കുന്നു ഈ നാല് സെൻററുകളിലും കൂടി നാല് ജൂനിയർ നേഴ്സുമാരും മൂന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടറുമാണുള്ളത്. പി എച്ച്. സി ഹെഡ് ക്വാർട്ടേഴ്സിലും ഒരു സബ്ബ് സെൻറർ പ്രവത്തനമുണ്ട്.

പകർച്ച വ്യാധികൾ സ്ഥിരമായി കണ്ടുവരുന്ന പ്രദേശങ്ങൾ പൊതുവെ നമ്മുടെ പഞ്ചായത്തിലില്ല. ഇവിടുത്തെ മൊത്തം ജനസംഖ്യ 24492 ആണ് ഇതിൽ 12462 പുരുഷന്മാരും 12030 സ്ത്രീകളും ആണ്. ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ 474; 1 മുതൽ 2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ 432; 2 മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ 467; 3 മുതൽ 5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ 1009-ഉം ആണ്. മുലയൂട്ടുന്ന അമ്മമാർ 201-ഉം ഗർഭിണികൾ 152-ഉം ഉണ്ട്.

## പഞ്ചായത്തിലെ ആരോഗ്യ നിലവാരം താരതമ്യം. [1000-ൽ]

| | കൊപ്പം ഗ്രാമ പഞ്ചായത്ത് | കേരളം | ഇന്ത്യ |
|---|---|---|---|
| ജനന നിരക്ക് | 15.53 | 19.6 | 31.7 |
| മരണ നിരക്ക് | 4 77 | 6 | 9 7 |
| ശിശു മരണ നിരക്ക് | 10 49 | 17 | 80 |
| സാക്ഷരത | 93% | 90.59% | 52.11% |

ഈ പട്ടികയിൽ നിന്നും ഇന്ത്യയിലേയും കേരളത്തിലെയും ശരാശരിയേക്കാൾ മെച്ചപ്പെട്ടതാണ് നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ സ്ഥിതി എന്ന് മനസ്സിലാക്കാം.

ആരോഗ്യ രംഗത്ത് നടന്ന പൾസ് പോളിയോ, കുഷ്ഠരോഗ നിവാരണ ക്യാമ്പുകൾ, സ്കൂൾ ആരോഗ്യ പരിപാടി തുടങ്ങിയവയിൽ കൊപ്പം ജേസീസ്, ശാസ്ത്രസാഹിത്യ പരിഷത്ത്, അഭയം മുതലായ സന്നദ്ധ സംഘടനകൾ സഹകരിച്ചു. സൗഹൃദ, ഭാവന ശാസ്ത്രസാഹിത്യ പരിഷത്ത്, അഭയം എന്നീ സംഘടനകളുടെ നേതൃത്വത്തിൽ സൗജന്യ രക്ത ഗ്രൂപ്പ് നിർണ്ണയം നടത്തി രക്തദാന ഫോറങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ.

1. P H സെൻററിൽ മതിയായ സ്റ്റാഫില്ല.
2. സ്പെഷലിസ്റ്റ്കളായ ഡോക്ടർ മാരുടെ അഭാവം.
3. മുഴുവൻ സമയ ഡോക്ടർമാരില്ലായ്മ.
4. മതിയായ കെട്ടിടമില്ല. ഉള്ളവയിൽ സൗകര്യകുറവ്. (കിടക്ക, വൈദ്യുതി, വെള്ളം)
5. ചികിത്സയ്ക്കാവശ്യമായ സാങ്കേതിക ഉപകരണങ്ങളും വിദഗ്ദ്ധൻമാരും കുറവ്.
6. മരുന്നു വിതരണത്തിലെ പോരായ്മ, (ആശുപത്രിയിൽ ലഭിക്കുന്നതും, രോഗികൾക്ക നൽകുന്നതും )
7. രോഗികൾക്ക് ലഭിക്കേണ്ട Diet (പോഷകാഹാരം, ഭക്ഷണം ) നിലവിലില്ല
8. പോസ്റ്റ്മോർട്ടത്തിന് സൗകര്യവും ആംബുലൻസും ഇല്ല.
9. ആശുപത്രി പരിസരത്ത് മാലിന്യങ്ങൾ കുന്നുകൂടുന്നു
10. ഇപ്പോഴുള്ള പ്ലാനനുസരിച്ച് ആയുർവ്വേദ ഹോമിയോ ആശുപത്രികൾ ഈ പഞ്ചായത്തിലില്ല.
11. പഞ്ചായത്തിലെ പകുതിയോളം വീടുകൾക്ക് കക്കൂസില്ല.
12. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിനുള്ള നടപടികൾ ഫലപ്രദമല്ല.
13. കൊപ്പം പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും പ്രത്യേകിച്ച് കൊപ്പം ടൗണിൽ മാലിന്യ കൂമ്പാരങ്ങളുണ്ട്. അവ നീക്കം ചെയ്യുന്നതിന് മതിയായ നടപടികളില്ല.
14. മത്സ്യ – മാംസ വിൽപ്പന ആരോഗ്യപരമായ ചുററുപാടിലല്ല. അവയുടെ അവശിഷ്ടങ്ങൾ പല ഭാഗങ്ങളിൽ നിക്ഷേപിക്കപ്പെടുന്നതു കൊണ്ട് പരിസര മലിനീകരണവും ജനങ്ങൾക്ക് ശല്യവുമുണ്ടാകുന്നു
15. കുടിവെള്ള സ്രോതസ്സുകൾ പലതും വൃത്തിഹീനമാണ്. അവ ശുചിയാക്കുന്നതിന് മതിയായ നടപടികളില്ല
16. ആരോഗ്യ ബോധവൽക്കരണ പരിപാടികൾ നാമ മാത്രമായേ നടക്കുന്നുള്ളു. ഈ രംഗത്തു പ്രവർത്തിക്കുന്നവരുടെ സേവനം വേണ്ട രീതിയിൽ ലഭിക്കുന്നില്ല.
17. പഞ്ചായത്തിൽ പൊതു ശ്മശാനമില്ല.
18. ആശുപത്രി വികസനസമിതിയുടെ പ്രവർത്തനം ഊർജ്ജിതമല്ല.

## സാദ്ധ്യതകൾ.

1. കൊപ്പം പി. എച്ച്. സെൻറർ ഒരു കമ്മ്യൂണിററി ഹെൽത്ത് സെൻററായി ഉയർത്തുക.
2. ആശുപത്രിക്കാവശ്യമുള്ളത്ര കെട്ടിടങ്ങൾ നിർമ്മിക്കുക സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം വാർഡുകൾ നിർമ്മിക്കുക. ഇതിലേയ്ക്കുള്ള വിഭവസമാഹരണം ജനങ്ങളുടെ സഹകരണത്തോടെയും ആവാം.
3. സാങ്കേതിക സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുക.
4. പോസ്റ്റ്മോർട്ടത്തിനുള്ള സൗകര്യങ്ങളും ഒരു ആംബുലൻസും ഏർപ്പെടുത്തുക.
5. രോഗികൾക്കാവശ്യമായ മരുന്ന് സൗജന്യമായി ആശുപത്രിയിൽ നിന്നും വിതരണം ചെയ്യുക.
6. രോഗികൾക്ക മതിയായ പോഷകാഹാരം നൽകാനുള്ള സംവിധാനമുണ്ടാക്കുക.
7. ആശുപത്രിസേവനത്തിലെ ക്രമക്കേടുകൾ കണ്ടെത്തി പരിഹരിക്കുക.

8 ആശുപത്രിയിലും പരിസരങ്ങളിലുമുള്ള മാലിന്യങ്ങൾ Incinarator, കമ്പോസ്റ്റ് പിററ് എന്നിവ നിർമ്മിച്ച് നീക്കം ചെയ്യുക.

9. പഞ്ചായത്തിൽ ആയുർവ്വേദ - ഹോമിയോ ഡിസ്പൻസറികൾ, പ്രകൃതി ചികിത്സാ കേന്ദ്രം എന്നിവ സ്ഥാപിക്കുക.

10. O. P. സമയത്ത് നിർബന്ധമായും പ്രൈവററ് പ്രാക്ടീസ് നിർത്തൽ ചെയ്യണം, മുഴുവൻസമയവും രോഗികൾക്ക് ആശുപത്രി സേവനം ലഭ്യമാക്കണം.

11. പുലാശ്ശേരി പടിഞ്ഞാററുംമുറി, പ്രഭാപുരം സബ്ബ് സെൻററുകൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം പണിയുക

12. പഞ്ചായത്തിന്റെ 1-ാം വാർഡിൽ ഒരു I. P. P സബ്ബ്സെൻററും ഒരു ഡിസ്പൻസറിയും സ്ഥാപിക്കുക.

13. മലേറിയ തടയാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക ലാബറട്ടറി വികസിപ്പിക്കുക, X ray, E. C. G. സൗകര്യങ്ങൾ ഏർപ്പെടുത്തുക.

14 ആശുപത്രിയുടെ അററകുററ പണികൾ യഥാസമയം നടത്തുക; ഉപയോഗശൂന്യമായ ബഡുകൾ നീക്കം ചെയ്യുക. പുതിയ ബെഡ്, ബഡ്ഷീററ് ഇവ അനുവദിക്കുക.

15. ആശുപത്രിക്കിണർ വൃത്തിയാക്കി നെററ് ഇടുവാനും വാട്ടർ ടാങ്ക് കാലാകാലങ്ങളിൽ ഒഴുകുവാനും നടപടി സ്വീകരിക്കുക.

16. ആശുപത്രിയിലേയ്ക്കുള്ള ശുദ്ധജല വിതരണം കാര്യക്ഷമമാക്കുക; സബ്ബ് സെൻററുകളിലേയ്ക്ക് ശുദ്ധജലമെത്തിക്കുവാനും, വാടകയ്ക്കു നടത്തുന്ന സബ്ബ് സെൻററുകളുടെ വാടക കൊടുക്കുന്നതിന് നടപടി സ്വീകരിക്കുക.

17. കുടുംബാസൂത്രണത്തെക്കുറിച്ചുള്ള ബോധവല്ക്കരണം ഊർജിതമാക്കി ഇപ്പോൾ നല്കി വരുന്ന പ്രോത്സാഹനം വർദ്ധിപ്പിക്കുക.

18. പൾസ് പോളിയോ, സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള വൈദ്യപരിശോധന തുടങ്ങിയ കാര്യങ്ങളിൽ ഡോക്ടർമാരുടെ സേവനം നിർബന്ധമാക്കുക.

19. കക്കൂസില്ലാത്ത മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിച്ചു നൽകുക.

20. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ ആറുമാസത്തിലൊരിക്കൽ പിടിച്ചു നശിപ്പിക്കുക. വളർത്തു നായ്ക്കൾക്ക് ലൈസൻസ് സമ്പ്രദായം നിർബന്ധമാക്കുക.

21. കൊപ്പം ടൗണിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലും ഒഴിക്കുന്ന മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് Waste Buckets സ്ഥാപിക്കുക ജനങ്ങളെ ബോധവൽക്കരിക്കുക. വ്യാപാരി - വ്യവസായികളുടെ സഹകരണം ഉറപ്പുവരുത്തുക. റോഡ് സ്വീപ്പർമാരുടെ സേവനം നിർബന്ധമാക്കുക നഗരമാലിന്യ സംസ്കരണ യൂണിററ് സ്ഥാപിക്കുക.

22. അറവുശാലകൾ, പൊതു മാർക്കററ് എന്നിവസ്ഥാപിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം. അവശിഷ്ടങ്ങൾ സംസ്കരിക്കാൻ പൊതു സ്ഥലം കണ്ടെത്തുകയും ചെയ്യുക. മാംസ വിൽപ്പന നിർബന്ധമായും ഗുണ നിലവാരം ശുചിത്വ മാനദണ്ഡങ്ങൾ പരിശോധിച്ചാവണം നടത്തുന്നത്.

23. ജല സ്രോതസ്സുകളുടെ ശുചീകരണത്തിന് കാലാകാലങ്ങളിൽ പഞ്ചായത്ത് മുൻകൈ എടുക്കുകയും, ആരോഗ്യ ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതമായി നടപ്പാക്കുകയും ചെയ്യുക.

24. ഔഷധച്ചെടികൾ വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും ധനസഹായം നല്കുന്നതിനും പഞ്ചായത്ത് മുൻകൈ എടുക്കുക.

25. ഒരു പൊതു ശ്മശാനം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

മേൽകാണിച്ച പ്രശ്നപരിഹാരങ്ങൾ ചർച്ചചെയ്ത് പദ്ധതികൾ രൂപീകരിക്കുകയും 9-ാം പദ്ധതിയുടെ 10% ഫണ്ടെങ്കിലും ആരോഗ്യ മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കേണ്ടതാണ്.

## കുടിവെള്ളം:-

കിണറുകളാണ് കൊപ്പം പഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ്സ്. പൊതുടാപ്പുകളും കുഴൽക്കിണറുകളും സ്രോതസ്സായുണ്ട്. 4554 വീടുകളുള്ളതിൽ 2733 വീട്ടുകാർക്കു സ്വന്തമായി കിണറുള്ളൂ. 40% കുടുംബങ്ങളും അയൽ വീടുകളിലെ കിണറുകളും, പൊതുടാപ്പുകളും, പൊതു കുഴൽക്കിണറുകളും ആശ്രയിക്കുന്നു കിണറുള്ളവരിൽ തന്നെ ഭൂരിഭാഗവും വേനൽക്കാലങ്ങളിൽ മററു ജലസ്രോതസ്സുകളെ അഭയം പ്രാപിക്കുന്നു.

വേനൽക്കാലത്ത് പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം നേരിടുന്നുണ്ട്. ഇത്തരം അവസരങ്ങളിൽ കുഴൽക്കിണറുകളും പൊതുടാപ്പുകളുമാണാശ്രയം. 179 കുഴൽക്കിണറുകളും 78 പൊതു ടാപ്പുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുണ്ട്. വിളയൂർ പഞ്ചായത്തിലൂടെ ഒഴുകുന്ന തൂതപ്പുഴയെ ആശ്രയിച്ചാണ് കൊപ്പം പഞ്ചായത്തിലെ പൊതു ടാപ്പുകളിലൂടെ ശുദ്ധജല വിതരണം നടക്കുന്നത്. 3.26 കിലോമീററർ നീളത്തിലാണ് ഇപ്പോഴം പൈപ്പ് ലൈൻ ഉള്ളത്. ഒരു പമ്പിംഗ് സ്റ്റേഷനും, ഒരു ജലസംഭരണിയും നിലവിലുണ്ട്. പഞ്ചായത്തിലെ മിക്ക വാർഡുകളിലും നാമമാത്രമായേ ജല വിതരണ പദ്ധതി എത്തിയിട്ടുള്ളൂ. വൈദ്യുതി കുറവും, സേവന ലഭ്യതക്കുറവും മൂലം ശുദ്ധജലവിതരണം ഉദ്ദേശിക്കുന്ന ഫലം ഉണ്ടാകുന്നില്ല. ഉപയോഗ ശൂന്യമായ ടാപ്പുകളും, ഗുണനിലവാരം കുറഞ്ഞതും പഴകിദ്രവിച്ചതുമായ പൈപ്പുകളും യഥാസമയം അററകുററപ്പണികൾ നടത്താത്തതിനാലും, ആഗമന - നിർഗ്ഗമനക്കുഴൽ ഒന്നായതിനാലും ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നു. കുഴൽ കിണറുകളിലെ വെള്ളത്തിനുണ്ടാകുന്ന രുചി വ്യത്യാസം, ആവശ്യത്തിന് വെള്ളം ലഭിക്കാത്ത അവസ്ഥ, ഇടക്കിടെ ഉപയോഗ ശൂന്യമാവുക മുതലായ പ്രശ്നങ്ങൾ മൂലം മുഖ്യകുടിവെള്ള സ്രോതസ്സുകളിലൊന്നായ കുഴൽ കിണറും ജനങ്ങൾക്ക് പൂർണ്ണമായും ആശ്രയിക്കാനാവാത്ത സ്ഥിതിയിലായിരിക്കുന്നു.

മൊത്തത്തിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് 9-ാം പദ്ധതി ആരംഭം മുതൽ തന്നെ ഗൗരവമായ പരിഗണന നൽകി നിലവിലുള്ള സ്രോതസ്സുകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടും പുതിയ പരിപാടികൾക്കു രൂപം നൽകി കൊണ്ടും പദ്ധതി അവസാനത്തോടെയെങ്കിലും പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും കുടിവെള്ളമെത്തിക്കാൻ കഴിയുന്നതാണ്.

## പ്രശ്നങ്ങൾ:-

- നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതി അപര്യാപ്തമാണ്.
- പൈപ്പുകൾ പല സ്ഥലങ്ങളിലും പൊട്ടി ജലം പാഴായിപ്പോകുന്നു.
- വാട്ടർ ടാപ്പുകൾ മിക്കവയും ഉപയോഗ പ്രദമല്ല.
- വാട്ടർ ടാപ്പുകൾ തമ്മിലുള്ള ദൂരം കൂടുതലാണ്.
- പൈപ്പ് ലൈനും, വാട്ടർ ടാപ്പുകളും യഥാസമയം റിപ്പയർ ചെയ്യുന്നില്ല ഹൗസ് കണക്ഷനുകൾ കൊടുക്കാൻകഴിഞ്ഞിട്ടില്ല
- വാട്ടർ ടാങ്കുകളിലേക്കു വെള്ളം പമ്പുചെയ്യുന്നതിനും ടാപ്പുകളിലേയ്ക്കു തിരികെവിടുന്നതിനും പ്രത്യേകംപ്രത്യേകം പൈപ്പുകളില്ല.
- ജനവാസം കൂടുതലുള്ള മിക്ക പ്രദേശങ്ങളിലേയ്ക്കും പൈപ്പുലൈൻ ഇല്ല.
- എല്ലാ ഹരിജൻ കോളനികളിലേയ്ക്കും പൈപ്പ് ലൈൻ അനുവദിച്ചിട്ടില്ല.
- പഞ്ചായത്തിലെ പൊതുകിണറുകൾ യഥാസമയം മണ്ണ് നീക്കി നന്നാക്കുന്നില്ല
- ജല ലഭ്യതയുള്ളതും, ജനവാസം കൂടുതലുള്ളതുമായ പല പ്രദേശങ്ങളിലും കുഴൽക്കിണർ കുഴിക്കാൻ സാധ്യതയുണ്ടായിട്ടും കുഴിച്ചിട്ടില്ല.
- പഞ്ചായത്തിലെ പല പ്രദേശങ്ങളിലും കുടിവെള്ളം കിട്ടിക്കൊണ്ടിരിക്കുന്ന കിണറുകൾ അററകുററപ്പണിയില്ലാതെ കിടക്കുന്നു.
- പുതിയ ജല സ്രോതസ്സുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.
- ധാരാളമായി വെള്ളം ലഭിക്കുന്ന കിണറുകൾ, കുളങ്ങൾ, കുഴൽക്കിണറുകൾ, എന്നിവയുടെ സമീപത്ത് ചെറിയ ടാങ്ക് കെട്ടി ജലം സംഭരിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

## പരിഹാരങ്ങൾ - സാദ്ധ്യതകൾ.

- നിലവിലുള്ള വാട്ടർടാങ്കിൽ നിന്നും പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും ഹൗസ് കണക്ഷൻ കൊടുക്കാനുള്ള കപ്പാസിററി ടാങ്കിനുണ്ട്. എന്നാൽ വെള്ളം പമ്പു ചെയ്യാനുള്ള മോട്ടോറിന്റെയും, പൈപ്പു ലൈനിന്റെയും കപ്പാസിററി കറവു കാരണം ഇത് സാധ്യമാവുന്നില്ല. ആയതിനാൽ നിലവിലുള്ള മോട്ടോറിന്റെയും കപ്പാസിററി വർദ്ധിപ്പിക്കുക.

- അടുത്തുള്ള നദികളിൽ നിന്നും വെള്ളം പമ്പു ചെയ്ത് ആവശ്യമെങ്കിൽ പുതിയ ടാങ്ക് കൂടി നിർമ്മിച്ച് ജലലഭ്യത ഉറപ്പു വരുത്തി ഹൗസ് കണക്ഷനുകൾ നൽകുക

- കുടിവെള്ളം ലഭിച്ചിരുന്നതും ഇപ്പോൾ തൂർന്നു കിടക്കുന്നതുമായ കിണറുകൾ ഉപയോഗ യോഗ്യമാക്കുക.

- ഉപയോഗ ശൂന്യമായി കിടക്കുന്ന കുഴൽ കിണറുകൾ അററകുററപ്പണികൾ നടത്തുക.

- രൂക്ഷമായ ജലക്ഷാമം അനുഭവിക്കുന്ന കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും അടിയന്തിരമായി ജലസ്രോതസ്സുകൾ നിർമ്മിക്കുക.

- നിലവിലുള്ള പൈപ്പു ലൈനുകൾ പല സ്ഥലങ്ങളിലും പൊട്ടി വെള്ളം പാഴായി പോവുകയാണ്. ഇവ റിപ്പയർ ചെയ്യണം.

- വാട്ടർ പൈപ്പുകളിൽ പകുതിയോളം ഉപയോഗ ശൂന്യമായി കിടക്കുകയാണ്. അവ റിപ്പയർ ചെയ്യണം.

- കുടിവെള്ള പദ്ധതികളുടെ നിർമ്മാണവും, വിതരണവും പഞ്ചായത്തിന്റെ ചുമതലയിലാകുക.

- വാട്ടർടാപ്പുകൾ തമ്മിലുള്ള അകലം കുറച്ച് ടാപ്പുകളുടെ എണ്ണം കൂട്ടുക.

- ആവശ്യമായ സ്ഥലങ്ങളിലേക്ക് പൈപ്പു ലൈൻ നീട്ടുകയും, ഇല്ലാത്ത സ്ഥലങ്ങളിലേക്ക് പുതുതായി പൈപ്പ് ലൈൻ സ്ഥാപിക്കുകയും ചെയ്യുക.

- വാട്ടർ ടാങ്കിലേയ്ക്ക് വെള്ളം പമ്പു ചെയ്തു കയററുന്നതിനും ജല വിതരണം നടത്തുന്നതിനും പ്രത്യേകം പ്രത്യേകം സംവിധാനമുണ്ടാക്കുക.

- ധാരാളം വെള്ളം കിട്ടുന്ന കിണറുകൾ, കുഴൽ കിണറുകൾ, കുളങ്ങൾ എന്നിവയുടെ അടുത്ത് ചെറിയ ചെറിയ ടാങ്കുകൾ നിർമ്മിച്ച് ചുററുവട്ടത്തുള്ള പ്രദേശങ്ങളിലേക്ക് ജലവിതരണം നടത്തുക.

- ഒന്നാം വാർഡിലെ തെക്കേമുക്കിൽ മാങ്കുളം പ്രദേശത്തും, ചേരിക്കല്ലിൻമേൽ പ്രദേശത്തും, രണ്ടാം വാർഡിൽ പുതിയറോഡ്, മയിലാടിപ്പാറ, പാറവെട്ടുചാൽ, എന്നിവിടങ്ങളിലും, ആറാം വാർഡിന്റെ മദ്ധ്യഭാഗത്തും പുതിയ ജലസ്രോതസ്സുകൾ ഉണ്ട്. ഇവ ഉപയോഗപ്പെടുത്തി ഉചിതമായ പദ്ധതികളാക്കി മാററി അതാതു പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

- ശുദ്ധജല വിതരണം കൃത്യമായും നടത്തുവാൻ ബാദ്ധ്യതപ്പെട്ട വാട്ടർ അതോറിററിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും കാലാ കാലങ്ങളിൽ പഞ്ചായത്തുകളിൽ പരിഹരിച്ചു കിട്ടേണ്ട പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും പഞ്ചായത്ത് ജനപ്രതിനിധികളും വാട്ടർ അതോറിററിയുടെ ബന്ധപ്പെട്ടവരും സമ്മേളിക്കുന്നതിന് അവസരമുണ്ടാക്കണം.

□ ആശുപത്രിയിൽ വരുന്ന പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി മരുന്നുകൾ എത്തിച്ചു കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക. സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കുക.

□ ഹോട്ടൽ, ശീതളപാനീയ ശാലകൾ മുതലായവയിലെ ഉപയോഗ യോഗ്യമല്ലാത്ത ഭക്ഷണ സാധനങ്ങൾ നശിപ്പിക്കുവാനും ഭക്ഷണ സാധനങ്ങളിലെ മായം ചേർക്കൽ അവസാനിപ്പിക്കാനും ഉള്ള നടപടികൾ സ്വീകരിക്കുക.

□ ജലലഭ്യതയുള്ള സ്ഥലങ്ങളിൽ കഴിയുന്നതും തുറന്ന കിണറുകൾ കുഴിക്കുകയും മററു സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മിക്കുകയും ചെയ്യുക.

□ കൊപ്പം സെൻററിൽ ഒരു പൊതു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

□ സാമൂഹ്യ വിപത്തായി മാറിയിട്ടുള്ള എയ്ഡ്സ് (A I D S) പകരാതിരിക്കുവാൻ ആരോഗ്യ പ്രവർത്തകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ശ്രദ്ധിക്കുന്നു എന്ന് ഉറപ്പുവരുത്തുക. ഉദാ: കുത്തിവെക്കുന്ന സൂചി, സിറിഞ്ച് തുടങ്ങിയവയുടെ ശുചിത്വം, ദുരുപയോഗം, ഭക്ഷണശാലകൾ, ബാർബർ ഷാപ്പുകൾ തുടങ്ങിയവയിലെ ശുചിത്വം.

□ നിലവിൽ ജലക്ഷാമം (കുടിവെള്ളം) രൂക്ഷമായി അനുഭവപ്പെടുന്ന സ്ഥലങ്ങൾ സന്ദർശിച്ച് പഞ്ചായത്ത് തലത്തിൽ സർവ്വെ നടത്തി കുടിവെള്ള ക്ഷാമമനുഭവിക്കുന്ന സ്ഥലങ്ങൾക്ക് മുൻഗണന നൽകി ജല സ്രോതസ്സുകൾ സ്ഥാപിക്കുക.

# വ്യവസായം.

വ്യവസായ സ്ഥാപനങ്ങൾ വളരെക്കുറച്ചുള്ള ഒരു പഞ്ചായത്താണ് കൊപ്പം.

ഏകദേശം ഇരുപത്തി അഞ്ച് കൊല്ലങ്ങൾക്ക മുമ്പ് ആണ് ഒരു ഈച്ച് മില്ല് സ്ഥാപിതമായത്. അടുത്ത കാലത്തായി അഞ്ച് മരമില്ലുകൾ കൂടി നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചു. പ്രധാനമായും കൃഷിതന്നെയാണിവിടെ ഒരു നെല്ലു സംസ്കരണ സ്ഥാപനം പ്രവർത്തിച്ചിരുന്നത് കാലക്രമേണ പൂട്ടേണ്ടതായി വന്നു. പരമ്പരാഗത വ്യവസായങ്ങൾ ധാരാളമായി നടന്നിരുന്ന ഒരു പ്രദേശമാണ് കൊപ്പം എന്നാൽ അവയും മാറിയ പരിതസ്ഥിതിയിൽ നാശോന്മുഖമായിരിക്കുന്നു.

പഞ്ചായത്തിൽ ഒട്ടാകെ 15 റൈസ് മില്ലുകളും, (No. 4) നാല് തീപ്പെട്ടി കമ്പനികളും (കൊള്ളിയും പെട്ടിയും നിർമ്മിക്കുന്നവ.) ഒന്നാം വാർഡിൽ ഒരു സോപ്പ് ഫാക്ടറിയും, ചെറുകിട വ്യവസായത്തിൽ ഉൾപ്പെടുത്താവുന്ന മൂന്നു പ്രിൻറിംഗ് പ്രസ്സുകളും, ഒരു ഐസ് ഫാക്ടറിയും, കൊപ്രയാട്ടുന്നതും ധാന്യങ്ങൾ പൊടിക്കുന്നതുമായ രണ്ടു മില്ലുകളും, കസേര നിർമ്മാണം, കസേര മെടച്ചിൽ എന്നിവ നടന്നു കൊണ്ടിരിക്കുന്ന രണ്ടു യൂണിററുകളും, റെക്സിൻ ഉപയോഗിച്ച് ബാഗുകൾ നിർമ്മിക്കുന്ന രണ്ടു യൂണിററുകളും, പരമ്പരാഗതമായ കൊട്ടനെയ്ത്ത്, പനമ്പുല്ലുന്നങ്ങൾ മുതലായവ നിർമ്മിക്കുന്ന സംഘങ്ങൾ, ഒരു ബ്രേസിയർ നിർമ്മാണ യൂണിററ്, വനിതകൾ നടത്തുന്ന ഒരു ചിപ്സ് യൂണിററ് (കപ്പ) എന്നിവ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ തന്നെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിൽ വ്യവസായം എന്ന നിലയ്ക്ക് പപ്പടനിർമ്മാണവും നടക്കുന്നുണ്ട്. ഒരു ടി. വി ബൂസ്റ്റർ ഡിഷ് ആൻറിന നിർമ്മാണ യൂണിററും, വനിതകൾ നടത്തുന്ന ഒരു ടെയ്‌ലറിംഗ് യൂണിററും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതു കൂടാതെ ഒരു പ്ലൈവുഡ് നിർമ്മാണ ഫാക്ടറിയും, ചെറിയ തോതിൽ മിഠായി നിർമ്മിക്കുന്ന രണ്ടു യൂനിററുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഫർണ്ണിച്ചർ നിർമ്മാണം, കുടിൽ വ്യവസായം എന്ന രീതിയിൽ പല വാർഡുകളിലുമുണ്ട്. ഒരു ലെയ്ത്ത് വർക്ക് ഷോപ്പും, ഗൈയ്ററ്, ഗ്രിൽ എന്നിവ നിർമ്മിക്കുന്ന രണ്ടുവർക്ക്ഷോപ്പുകളും ഇതിനുപുറമെ ലെയ്ത്തും, വുഡ്‌ലെയ്ത്തും അടങ്ങിയ ഒരു വ്യവസായ കോംപ്ലക്സും നമ്മുടെ പഞ്ചായത്തിലുണ്ട്.

മേൽ പറഞ്ഞ സ്ഥാപനങ്ങൾ എല്ലാം തന്നെ സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവയാണ്. ഇവയിലെല്ലാം കൂടി ആയിരത്തോളം പേർ ജോലി ചെയ്യുന്നുണ്ട്. പൊതുമേഖലയിൽ വ്യവസായ സ്ഥാപനങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ നിലവിലില്ല.

വ്യവസായങ്ങൾ അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളും ഉണ്ട്. ഒന്നാമതായി മൂലധനക്കുറവ്. ഊർജ്ജത്തിന്റെ ദൗർല്ലഭ്യവും കാലതാമസവും വിപണന സാദ്ധ്യതക്കുറവ് ചില ഉദ്യോഗസ്ഥൻമാരുടെ സഹായകരമല്ലാത്ത സമീപനം എന്നിവ പ്രധാനമായ കാരണങ്ങളിൽ ചിലതു മാത്രമാണ്. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും തൊഴിലാളികൾ അടക്കമുള്ള സാങ്കേതിക വിദഗ്ധരുടെ അഭാവവും വ്യവസായ വളർച്ചയെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ് അമിതമായ ഉൽപ്പാദന ചെലവ് അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം എന്നിവ മററു ചില കാരണങ്ങളാണ്. വ്യവസായ സംരംഭങ്ങൾക്ക് അനുയോജ്യമായ സ്ഥലത്തിന്റെ ദൗർല്ലഭ്യവും ഭൂമിയുടെ അമിത വിലക്കയററവും വ്യവസായത്തെ നേരിടുന്ന പ്രശ്നങ്ങളിൽ ഉൾപ്പെടുന്നു.

കൊപ്പം പഞ്ചായത്തതിർത്തിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഇരുമ്പുരുക്ക ഫാക്ടറി കൂടുതൽ കരണ്ടു ഉപയോഗിക്കുന്നതാണെന്ന് ഗ്രാമ സഭകളിൽ അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്.

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന വായ്പാ നിബന്ധനകൾ ലഘൂകരിക്കുക, സബ്സിഡി യഥാകാലം ലഭ്യമാക്കുക, നിർദ്ദിഷ്ട വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ പരിശീലനവും നിർദ്ദേശങ്ങളും യഥാകാലം ലഭ്യമാക്കുക, ഊർജ്ജ

ത്തിന്റെ ലഭ്യത സമയബന്ധിതമായി ഉറപ്പു വരുത്തുക എന്നിവ ഒരുപരിധിവരെ മേൽപറഞ്ഞവ പരിഹരിക്കാൻ കഴിയുന്ന നിർദ്ദേശങ്ങളാണ്. അതുപോലെ തന്നെ ധനകാര്യ സ്ഥാപനങ്ങളുടെ മാനേജർമാരും, പഞ്ചായത്തു പ്രസിഡണ്ടും, ഇലക്ട്രിസിററി ബോർഡ് പ്രതിനിധികളും, ബ്ലോക്ക ചെറുകിട വ്യവസായ ഓഫീസറും വ്യവസായ സംരംഭകരും മററു പ്രതിനിധികളും അടങ്ങുന്ന വ്യവസായ വികസന സമിതി രൂപീകരിക്കുന്നതിന് നന്നായിരിക്കും. ഒരു വിപണന കേന്ദ്രം പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കാനുള്ള സംവിധാനവും ഉണ്ടാകണം.

ആയുർവ്വേദ ഔഷധ നിർമ്മാണത്തിന് ചില വ്യക്തികൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അതിനു വേണ്ട സാമ്പത്തിക സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കണം. അതുപോലെ റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം, ഇരുമ്പാണി നിർമ്മാണം, തീപ്പെട്ടി മരുന്നുമുക്കൽ, ഇഷ്ടിക ഹോളോബ്രിക്സ് എന്നിവയുടെ നിർമ്മാണം, കൊപ്ര സംസ്കരണം, ഫല സംസ്കരണം, മെഴുകുതിരി, ചന്ദനത്തിരി, സോപ്പ് എന്നിവയുടെ നിർമ്മാണം, അച്ചാർ നിർമ്മാണം, മുള കൊണ്ടുള്ള കൊട്ടകൾ, വട്ടികൾ, പരമ്പ് എന്നിവ ഉണ്ടാക്കികൊണ്ടുള്ള കുടിൽവ്യവസായങ്ങൾ, ചകിരി ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവക്ക് സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വ്യക്തികളും സംഘടനകളും മുന്നോട്ടു വന്നിട്ടുണ്ട്. അത്തരത്തിലുള്ള സംരംഭകരെ വിളിച്ചു ചേർത്ത് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും താമസം വിനാ നൽകണം.

അതുപോലെ തന്നെ ഗ്ലാസ്, റബ്ബർ ബാൻറ്, ബലൂൺ മുതലായവ നിർമ്മിക്കുന്നതിനുള്ള റബ്ബർ വ്യവസായം തുടങ്ങുവാനും, പ്ലൈവുഡ് കാർഡ് ബോർഡ്, ഹാർഡ് ബോർഡ് എന്നിവ നിർമ്മിക്കുന്നതിനും ചെരിപ്പു നിർമ്മാണം, ഐസ് ഫാക്ടറി, കറി പൗഡർ നിർമ്മാണം എന്നിവയും നെല്ലുപുഴുങ്ങി കുത്തുന്ന ഫാക്ടറി, ഇരുമ്പലമാറി റാക്ക് എന്നിവയുടെ നിർമ്മാണം, ബേക്കറി സാധനങ്ങളുടെ നിർമ്മാണം, പപ്പട നിർമ്മാണം മുതലായവയ്ക്ക് സന്നദ്ധത പ്രകടിപ്പിക്കുന്ന പദ്ധതികൾക്ക് ആവശ്യമായ സഹായങ്ങൾ നൽകണം.

മൂന്നാംവാർഡിൽ നിലവിലുള്ള ഒരേക്കർ പഞ്ചായത്തു സ്ഥലം കൂടുതൽ വിപുലീകരിച്ച് വ്യവസായ എസ്റ്റേററ് തുടങ്ങാൻ സാദ്ധ്യതയുണ്ട്. അല്ലെങ്കിൽ മററെതെങ്കിലും സ്ഥലത്ത് കെട്ടിടം, വൈദ്യുതി, വെള്ളം, ഗതാഗതം തുടങ്ങി പാശ്ചാത്തല സൗകര്യങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകുന്നത് ചെറുകിട വ്യവസായ സംരംഭങ്ങളെ ആകർഷിക്കാൻ സഹായിക്കും. പഞ്ചായത്തിൽ ഒരു വ്യവസായ പരിശീലനകേന്ദ്രം സ്ഥാപിക്കാനുള്ള തീരുമാനവും ഉണ്ടാകണം.

നമ്മുടെ പഞ്ചായത്തിൽ നിന്ന് 1000 1500 ഓളം പേർ വിദേശ രാജ്യങ്ങളിൽ ജോലിക്കു പോയിട്ടുണ്ട്. ഇവർ 5 കോടിയോളം രൂപ ഓരോ വർഷവും നമ്മുടെ പഞ്ചായത്തിലേയ്ക്ക് അയയ്ക്കുന്നു. ഭൂരിഭാഗവും കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ഇതിൽനിന്നും ഒരു ഭാഗം ഉപയോഗിച്ച് വ്യവസായങ്ങൾ ആരംഭിക്കാനുള്ള ശ്രമങ്ങൾ പഞ്ചായത്തു തലത്തിൽ തന്നെ ആലോചിക്കേണ്ടതാണ്. ബേങ്ക് റേററ് ഉറപ്പുവരുത്തി പഞ്ചായത്ത് കടപ്പത്രമിറക്കി സംഖ്യ സംഭരിച്ച് കാർഷിക മൃഗസംരക്ഷണ വ്യവസായ മേഖലകളിൽ മുതൽമുടക്കിയാൽ നമ്മുടെ പഞ്ചായത്തിലെ വികസന പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കാം. ഗൾഫിൽ നിന്നും തിരിച്ചു വരുന്നവരെ പുനരധിവസിപ്പിക്കാൻ പോലും ഈ പദ്ധതിയെ ഉയർത്തി കൊണ്ടുവരാം. ഇതിനൊക്കെ പഞ്ചായത്ത് പാശ്ചാത്തല സൗകര്യവും നേതൃത്വവും നല്കണം.

സമ്പൂർണ്ണ മദ്യനിരോധനം തന്നെയാണ് നമ്മുടെ ലക്ഷ്യം. ഇതുവഴി തൊഴിൽ നഷ്ടപ്പെടുന്ന മുഴുവൻ പേരെയും പുനരധിവസിപ്പിക്കാൻ വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കാൻ നമുക്കാകും. പന, കരിമ്പന, തെങ്ങ്, എന്നിവയിൽ നിന്ന് ചെത്തിയെടുക്കുന്ന നീര് സംസ്കരിച്ച് ചക്കര, വിനാഗിരി, ശീതള പാനീയങ്ങൾ തുടങ്ങിയവ നിർമ്മിക്കാവുന്നതാണ്. ചുരുങ്ങിയ വിലയ്ക്ക് ശർക്കര ലഭ്യമാക്കാനും ഇതുവഴി കഴിയും.

പരമ്പരാഗത വ്യവസായവും ഇതുപോലെ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട വിഷയമാണ്. മുള വ്യവസായം – മുളതന്നെ നശിച്ചുവരുന്നു. ടിഷ്യു കൾച്ചർ വഴി മുള കൃഷി വ്യാപിപ്പിക്കണം. തൊഴിലാളികളെ പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കുകയും അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും വിപണനവും ഉറപ്പു വരുത്തണം. പായ നെയ്ത്ത്; പപ്പട നിർമ്മാണം ആശാരിപ്പണി, കൊല്ലപ്പണി, ചെരിപ്പു നിർമ്മാണം തുടങ്ങിയ നമ്മുടെ പഞ്ചായത്തിലെ പരമ്പരാഗത കുടിൽ വ്യവസായങ്ങളെ കണ്ടെത്തി സഹായങ്ങൾ നൽകി സംരക്ഷിച്ച് പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിലെല്ലാം സന്നദ്ധരായവർക്ക് പരിശീലനം നൽകി തൊഴിൽ പ്രാപ്തരാക്കണം.

ഏറ്റവും കുറച്ച് മുതൽ മുടക്ക് കൊണ്ടു പോലും കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന ഇലക്ട്രോണിക് വ്യവസായങ്ങളുടെ സാദ്ധ്യതയും നമ്മുടെ പഞ്ചായത്തിൽ പരിശോധിക്കണം.

## നിർദ്ദേശങ്ങൾ:-

* പഞ്ചായത്തടിസ്ഥാനത്തിൽ വിപണന മേളകൾ സംഘടിപ്പിക്കുക.
* പഞ്ചായത്തതിർത്തിയിൽ ഒരു ദേശസാൽകൃത ബാങ്കിൻെറ ശാഖ പ്രവർത്തിക്കുന്നത് വ്യവസായ വികസനത്തിന് ആവശ്യമാണ്.
* കൊപ്പത്ത് ഒരു പെട്രോൾപമ്പ് പ്രവർത്തനമാരംഭിക്കുക.
* വ്യവസായ വികസനത്തിൽ ജനകീയ കമ്മററികളുടെ രൂപീകരണം പ്രവർത്തനവും ആവശ്യമാണ്.
* വിദഗ്ദ്ധ തൊഴിലാളികളെ പരിശീലിപ്പിച്ചെടുക്കാനുള്ള സാഹചര്യം ഉണ്ടാവണം.
* പഞ്ചായത്തിൽ 3-ാം വാർഡിൽ പഞ്ചായത്ത് അധീനതയിലുള്ള സ്ഥലത്ത് വ്യവസായ എസ്റ്റേററിൻെറ പ്രവർത്തനം ആരംഭിക്കുന്നു.
* മാങ്ങ സംസ്കരണത്തിന് വളരെയധികം സാദ്ധ്യതയുള്ളതിനാൽ അതിൻെറവിവിധ സാദ്ധ്യതകൾ പഠിച്ച് പ്രാവർത്തികമാക്കുന്നതിന് നടപടികൾ ഉണ്ടാവുക.
* പരമ്പരാഗത തൊഴിലാളികളുടെ വ്യവസായ സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുക.
* വ്യവസായ സംരംഭകരെ കണ്ടെത്തി പരിശീലനം കൊടുക്കാൻ അടിയന്തര നടപടികൾ ഉണ്ടാവുകയും അത്തരത്തിലുള്ള മുഴുവൻ ആൾക്കാരേയും ഉൾപ്പെടുത്തി പഞ്ചായത്തിൻെറ നേതൃത്വത്തിൽ വ്യവസായ വികസന സമിതി രൂപീകരിക്കുകയും ചെയ്യുക.

# റോഡ്

കൊപ്പം പഞ്ചായത്തിലൂടെ പ്രധാനപ്പെട്ട രണ്ട പി. ഡബ്ലിയു. ഡി. റോഡുകൾ കടന്നു പോവുന്നു. കൊപ്പം - വളാഞ്ചേരി റോഡും, പെരിന്തൽമണ്ണ - പട്ടാമ്പി റോഡും. ഇതിൽ കൊപ്പം - വളാഞ്ചേരി റോഡ് വണ്ടുംന്തറ യാറം മുതൽ പടിഞ്ഞാറോട്ട് പപ്പടപ്പടി വരെ ഉദ്ദേശം 6 കി. മീററർ നീളമുള്ള ടാർ റോഡാണ്. പെരിന്തൽമണ്ണ - പട്ടാമ്പി റോഡ് ആമയൂർ യു. പി. സ്കൂം മുതൽ കരിങ്ങനാട്കുണ്ട് വരെ ഉദ്ദേശം 5 കി. മീററർ നീളമുള്ള സ്റ്റേയ്ററ് ഹൈവേയാണ്. കൊപ്പം പെരിന്തൽമണ്ണ പട്ടാമ്പി റോഡിൽ നിന്നും തൃത്താലകൊപ്പം സെൻററിൽ നിന്ന് മുതുതല ഭാഗത്തേയ്ക്ക് ഏകദേശം $1\frac{1}{2}$ കി. മീററർ നീളത്തിൽ ടാർ ചെയ്ത (പി. ഡബ്ല്യു. ഡി.) റോഡ് ഉണ്ട്. കൊപ്പം - വളാഞ്ചേരി റോഡ് ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് നിർമ്മിച്ചതാണെന്ന് പറയപ്പെടുന്നു.

## ഈ പഞ്ചായത്തിലെ പ്രധാന റോഡുകൾ.

* ആമയൂർ ജനതാ റോഡ്. സുമാർ 3 കി. മീ നീളമുള്ളതിൽ $\frac{1}{2}$ കി. മീ. ടാർ ചെയ്തതാണ്.
* ആമയൂർ - പൂവ്വക്കോട്. സുമാർ $1\frac{1}{2}$ കി. മീ. മണ്ണ് റോഡാണ്.
* 2-ാം വാർഡിൽ പുതിയറോഡ്- ചെറുകോട്ട റോഡ് 3 കി. മീററർ നീളം ടാർ ചെയ്തതാണ്.
* 3-ാം വാർഡിൽ തൃത്താലകൊപ്പം - വണ്ടുംന്തറ യാറം റോഡ് 3 കി. മീ. മണ്ണ് റോഡാണ്.
* 4-ാം വാർഡിൽ മണ്ണേങ്ങോട് - കരിങ്ങനാട് റോഡ് 4.5 കി. മീ. നീളം ടാർ ചെയ്തതാണ്.
* 5-ാം വാർഡിൽ അത്താണി - കോർമോത്തുപടി റോഡ് സുമാർ 2 കി. മീററിൽ $\frac{1}{2}$ കി. മീററർ ടാർ ചെയ്തിട്ടുണ്ട്.
* 6 ാം വാർഡിൽ കൊപ്പം - എടപ്പലം റോഡ് സുമാർ 3.5 കി. മീ. ഉള്ളതിൽ 1.5 കി. ടാർ ചെയ്തതാണ്.
* പന്തീരാങ്കണ്ടം - പുലാശ്ശേരി റോഡ് സുമാർ 3 കി. മീററർ മണ്ണ് റോഡാണ്.
* 7-ാം വാർഡിൽ വിയററ്നാംപടി - കുന്നനാത്ത്പടി റോഡ് ഏകദേശം 2.5 കി. മീററർ നീളമുള്ളതിൽ 1 കി. മീററർ നീളം മെററൽ റോഡാണ്.
* 8-ാം വാർഡിൽ പറക്കാട് - മുത്തശ്ശ്യാർകാവ് റോഡ് ഉദ്ദേശം 3 കി. മീററർ മണ്ണ് റോഡാണ്. വിയററ്നാംപടി - പറക്കാട് റോഡ് 2 കി. മീററർ നീളമുള്ളത് ടാർ റോഡാണ്.
* 9-ാം വാർഡിൽ മുഗാശ്രുപത്രി - കുരുത്തിക്കുണ്ട് റോഡ് ഉദ്ദേശം 1 കിലോ മീററർ മണ്ണ് റോഡാണ്.
* 10-ാം വാർഡിൽ തൃത്താലകൊപ്പം (ചക്കംതറ) തെക്കുംമല റോഡ് ഉദ്ദേശം 3 കി. മീ. നീളം മണ്ണ് റോഡാണ്.

ആകെ പഞ്ചായത്തിലെ 10 വാർഡുകളിലുംകൂടി 35 കി. മീററർ പ്രധാനപ്പെട്ട റോഡുകളാണ്.

* 1-ാം വാർഡിൽ ആമയൂർ - വെളപ്പാറ, ആമയൂർ - പാറക്കൽപടി പോസ്റ്റാഫീസ്, താട്ടാരപാറ -വാഴപ്പുറം കോളനി, ആമയൂർ- പഴയപള്ളി റോഡ് തുടങ്ങി 4.5 കി. മീററർ റോഡും.
* 2-ാം വാർഡിൽ പറക്കുണ്ട്-മലച്ചിറോഡ്, പുതിയറോഡ് - മാപ്പിളസ്കൂം റോഡ്, ലക്ഷ്മീ വിലാസം - ആമയൂർപള്ളി റോഡ്, മയിലാടിപ്പാറ - പാറവെട്ടുകല്ല് റോഡ്, മയിലാടി - വെള്ളശ്ശേരി പേങ്ങാട്ടിൽ റോഡ്, പുതിയറോഡ്, ചക്കററിറോഡ് 8 5 കി. മീററർ റോഡും.

- 3-ാം വാർഡിൽ ചക്കംതറ-എറയൂർ അമ്പലം റോഡ്, അമ്പലം - മത്തിൽപ്പടി റോഡ്, കൊട്ടമുണ്ടകുളം - മനപ്പടി, മനപ്പടി - അത്താണി റോഡ്, ചക്കറി - ഇ. പി. റോഡ്, മദ്രസ്സ - എറയൂർ പാടം റോഡ്, മണ്ണേങ്ങോട് - തേർമാറിൽ റോഡ്, മണ്ണേങ്ങോട് - പുത്തൻപുര റോഡ് തുടങ്ങി 7 കി. മീററർ റോഡും.

- 4-ാം വാർഡിൽ കാരക്കാപറമ്പ് റോഡ്, പുതുശ്ശേരിപടി - ഹരിഹരകന്ന് റോഡ്, അമ്പലം റോഡ്, പ്രഭാപുരം - വരണാലുക്കൽ റോഡ് 5 കി. മീററും.

- 5-ാം വാർഡിൽ ആശുപത്രിപടി - മത്തിൽ കളം റോഡ്, കൊപ്പം - ആക്കപ്പറമ്പ് റോഡ്, പനങ്കളം - കോർപ്പോത്ത് പടി റോഡ് തുടങ്ങി 5 കി മീററർ റോഡും.

- 6 ാ വാർഡിൽ പുതുമനത്തുരുത്ത് - കല്ലിട്ടുവഴി - പന്തീരാങ്കണ്ടം റോഡ്, വെൽഫയർ സ്കൂാം - പുതുമനത്തുരുത്ത് (സാക്ഷരതാ റോഡ്), വിയററനാംപടി - എടപ്പലം റോഡ് തുടങ്ങി 7 കി. മീററർ റോഡും.

- 7-ാം വാർഡിൽ വിയററനാംപടി - കൊളമ്പ്മൂല - ഒന്നാന്തിപ്പടി റോഡ്, തെക്കംമലപള്ളി - പപ്പടപ്പടി റോഡ്, കുന്നനാത്തുപടി - കളത്തുംപടി റോഡ്, പപ്പടപ്പണി - പാണൻപറമ്പ് റോഡ് തുടങ്ങി 5 കി. മീററർ റോഡും.

- 8-ാം വാർഡിൽ തെക്കംമല - മുത്തശ്ശ്യാർകാവ് റോഡ്, തെക്കംമല - അൻസാർ നഗർ റോഡ് തുടങ്ങി 2 കി. മീററർ റോഡും.

- 9-ാം വാർഡിൽ വടക്കേക്കര-മൃഗാശുപത്രി റോഡ്, അഭയം റോഡ്, കരുത്തികണ്ട് - മേൽമുറി റോഡ്, ചക്കപറമ്പ് - പുലാശ്ശേരി റോഡ് തുടങ്ങി 3.5 കി മീററർ റോഡും.

- 10-ാം വാർഡിൽ വെട്ടിക്കാട്-സെയ്താലി റോഡും, പുത്തൻകുളം - അഴകപ്രകളം റോഡ്, മേൽമുറി - കാളപ്പറമ്പ് റോഡ്, തൃത്താലകൊപ്പം - അവരതിയിൽ റോസ്, നാണപ്പമേനോൻ - സെയ്താലിപ്പടി റോഡ് തുടങ്ങി 5 കി മീററർ റോഡും ഈ പഞ്ചായത്തിൽ ലിങ്ക റോഡുകളായി പൂർത്തീകരിക്കണം.

പഞ്ചായത്തിലെ ജനങ്ങരം റോഡ് ഗതാഗത മാർഗ്ഗങ്ങളാണ് പ്രധാനമായും ആശ്രയിക്കുന്നത്. റെയിൽ ഗതാഗതം പഞ്ചായത്തിൽനിന്ന് 8 കി. മീ അകലെയുള്ള പട്ടാമ്പിയിലാണ് ഉള്ളത്. നമ്മുടെ പഞ്ചായത്തിലൂടെ ഒരു ദിവസം 300 ബസ്സുകരം കടന്നു പോകുന്നുണ്ട്. സ്റ്റേററ് ഹൈവേ ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നതു കൊണ്ട് സംസ്ഥാനത്തെ പ്രധാന സ്ഥലങ്ങളിലേക്ക പോകാൻ കൊപ്പത്തു നിന്ന് തന്നെ സാദ്ധ്യമാകുന്നു. നൂറുകണക്കിന് ആളുകരം ദിവസേന ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതു കൂടാതെ 100 ഓളം ജീപ്പുകളും 100 ഓളം ഓട്ടോറിക്ഷകളും, 25 ഓളം കാറുകളും, ലോറി, മിനി ലോറി, ഗുഡ്സ് ഓട്ടോറിക്ഷ തുടങ്ങിയ വാഹനങ്ങളും കൊപ്പം സെൻററിലുണ്ട്. ഇത്രയും തിരക്കുള്ള കൊപ്പത്ത് ഒരു ബസ്സ് സ്റ്റാൻറ് ഇല്ല എന്നത് വളരെ ഗൗരവമേറിയ കാര്യമാണ്. കൂടാതെ ടാക്സി വാഹനങ്ങരംക്ക് ആവശ്യമായ വിവിധ സ്റ്റാൻറുകളും കൊപ്പത്ത് ഇല്ല.

രണ്ടായിരത്തിലധികം കുട്ടികരം പഠിക്കുന്ന കൊപ്പം ഹൈസ്കൂളിലേയും കൊപ്പം സെൻററിലൂടെ പോകുന്ന മണ്ണേങ്ങോട് യു പി സ്കൂളിലെ ഏതാനും കുട്ടികളുടെയും രാവിലെയും വൈകുന്നേരവുമുള്ള യാത്ര അത്യന്തം ദുഷ്കരമാണ്. ബസ്സുകളിൽ സ്കൂാം കുട്ടികളെ കയററാത്ത പ്രവണത മിക്ക ബസ്സുകളിലും കാണാം. വിവിധ ആവശ്യങ്ങരംക്ക് കൊപ്പത്ത് എത്തിച്ചേരുന്ന നൂറുകണക്കിന് ആളുകളും വാഹനങ്ങളും കൂടുന്നതോടെ കൊപ്പം സെൻറർ പകൽ സമയത്ത് വളരെ തിരക്കപിടിച്ച കേന്ദ്രമായി തീരുന്ന കൊപ്പം സെൻററിൽ ട്രാഫിക് ഐലൻറ് ഇല്ല എന്നത് കാര്യങ്ങരം കൂടുതൽ ദുഷ്കരമാകുന്നു.

പഞ്ചായത്തിലെ നിലവിലുള്ള എല്ലാ റോഡുകളും വളരെ മോശമായ അവസ്ഥയിലാണ്. ടാർ ചെയ്ത റോഡുകൾ റീ ട്ടാറിങ്ങ് നടത്തിയിട്ട് വളരെ കാലമായി. ടാർ ചെയ്യാത്ത റോഡുകൾ അററകുററ പണികൾ നടത്താത്തതു കൊണ്ട് വളരെശോചനീയമാണ് നിലവിലുള്ള റോഡുകൾക്ക പുറമെ വിവിധ വാർഡുകളിൽ അത്യാവശ്യത്തിനു വേണ്ട റോഡുകളുടെ നീണ്ട പട്ടികകൾ തന്നെ ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നതാണ്. P. W.D. റോഡുകൾക്ക് തന്നെ ഓടകൾ ഇല്ല എന്നു തന്നെ പറയാം. റോഡ് കേടുവരാനുള്ള ഒരു പ്രധാന കാരണവും അതുതന്നെയാവാം. റോഡരികിലുള്ള തെരുവു വിളക്കുകൾ മിക്കതും കത്താത്തവയാണ്. കൂടാതെ ഇനിയും തെരുവു വിളക്കുകൾ പഞ്ചായത്തിൽ പല സ്ഥലങ്ങളിലും ആവശ്യമാണ്. പഞ്ചായത്തിലെ കൊപ്പം സെൻറർ, മണ്ണേങ്ങോട്ട് യു. പി. സ്കൂൾ, പുലാശ്ശേരി, ഒന്നാന്തിപടി, പപ്പടപടി തുടങ്ങിയ സ്ഥലങ്ങളിൽ ബസ്സ് വൈററിങ്ങ് ഷെഡുകൾ ഇല്ല.

## പരിഹാരങ്ങൾ, സാദ്ധ്യതകൾ:-

- ☐ പഞ്ചായത്ത് ബസ്സ്റ്റാൻറ് ഉടനെ തന്നെ സ്ഥാപിക്കുക.
- ☐ കൊപ്പം സെൻററിലെ വിവിധ ഇനം വാഹനങ്ങൾക്ക് അനുയോജ്യമായ വെവ്വേറെ സ്റ്റാൻറുകൾ ഏർപ്പെടുത്തുക.
- ☐ പഞ്ചായത്തിലെ റോഡുകളുടെ അററ കുററ പണികൾ സമയ ബന്ധിതമായി ചെയ്തു തീർക്കുക.
- ☐ പുതിയതായി നിർമ്മിക്കേണ്ട റോഡുകളുടെ നിർമ്മാണം സമയ ബന്ധിതമായി ജന പങ്കാളിത്തത്തോടെ ഏറ്റെടുക്കുക.
- ☐ കൊപ്പം സെൻററിൽ അടിയന്തിരമായും ട്രാഫിക് ഐലൻറ് സ്ഥാപിക്കുക.
- ☐ സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
- ☐ എല്ലാ റോഡിലും തെരുവു വിളക്കുകൾ സ്ഥാപിക്കുക.
- ☐ ആവശ്യമായ സ്ഥലങ്ങളിൽ ബസ്സ് വൈററിങ്ങ് ഷെഡുകൾ നിർമ്മിക്കുക.
- ☐ ഓടകൾ ഇല്ലാത്ത റോഡുകളിൽ അവ അടിയന്തിരമായി നിർമ്മിക്കുക.
- ☐ റോഡുകളുടെ നിർമ്മാണത്തിലും അററകുററ പണിയിലും റോഡ് ഗുണ ഭോക്താക്കളുടെ ജനകീയ സമിതികൾ രൂപീകരിച്ച് ഫലപ്രദമായി ഇടപെടുക.

## ഊർജ്ജം:-

ഊർജ്ജ ഉപയോഗ രംഗത്തെ ഒരു പ്രധാന ഘടകമാണ് വൈദ്യുതി. പഞ്ചായത്ത് അതിർത്തിയിൽ കൊഴിഞ്ഞിപ്പറമ്പ് ഭാഗത്തുള്ള 110 K V സബ്ബ്സ്റ്റേഷനിൽ നിന്നാണ് വൈദ്യുതി വിതരണം നടക്കുന്നത്. സമീപകാലത്ത് സ്ഥാപിതമായ ഈ സബ്ബ് സ്റ്റേഷൻ വഴി പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പല ഭാഗത്തും പരിഹരിക്കപ്പെട്ടിട്ടുണ്ട്. എന്നാലും ഭൂരിഭാഗം സ്ഥലങ്ങളിലും വൈദ്യുതി വിതരണ രംഗത്തെ പ്രധാനപ്രശ്നം വോൾട്ടേജ് കമ്മി തന്നെയാണ്. 110 വോൾട്ട് ബൾബുകൾ സന്ധ്യാ സമയങ്ങളിൽ [Deak Hour] ഉപയോഗിക്കേണ്ട സ്ഥിതിയാണ് പലയിടങ്ങളിലും.

വൈദ്യുതി പ്രധാനമായും ഉപയോഗിക്കുന്നത് ഗാർഹികാവശ്യങ്ങൾക്കാണ്. പഞ്ചായത്തിലെ 4859 വീടുകളിൽ 2260 വീടുകളാണ് വൈദ്യുതീകരിച്ചവ. അതായത് മൊത്തം വീടുകളുടെ 46 ശതമാനം. വീടുകളിൽ പ്രധാനമായും വെളിച്ചത്തിൻെറ ആവശ്യത്തിനാണ് വൈദ്യുതി ഉപയോഗിക്കുന്നത്. പാചകാവശ്യത്തിനും മററും വൈദ്യുതി ഉപയോഗിക്കുന്ന ചുരുക്കം വീടുകളുമുണ്ട്.

നമ്മുടെ പഞ്ചായത്തിൽ പൊതുവേ വ്യവസായ സ്ഥാപനങ്ങൾ കുറവാണ്. ഈർച്ച മില്ലുകൾ, ഗ്രിൽ മുതലായവ നിർമ്മിക്കുന്ന ചില സ്ഥാപനങ്ങൾ തീപ്പെട്ടി നിർമ്മാണ യൂണിററുകൾ (ആകെ 52 സ്ഥാപനങ്ങൾ) വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇവ മൊത്തം ഊർജ്ജ ഉപഭോഗത്തിൻെറ ചെറിയൊരു ശതമാനം മാത്രമേ ഉപയോഗിക്കുന്നുള്ളൂ.

കൃഷിക്കാവശ്യമായ ജലസേചനത്തിന് പമ്പുകൾ ഏറെക്കുറെ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്.

വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ മണ്ണെണ്ണ, ഡീസൽ മുതലായവ കൊണ്ടു പ്രവർത്തിക്കുന്ന പമ്പുകളും ഉപയോഗത്തിലുണ്ട്. കാർഷികാവശ്യത്തിലേയ്ക്കു് 131 കണക്ഷനുകളാണ് ആകെ ഈ പഞ്ചായത്തു പ്രദേശങ്ങളിൽ നൽകിയിട്ടുള്ളത്. വ്യാപാര സ്ഥാപനങ്ങൾക്ക് മൊത്തം 560 കണക്ഷനുകൾ നൽകിയിട്ടുണ്ട് ഈ സ്ഥാപനങ്ങൾ അധികവും കൊപ്പം സെൻററിലുള്ളവയാണ്.

നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ഉണ്ട്. ഗ്രാമസഭകളിൽ ഈ വിഷയം സജീവമായ ചർച്ചയ്ക്കു് വിധേയമായിട്ടുണ്ട്. വൈദ്യുതി എത്തിച്ചേർന്ന പ്രദേശങ്ങളിൽ തന്നെ അപേക്ഷ സമർപ്പിച്ച് കണക്ഷനായി കാത്തിരിക്കുന്നവരും ഉണ്ട്. അവരുടെ എണ്ണം ഇപ്രകാരമാണ്. ഓർഡിനറി - 315, OTP - 6, OYEC - 26, പോസ്റ്റ് ആവശ്യമുള്ളവർക്ക് 31-5-91 വരെയുള്ള അപേക്ഷകർക്കും, സർവ്വീസ് വയർ ആവശ്യമുള്ളവർക്കും 30-9-93 വരെയുള്ള അപേക്ഷകളുമാണ് കണക്ഷൻ നൽകിയിട്ടുള്ളത്.

പഞ്ചായത്തിലെ സ്ട്രീററ് ലൈററുകളുടെ എണ്ണം താഴെ കൊടുക്കുന്നു.

40 W. ബൾബ് — 61 എണ്ണം.

ട്യൂബ് — 12 എണ്ണം.

സോഡിയം വേപ്പർ — 10 എണ്ണം.

തെരുവുവിളക്കുകൾ പലതും കൃത്യമായി പ്രകാശിക്കാറില്ല. സ്ട്രീററ് ലൈററ് വേണമെന്ന ആവശ്യം മിക്കവാറും എല്ലാഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുണ്ട്.

വ്യത്യസ്ത കപ്പാസിററികളിലുള്ള 12 ട്രാൻസ്ഫോർമറുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. ചില ട്രാൻസ്ഫോർമറുകൾ ചാർജ് ചെയ്യാതെയും കിടക്കുന്നുണ്ട്. ഇവ ചാർജ് ചെയ്യുകയും ആവശ്യമുള്ളിടങ്ങളിൽ പുതിയവ സ്ഥാപിക്കുകയും ചെയ്താൽ വോൾട്ടേജ് കമ്മിക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ കഴിയുന്നതാണ്.

പഞ്ചായത്തിലെ 98% വീടുകളിലും പാചകാവശ്യത്തിന് വിറകാണ് ഉപയോഗിക്കുന്നത്. ബാക്കിയുള്ള വീടുകളിൽ പാചക വാതകം, മണ്ണെണ്ണ, വൈദ്യുതി മുതലായവ ഉപയോഗിക്കുന്നു. വിറകുപയോഗിക്കുന്ന വീടുകളിൽ പരമ്പരാഗത രീതിയിലുള്ള അടുപ്പുകളാണ് ഉപയോഗിക്കുന്നത്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം വ്യാപകമായി പ്രചരിപ്പിക്കേണ്ടതുണ്ട്. മിക്കവാറും പുരയിടത്തിൽ നിന്നും തന്നെ വിറക് ആവശ്യത്തിന് ലഭ്യമാണ്. എന്നാൽ വിറക് വാങ്ങി ഉപയോഗിക്കുന്നവരും ധാരാളമുണ്ട്. പ്രധാനമായും ഈച്ച മില്ലുകളിൽ നിന്നും തീപ്പെട്ടി കമ്പനികളിൽ നിന്നുമാണ് വിറക ലഭിക്കുന്നത് ടണ്ണിന് 800 രൂപ ശരാശരി വിലയുണ്ട്. ക്ഷമത കൂടിയ അടുപ്പുകൾ വിറകുപയോഗിക്കുന്നവർക്ക് ഏറെ ആശ്വാസം മായിരിക്കും.

നമ്മുടെ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്ക് വിറക് അധികം ഉപയോഗിക്കുന്നില്ല. ഹോട്ടലുകളും, ബേക്കറികളുമാണ് വിറകുപയോഗിക്കുന്ന സ്ഥാപനങ്ങൾ, വളരെ കുറച്ച് വീടുകളിൽ പാചകാവശ്യത്തിന് പാചക വാതകം ഉപയോഗിക്കുന്നു. സർക്കാർ മേഖലയിലെ ഗ്യാസ് നാമമാത്രമായേ പഞ്ചായത്തിൽ വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. അടുത്ത കാലത്തായി സ്വകാര്യ ഏജൻസികളും ഈ രംഗത്ത് കടന്നു വന്നിട്ടുണ്ട്. എന്നാൽ ഈ ഏജൻസികൾ നൽകുന്ന ഗ്യാസിന് താരതമ്യേന വില അധികമാണ്.

ഇതു കൂടാതെ പാചകാവശ്യത്തിനായി ഉപയോഗിക്കുന്ന ഇന്ധനമാണ് മണ്ണെണ്ണ. ക്ഷമത കൂടിയ സ്റ്റൗവുകൾ ഈ രംഗത്ത് പരിചയപ്പെടുത്തിയാൽ ഊർജ്ജഉപഭോഗം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും.

വൈദ്യുതി രംഗത്ത് കാര്യക്ഷമമായ വിതരണവും ഉപഭോഗവുമാണ്. പലരീതികളിലും വൈദ്യുതി പാഴാക്കിക്കളയുന്ന പ്രവണത കാണപ്പെടുന്നുണ്ട്. വൈദ്യുതി ഉപഭോഗത്തെ സംബന്ധിച്ച് പൊതു ജനങ്ങൾക്ക് പഞ്ചായത്തു തലത്തിൽ ബോധവല്ക്കരണം നടത്തേണ്ടത് അത്യാവശ്യമാണ്. 9-ാം പദ്ധതി കാലത്ത് ഈ പ്രവർത്തനം പഞ്ചായത്തും, വൈദ്യുതി ബോർഡും സംയുക്തമായി ഏറ്റെടുത്തു നടത്തേണ്ടതാണ്. ഉപഭോക്താക്കൾക്ക് സ്ലാബ് സമ്പ്രദായത്തിനു

പകരം ഉപയോഗിച്ച വൈദ്യുതിക്ക് ചാർജ്ജ് ഈടാക്കാവാനുള്ള സംവിധാനം നിലവിൽ വരേണ്ടതാണ്. ലൈനുകളിൽ മരച്ചില്ലകളും മററും തട്ടി ഉണ്ടാകുന്ന പ്രസരണ നഷ്ടം ഒഴിവാക്കാൻ വേണ്ട നടപടികൾ ഉണ്ടാവണം. ട്രാൻസ്ഫോർമറുകളുടെ അററകുററ പണിയും മുറയ്ക്ക് നടക്കേണ്ടതാണ്.

## സാദ്ധ്യതകൾ:-

നാം സാധാരണയായി വീടുകളിൽ ഉപയോഗിക്കുന്ന വിളക്കുകൾ ക്ഷമത കുറഞ്ഞവയാണ്. ഇവയ്ക്കു പകരം ക്ഷമത കൂടിയ വിളക്കുകളും മററും ഉപയോഗിക്കാനുള്ള സാദ്ധ്യത ഈ പദ്ധതിയിലൂടെ ആവിഷ്കരിക്കണം. വൈദ്യുതി ലാഭിക്കുന്നതിന് പുതിയതായി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് തുല്യമാണ്. അതിനാൽ ബൾബുകൾക്കുപകരം ഇലക്ട്രോണിക് ചോക്ക് ഘടിപ്പിച്ച് ട്യൂബുകളും കോംപാക്ട് ഫ്ളൂറസെൻറ് ലൈററുകളും ഉപയോഗിക്കാനുള്ള പദ്ധതി പഞ്ചായത്തു തലത്തിൽ ആരംഭിക്കേണ്ടതാണ്. ANERT, IREP ഇവ മുഖേന ഈ കാര്യത്തിൽ ഇപ്പോൾ നൽകി വരുന്ന സബ്സിഡിക്കു പുറമെ പഞ്ചായത്തിൻെറ തനതായ പദ്ധതി എന്ന നിലയിലും ധനസഹായം നൽകി പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഈ ഉപകരണങ്ങളുടെ വിതരണം പഞ്ചായത്ത് ഏറെറടുക്കാവുന്നതാണ്. കൂടാതെ ANERT ൻെറ സഹായത്തോടെ പാരമ്പര്യേതര സ്രോതസ്സുകളുടെ (സൂര്യപ്രകാശം, കാററ് മുതയാലവ) ഉപയോഗം ഫലപ്രദമാക്കുന്നതിനുള്ള സാദ്ധ്യത 9-ാം പദ്ധതി കാലത്ത് ആരായേണ്ടതാണ്. കച്ചിപ്പെട്ടി, പ്രഷർ കുക്കർ തുടങ്ങിയ ക്ഷമത കൂടിയ ഉപകരണങ്ങൾ പ്രചരിപ്പിക്കണം.

## ക്ഷമത കൂടിയ അടുപ്പുകൾ:-

നമ്മുടെ പഞ്ചായത്തിൽ പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം വളരെ കുറവാണ്. അതുകൊണ്ട് ക്ഷമത കൂടിയ പുകയില്ലാത്ത അടുപ്പുകൾ വിതരണം ചെയ്യുവാൻ 9-ാം പദ്ധതി കാലത്ത് തീവ്രമായ ശ്രമം നടത്താവുന്നതാണ്. ആദ്യഘട്ടം എന്ന നിലയിൽ ഓരോ വാർഡിലും 50 എണ്ണം വീതം പഞ്ചായത്തിലെ 500 വീടുകളിലെങ്കിലും ഇത്തരം അടുപ്പുകൾ സ്ഥാപിക്കാൻ കഴിയണം. പുകയില്ലാത്ത അടുപ്പിൻെറ മേന്മയെക്കുറിച്ച് വ്യാപകമായി പ്രചാരണം നടത്തേണ്ടതുണ്ട്. വാർഡിൽ നിന്ന് രണ്ടു വീതം യുവാക്കളെ തെരഞ്ഞെടുത്ത് അടുപ്പ് സ്ഥാപിക്കുന്നതിനുള്ള പരിശീലനം നൽകണം. വിറകുപയോഗിക്കുന്ന എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കുകയെന്നതാവണം നമ്മുടെ ലക്ഷ്യം.

വിറകുമരം വെച്ചു പിടിപ്പിക്കുക, ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുക തുടങ്ങിയ കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ ബോധവല്ക്കരണം നടത്തുകയും വേണം.

കാർഷിക രംഗത്ത് അപേക്ഷ നൽകി കാത്തിരിക്കുന്ന മുഴുവൻ കർഷകർക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നത് ഉല്പാദനം വദ്ധിപ്പിക്കാൻ സഹായിക്കും.

വൈദ്യുതി വിതരണരംഗത്ത് ജനകീയ ഇടപെടൽ വദ്ധിപ്പിക്കുകയും ജനകീയ സമിതികൾ രൂപീകരിക്കുകയും വേണം.

# ഭവന നിർമ്മാണം.

കൊപ്പം പഞ്ചായത്തിൽ ഇനിയും പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. ആകെയുള്ള 4859 വീടുകളിൽ 667 എണ്ണം ഓലമേഞ്ഞവയും, 3520 എണ്ണം ഓടിട്ടതും, 672 എണ്ണം ടെറസ്സുകളാണ്. പകുതിയോളം വീടുകൾക്ക് മോശമല്ലാത്ത കക്കൂസുകൾ ഉണ്ട്. മിക്ക വീടുകളിലും വെട്ടുകല്ലും മരവും ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. വെട്ടുകല്ല്, കരിങ്കല്ല്, മരം ഇവ ഈ പ്രദേശത്ത് ലഭ്യമാണ്. ഇഷ്ടിക, മണൽ എന്നിവയ്ക്ക് സമീപ പഞ്ചായത്തുകളെ ആശ്രയിക്കേണ്ടിവരുന്നു. കോൺക്രീററ് വീടുകൾക്ക് ആവശ്യമായ കമ്പി, സിമൻറ് എന്നിവ വിൽക്കുന്ന സ്ഥാപനങ്ങൾ ഇവിടെയുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് അമിതമായ വില പലപ്പോഴും നൽകേണ്ടി വരുന്നു. മൊത്തം ജീവിത ശൈലിയിൽ വന്നിട്ടുള്ള മാററം പാർപ്പിട രംഗത്തും ബാധിച്ചിട്ടുണ്ട്. ഈ രംഗത്തെ ദുർവ്യയം നിരുത്സാഹപ്പെടുത്തേണ്ടതാണ്. നാട്ടിൽ നിന്നും കിട്ടുന്ന നാടിനു ചേർന്ന അസംസ്കൃതവസ്തുക്കളും സാങ്കേതിക വിദ്യയും ഉപയോഗിച്ചുള്ള ഗൃഹനിർമ്മാണ ശൈലിയാണ് അഭിലഷണീയം.

കെട്ടിട നിർമ്മാണത്തിനു പൊതുവേ സ്ഥലക്കുറവ് നമ്മുടെ പഞ്ചായത്തിൽ അനുഭവപ്പെടുന്നില്ല. എങ്കിലും റോഡ് സൗകര്യവും കുടിവെള്ള ലഭ്യതയും കണക്കിലെടുത്തിട്ടോ എന്തോ പാടങ്ങൾ നികത്തി കെട്ടിടം വയ്ക്കുന്ന പ്രവണത ഇവിടെയും കുറവല്ല. ഭവന രഹിതർ കുറവാണെങ്കിലും ഓലമേഞ്ഞ വീടുകൾ പകുതിയിലധികവും താമസയോഗ്യമല്ല. ഓടിട്ട വീടുകളും ലക്ഷം വീടുകളും താമസ യോഗ്യമല്ലാത്തതായിട്ടുണ്ട്. ഒരേ വീടിന്റെ തന്നെ ഇരു പുറങ്ങളിലുമായി ഞെരുങ്ങി താമസിക്കേണ്ടി വരുന്ന അവസ്ഥ പരിതാപകരമാണ്. രണ്ടോ മൂന്നോ കുടുംബങ്ങൾ കൂട്ടായി താമസിക്കുന്ന ലക്ഷം വീടുകളുണ്ട്. ഇവർക്ക് പ്രത്യേകം വീടുകൾ നിർമ്മിച്ചു നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കണം. നിലവിലുള്ള ലക്ഷം വീടുകളുടെ അററകുററപ്പണി അടിയന്തിരമായി നടത്തണം.

വൈദഗ്ദ്ധ്യം നേടിയ നിർമ്മാണ തൊഴിലാളികൾ വേണ്ടത്ര ഈ പഞ്ചായത്തിൽ ഇല്ല. നിർമ്മാണ രംഗത്ത് മററ് മേഖലകളെ അപേക്ഷിച്ച് കൂലി കൂടുതലാണ്. സ്ത്രീ പുരുഷ അന്തരം ഇവിടെയും കാണാവുന്നതാണ്.

പഞ്ചായത്തിൽ കഴിഞ്ഞ 10 വർഷമായി കൂലിനിരക്കിൽ ഉണ്ടായിട്ടുള്ള വ്യത്യാസം താഴെ പട്ടികയിൽ കൊടുക്കുന്നു.

| തൊഴിൽ മേഖല | കാർഷിക മേഖല | | | | | | നിർമ്മാണ മേഖല | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | 1985 | | 1990 | | 1996 | | 1985 | | 1990 | | 1996 | |
| | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| കൂലി | 40 | 20 | 50 | 35 | 110 | 50 | 50 | 30 | 75 | 50 | 150 | 75 |

ജെ. ആർ. വൈ. പദ്ധതിയിൽ 75 വീടുകളും അൺടൈഡ് ഫണ്ട് പദ്ധതിയിൽ 22 വീടുകളും നാളിതു വരെ പഞ്ചായത്തിൽ നിന്നും നിർമ്മിച്ചു നൽകിയിട്ടുണ്ട്. കൈരളി പദ്ധതിപ്രകാരം ഒരു ഗഡു മാത്രം നൽകിയ 25 ഗുണഭോക്താക്കളുമുണ്ട്.

നികുതിയില്ലാത്ത 1264 വീടുകൾ ഈ പഞ്ചായത്തിലുണ്ട്. നാല് ലക്ഷം വീട് കോളനികളായി 76 കുടുംബങ്ങൾ താമസിച്ചു വരുന്നു. ഈ കോളനികളിൽ അനധികൃതമായി താമസിക്കുകയും ഭൂമി കൈവശം വച്ചു വരുന്നതായും പരാതി ഉയർന്നിട്ടുണ്ട്. ഇത്തരം

ആളുകളിൽ നിന്ന് വീടും ഭൂമിയും തിരികെ വാങ്ങി അർഹതയുള്ള ചാർജ്ജ് നൽകാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നും കൂലിപ്പണിക്കായി വരുന്ന തൊഴിലാളികൾ അധികം പേരും വാടക വീടുകളിൽ താമസിക്കുന്നു. ചുരുക്കം ചിലർ പീടികത്തിണ്ണകളിലും ചിലർ റോഡ് പുറമ്പോക്കുകളിലും താമസിക്കുന്നുണ്ട്. 1995-96 ൽ 40 ഓലമേഞ്ഞ വീടുകളും 55 ഓടിട്ട വീടുകളും 146 കോൺക്രീററ് വീടുകളും പുതുതായി നിർമ്മിക്കപ്പെട്ടിട്ടുണ്ട്. കോൺക്രീററ് വീടുകൾ മിക്കതും കരാർ അടിസ്ഥാനത്തിലാണ് നിർമ്മിക്കപ്പെടുന്നത്.

കെട്ടിട നിർമ്മാണ രംഗത്ത് ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കാൻ സംഘടിതമായ ഒരു പ്രവർത്തനം ഉണ്ടാവേണ്ടിയിരിക്കുന്നു ബോധവൽക്കരണത്തിലൂടെ ചിലവു കുറഞ്ഞ വീടുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇതിനായി നിർമ്മിതി കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. പഞ്ചായത്ത്, ബ്ലോക്ക് സഹായത്തോടെ നിർമ്മിക്കുന്ന വീട്, കക്കൂസ് എന്നിവയ്ക്കും ആവശ്യമായ സാധന സാമഗ്രികൾ ഒരുമിച്ചെടുത്ത് അതതു സ്ഥലത്തെത്തിച്ചു കൊടുത്താൽ ഒരു പരിധി വരെ ചിലവു ചുരുക്കാനാവും. കൂടാതെ ഓരോ വാർഡിലേയ്ക്കും അനുവദിക്കുന്ന വീടുകളുടെ നിർമ്മാണത്തിന് അതാതു പ്രദേശത്തെ ഗുണഭോക്താക്കളുടെ കമ്മററി രൂപീകരിച്ച് വീടുനിർമ്മാണം നടത്തിക്കാവുന്നതാണ്. നിലവിലുള്ള നിർമ്മാണ ശൈലിയിലും ഘടനയിലും വേണ്ട മാററങ്ങൾ വരുത്തിയാൽ നിർമ്മാണ ചെലവിലും സൗകര്യത്തിലും അദ്ധ്വാനത്തിലും ഗുണപരമായ മാററങ്ങൾ ഉണ്ടാക്കാം.

## നിർദ്ദേശങ്ങൾ:-

- ☐ പഞ്ചായത്തു തലത്തിൽ ഹൗസിംഗ് സെം സൈററി രൂപീകരിക്കുക.
- ☐ നിലവിലുള്ള എല്ലാ ഭവന നിർമ്മാണ പദ്ധതികളുടെയും നടത്തിപ്പിനുള്ള അധികാരം പൂർണ്ണമായും പഞ്ചായത്തിനു നൽകുക.
- ☐ കുറഞ്ഞ പലിശ നിരക്കിൽ പാർപ്പിട വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക,
- ☐ നിബന്ധനകൾ ലഘൂകരിക്കുക.
- ☐ പഞ്ചായത്തിലെ പാവപ്പെട്ടവർക്ക് നിലവിലുള്ള വീട് കേടുപാടുകൾ തീർക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക.
- ☐ നിലവിലുള്ള ധനസഹായം അപര്യാപ്തമാണ് കാലാനുസൃതമായി തുക വർദ്ധിപ്പിക്കുക.
- ☐ ലക്ഷം വീടുകോളനികളിൽ ഒരു കുടുംബത്തിന് ഒരു വീട് എന്ന് നിജപ്പെടുത്തുക.
- ☐ പഞ്ചായത്തിലെ പാവപ്പെട്ട ഭൂരഹിതക്ക് സൗജന്യമായി ഭൂമി നൽകി വീട് വെച്ച് കൊടുക്കുക.
- ☐ നിർമ്മാണ തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുക.
- ☐ പഞ്ചായത്തിൽ സ്ഥിരമായ പരിശീലന കേന്ദ്രം ആരംഭിക്കുക.
- ☐ മരപ്പണി, കൽപ്പണി തുടങ്ങിയവയിൽ പുതിയ തൊഴിലാളികളെ ആകർഷിക്കാൻ കഴിയണം.
- ☐ വിദഗ്ദ്ധ തൊഴിലാളികളുടെ ഒരു രജിസ്റ്റർ സൂക്ഷിച്ച് നിർമ്മാണാവശ്യം വരുന്നവർക്ക് യഥാസമയം തൊഴിലാളികളെ എത്തിച്ചു കൊടുക്കാനുള്ള സംവിധാനമുണ്ടാക്കുന്നത് തൊഴിലാളികൾക്കും നിർമ്മാതാക്കൾക്കും സഹായകമായിരിക്കും.
- ☐ പുറമ്പോക്കു ഭൂമികളിൽ താമസിക്കുന്ന അനധികൃത കുടിയേററക്കാരെ പുനരധിവസിപ്പിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.
- ☐ പാർപ്പിട രംഗത്തെ ദുർവ്യയം നിരുത്സാഹപ്പെടുത്തുന്നതിനുവേണ്ടി ആഡംബര നികുതി പഞ്ചായത്ത് ഏർപ്പെടുത്തുക.
- ☐ പാവപ്പെട്ടവർക്ക് പഞ്ചായത്ത് നൽകുന്ന വീടുകളുടെ ഉപഭോക്താക്കളെ നിശ്ചയിക്കുന്നത് ഗ്രാമസഭകളിൽ നിന്നും ലഭിക്കുന്ന മുൻഗണനാടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കണം.

## ക്ഷേമ പ്രവർത്തനങ്ങൾ:-

1995-ലെ IRDP സർവ്വെ പ്രകാരം നമ്മുടെ പഞ്ചായത്തിലെ 1390 കുടുംബങ്ങൾ ദാരിദ്ര രേഖയ്ക്കു താഴെയാണ്. ഇതിൽ 344 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നു. 1390 കുടുംബങ്ങളിൽ ഇതു വരെ 203 പേർക്കാണ് IRDP ധനസഹായം ലഭിച്ചിട്ടുള്ളത്. 344 പട്ടികജാതി കുടുംബങ്ങളിൽ 111 പേർക്കും സഹായം ലഭിച്ചു. വരുമാന ഉല്പാദന വർദ്ധന വിനുതകുന്ന ഏതു പദ്ധതിക്കും സാമ്പത്തിക സഹായം ലഭ്യമാക്കുക എന്നതാണ് IRDP യുടെ അടിസ്ഥാന ലക്ഷ്യം. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിൽ കൊപ്പം പഞ്ചായത്ത് ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ:-

* IRDP ലിസ്റ്റിൽ അനർഹരായ പലരും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ അർഹരായവർ പലരും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.
* നിലവിലുള്ള പദ്ധതികളെകുറിച്ചുള്ള വിവരങ്ങൾ പലർക്കും അറിയില്ല. വിവരങ്ങൾ ആവശ്യക്കാർക്ക് എത്തിക്കാനുള്ള പരിമിതി ഉണ്ട്.
* അനുവദിച്ച സഹായം ലഭിക്കാൻ അനാവശ്യമായ കാലതാമസം ഉണ്ടാവുന്നു.

## സാദ്ധ്യതകൾ:-

- ഗുണഭോക്താക്കളെ തിരഞ്ഞെടുക്കലും മുൻഗണനാക്രമം നിശ്ചയിക്കലും ഗ്രാമസഭയിലാവണം.
- ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനം ഉറപ്പു വരുത്തണം.
- ദാരിദ്ര രേഖയ്ക്ക് അടിയിലുള്ളവർക്ക് വിവിധ തൊഴിൽ പദ്ധതികൾ പരിചയപ്പെടുത്താൻ ഉതകുന്ന പരിപാടികൾ ആവിഷ്കരിക്കണം.
- ധനസഹായം ലഭിക്കാനുള്ള അനാവശ്യ കാലതാമസം ഒഴിവാക്കുക.
- പദ്ധതി ചെലവ് പ്രാദേശികമായി തീരുമാനിക്കണം.
- വിപണനകേന്ദ്രങ്ങൾ—ചന്ത ആരംഭിക്കണം.
- വാണിജ്യ ബാങ്കുകളുടെ നിസ്സഹകരണം ഇല്ലായ്മ ചെയ്യാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.
- യഥാർത്ഥ ഗ്രാമ വികസന പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കേണ്ട സഹകരണ ബാങ്കുകൾ ഈ രംഗത്ത് നിന്ന് പിൻമാറുന്നത് നിയന്ത്രിക്കണം.

## DWCRA:-

IRDP യിൽ വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാനും തൊഴിൽ സംരംഭങ്ങൾ വർദ്ധിപ്പിക്കാനും ഉദ്ദേശിച്ച് തുടങ്ങിയ പദ്ധതിയാണ് DWCRA നിലവിൽ നമ്മുടെ പഞ്ചായത്തിൽ നാലു് യൂണിറ്റുകളുണ്ട്.

* ഭക്ഷ്യ സംസ്കരണ യൂണിറ്റ് — പ്രഭാപുരം.
* കരികലുടക്കൽ യൂണിറ്റ് — കിഴമുറി.
* പായ നെയ്ത്ത് യൂണിറ്റ് — കിഴമുറി.
* പട്ടുനൂൽപുഴ വളർത്തൽ യൂണിറ്റ് — അഭയം

ഇവ നാലും ഇപ്പോൾ സജീവമല്ല. സ്ത്രീകളുടെ കൂട്ടായ്മയുടെ അഭാവം, വിപണന സൗകര്യക്കുറവ്, മോണിററിംഗ്(വിലയിരുത്തൽ) ഇല്ലായ്മ, തുടങ്ങിയവയാണ് ഈ രംഗത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ, പരിശീലനങ്ങളും ഇടപെടലുകളും വഴി ഇവ പരിഹരിച്ചാൽ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിയുന്ന നല്ലൊരു പദ്ധതിയാണിത്.

## TRYSEM:-

യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 17 പേർക്ക് ഇതുവരെയായി പരിശീലനം നൽകി കഴിഞ്ഞു. തുടർ

പ്രവർത്തനം തീരെ നടക്കാത്ത ഒരു പദ്ധതിയാണിത്. പരിശീലനം കിട്ടിയവരെ അതാത് തൊഴിൽ മേഖലയിൽ നിലനിർത്താനാവശ്യമായ സഹായങ്ങൾ നല്കി ഈ പദ്ധതി വിജയപ്രദമാക്കണം:

## മില്യൺ വെൽ സ്കീം:-

ജല സേചനോദ്ദേശത്തിന് കിണറ് സ്ഥാപിക്കലാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഇതുവരെയായി 7 എണ്ണമാണ് സ്ഥാപിക്കാനായത്. ഫണ്ടിന്റെ അപര്യാപ്തതയാണ് പ്രധാന പ്രശ്നം. ആവശ്യമുള്ളവരെ കണ്ടെത്തി ആവശ്യമുള്ള ഫണ്ട് നൽകി ഈ പദ്ധതി ഇനിയും തുടരേണ്ടതാണ്.

## ഗ്രാമീണ /കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതി:-

കൈതൊഴിലുകാർക്ക് മെച്ചപ്പെട്ട തൊഴിൽ ഉപകരണങ്ങൾ നൽകലാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അതുവഴി അവരുടെ ഉല്പാദന വർദ്ധനവ്, ഗുണനിലവാരം ഉയർത്തൽ എന്നിവയിലൂടെ വരുമാന വർദ്ധനവ് ഉണ്ടാക്കാം. പഞ്ചായത്തിലെ IRDP സർവ്വെ പ്രകാരമുള്ള എല്ലാ ഗ്രാമീണ കൈതൊഴിലുകാർക്കും ഈ പദ്ധതിയുടെ ഗുണം ലഭ്യമാക്കേണ്ടതാണ്.

## വിവിധ പെൻഷനുകൾ:-

വാദ്ധക്യകാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങി ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടക്കുന്നു. ഈ പഞ്ചായത്തിൽ 159 പേർക്ക് വാദ്ധക്യകാല പെൻഷനും, 67 പേർക്ക് അഗതി പെൻഷനും, 128 പേർക്ക് വിധവാ പെൻഷനും ലഭിക്കുന്നു.

വാദ്ധക്യകാല പെൻഷനും, വിധവാ പെൻഷനും തീരുമാന മെടുക്കുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. മററുള്ള പെൻഷനുകളും പഞ്ചായത്തിനെ ഏൽപ്പിക്കണം. പ്രസവാനുകൂല്യ പദ്ധതി, വിധവകളുടെ മക്കൾക്കുള്ള ധന സഹായ പദ്ധതി, മിശ്രവിവാഹ ധനസഹായ പദ്ധതി എന്നിവയാണ് മററ് ക്ഷേമ പ്രവർത്തനങ്ങൾ.

അനാഥരോ, പാവപ്പെട്ടവരോ ആയ കുട്ടികൾക്കും, മന്ദബുദ്ധികൾക്കും, വൃദ്ധർക്കും സൗജന്യമായി താമസിക്കാനുള്ള ഒരുകേന്ദ്രം - അഭയം കൊപ്പത്തുണ്ട്. 25 - 30 പേരെ താമസിപ്പിക്കാനുള്ള സൗകര്യം ഇവിടെയുണ്ട്. ഇപ്പോൾ 14 പേരേയുള്ളു.

നമ്മുടെ പഞ്ചായത്തിൽ ഒറ ആളും പട്ടിണി കിടക്കരുത് എന്ന നാം തീരുമാനിക്കണം. കിടക്കാൻ ഒരിടമില്ലാതെ അലഞ്ഞു തിരിഞ്ഞു നടക്കുന്ന പഞ്ചായത്തിലെ മുഴവൻ പേരേയും കണ്ടെത്തി പുനരധിവസിപ്പിക്കുവാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം. ഇതിനായി അഭയത്തിലെ നിലവിലുള്ള സൗകര്യങ്ങളും ഉപയോഗപ്പെടുത്താവുന്നതാണ്.

# സംസ്കാരം.

കൊപ്പം പഞ്ചായത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് ആമുഖത്തിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ടല്ലോ. ജനസംഖ്യയിൽ ഏകദേശം 60% ഹിന്ദുക്കളും, 40 ശതമാനത്തോളം മുസ്ലീമുകളും അധിവസിക്കുന്ന നമ്മുടെ പഞ്ചായത്തിൽ വിരലിലെണ്ണാവുന്ന കൃസ്ത്യൻ കുടുംബങ്ങൾ മാത്രമേ ഉള്ളൂ. മതസൗഹാർദ്ദത്തോടെ ജീവിക്കുന്ന ജന സമൂഹമാണ് പഞ്ചായത്തിലുള്ളത്. വിവിധ മത വിഭാഗങ്ങൾക്ക് അവരുടേതായ ആരാധനാലയങ്ങൾ ഉണ്ട്. ജാതി വ്യവസ്ഥ പഴയ രീതിയിൽ നിലനിൽക്കുന്നില്ലെങ്കിലും അതിന്റെ അവശിഷ്ടങ്ങൾ പല രംഗത്തും ഇന്നും പ്രതിഫലിച്ചു കാണുന്നു. കുടുംബങ്ങളുടെ സാമ്പത്തികാവസ്ഥ പരിശോധിക്കുമ്പോൾ വരുമാനം കുറഞ്ഞവരാണ് ഭൂരിഭാഗവും. വൻകിട ധനികരുടെ എണ്ണം വളരെ കുറവാണ്. ജാതിക്കും മതത്തിനും അതീതമായ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് ശക്തമായ അടിത്തറ നമ്മുടെ പ്രദേശത്ത് ഉണ്ടായിരുന്നു. ഇവിടെ നിലനിന്നിരുന്ന അയിത്തം, ജാതി വ്യവസ്ഥ, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ എന്നീ അനാചാരങ്ങൾ ഒരുപരിധിവരെ അവസാനിപ്പിക്കാൻ ഇത്തരം പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു. ജാതികൾ തമ്മിലോ, മതങ്ങൾ തമ്മിലോ ഇവിടെ പരസ്പര സംഘട്ടനങ്ങളോ, സംഘർഷങ്ങളോ ഇന്ന് നിലനിൽക്കുന്നില്ല.

പുരാതനമായി ഇവിടെ തനതുകലകൾ ഉണ്ടായിരുന്നു. പാനകളി, പൂതൻ, തിറ, ആണ്ടി, ചപ്പിലപൂതം, പറപ്പൂതം, ചവിട്ടുകളികൾ തുടങ്ങിയവ കൂടാതെ കൈകൊട്ടിക്കളി, തുമ്പിതുള്ളൽ, പരിചമുട്ടുകളി, കോൽക്കളി, കളമെഴുത്ത്, പുള്ളുവൻ പാട്ട് തുടങ്ങിയ കലകളും പ്രചാരത്തിലുണ്ടായിരുന്നു. പണ്ട് കളരിപ്പയററ്, ഓണ തല്ല് തുടങ്ങിയ പ്രസിദ്ധമായ കലകൾ അരങ്ങേറിയ പ്രദേശമായിരുന്നു ഇത്. തലമപ്പന്ത് കളിക്കാനും, പകിടകളിക്കാനും, ആട്ടക്കളത്തിനും പ്രചാരമുണ്ടായിരുന്നു. വില്ലുകൊട്ടാൻ താല്പര്യമുള്ളവരും ഉണ്ടായിരുന്നു. വാദ്യകലകൾക്ക് പ്രോത്സാഹനം നൽകുന്ന പ്രദേശമായിരുന്നു കൊപ്പം. പ്രശസ്ത സാമൂഹ്യ പ്രവർത്തകരായിരുന്ന പള്ളത്തിന്റെയും, കെ. ജി. മാസ്റ്ററുടെയും നേതൃത്വത്തിൽ 'സഞ്ചരിക്കുന്ന നാടകസംഘവും' നിലവിലുണ്ടായിരുന്നു.

മുത്തിരങ്ങോട് ഭവത്രാതൻനമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ പ്രശസ്ത സാമൂഹ്യ പരിഷ്കർത്താവായ വി. ടി. യുടെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്' എന്ന നാടകം മണ്ണേങ്ങോട് അരങ്ങേറിയിരുന്നു. അക്കാലത്തുതന്നെ കെ. ദാമോദരന്റെ 'പാട്ടബാക്കി' എന്നനാടകവും അന്നത്തെ ജന്മിനാടുവാഴിത്തത്തിനെതിരെയും, നമ്പൂതിരി മേധാവിത്വത്തിനെതിരെയും ജനങ്ങളെ സമര രംഗത്തേയ്ക്ക് ഇറക്കി കൊണ്ടു വരാൻ സഹായിച്ചു പള്ളം, ഇ. പി ഗോപാലൻ എന്നിവർ നടന്മാരായിരുന്നു.

പുരാതനമായുണ്ടായിരുന്ന ഒരു സാംസ്കാരിക സ്ഥാപനം ഇന്നും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 1952-ൽ സ്ഥാപിക്കപ്പെട്ട ആമയൂർ കലാസമിതി. പിന്നീടത് 1968ൽ കൊപ്പം കേന്ദ്രീകരിച്ച് കൊപ്പം കലാനിലയം എന്ന സ്ഥാപനമായി മാറി. എല്ലാ കൊല്ലവും മെയ് 19 ന് പള്ളം ട്രോഫിക്കു വേണ്ടി ഏകാങ്ക നാടക മത്സരം നടന്നിരുന്നു. പള്ളത്തിന്റെ ചരമ വാർഷിക ദിനമാണ് മെയ് 19. സന്ധ്യമുതൽ നേരം പുലരും വരെ നീണ്ടുനിന്നിരുന്ന ഏകാങ്കനാടക മത്സരങ്ങളിൽ കേരളത്തിലെ അറിയപ്പെട്ടിരുന്ന കലാസമിതികളും പങ്കെടുത്തിരുന്നു. ആബാലവൃദ്ധം ജനങ്ങൾ കൂട്ടംകൂട്ടമായി പങ്കെടുത്തിരുന്ന ജന്മദിനം ഗ്രാമീണ ഉത്സവത്തിന്റെ പ്രതീതി ജനിപ്പിച്ചിരുന്നു. കൊപ്പം കലാനിലയത്തിന് സ്വന്തമായി കർട്ടൺ സെററുകളും, മേക്കപ്പ് നടത്തുന്നതിന് ഒരു ടീം തന്നെയും ഉണ്ടായിരുന്നു. കഴിഞ്ഞ 6 കൊല്ലമായി ഏകാങ്കനാടക മത്സരം നടത്താറില്ല. എന്നാൽ കഴിഞ്ഞ 3 കൊല്ലമായി മെയ് 18നു നടന്നുവരുന്ന പള്ളംസ്മാരക വായനശാലയുടെ വാർഷിക പരിപാടിയിൽ നിർത്തി വെച്ച പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. കൊപ്പം കലാനിലയത്തോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന വായനശാല 1969 ൽ പള്ളം സ്മാരക വായനശാലയായി രൂപാന്തരപ്പെട്ടു. 1975 ഓടെ പ്രവർത്തനം നിലച്ച ഈ വായനശാല 85 ൽ വീണ്ടും ആരംഭിച്ചു.

കൊപ്പം ആർട്സ് & സ്പോർട്സ് ക്ലബ്ബ് (KASC) ഗ്രന്ഥശാലയുമായി 1987 ൽ സംയോജിപ്പിച്ച പള്ളം സ്മാരക വായനശാലയ്ക്ക് കേരള ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേഷൻ ലഭിച്ചു. കൊപ്പം പഞ്ചായത്ത് പതിനൊന്നിന പരിപാടിയിൽ ഉൾപ്പെടുത്തി 1989_ൽ പള്ളം സ്മാരക സാംസ്കാരികനിലയം സ്ഥാപിച്ചപ്പോൾ വായനശാലയിൽ നിന്നും 600 പുസ്തകം സ്മാരക നിലയത്തിന് കൈമാറി ബാക്കിയുണ്ടായിരുന്ന 600 പുസ്തകവുമായി 89_ൽ അഭയത്തിൽ പ്രവർത്തിക്കുന്ന പള്ളം സ്മാരക വായനശാലയാണ് കേരള ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേഷൻ ഉള്ള പഞ്ചായത്തിലെ ഏക ഗ്രന്ഥാലയം.

ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള ഗ്രന്ഥാലയങ്ങളുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| പള്ളം സ്മാരക വായനശാല അഭയം | 1969 | D | 6220 | 400 | 30 | 150 |
| കൊപ്പം പഞ്ചായത്ത് ലൈബ്രറി & റീഡിംഗ് റൂം | 1989 | അഫിലിയേഷൻ ഇല്ല. | 800 | 300 | 9 | 130 |

## മുൻഗണനാ ലിസ്റ്റ് (സാംസ്കാരികം.)

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വായനശാലകൾ സ്ഥാപിക്കുക. നിലവിലുള്ളവയ്ക്ക് അംഗീകാരം നൽകുക. അവശ്യാവശ്യമായ പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളും നൽകുക
2. പൊതു കളിസ്ഥലം നിർമ്മിക്കുക.
3. പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുക.
4. സാംസ്കാരിക തനിമ നില നിൽക്കുന്ന രായിരനെല്ലൂർ മലയിലേക്ക് ദർശനത്തിനായി എത്തിച്ചേരുന്ന ലക്ഷക്കണക്കായ ഭക്തജനങ്ങൾക്ക് കയറാൻ സൗകര്യ പ്രദമായ വഴിയില്ല. രണ്ടു പേർക്കുമാത്രം നടന്നു പോകാവുന്ന വഴിയിലൂടെ ലക്ഷകണക്കിനാളുകൾ കയറിപ്പോകുമ്പോഴുണ്ടാവുന്ന വിഷമതകൾ ഊഹിക്കാവുന്നതാണ്. മലയോര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മലയിലേക്ക് റോഡു നിർമ്മിക്കുക. ക്രമേണ ടൂറിസ്റ്റ് കേന്ദ്രമാക്കി ഉയർത്തി കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
5. കേരളോത്സവം വിപുലമായ പ്രചാരണത്തോടെ ജനകീയ പരിപാടിയാക്കി നടപ്പിലാക്കുക.
6. പഞ്ചായത്തു തലത്തിൽ കലാപരിശീലന കേന്ദ്രം സ്ഥാപിക്കുക.
7. പഞ്ചായത്തു ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങൾ വാങ്ങി വിപുലീകരിക്കുക.
8. സമ്പൂർണ്ണ മദ്യനിരോധനത്തിനു ബോധവൽക്കരണം നടത്തുക.

9. ധാർമ്മിക മൂല്യച്യുതിക്കെതിരെ സെമിനാറുകൾ സംഘടിപ്പിക്കുക.

10. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുക. സാമ്പത്തിക സഹായവും അംഗീകാരവും നൽകുക.

11. കലാസമിതികൾക്ക് പ്രോത്സാഹനം നൽകുക.

12. വായനശാലകൾക്കും ക്ലബ്ബുകൾക്കും ധനസഹായം ലഭ്യമാക്കുകയും കാര്യക്ഷമമായി നടത്തുന്നുണ്ടോ എന്ന് വിലയിരുത്തുകയും ചെയ്യുക.

13. ടി. വി. യിലൂടെയും മററും സംപ്രേക്ഷണം ചെയ്യുന്ന സാംസ്കാരിക ച്യുതിയിലേക്ക് നയിക്കുന്ന പരിപാടികൾ ഒഴിവാക്കുവാനും കുട്ടികൾ പഠനത്തിലേർപ്പെടുന്ന വൈകുന്നേര സമയങ്ങളിൽ ഇൻററസ്റ്റിങ്ങ് പ്രോഗ്രാമുകൾ സംപ്രേക്ഷണം ചെയ്യുന്നത് ഒഴിവാക്കുന്നതിനും ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ സമ്മർദ്ദം ചെലുത്തുക.

14. സാമൂഹ്യ ജീവിതത്തിലുള്ള അനാചാരം, ധൂർത്ത് തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ബോധവൽക്കരണം നടത്തുക.

15. കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു കൊടുക്കുക. കെട്ടിടമുള്ള അംഗനവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുക.

16. എല്ലാ വാർഡുകളിലും ചുരുങ്ങിയത് രണ്ടു വീതം അംഗനവാടികളെങ്കിലും സ്ഥാപിക്കുക.

17. വിനോദനികുതിയിനത്തിൽ വർഷത്തിൽ 3000 രൂപ പിരിച്ചു വരുന്നതായി കണക്കിൽ കാണുന്നു. പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുക.

## സാംസ്കാരികം:-

1. കിഴുമുറി 7-ാം വാർഡിൽ വീയററ്നാംപടി കേന്ദ്രമായി ജനകീയ വായനശാല എന്ന പേരിലും മേൽമുറി 8-ാം വാർഡിൽ പുലാപ്പററപടിയിൽ ഗ്രാമീണ വായനശാല എന്ന പേരിലും രണ്ടു വായനശാലകൾ നിലവിലുണ്ടായിരുന്നു.

2. കൊപ്പം കേന്ദ്രമായി 'ദാറുൽ അഥ്ഫാൽ' എന്ന പേരിൽ അനാഥ അഗതി മന്ദിരം പ്രവർത്തിച്ചു വരുന്നു. 75 ഓളം കുട്ടികൾ ഇവിടെ താമസിച്ചു പഠനം നടത്തുന്നു. കുട്ടികളുടെ താമസം, ഭക്ഷണം, ചികിത്സ, പഠനം എന്നീ കാര്യങ്ങൾ പൂർണ്ണമായും സ്ഥാപനമാണ് വഹിച്ചു വരുന്നത്. പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനകൾ ഉപയോഗപ്പെടുത്തിയാണ് സ്ഥാപനം പ്രവർത്തിച്ചു വരുന്നത്. കോൽക്കളി, ദഫ്മുട്ട് തുടങ്ങിയ നാടൻ കലകൾ അവിടെ പരിശീലിപ്പിക്കുന്നു. കുട്ടികൾക്ക് തൊഴിൽ പരിശീലനവും നടത്തിവരുന്നു.

3. പറയിപ്പെററ പന്തിരുകുലത്തിലെ പ്രസിദ്ധനായ ഒരുവ്യക്തിയായിരുന്നുവല്ലോ നാറാണത്തു ഭ്രാന്തൻ.തൊട്ടടുത്തപഞ്ചായത്തിലെ നാറാണത്തു വീട്ടുകാരാണ് ഇദ്ദേഹത്തെഎടുത്തുവളർത്തിയത് അതുകൊണ്ടാണ്. നാറാണത്തു ഭ്രാന്തൻ എന്നു പേർ വന്നത് അദ്ദേഹം രായിരനെല്ലൂർ മലയിലേക്ക് മലയുടെ താഴ്ഭാഗത്തു നിന്നും ഓരമുള്ള കല്ലുകൾ മുകളിലേക്ക് ഉരുട്ടി കയററുകയും അവ താഴേയ്ക്ക് ഉരുട്ടിവിട്ട് കൈകൊട്ടി ചിരിക്കുകയും ചെയ്തതായി ഐതിഹ്യമുണ്ട്. ഈ മല സ്ഥിതി ചെയ്യുന്നത് കൊപ്പം പഞ്ചായത്തിലെ 7-ാം വാർഡിലാണ്. 1995-ൽ നാറാണത്തുഭ്രാന്തൻെറ പ്രതിമ മലയിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എല്ലാ വർഷവും തുലാമാസം 1-ാം തിയ്യതി ലക്ഷക്കണക്കിനു ഭക്തജനങ്ങൾ

മലയുടെ മുകളിലുള്ള ക്ഷേത്രത്തിൽ ദേവീദർശനത്തിനായി എത്തിച്ചേരുന്നു. ഇതേ ദിവസമാണത്രെ നാറാണത്തു ഭ്രാന്തന് ദേവീ ദർശനമുണ്ടായത്.

പള്ളം സ്മാരക വായനശാലയിൽ 6220 പുസ്തകങ്ങളുണ്ടെങ്കിലും ഉപയോഗിക്കുന്നവരുടെ എണ്ണം പരിമിതമാണ്. പകുതിയിലധികവും റഫറൻസ് വിഭാഗത്തിൽ പെട്ടവയാണ്. ഓരോ വർഷവും ഗ്രാൻറ് തുക 450ക. യുടെ നാലിരട്ടി സംഖ്യയ്ക്കുള്ള പുസ്തകങ്ങളും വാങ്ങാറുണ്ട്. 94 - 95 വർഷം മുതൽ ഗ്രേഡേഷൻ വർദ്ധിപ്പിച്ചതുകൊണ്ട് പ്രത്യേക ജനറൽ ബോഡി വിളിച്ച് കമ്മിററി പുനഃസംഘടിപ്പിക്കാനും, സജീവമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിൻെറ സജീവ പ്രവർത്തനത്തിന് ആവശ്യമായ മേൽനോട്ടവും, നാലോ അഞ്ചോ പത്രങ്ങളും പഞ്ചായത്തിൽ നിന്ന് അനുവദിക്കേണ്ടതാണ്.

കൊപ്പം പഞ്ചായത്ത് ലൈബ്രറി ആൻറ് റീഡിങ്ങ് റൂം പ്രവർത്തനം സജീവമാക്കുന്നതിന് വേണ്ടി അംഗങ്ങളുടെയും, പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളുടെയും സംയുക്ത യോഗം വിളിച്ചു ചേർത്ത് ജനകീയ സമിതിയെ തിരഞ്ഞെടുത്തിട്ടുണ്ട് സജീവമാക്കാനുള്ള പ്രവർത്തനം ആസൂത്രണം ചെയ്തു വരുന്നു.

നമ്മുടെ പഞ്ചായത്തിൽ പ്രധാനപ്പെട്ട മുഴുവൻ ദിനപത്രങ്ങളും പ്രചാരത്തിലുണ്ട്. വാരിക, മാസിക എന്നിവയുടെ സർക്കുലേഷനും കുറവല്ല.

## മററു സന്നദ്ധ സാംസ്കാരിക സംഘടനകൾ.

- ☐ യുവധാര — തൃത്താല കൊപ്പം.
- ☐ ഭാവന — മണ്ണേങ്ങോട്.
- ☐ സൗഹൃദ — കീഴുമുറി.
- ☐ ഗ്രാമശ്രീ — മേൽമുറി.
- ☐ ജ്വാല — പുലാശ്ശേരി.
- ☐ സഹൃദയ — കുനക്കിലക്കുന്ന് - പുലാശ്ശേരി.
- ☐ അഭയം — കൊപ്പം - പുലാശ്ശേരി.
- ☐ പൗര സമിതി — ആമയൂർ.

നമ്മുടെ പഞ്ചായത്തിലെ മിക്ക സംഘടനകളും വിവിധ സന്നദ്ധ പ്രവർത്തനങ്ങളിൽ സഹകരിക്കാറുണ്ട്. വാർഷികാഘോഷങ്ങളിൽ മാത്രം ഒതുങ്ങാതെ മററു സന്നദ്ധ പ്രവർത്തനങ്ങളിൽ അതാതു പ്രദേശങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കേണ്ടതാണ്.

കേരളത്തിലെ തന്നെ അറിയപ്പെടുന്ന സന്നദ്ധ സാമൂഹ്യ സാംസ്കാരിക സ്ഥാപനമായ അഭയത്തിൻെറ കേന്ദ്ര ഓഫീസ് പ്രവർത്തിക്കുന്നത് കൊപ്പം പഞ്ചായത്തിലാണ്. 3 ഏക്ര സ്ഥലവും, 30 പേർക്ക് താമസിക്കാവുന്ന കെട്ടിടവും അഭയത്തിനുണ്ട്. അനാഥരോ, പാവപ്പെട്ടവരോ ആയ കുട്ടികളും, മന്ദബുദ്ധികളും, വൃദ്ധർ, എന്നിവർക്ക് ഇവിടെ അഭയം നൽകുന്നു. അംഗത്വ ഫീസും, സംഭാവനയും ഉപയോഗിച്ചാണ് അഭയത്തിൻെറ ദൈനംദിന പ്രവർത്തനങ്ങൾ നടത്തി വരുന്നത്. തൊഴിൽപരിശീലനങ്ങളും ചന്ദനത്തിരി,

പുസ്തക, പാലുല്പന്ന നിർമ്മാണ യൂണിററുകൾ, ഡയറി ഫാം, സമ്മിശ്ര നഴ്സറി, അംഗനവാടി എന്നിവ വിവിധ ഡിപ്പാർട്ടുമെൻറുകളുടെ സഹായത്തോടെ ഇന്നുണ്ട്. ആൺകുട്ടികൾക്ക് താമസിച്ച് തായമ്പക അഭ്യസിക്കാവുന്ന വാദ്യ വിദ്യാലയവും അഭയത്തിലുണ്ട്. പാലക്കാട് ജില്ലയിലെ ഏററവും നല്ല സന്നദ്ധ സംഘടനക്കുള്ള അവാർഡ് 94 ൽ അഭയത്തിനാണ് ലഭിച്ചത്.

കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന് 3 യൂണിററുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. 1, 2 വാർഡുകളിലായി ആമയൂർ യൂണിററും, 3, 4 വാർഡുകളിലായി മണ്ണേങ്ങോട് യൂണിററും, 5 മുതൽ 10 വാർഡുകളിലായി കൊപ്പം യൂണിററും പ്രവർത്തിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ 25% വീടുകളിലും ടെലിവിഷൻ എത്തിയിട്ടുണ്ട്. ഒരു സിനിമാ ശാലയും പഞ്ചായത്തിലുണ്ട്. 3000/-ക. വിനോദനികുതിയിനത്തിൽ പഞ്ചായത്തിന് വരുമാനമുണ്ട്.

കായികരംഗത്ത് പ്രോത്സാഹനം നല്കാൻ എല്ലാ വഷവും പഞ്ചായത്തുതല മത്സരങ്ങൾ നടക്കുന്നുണ്ട്. ഇവിടെ ഒരു പൊതുകളി സ്ഥലം ഇല്ല. കൊപ്പം GVHSS-ൽ ആണ് ഇപ്പോൾ കായികമത്സരങ്ങൾ നടത്തുന്നത്. നമ്മുടെ പഞ്ചായത്തിൽ നിന്നും ജില്ലാ സംസ്ഥാന മത്സരങ്ങളിൽ പലരും പങ്കെടുത്തിരുന്നു. കേരളോത്സവം ധൃതിപിടിച്ച് നടത്തേണ്ടി വരുന്നു. കായികതാരങ്ങൾ സ്വന്തം പ്രയത്നം മൂലം പരിശീലനം നടത്തിവരുന്നുണ്ട്.

വിവാഹത്തോടനുബന്ധിച്ചുള്ള ധൂർത്ത്, നമ്മുടെ പഞ്ചായത്തിലും കാണുന്നു. ചാരായ നിരോധനം നടപ്പാക്കിയെങ്കിലും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിൽ കാര്യമായ കുറവ് വന്നിട്ടില്ല. ഇത് നിയന്ത്രിക്കാൻ ജനകീയ സമിതികൾക്ക് രൂപം കൊടുക്കണം.

നമ്മുടെ പഞ്ചായത്തിൽ തനതു കലകളിൽ പ്രാവീണ്യം നേടിയ പലരും ജീവിച്ചിരിപ്പുണ്ട്. കുഴൽപററിൽ കേരള സംഗീത നാടക അക്കാഡമി അവാർഡ് നേടിയ മണ്ണേങ്ങോട് ഓതിക്കന്നേത്ത് കുട്ടികൃഷ്ണൻനായർ, റേഡിയോവിൽ അയ്യപ്പൻ പാട്ടുകൾ അവതരിപ്പിക്കാറുള്ള ഷൺമുഖൻ പൂശാലി തുടങ്ങിയവർ നമ്മുടെ പഞ്ചായത്തിലാണ്.

## നിർദ്ദേശങ്ങൾ:-

1. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ വായനശാലകൾ സ്ഥാപിക്കുക.
2. വായനശാലകൾക്കും, ക്ലബ്ബുകൾക്കും ധനസഹായം ലഭ്യമാക്കുകയും കാര്യക്ഷമമായി നടത്തുന്നുണ്ടോ എന്ന് വിലയിരുത്തുകയും ചെയ്യുക.
3. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുകയും സാമ്പത്തിക സഹായവും, അംഗീകാരവും നൽകുക.
4. പൊതു കളി സ്ഥലം നിർമ്മിക്കുക.
5. സമ്പൂർണ്ണ മദ്യനിരോധനത്തിന് ബോധവൽക്കരണം നടത്തുക.
6. പഞ്ചായത്ത് തലത്തിൽ കലാപരിശീലന കേന്ദ്രം സ്ഥാപിക്കുക.
7. പഞ്ചായത്ത് ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങൾ വാങ്ങി വിപുലീകരിക്കുക.
8. പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുക.
9. കലാസമിതികൾക്ക് പ്രോത്സാഹനം നൽകുക.

തുടങ്ങിയ പ്രവർത്തനങ്ങൾ കലാ സാംസ്കാരിക രംഗത്ത് നടപ്പാക്കാവുന്നതാണ്.

# വനിത

പൗരാണിക ഭാരതത്തിൽ പുരുഷനോടൊപ്പം സ്ത്രീയും തുല്യസ്ഥാനം കൈവരിച്ചിരുന്നു. മതങ്ങളും സ്ത്രീക്ക് മാന്യസ്ഥാനം നൽകിയിരുന്നു വൈദിക പാരമ്പര്യത്തിന്റെ ആദ്യരൂപം എന്ന നിലയ്ക്ക് ഋഗ്വേദം പുരാണേതിഹാസങ്ങളെക്കാൾ അഭികാമ്യമായ നിലപാട് സ്ത്രീ പരിചരണത്തിൽ കൈക്കൊണ്ടിരുന്നു 'ആത്മാവിന് സ്ത്രീപുരുഷ വ്യത്യാസമില്ല.' സ്ത്രീകൾക്ക് വേദാധികാരവും കർമ്മാധികാരവും ഉണ്ട്. സ്ത്രീകൾ പുരുഷന്മാരോടൊപ്പം യുദ്ധക്കളത്തിൽ ഇറങ്ങിയ കാര്യം വരെ ഋഗ്വേദത്തിൽ പറയുന്നുണ്ട്. ഇസ്ലാം മതവും സ്ത്രീക്ക് ഉന്നതസ്ഥാനവും മാന്യതയും കൽപ്പിക്കുന്നു. 'മഹർ' എന്ന പേരിൽ വരൻ വധുവിന്റെ മാതാപിതാക്കൾക്ക് ഉറപ്പുപണം നൽകുന്ന നിയമം വഴി പെൺകുട്ടിയുടെ സംരക്ഷണം ഉറപ്പുവരുത്തിയിരിക്കുന്നു. ബൈബിളും സ്ത്രീക്ക് സമൂഹത്തിൽ ഉന്നതസ്ഥാനം കല്പിക്കുന്നു. ചില ക്രിസ്തീയ വിഭാഗങ്ങളിൽ സ്ത്രീകൾ പുരോഹിത സ്ഥാനം വരെ വഹിക്കുന്നു. പ്രാചീന വ്യവസ്ഥയിൽ സ്ത്രീക്കും പുരുഷനും തുല്യ സ്ഥാനമായിരുന്നു

എന്നാൽ സ്വത്ത് സമ്പാദനത്തിനുള്ള മനുഷ്യന്റെ ആഗ്രഹത്തിന്റെ ഫലമായി കുടുംബ വ്യവസ്ഥ നിലവിൽ വന്നതോടു കൂടി സ്ത്രീയുടെ അധഃപതനവും ആരംഭിക്കുന്നു. പ്രാഥമികമായ അവകാശങ്ങൾ പോലും അവൾക്ക് നിഷേധിക്കപ്പെട്ടു. സ്ത്രീ - പുരുഷ തൊഴിൽ വിഭജനം സ്ഥാപകവൽക്കരിക്കപ്പെട്ടു. ഗാർഹിക ജോലിയിലും, ശിശുപരിപാലനത്തിലും സ്ത്രീ ഒതുക്കപ്പെട്ടിരിക്കുന്നു. പ്രത്യുൽപ്പാദനപരമായ കർത്തവ്യങ്ങൾ പോലും നിയന്ത്രണത്തിന് വിധേയമാക്കപ്പെട്ടിരിക്കുന്നു. ജനനം മുതൽ മരണം വരെ പാരമ്പര്യ ചങ്ങലകൾ സ്ത്രീയെ പുരുഷന് കീഴ്പ്പെടുത്തുന്നു. ഇന്ത്യയിൽ ആദ്യമായി സാമൂഹ്യ നീതികൾ ക്രോഡീകരിച്ച മനുസ്മൃതിയിൽ 'നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നുപറയുന്നു. ഒരു സാമ്പത്തിക യൂണിററ് എന്ന നിലയിൽ നിൽന്ന കുടുംബത്തെ ഇല്ലായ്മ ചെയ്യുന്നതുവരെ സ്ത്രീകളുടെ സ്ഥാനത്തിന് അടിസ്ഥാനപരമായി മാററങ്ങൾ വരുത്തുക സാധ്യമല്ലാതായിരിക്കുന്നു. സമൂഹത്തിൽ സ്ഥായിയായ സാമ്പത്തിക വളർച്ചയും നീതിപൂർവ്വകമായ വിതരണവും ഉറപ്പാക്കുന്നതിലൂടെ സാമൂഹ്യ വ്യവസ്ഥിതിയും അതോടൊപ്പം സ്ത്രീയും വളരുന്നു. ദേശീയ പ്രസ്ഥാനത്തിലും സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തിലും ആവേശം ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തിച്ച നമ്മുടെ പ്രദേശത്തെ പല വനിതകളും ആ രംഗത്തെ മുന്നേററങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ആര്യാപള്ളത്തിന്റെ പ്രവർത്തനം പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്.

73, 74 ഭരണഘടനാ ഭേദഗതി പ്രകാരം സ്ത്രീ പങ്കാളിത്തം ഉപയോഗപ്പെടുത്തി വനിതാ മുന്നേററം ഉറപ്പുവരുത്തിക്കൊണ്ട് സ്ത്രീകളുടെ പദവി ഉയർത്താനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക എന്നതു കൂടിയാണ് ഒമ്പതാം പദ്ധതി - ജനകീയ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്.

കൊപ്പം പഞ്ചായത്തിൽ 1996-ലെ ICDS സർവ്വെ പ്രകാരം ആകെയുള്ള 24492 പേരിൽ 12030 പേർ സ്ത്രീകളാണ്. 11 വിദ്യാലയങ്ങളുള്ളതിൽ ആകെയുള്ള 5689 കുട്ടികളിൽ 2424 പെൺകുട്ടികളാണ് സ്കൂൾ അധ്യാപികമാർ 62% വരും. സ്ത്രീ സാക്ഷരതാ 86% ആണ്. 1990 ൽ നടന്ന സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ വളരെയധികം സ്ത്രീകളെ സാക്ഷരരാക്കാൻ കഴിഞ്ഞു. പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ പല രക്ഷിതാക്കളും മടി കാണിക്കുന്നത് ഉന്നത വിദ്യാഭ്യാസത്തിൽ സ്ത്രീകളുടെ എണ്ണം കുറയുന്നതിന് കാരണമാകുന്നു. വിവാഹം എന്നതാണ് അന്തിമ ലക്ഷ്യമായി രക്ഷിതാക്കൾ കണക്കാക്കുന്നത്. പുരുഷ സാക്ഷരതയേക്കാൾ കുറവാണ് സ്ത്രീ സാക്ഷരതാ നിരക്ക്. സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥയാണ് കാരണം.

കൊപ്പം പഞ്ചായത്തിലെ മരണനിരക്ക്, ശിശുമരണ നിരക്ക് എന്നിവ കേരളത്തിന്റെ ശരാശരിയേക്കാൾ കുറവാണ്. പ്രസവ സമയത്തോ അതോടനുബന്ധിച്ചോ ഉള്ള മരണം കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. രോഗാതുരത സ്ത്രീകളിലാണ് കൂടുതൽ കാണുന്നത്. സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ ഇതിന് കാരണമാണ്. ഭക്ഷണ കാര്യങ്ങളിൽ പോലും സ്ത്രീകൾക്ക് രണ്ടാം സ്ഥാനമാണുള്ളത്. ഇത് പോഷകാഹാര കുറവുകൊണ്ടുണ്ടാകുന്ന അസുഖങ്ങൾ വർദ്ധിപ്പിക്കാനിടയാകുന്നു. നമ്മുടെ പഞ്ചായത്തിൽ 98% വീടുകളിലും വിറകാണ് പാചകാവശ്യത്തിന് ഇന്ധനമായി ഉപയോഗിക്കുന്നത്.

ഇത് സ്ത്രീകളുടെ ആരോഗ്യത്തെ നശിപ്പിക്കാനിടയാകുന്നു. ഒരു ദിവസം അടുക്കളയിൽ പണിയെടുക്കുന്ന സ്ത്രീ ഏകദേശം 20 സിഗരറ്റ് വലിച്ചിട്ടുണ്ടാകാവുന്നത്ര ദോഷഫലങ്ങൾക്ക് അടിമപ്പെടുന്നു എന്ന് ഒരു പഠനം കാണിക്കുന്നു. ദക്ഷത കൂടിയ പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നതു മൂലം ഒരളവുവരെ ഈ പ്രശ്നം പരിഹരിക്കാം.

ദരിദ്ര കുടുംബങ്ങളിൽ കുടുംബം പുലർത്തുന്നതിനു ഉത്തരവാദിത്തം സ്ത്രീകളിലാണ് എന്നുള്ളത് സർവ്വസാധാരണമായിരിക്കുന്നു. ഈ ചുമതല നിറവേററുന്നതിനായി ഉയർന്ന കൂലി ലഭിക്കുന്ന തൊഴിൽ മേഖലകളിലേക്ക് സ്ത്രീകൾ നീങ്ങുന്നു. കാർഷിക മേഖലയുടെ തകർച്ചയും മററു മേഖലകളിലെ കൂലി കൂടുതലും സ്ത്രീകളെ കാർഷിക മേഖലയിൽ നിന്നും നിഷ്കാസിതരാക്കുന്നു. സ്ത്രീകളിൽ ഭൂരിഭാഗവും ഇന്ന് ഉപജീവനത്തിനായി കെട്ടിട നിർമ്മാണം, റോഡുപണി, കരിങ്കല്ലുടയ്ക്കൽ തുടങ്ങിയവയൊക്കെ ആശ്രയിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ നിന്നും പട്ടണ പ്രദേശങ്ങളിലേയ്ക്കു നീങ്ങാൻ സ്ത്രീകളെ പ്രേരിപ്പിക്കുന്നതായ കൃഷിമേഖലയിലെ മുരടിപ്പ് അവസാനിപ്പിച്ച് സ്ത്രീകളെ വീണ്ടും ഈ രംഗത്തേയ്ക്കു കൊണ്ടുവരേണ്ടതാണ്. പച്ചക്കറി കൃഷി, ഔഷധസസ്യകൃഷി, ഉദ്യാനകൃഷി, കൂൺവളർത്തൽ, പട്ടുനൂൽപ്പുഴ വളർത്തൽ തുടങ്ങിയ പദ്ധതികൾ സ്ത്രീകളുടെ നേതൃത്വത്തിൽ തുടങ്ങുന്നതിനു വേണ്ട സഹായ സഹകരണങ്ങൾ ചെയ്തു കൊടുത്താൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും, ജീവിത ഗുണനിലവാരത്തിൽ മററ് വികസിത രാഷ്ട്രങ്ങളോടൊപ്പമെത്താൻ കഴിഞ്ഞെങ്കിലും സ്ത്രീ സാക്ഷരതയുടെ കാര്യത്തിൽ ആ നിലവാരം പുലർത്താൻ കഴിഞ്ഞിട്ടില്ല. ദാരിദ്ര്യത്തിന്റെയും മോശമായ ജീവിത സാഹചര്യങ്ങളുടേയും ദുരിതങ്ങൾ പുരുഷന്മാരേക്കാൾ കൂടുതൽ സഹിക്കേണ്ടിവരിക സ്ത്രീകളാണ്.

അസംഘടിതമേഖലകളിലാണ് സ്ത്രീകൾ അധികവും ജോലി ചെയ്യുന്നത്. അദ്ധ്വാനത്തിനു ശേഷം തിരിച്ചു വീട്ടിലെത്തിയാൽ വെള്ളം, വിറക് ശേഖരണം, ആഹാരം പാകം ചെയ്ത് വിളമ്പി കൊടുക്കൽ, തുണി അലക്കുക, പാത്രം കഴുകുക, വീടും പരിസരവും വൃത്തിയാക്കുക, കുട്ടികളെ പരിചരിക്കുക എന്നിവയെല്ലാം സ്ത്രീകളുടെ മാത്രം ചുമതലയായി സമൂഹം കാണുന്നു. എഴുതാനോ വായിക്കാനോ സമയം കിട്ടാത്ത സ്ത്രീകൾക്ക് കുട്ടികളുടെ പഠന കാര്യങ്ങളിൽ ശ്രദ്ധിക്കാനും കഴിയാതെ വരുന്നു. പട്ടിക വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ സാക്ഷരതാ നിരക്ക് മററ് വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളേക്കാൾ കുറവാണ്. ഭൂരിപക്ഷവും കൂലിപ്പണിക്കാരാണ് എന്നതു തന്നെ പ്രധാന കാരണം. വീട്ടുജോലി ചെയ്യുന്നതിനും, താഴെയുള്ള കുട്ടികളെ നോക്കേണ്ടതുണ്ടെന്നതു കൊണ്ടും പെൺകുട്ടികളെസ്കൂളിലേക്ക് അയയ്ക്കുന്നതിൽ കൂലിപ്പണിക്കാരായ രക്ഷിതാക്കൾ താല്പര്യം കാണിക്കാറില്ല. വിദ്യാഭ്യാസം ഇടയ്ക്കു നിർത്തി പോകുന്ന കുട്ടികൾ അധികവും നിരക്ഷരരായ മാതാപിതാക്കളുടെ കുട്ടികളാണെന്ന് പഠന വെളിപ്പെടുത്തുന്നു. സാമൂഹികമായ അടിച്ചമർത്തലിൽ നിന്നും മോചിപ്പിക്കാൻ സ്ത്രീ വിദ്യാഭ്യാസത്തിനേ കഴിയൂ.

"Train a man — You Build an Individual,
Train a woman — You Build a Nation"

വരുമാനം വർദ്ധിപ്പിക്കുന്നതിനും അതുവഴി സ്ത്രീകളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കാനും കഴിയും.

കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, എന്നിവ സ്ത്രീകൾക്ക് കാര്യക്ഷമമായും ഫലപ്രദമായും ചെയ്യാവുന്ന മേഖലകളാണെങ്കിലും പങ്കാളിത്തം ഈ രംഗത്തു കുറവാണ്. കൂടുതൽ പാലുൽപ്പാദിപ്പിക്കുന്ന നാടൻ പശുക്കളെ വേണ്ടത്ര കിട്ടാത്തതും സങ്കരയിനം പശുക്കളെ സംരക്ഷിക്കാനുള്ള ബുദ്ധിമുട്ടും, തീററപ്പുല്ലിന്റെ ദൗർലഭ്യവും ഇന്ന് പശുവളർത്തൽ ലാഭകരമല്ലാതായിട്ടുണ്ട്. ആടുവളർത്തൽ ലാഭകരമായ തൊഴിലാണെങ്കിലും പഠനം ഈ രംഗത്തേയ്ക്ക് കടന്നുവരുന്നില്ല. ആടു വളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇപ്പോൾതന്നെ ഈ പഞ്ചായത്തിൽ ആവശ്യമായ പാൽ ലഭിക്കുന്നില്ല. മററു പ്രദേശങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ വാങ്ങേണ്ടിവരുന്നു. പശു, ആട് എന്നിവ വളർത്തി പാലിന്റെ ദൗർലഭ്യം പരിഹരിക്കേണ്ടതാണ്. പാലുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനു വേണ്ട പരിശീലനം നൽകിയാൽ ഈ രംഗത്തു തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സ്ത്രീകളെ ഈ മേഖലയിലേക്ക് ആകർഷിക്കുവാനും കഴിയും. ഇതുവഴി കുടുംബത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം.

കൂടുതൽ അദ്ധ്വാനം ഇല്ലാതെ തന്നെ വരുമാനമുണ്ടാക്കാവുന്ന ഒരു രംഗമാണ് മത്സ്യകൃഷി ധാരാളം സ്വകാര്യ കുളങ്ങളും കിണറുകളും ഉള്ള നമ്മുടെ പഞ്ചായത്തിൽ മത്സ്യകൃഷിക്ക് നല്ല സാദ്ധ്യതകൾ ഉണ്ട്. സ്ത്രീകൾ തന്നെ മുൻകൈ എടുക്കാവുന്നതാണ്. ജനങ്ങൾക്കാവശ്യമായ മത്സ്യം ലഭ്യമാക്കുവാനും സ്ത്രീകൾക്ക് തൊഴിലവസരവും വരുമാനവും ഉണ്ടാക്കാനും കഴിയും.

പരമ്പരാഗത തൊഴിൽ മേഖലയിൽ ധാരാളം സ്ത്രീകൾ ജോലിചെയ്യുന്നുണ്ട്. പനമ്പ് വ്യവസായം, പായ നെയ്ത്ത് എന്നിവ ഇന്ന് തകർച്ച നേരിട്ടു കൊണ്ടിരിക്കുന്നു. അവർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ യഥാസമയം ലഭിക്കുന്നില്ല. ഉല്പന്നങ്ങൾ സ്ഥിരമായി വിററഴിക്കുന്നതിനു വേണ്ട കമ്പോളം ഇല്ലാത്തതും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും ഈ രംഗത്തു നിന്നും മററ് മേഖലകളിലേക്ക് പോകാൻ ഇവരെ നിർബന്ധിതരാക്കുന്നു തൊഴിൽ ദിനങ്ങളുടെ കുറവ്, മോശപ്പെട്ട ജീവിത സാഹചര്യം, തൊഴിൽ ജന്യ രോഗങ്ങൾ, വർദ്ധിച്ചുവരുന്ന ജീവിത ചെലവ് ഇവയെല്ലാം സ്ത്രീകളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം നശിപ്പിക്കുന്നു.

> "ആരോഗ്യം രോഗത്തിന്റെ അഭാവം മാത്രമല്ല; ശാരീരികവും മാനസികവും സാമൂഹികവുമായ പൂർണ്ണമായ ക്ഷേമാവസ്ഥയാണ്." -
>
> ലോകാരോഗ്യ സംഘടന.

ചെറുകിട വ്യവസായ രംഗത്തും സ്ത്രീകൾക്ക് ഒട്ടേറെ സാദ്ധ്യതകൾ ഉണ്ട് പുരുഷൻമാർക്ക് ആധിപത്യമുള്ള ചെറുകിട വ്യവസായ രംഗത്ത് സ്ത്രീ പങ്കാളിത്തം ഇന്നു കുറവാണ്. നമ്മുടെ പഞ്ചായത്തിൽ DWCRA യൂണിററുകൾ ഉണ്ടായിരുന്ന അഭയത്തിന്റെ നേതൃത്വത്തിൽ പട്ടുനൂൽപ്പുഴ വളർത്തൽ യൂണിററ്, കീഴ്മുറിയിൽ കരിങ്കല്ലുടയ്ക്കൽ യൂണിററ്, പായനെയ്ത്തു യൂണിററ്, പ്രഭാപുരത്ത ഭക്ഷ്യ സംസ്കരണ യൂണിററ് എന്നിവ ആരംഭിച്ചിരുന്നു. ഇപ്പോൾ അവയുടെ പ്രവർത്തനം നിർജ്ജീവമായിരിക്കുയാണ്. തൊഴിൽ സാദ്ധ്യതയുള്ള ഇത്തരം യൂണിററുകളും ഇതു പോലുള്ള പുതിയ സംരംഭങ്ങളും പുനരുജ്ജീവിപ്പിക്കുകയും മററ് പ്രദേശങ്ങളിലേയ്ക്കു കൂടി വ്യാപിപ്പിക്കേണ്ടതുമാണ്. തുന്നൽ പരിശീലിച്ച ധാരാളം സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കൂടുതൽ സാദ്ധ്യതയുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ, അച്ചാർ, മെഴുകുതിരി, ചന്ദനത്തിരി, സോപ്പ്. കറി പൗഡർ നിർമ്മാണവും, കരകൗശല വസ്തുക്കൾ, പ്ലാസ്റ്റിക് വർക്ക്, ബുക്ക് ബൈൻറിംഗ് എന്നീ യൂണിററുകളും തുടങ്ങാവുന്നതാണ്. പഞ്ചായത്തടിസ്ഥാനത്തിൽ വനിതാ സഹകരണ സംഘം ആരംഭിക്കുകയും അതിന്റെ നേതൃത്വത്തിൽ പരിശീലനം, ഉല്പാദനം, വിപണനം ഉൾപ്പെടെയുള്ള പ്രവർത്തനം ഏറെറടുക്കുകയും വേണം.

## സ്ത്രീകളുടെ പദവി:-

വിദ്യാഭ്യാസ രംഗത്തും തൊഴിൽ മേഖലയിലും സാമൂഹ്യ രംഗത്തും സ്ത്രീ പിന്നിലാണ്. പൊതു രംഗത്ത് വരാൻ സ്ത്രീകൾ പൊതുവെ വിമുഖത കാട്ടുന്നു. ഇവരെ രംഗത്തു കൊണ്ടുവരാൻ പുരുഷൻമാരും താൽപര്യം കാട്ടാറില്ല. സ്ത്രീകൾ പൊതുരംഗത്ത് വരണമെങ്കിൽ അവർ തന്നെ സംഘടിക്കണം. സ്ത്രീ-പുരുഷ സമത്വം ഔദാര്യമായി പുരുഷൻ നൽകുന്ന ഒന്നല്ല. സ്വാർത്ഥരായ പുരുഷൻമാർ നൽകാറുമില്ല. വീട്ടുജോലികളോടൊപ്പം പുരുഷന്റെ സാമ്പത്തിക ഭാരം ലഘൂകരിക്കാനായിട്ടാണ് സ്ത്രീ ജോലിക്ക് പോകുന്നതെന്ന ധാരണയാണ് സമൂഹത്തിനുള്ളത്. ഗാർഹിക ജോലികളാകട്ടെ സാമൂഹ്യമായ ആവശ്യകതയാണ് എന്ന വസ്തുതയും സമൂഹം വിസ്മരിക്കുന്നു തൊഴിൽ എടുക്കുന്ന സ്ത്രീകൾ ഇരട്ട ചൂഷണത്തിന് വിധേയരാകുന്നു. സ്വന്തം വരുമാനത്തിൻമേൽ സ്ത്രീക്ക് കാര്യമായ സ്വാധീനമോ നിയന്ത്രണമോ ഇല്ലെന്നതാണ് സ്ഥിതി. പുരുഷനാണ് ഗൃഹനാഥൻ എന്ന ഒരു സങ്കൽപ്പം തലമുറകളായി നിലനിന്നു വരുന്നതാണ്. സ്ത്രീ തന്റെ വരുമാനം പുരുഷനെ ഏൽപ്പിക്കുക എന്ന രീതിയാണ പല കുടുംബങ്ങളിലും നിലവിലുള്ളത്. അവകാശങ്ങളില്ലാത്ത - ചുമതലകൾ മാത്രമുള്ള ഒരു വിഭാഗമായാണ് സ്ത്രീകളെ കണക്കാക്കുന്നത്. ഈ അവസ്ഥ മാറണം. സ്ത്രീക്കും പുരുഷനും തുല്യ പങ്കാളിത്തമുണ്ടാകേണ്ട വിവാഹം പോലും പുരുഷന്റെ ഇംഗിതത്തിനനുസരിച്ച് നടക്കുന്നു. തീരുമാനമെടുക്കുന്നത് പുരുഷൻമാരാണ്. സ്ത്രീധനം നിയമംമൂലം നിരോധിച്ചതുകൊണ്ട് മാത്രമായില്ല. ഇതിന്റെ പേരിലുള്ള കലഹം ഇപ്പോഴും നമ്മുടെ നാട്ടിൽ നടക്കുന്നു. സ്ത്രീധനം നൽകാൻ നിവൃത്തിയില്ലാത്തതുകൊണ്ട് അവിവാഹിതരായി കഴിയേണ്ടി വരുന്ന പെൺകുട്ടികൾ

ധാരാളമുണ്ട്. സർവ്വീസ് മേഖലകളിൽ ജോലിയെടുക്കുന്ന സ്ത്രീകൾ പോലും ജോലി സ്ഥലത്തും വീട്ടിലും വിവേചനത്തിനിരയാകുന്നുണ്ട് അവരും സ്ത്രീധനം നൽകേണ്ടിവരുന്നു. ഒരു പെൺകുട്ടി ജനിക്കുമ്പോൾ മുതൽ പല ചടങ്ങുകൾക്കുമായി ധാരാളം പണം ചെലവഴിക്കേണ്ടിവരുന്ന പെൺകുട്ടി ഒരു ഭാരമാണെന്ന തോന്നൽ മാതാപിതാക്കളിൽ ഇതു ജനിപ്പിക്കുന്നു. സ്ത്രീ പുരുഷന്റെ സ്വകാര്യ സ്വത്താണ് എന്ന ധാരണയാണ് സമൂഹത്തിന്. വിവാഹം ഒരു വിലപേശലായി നടന്നുവരുന്നു. വിദ്യാസമ്പന്നരെന്നവകാശപ്പെടുന്ന കുടുംബങ്ങളിൽ പോലും സ്ത്രീധന സമ്പ്രദായം നിലനിൽക്കുന്നു. സ്വത്തവകാശം പോലും വിവിധ മത വിഭാഗങ്ങളിൽ വ്യത്യസ്തമാണ്. നിയമത്തിന്റെ ദൃഷ്ടിയിൽ എല്ലാവരും തുല്യരാണ്. എല്ലാ സ്ത്രീകൾക്കും കുടുംബസ്വത്തിന് അവകാശമുള്ളവരാക്കി മാററിയാൽ സ്ത്രീധനം എന്ന ദുരാചാരം ഒരളവോളം ഇല്ലാതാക്കാൻ കഴിയും. സമൂഹത്തിൽ ബോധവൽക്കരണം കൂടി നടത്തേണ്ടതുണ്ട്.

'മതവിഭാഗങ്ങൾ തമ്മിലുള്ള അകൽച്ച കുറയ്ക്കുന്നതിന് മിശ്രവിവാഹം പ്രോത്സാഹിപ്പിക്കാവുന്നതാണ്.'

ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളും സ്ത്രീകളെ പലപ്പോഴും അവഹേളിക്കുന്ന രീതിയിൽ ചിത്രീകരിക്കുന്നു. ഉപഭോഗ വസ്തുക്കൾ കൂടുതൽ വിററഴിക്കുന്നതിന് സ്ത്രീ സൗന്ദര്യത്തെ ഉപയോഗിക്കുന്ന ഇത്തരം പ്രവണത കർശനമായി നിയന്ത്രിക്കേണ്ടതാണ്. സർക്കാർ നിയന്ത്രണത്തിലുള്ള ദൃശ്യ - ശ്രാവ്യ മാദ്ധ്യമങ്ങൾക്ക് മതിയായ സ്ത്രീ പ്രാതിനിധ്യമുള്ള ഒരു വിദഗ്ദ്ധ സമിതി അത്യാവശ്യമാണ്. സ്ത്രീകളെ അവഹേളിക്കുന്ന മാദ്ധ്യമങ്ങൾക്കും അതിനെ പ്രോത്സാഹിപ്പിക്കുന്ന വ്യവസായ വാണിജ്യ താല്പര്യങ്ങൾക്കുമെതിരെ ശക്തമായ പ്രതികരണം ഉയർന്നു വരണം.

രാഷ്ട്രീയ പാർട്ടികളിൽ സ്ത്രീകളുടെ പങ്കാളിത്തം പൊതുവെ കുറവാണ്. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും പ്രത്യേക മഹിളാ വിഭാഗങ്ങൾ ഉണ്ടെങ്കിലും നമ്മുടെ പ്രദേശത്ത് ഇത്തരം സംഘടനകളുടെ പ്രവർത്തനം നിർജീവമാണ്. സ്ത്രീകൾ സമൂഹത്തിൽ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങളെ ബന്ധപ്പെടുത്തി സംഘടിത വനിതാ പ്രസ്ഥാനം ഉയർന്നു വരണം. പ്രത്യേക സംവരണം ഏർപ്പെടുത്തിയതുകൊണ്ടുമാത്രം എല്ലാററിനും പരിഹാരമാവില്ല. ബോധപൂർവ്വമായ ഇടപെടൽ ഈ രംഗത്തുണ്ടാവണം.

മദ്യനിരോധനം ഫലപ്രദമായി നടപ്പാക്കണം. പുരുഷൻമാരുടെ മദ്യപാനം മൂലം നമ്മുടെ പ്രദേശത്ത് ഒട്ടേറെ കുടുംബങ്ങളിലെ സ്ത്രീകൾ പലവിധ ദുരിതങ്ങൾ അനുഭവിക്കുന്നുണ്ടെന്ന് ഗ്രാമസഭകളിലെ ചർച്ചകൾ സൂചിപ്പിക്കുന്നു സ്ത്രീ പീഢനം ഇത്തരം കുടുംബങ്ങളിൽ സാധാരണമാണെന്നും അഭിപ്രായമുണ്ട്, ജനകീയ പങ്കാളിത്തത്തോടെ നമ്മുടെ പഞ്ചായത്തിനെ മദ്യവിമുക്ത പഞ്ചായത്താക്കി മാററണം. സ്ത്രീകളുടെ പരിപൂർണ്ണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമെന്ന് പഞ്ചായത്തിലെ പത്ത് ഗ്രാമസഭകളും ഉറപ്പുനല്കുന്നു ഇതിനാവശ്യമായ സമിതികൾ പഞ്ചായത്തടിസ്ഥാനത്തിലും ഗ്രാമസഭ അടിസ്ഥാനത്തിലും ശക്തമാകണം.

സ്ത്രീ പ്രശ്നത്തെ സാമൂഹിക-സാമ്പത്തിക ബന്ധങ്ങളുമായി കൂട്ടിയിണക്കാതെ ലൈംഗിക വിവേചനത്തെ മാത്രം ആധാരമാക്കി പ്രശ്നങ്ങൾക്ക പരിഹാരം കാണാൻ കഴിയില്ല ചൂഷണാധിഷ്ഠിത തകർച്ച കൊണ്ട് ശാസ്ത്രീയമായ ഒരു സാമൂഹികവ്യവസ്ഥിതി കെട്ടിപ്പടുത്തുകൊണ്ടല്ലാതെ ശാശ്വതമായ പരിഹാരം സാദ്ധ്യമല്ല എങ്കിലും പരിമിതികൾക്കുള്ളിലെ സാദ്ധ്യതകൾ കണ്ടെത്തി സമൂഹത്തിൽ സ്ത്രീകൾ ഇന്നനുഭവിച്ചു കൊണ്ടിരിക്കുന്ന ദുരിതങ്ങൾക്ക് ഒരു അളവു വരെ ആശ്വാസം കണ്ടെത്താൻ കഴിയും.

## സാദ്ധ്യതകൾ:-

- ☐ ഗാർഹിക ജോലികൾ ലഘൂകരിക്കുന്നതിനുള്ള ശാസ്ത്ര - സാങ്കേതിക വിദ്യകൾ പരിശീലിപ്പിക്കുക.
- ☐ ദക്ഷത കൂടിയ അടുപ്പ് വ്യാപകമാക്കുക.
- ☐ പഠനം നിർത്തിയ 15 വയസ്സിനു താഴെ പ്രായമുള്ള എല്ലാ പെൺകുട്ടികളെയും സ്കൂളിലേക്ക് തിരികെ കൊണ്ടു വരിക.
- ☐ സെക്കൻററി തലത്തിലെങ്കിലും തൊഴിലിന് പ്രാമുഖ്യം നൽകുക,

- ☐ നിരക്ഷരരായ സ്ത്രീകളിൽ തുടർ സാക്ഷരതാ പരിപാടിയനുസരിച്ച് അത്യാവശ്യം എഴുതാനും, വായിക്കാനും, കണക്കുകൂട്ടാനുമുള്ള കഴിവുണ്ടാക്കുക.
- ☐ വായന ശാലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക; അവർക്കുകൂടി ഉപയോഗപ്രദമായ രീതിയിൽ വായനശാലകൾ പുനഃസംഘടിപ്പിക്കുക.
- ☐ കൃഷി രംഗത്തേയ്ക്ക് ആകർഷിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
- ☐ താല്പര്യമുള്ള തൊഴിൽ രഹിതരായ വനിതകളെ കണ്ടെത്തി വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
- ☐ കൂടുതൽ DWCRA യൂണിററുകൾ തുടങ്ങുക.
- ☐ വായ്പാ സൗകര്യം കൂടുതൽ ഉദാരമാക്കുക.
- ☐ വനിതാ സഹകരണ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ട പരിശീലനവും സഹായസഹകരണവും ലഭ്യമാക്കുക.
- ☐ സ്ത്രീകൾക്കായുള്ള പ്രത്യേക നേതൃത്വ പരിശീലന പരിപാടികൾ ആരംഭിക്കുക.
- ☐ പരമ്പരാഗത വ്യവസായങ്ങളിൽ സാങ്കേതിക നവീകരണമുണ്ടാവുമ്പോൾ സ്ത്രീകൾക്ക് മുൻഗണന നൽകുക. അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക. ഉൽപ്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കുക.
- ☐ എല്ലാ P. H സെൻററിലും സ്ത്രീ രോഗ വിദഗ്ധർ നിർബന്ധമായുംഉണ്ടായിരിക്കുക
- ☐ അമ്പത് വീടുകൾക്ക് പ്രഥമ ശുശ്രൂഷ നൽകാൻ കഴിയുന്ന ഒരു ആരോഗ്യ പ്രവത്തകൻ / പ്രവത്തക ഉണ്ടാവുക (സന്നദ്ധ സംഘടനാ പ്രവത്തകർ ആയാൽ നന്ന്.)
- ☐ അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുക.
- ☐ ദാരിദ്ര നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് മുൻഗണന.
- ☐ സ്ത്രീധന സമ്പ്രദായത്തിനെതിരെ ബോധവല്ക്കരണം; ഇതിൻെറ പേരിൽ പീഢനം അനുഭവിക്കുന്ന സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പാക്കുക.
- ☐ മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുക.
- ☐ സ്ത്രീകൾക്ക മാത്രമായി വായനശാലകൾ സ്ഥാപിക്കുക; സഞ്ചരിക്കുന്ന ലൈബ്രറികൾ തുടങ്ങുക.
- ☐ വനിതകൾക്ക് പ്രത്യേകമായി കലാ സാംസ്കാരികസമിതികൾ രൂപീകരിക്കുക. അതുവഴി പൊതുരംഗത്തേയ്ക്ക് ഉയർത്തിക്കൊണ്ടുവരിക.
- ☐ മദ്യനിരോധനം ഫലപ്രദമായി നടപ്പാക്കുക
- ☐ സ്വത്തിൽ പുരുഷനും സ്ത്രീക്കും തുല്യാവകാശം ഉണ്ടാകത്തക്ക രീതിയിൽ ബോധവൽക്കരണം നടത്തണം.

## അംഗൻവാടികൾ:-

നമ്മുടെ പഞ്ചായത്തിൽ 21 അംഗൻവാടികൾ നിലവിലുണ്ട്. 3നും 5നും ഇടയ്ക്കു പ്രായമുള്ള കുട്ടികൾക്ക് ഗാർഹികാന്തരീക്ഷം ഉണ്ടാക്കി കൊടുക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ മിക്ക അംഗൻവാടികളിലും ഇല്ല. കളിച്ചു രസിച്ചു നടക്കേണ്ട കുഞ്ഞുങ്ങൾക്ക് മതിയായ കളിപ്പാട്ടം പോലും ലഭ്യമല്ല എല്ലാ അംഗൻവാടികളിലും വർക്കർമാരും, ഹെൽപ്പർമാരുമുണ്ടെങ്കിലും വളരെ കുറച്ചു കുട്ടികൾ മാത്രമേ സ്ഥിരമായി എത്തുന്നുള്ളു കുട്ടികളെ കൂടുതലായി ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. അംഗൻവാടി വർക്കർ മാരുടെ ചുമതലകൾ എന്ത് എന്ന് ഇപ്പോഴും തീരുമാനിക്കപ്പെട്ടിട്ടില്ല. അംഗൻവാടികൾ കേന്ദ്രീകരിച്ച് മഹിളാസമാജങ്ങൾ രൂപീകരിക്കണം. മൂന്ന് അംഗൻവാടികളുമായിബന്ധപ്പെട്ട അംഗൻവാടികൾ ഇപ്പോഴുണ്ട്. പ്രവർത്തനം നിർജ്ജീവമാണ്. കുട്ടികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ-സാമൂഹിക - സാമ്പത്തിക കാര്യങ്ങളിൽ പ്രധാന പങ്കുവ

ഹിക്കേണ്ടുന്ന സ്ഥാപനമായി അംഗൻവാടികൾ മാറണം. പോഷകാഹാര പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുന്നില്ല ഓരോ അംഗൻവാടിയും സംരക്ഷണ സമിതികൾ രൂപീകരിച്ചാൽ ഒരു പരിധി വരെ ഇതു പരിഹരിക്കാനാവും.

* സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണം.
* നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും, യൂണിഫോമുകളും പഞ്ചായത്തിൽ നിന്ന് അനുവദിച്ചു കൊടുക്കുക.
* വിധവകളുടെ മക്കൾക്ക് പഠനത്തിനുള്ള ധന സഹായം അനുവദിച്ചു കൊടുക്കുക.
* പഞ്ചായത്തിന്റെ കീഴിൽ വനിതാസംരക്ഷണ സമിതി രൂപീകരിക്കുക.
* പഞ്ചായത്തിന്റെ കീഴിൽ വനിതാ ദുരിതാശ്വാസനിധി രൂപീകരിക്കുക.
* പഞ്ചായത്തിൽ റോഡിലൂടെ അലഞ്ഞു തിരിഞ്ഞു നടക്കുന്ന മാനസിക രോഗികളെ സുരക്ഷിതമായ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.
* ഏതു സ്ഥാപനത്തിലായാലും തൊഴിൽ രംഗങ്ങളിൽ 50 ശതമാനം സംവരണം റിസർവ് ചെയ്യുക.
* എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുന്നതിന് ധനസഹായവും, പ്രോത്സാഹനവും നൽകുക.
* കൊപ്പം പഞ്ചായത്തിലെ 7-ാം വാർഡിൽ ഒരു അംഗൻവാടി കൂടി പ്രവർത്തിക്കുന്നതിന് തീരുമാനം ഉണ്ടാവുക.

# സഹകരണം.

കൊപ്പം പഞ്ചായത്തിൽ കൊപ്പം സർവ്വീസ് സഹകരണ ബാങ്ക്, പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘം കൊപ്പം ഗവ: ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈററി എന്നിവയാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ 1, 2, 3, 8, 9, 10 എന്നീ വാർഡുകളിൽ പ്രവർത്തന പരിധിയുള്ള പട്ടാമ്പി സർവ്വീസ് സഹകരണ ബാങ്കിൻെറ സേവനവും ഇവിടെ ലഭ്യമാണ്. ജില്ലാ സഹകരണ ബാങ്കിൻെറ ശാഖ കൊപ്പം പഞ്ചായത്തിലെ അഞ്ചാം വാർഡിൽ പ്രവർത്തിക്കുന്നു. ഭൂപണയബാങ്കിൻെറ പട്ടാമ്പി ശാഖ വഴിയുള്ള പ്രവർത്തനങ്ങൾ വേറെയും നടക്കുന്നുണ്ട്.

വർഷത്തിൽ ബാങ്കുകളിൽ നിന്ന് സഹകരണ പ്രസ്ഥാനം വഴി കാർഷിക കടമായി ഏകദേശം 51, 65, 180 രൂപ വിതരണം ചെയ്തതായി കാണുന്നു. നിക്ഷേപയിനത്തിൽ വിവിധ സഹകരണ സ്ഥാപനങ്ങളിലായി 7, 16. 08, 366 രൂപ ഉള്ളതായി കാണുന്നു. സഹകരണ പ്രസ്ഥാനം പഞ്ചായത്തിൽ കാർഷിക - കാർഷികേതര പ്രവർത്തനങ്ങൾക്കായി പലതരത്തിൽ വേറെയും കടം കൊടുത്തിട്ടുണ്ട്. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണ പ്രസ്ഥാനത്തിന് ഇനിയും പലതും ചെയ്തുതീർക്കാനുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. (വിശദമായ കണക്കുകൾ പട്ടികയായി അനുബന്ധത്തിൽ )

കൊപ്പം സർവ്വീസ് കോ - ഓപ്പ് സൊസൈററി റജിസ്റ്റർ ചെയ്യപ്പെട്ടത് 28-7-1956 ലാണ്. ഓഹരി വില അന്ന് വെറും 5 രൂപയായിരുന്നു ഈ സൊസൈററിയാണ് പിന്നീട് സർവ്വീസ് കോ - ഓപ്പ് ബാങ്കായി ഉയർന്നത്. കർഷക പ്രസ്ഥാനവുമായി ബന്ധപ്പെട്ടാണ് ബാങ്ക് സ്ഥാപിക്കപ്പെട്ടത്. ഭൂരിഭാഗം ഷെയറുടമകളും കർഷകരായിരുന്നു. കൊപ്പം സർവ്വീസ് ബാങ്ക് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ജീവനക്കാരുടെ ഐക്യ ബോധവും മാനേജ്മെൻറിൻെറ ജാഗ്രുകതയും അപ്പെക്സ് ബാങ്കിൻെറ സഹകരണവും ആണ് ബാങ്കിനെ ഈ നിലയിലേയ്ക്ക് ഉയർത്തിയത്. ബാങ്കിന് ഇപ്പോൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹെഡാപ്പീസും, തിരുവേഗപ്പുറ, വിളയൂർ ബ്രാഞ്ചുകളിൽ സ്വന്തം കെട്ടിടങ്ങളും ഉണ്ട്.

പട്ടാമ്പി സർവ്വീസ് കോ - ഓപ്പ് ബാങ്കും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. മുതുതല, പട്ടാമ്പി എന്നിവിടങ്ങളിൽ ശാഖകൾ പ്രവർത്തിക്കുന്നു. രണ്ടു ബാങ്കുകളും രാസവളം, കീടനാശിനി, കശുവണ്ടി, ഓണച്ചന്ത എന്നീ കാര്യങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നു.

സഹകരണരംഗത്തെ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ ഇവയാണ്.

- പുതിയ രംഗങ്ങളിൽ പ്രവേശിക്കുവാനുള്ള ധൈര്യക്കുറവ്.
- അമിതമായ പലിശ നിരക്ക്.
- വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ വരുത്തുന്നതിൽ വരുത്തുന്ന വീഴ്ച.
- സാമ്പത്തിക നയത്തിൻെറ ഭാഗമായുള്ള പ്രശ്നങ്ങൾ.

താഴെ പറയുന്ന നിർദ്ദേശങ്ങളാണ് ഉയർന്നു വരുന്നത്.

- ജനാധിപത്യപരമായ പ്രവർത്തനം ഉയർത്തി കൊണ്ടു വരുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തുക.
- സാമൂഹിക ബോധം വളർത്തിയെടുത്ത് മെമ്പർമാരെ ബാങ്കുമായി കൂടുതൽ ഐക്യത്തിൽ വർത്തിക്കുവാൻ പ്രേരിപ്പിക്കുക.
- സോഷ്യൽ ഓഡിററിംഗിന് അംഗങ്ങളെ പ്രാപ്തരാക്കുക.
- പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ബാങ്കിൻെറ പ്രവർത്തനപരിധി പഞ്ചായത്തതിർത്തിക്കുള്ളിൽ ഒതുക്കിനിർത്തി ആവശ്യക്കാരായ മുഴുവൻ ഹരിജനങ്ങൾക്കും മെമ്പർഷിപ്പ് നൽകുക.
- ബാങ്കിൻെറ സ്ഥാപന വൽക്കരിക്കപ്പെട്ട സ്വഭാവംമാററി വിവിധ സേവന മണ്ഡലങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുക.

ഈ രംഗത്ത് താഴെ പറയുന്ന സാദ്ധ്യതകളാണ് നിർദ്ദേശിക്കപ്പെടാനുള്ളത്.

* മാർക്കറ്റിംഗ് സൊസൈററികൾ സ്ഥാപിച്ച് ഉല്പന്ന ശേഖരവും, സംസ്ക്കരണവും, വിപണനവും നടത്തുക. (നെല്ല്, തേങ്ങ, കുരുമുളക്, അടയ്ക്ക എന്നിവ.)

* വനിതാ സഹകരണസംഘങ്ങൾ രൂപീകരിച്ച് കൂടുതൽ തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തുക.

* ക്ഷീരവ്യവസായ രംഗത്ത് ഉല്പാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

* പട്ടികജാതിക്കാർക്കും വനിതകൾക്കും തൊഴിൽ വായ്പകൾ ലഘൂകരിച്ച വ്യവസ്ഥയിൽ നല്കാനുള്ള സംവിധാനം ഉണ്ടാക്കുക.

* I R D P ലോണുകൾ ലളിതമായ വ്യവസ്ഥ കൊടുക്കുവാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുക.

* കൊപ്പം സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ കൊപ്പം ടൗണിൽ ഒരു പ്രഭാത സായാഹ്ന ശാഖ ആവശ്യമാണ്

* കൊപ്പം സർവ്വീസ് കോ-ഓപ്പ് ബാങ്കിന്റെ കീഴിൽ ഒരു സഹകരണ സ്റ്റോർ സ്ഥാപിക്കുക.

* I R D P വായ്പകൾക്ക് വരുമാന പരിധി നിലവിലുള്ള 11,000/- രൂപയ്ക്ക് പകരം 15,000/- യായി ഉയർത്തണം.

* മണ്ണേങ്ങോട് എ യു. പി. സ്കൂളിൽ കോംപ്ലക്സ് കോ - ഓപ്പറേറ്റീവ് സൊസൈററി സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

# അനുബന്ധം.

| സ്ഥാപനത്തിന്റെ പേര് | സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ/ തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭത്തിലാണോ, നഷ്ടത്തിലാണോ? |
|---|---|---|---|---|---|---|
| Koppam Service Co-op. Bank. | 1946 | 44,804 | 30 | 14,45,405 | | ലാഭത്തിലാണ്. |
| Palakkad Dist. Co-op. Bank. Koppam Branch | 1987 | | 6 | | | ലാഭത്തിലാണ്. |
| SC / ST Co-op. Credit Society, Koppam | 1961 | 926 | 1 | | 90,000/- | നഷ്ടത്തിലാണ്. |

# പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം.

## ആമുഖം:-

പട്ടികജാതി വിഭാഗത്തിൽ ജനിച്ചവർ പുരാതന കാലം മുതൽക്കു തന്നെ ജന്മിമാരുടെ ആശ്രിതരായി ജീവിച്ചിരുന്നവരാണ്. അവരുടെ ജീവിത ശൈലി തന്നെ തമ്പുരാൻ കൽപ്പിക്കുന്നതുപോലെയായിരുന്നു. അർദ്ധപട്ടിണിക്കാരായിരുന്ന അവർ. എല്ലാ കുടുംബങ്ങളും ഏതെങ്കിലും "തമ്പുരാൻെറ പടിക്കലെ" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അതുകൊണ്ടു തന്നെ സ്വന്തമായി വീടുവെയ്ക്കുന്നതിനോ, 'ചെയ്ത പണിക്ക് കൂലി ചോദിച്ചുവാങ്ങുന്നതിനോ, കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനോ, വസ്ത്രധാരണത്തിനു പോലും ഉള്ള അവകാശം നിഷേധിക്കപ്പെട്ടിരുന്നു. പൊതു കുളങ്ങളിൽ കുളിക്കാനോ, വഴി നടക്കാനോ, അമ്പലങ്ങളിൽ ദർശനം നടത്താനോ ജന്മി വർഗ്ഗം അനുവദിച്ചിരുന്നില്ല. ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൻെറ ഭാഗമായ കർഷക പ്രസ്ഥാനം "ഉള്ള ഭൂമിയിൽ ഉറച്ചു നിൽക്കുക" "ജന്മിത്തം അവസാനിപ്പിക്കുക" എന്ന ആവശ്യമുന്നയിച്ച് ശക്തമായ സമരം നടത്തിയപ്പോൾ പട്ടികജാതി വിഭാഗക്കാരും കർഷകരോടൊപ്പം നിന്നിരുന്നു. സാമൂഹ്യ പരിഷ്കർത്താക്കളായ പള്ളം, ആര്യാപള്ളം, ഇ. പി., കെ. ജി., കെ. പി. കോപ്പൻ, കെ ശങ്കരൻ എന്നിവരുടെ നേതൃത്വത്തിൽ അയിത്തം, അനാചാരം എന്നിവയ്ക്കെതിരായി ഇവരെ സംഘടിപ്പിച്ചു നടത്തിയ പ്രവർത്തനങ്ങൾ സ്മരണീയമാണ്. പട്ടികജാതിക്കാരെ അമ്പലക്കുളങ്ങളിൽ കുളിപ്പിക്കുക, ആരാധന നടത്തിപ്പിക്കുക, ഹരിജൻ കുട്ടികളെ കുളിപ്പിക്കുക, ഭക്ഷണം കൊടുക്കുക, തുടങ്ങിയ പ്രവത്തനങ്ങളും സംഘടിപ്പിച്ചിരുന്നു. ഇവരുടെ നേതൃത്വത്തിൽ ചുണ്ടമ്പററയിൽ ഒരു ഹരിജൻ ഹോസ്റ്റലും ആരംഭിച്ചിരുന്നു. ഗവൺമെൻറ് വെൽഫയർ സ്കൂൾ രൂപം കൊണ്ടതും ഹരിജനോദ്ധാരണ പ്രവത്തനങ്ങളുടെ ഫലമായാണ്.

1957 മുതൽ വിവിധ ഘട്ടങ്ങളിലായി വന്ന ഭൂപരിഷ്കരണ നിയമങ്ങളുടെ ഫലമായി കാർഷിക ഭൂപരിഷ്കരണ നിയമങ്ങളുടെ ഫലമായി കർഷക തൊഴിലാളികൾക്കും ആനുകൂ കർഷകർക്കും കർഷക തൊഴിലാളികൾക്കും അവരുടെ ജീവിത ല്യങ്ങളും അതിൻെറ ഫലമായി ഉണ്ടായി. തലചായ്ക്കാൻ ഒരു ത്തിൽ മാററങ്ങളും ഭൂമിപോലുമില്ലാത്ത പട്ടിക ജാതിക്കാർ 10 ഇഞ്ച് ഭൂമിയുടെ ഉടമകളായി തുടന്ന് പല പട്ടിക സെൻറ് ഭൂമിയുടെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ജാതി വികസന സ്ഥിതി പരിതാപകരം തന്നെ. ഉള്ള ഇന്നും ഇവരുടെ സമ്പന്നൻമാർക്കു പോവുന്നതും ഒരു ആനുകൂല്യങ്ങൾ അതുകൊണ്ട് ഗൗരവമേറിയ ഒരു കാരണമാവാം. വികസന പദ്ധതി തന്നെ ഈ രംഗ ശാസ്ത്രീയ സമഗ്ര ത്ത് ആവിഷ്കരിക്കണം.

കൊപ്പം പഞ്ചായത്തിൽ 1991 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം 2955 പേർ പട്ടിക ജാതിയിൽ പെട്ടവരാണ്. ഇത് ജനസംഖ്യയിൽ 13% വരും. പഞ്ചായത്തിൽ മൊത്തത്തിൽ 42 ഹരിജൻ കോളനി കളുണ്ടെങ്കിലും ഇതിൽ കോലായിപ്പറമ്പ്, പറക്കുന്ന് പടനായകത്ത്കുണ്ട് തുടങ്ങിയവ ഗവൺമെൻറ് അംഗീകരിച്ച I H D P കോളനികളാണ്. നിലവിൽ ഈകോളനികളിൽ കോലായ്പ്പറമ്പ് കോളനി, വെട്ടുപടി തുടങ്ങിയവയിൽ പൈപ്പ് ലൈൻ എത്തിയിട്ടുണ്ട്. ആകെ 650 വീടുകളുള്ളതിൽ 257 വീടുകൾ ഓലമേഞ്ഞതാണ്. ഓടിട്ട വീടുകളിൽ തന്നെ 538 വീടുകൾ ഇനിയും വൈദ്യുതീകരിക്കണം. 250 വീടുകളിൽ കക്കൂസ് ഉണ്ട്. പട്ടികജാതി വിഭാഗത്തിൽ ഭൂരിപക്ഷം പേരും കാർഷിക ജോലിയിൽ ഏർപ്പെടുന്നവരാണ്. പട്ടികജാതിയിൽ 400 ഓളം പേർ അക്ഷരം അറിയാത്തവരാണ്. 5 വയസ്സിനു മുകളിൽ ഉള്ള കുട്ടികളെല്ലാം സ്കൂളിൽ പോവുന്നുണ്ട്. 50 വയസ്സിന് മുകളിൽ ഭൂരിപക്ഷം പേരും നിരക്ഷരരാണ്. ഒന്നാം ഘട്ട സാക്ഷരതാ പ്രവർത്തനം കോളനികളിൽ കേന്ദ്രീകരിച്ചാണ് നടന്നത്.

# നിലവിലുള്ള കോളനികളുടെ വിവരം.

| വാർഡ് നമ്പർ | | | വീടുകളുടെ എണ്ണം | അംഗീകൃത കോളനി |
|---|---|---|---|---|
| 1 | 1. | മുയലാടകുന്ന് കോളനി. | 12 | |
| | 2. | വാഴപ്പുറം കോളനി | 14 | |
| | 3. | കമ്പനിപറപമ്പ് കോളനി. | 14 | |
| 2 | 4. | പറക്കണ്ട് കോളനി. | 33 | IHDP |
| | 5. | പാറവെട്ട് കല്ല്. | 20 | |
| | 6. | കോട്ടപറമ്പ്. | 18 | |
| | 7. | മണ്ണാരച്ചുട്ടി. | 8 | |
| | 8. | പന്നിയംകുന്ന്. | 8 | |
| | 9. | പട്ടന്മാരുതൊടി കോളനി. | 12 | |
| 3 | 10. | പാലെക്കുന്ന് കോളനി. | 9 | |
| | 11. | വയറേങ്കിൽ പടി. | 20 | |
| | 12. | വെട്ടത്തുപടി. | 9 | |
| | 13. | തേറുമാറിൽ. | 12 | |
| | 14. | പേരെമാറിൽ. | 11 | |
| 4 | 15. | പുളക്കപറമ്പ് കോളനി. | 26 | |
| | 16. | അടുക്കർശിപറമ്പ്. | 20 | |
| 5 | 17. | കറുവത്ത്പടി. | 18 | |
| | 18. | വിലങ്ങുകല്ലിൽ. | 15 | |
| | 19. | നരിപ്പറമ്പ് ലക്ഷം വീട്. | 15 | |
| 6 | 20. | കളത്തുംപടി കോളനി. | 17 | |
| | 21. | തെക്കംപുറം. | 10 | |
| | 22. | കലവർകുന്ന് കോളനി. | 22 | |
| | 23. | പുതുമനതുരുത്ത് | 29 | |
| | 24. | കോണിക്കപ്പറമ്പ് | 15 | |
| | 25. | വട്ടപ്പറമ്പ് കോളനി | 7 | |
| 7 | 26. | കളത്തുംപടി - പൊറ. | 14 | |
| | 27. | നടുത്തൊടി പടി | 5 | |
| | 28. | കരിക്കുറ കോളനി. | 10 | |
| | 29. | പാണപ്പറമ്പ്. | 8 | |
| 8 | 30. | കോലായിപറമ്പ് കോളനി. | 35 | IHDP |
| | 31. | അത്തോളി പറമ്പ്. | 15 | |
| | 32. | അമ്മിണിത്തൊടി. | 10 | |
| 9 | 33. | പനമ്പറപടി കോളനി. | 22 | |
| | 34. | പുന്നേക്കാട്ടുപടി | 10 | |
| | 35. | തെക്കംപുറം കോളനി | 7 | |
| | 36. | ഈർക്കിലികുന്ന് കോളനി. | 25 | |
| | 37. | മാപ്പിളത്തൊടി കോളനി. | 25 | |
| 10 | 38. | പടനായകത്ത്കണ്ട് കോളനി. | 25 | |
| | 39. | കളപ്പറമ്പ്. | 30 | |
| | 40. | മുതലക്കാട്ടുപറമ്പ്. | 12 | |
| | 41. | ഇടപ്പറമ്പ്. | 10 | |
| | 42. | പാലൊളിപ്പറമ്പ്. | 10 | |

## പ്രശ്നങ്ങൾ:-

- പട്ടികയിൽ പറഞ്ഞ 3 കോളനികളൊഴികെ ബാക്കിയൊന്നും IHDP കോളനിയായി പ്രഖ്യാപിച്ചിട്ടില്ല
- വിവിധ കോളനികളായി 257 വീടുകൾ ഓടുമേഞ്ഞിട്ടില്ല.
- രണ്ടു കോളനികൾ ഒഴിച്ച് പൈപ്പ്ലൈൻ എത്തിയിട്ടില്ല.
- 400 വീടുകൾക്ക് കക്കൂസ് ഇല്ല.
- 538 വീടുകൾ വൈദ്യുതീകരിച്ചിട്ടില്ല.
- തെരുവു വിളക്കുകൾ എല്ലാ കോളനികളിലും ഇല്ല.
- എല്ലാ ഹരിജൻ കോളനികളും കേന്ദ്രീകരിച്ച് അംഗൻവാടികളില്ല.
- കുടിവെള്ളത്തിന് ഉപയോഗിക്കാവുന്ന കിണറുകൾ എല്ലാ കോളനികളിലും ഇല്ല.
- കൊപ്പം കേന്ദ്രീകരിച്ച് വിദ്യാഭ്യാസ വികസനത്തിനായി ഒരു ഹരിജൻ ഹോസ്റ്റൽ രൂപീകരിച്ചിട്ടില്ല.
- SC/ST വിദ്യാർത്ഥികൾക്ക് നിലവിൽ നൽകുന്ന ലംപ്സം ഗ്രാൻറ് പഠന സൗകര്യത്തിന് തികയുന്നില്ല
- കൃഷ്കത്തൊഴിലാളി പെൻഷൻ അർഹതപ്പെട്ട മുഴുവൻ തൊഴിലാളികൾക്കും കിട്ടുന്നില്ല.
- ഹരിജൻ വീടുകളിൽ 100ൽപരം എണ്ണം അററകുററ പണികൾ നടത്തിയിട്ടില്ല
- ഭൂരിപക്ഷം ഹരിജൻ കോളനികളിലേക്കും റോഡ് സൗകര്യം ഇല്ല ഉള്ളത് ഗതാഗതയോഗ്യമല്ല.
- വിധവാ - വാർദ്ധക്യ - അഗതി പെൻഷനുകൾ ഈ വിഭാഗത്തിലെ അർഹരായവർക്ക് കിട്ടുന്നില്ല.
- കോളനികളിൽ പരമ്പരാഗത തൊഴിലുകൾ സാമ്പത്തിക പരാധീനതമൂലം നടക്കുന്നില്ല.
- IHDP കോളനികളിൽ വ്യവസായ വകുപ്പ് വേണ്ട സഹായങ്ങൾ നൽകുന്നില്ല
- കൊപ്പം പഞ്ചായത്തിലെ പട്ടികജാതി സഹകരണ സംഘത്തിന്റെ പ്രവർത്തനം നടക്കുന്നില്ല ഭൂരിഭാഗം ഹരിജനങ്ങൾക്കും യാതൊരു ഗുണവും ഇല്ല.

## നിർദ്ദേശങ്ങൾ:-

- കൊപ്പം പഞ്ചായത്തിലെ മുഴുവൻ കോളനികളും അംഗീകരിക്കണം.
- ഹരിജനങ്ങൾക്ക് ഇന്ന് നൽകിക്കൊണ്ടിരിക്കുന്ന വീട്, കക്കൂസ് തുടങ്ങിയ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം.
- വിവിധ കോളനികളിലെ 251 വീടുകൾ ഓടുമേയണം.
- പഞ്ചായത്തിലെ 42 കോളനികളിലേക്കും പൈപ്പ് ലൈൻ നീട്ടി കുടിവെള്ളം ലഭ്യമാക്കണം.
- ചില കോളനികളിൽ കിണറുകൾ കുഴിച്ച് കുടിവെള്ളം ലഭ്യമാക്കണം.
- മൊത്തം കോളനികളിലെ 400 വീടുകൾക്ക് കക്കൂസ് നിർമ്മിക്കാൻ സാമ്പത്തിക സഹായം ലഭ്യമാക്കണം.
- 538 ഹരിജൻ വീടുകൾ വൈദ്യുതീകരിക്കണം.
- എല്ലാ കോളനികളിലും തെരുവ് വിളക്കുകൾ സ്ഥാപിക്കണം.
- കോളനികൾ കേന്ദ്രീകരിച്ച് അംഗൻവാടികൾ സ്ഥാപിക്കണം
- കൊപ്പം കേന്ദ്രീകരിച്ച് ഹരിജൻ വിദ്യാർത്ഥികൾക്ക് ഒരു ഹരിജൻ ഹോസ്റ്റൽ സ്ഥാപിക്കണം.
- SC/ST വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകുന്ന ലംപ്സം ഗ്രാൻറ് വർദ്ധിപ്പിക്കണം. 5-ാംതരം വരെയുള്ള ഹരിജൻ വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ സൗജന്യമായി നൽകണം. ഹരിജൻ വിദ്യാർത്ഥികളിൽ നിന്നും P. T A ഫണ്ട് നിർബന്ധമായി പിരിക്കുന്നത് ഒഴിവാക്കണം.
- പഞ്ചായത്തിലെ അർഹതപ്പെട്ട മുഴുവൻ കർഷകത്തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കണം.
- 100 ഹരിജൻ വീടുകൾ അററകുററ പണികൾ നടത്തണം.
- ഹരിജൻ കോളനികളിലേക്ക് നിലവിലുള്ള റോഡുകൾ ടാർ ചെയ്യണം.
- വിധവ-വാർദ്ധക്യ-അഗതി പെൻഷനുകൾ അർഹതപ്പെട്ട മുഴുവൻ പേർക്കും നൽകാൻ അടിയന്തിരമായ നടപടി ഉണ്ടാവണം.

- ☐ സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കണം

- ☐ പരമ്പരാഗത തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകി പ്രോൽസാഹിപ്പിക്കണം.

- ☐ ഈ പഞ്ചായത്തിൽ കുടിൽ വ്യവസായം തുടങ്ങാൻ സന്നദ്ധരായവർക്ക് ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകണം.

- ☐ I H D. P. കോളനികളിൽ വ്യവസായ വകുപ്പിൽ നിന്ന് നൽകാവുന്ന സാമ്പത്തിക സഹായം നൽകണം.

- ☐ കൊപ്പത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പട്ടികജാതി സഹകരണ സംഘത്തിന്റെ പരിധി കൊപ്പം പഞ്ചായത്തു മാത്രമായി ചുരുക്കി പഞ്ചായത്തിലെ മുഴുവൻ ഹരിജനങ്ങൾക്കും ഉപകാരപ്രദമാക്കണം.

- ☐ കൃഷി വകുപ്പു മുഖേന കിണർ കുഴിക്കാൻ നിശ്ചയിച്ചിട്ടുള്ള ഭൂപരിധി നിലവിലുള്ള 30 സെന്റ് എന്നത് 10 സെന്റ് ആക്കി മാററിയാൽ മാത്രമേ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സഹായം ലഭിക്കു

- ☐ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി സ്പ്രേയർ, പവർ ടില്ലർ, കാർഷിക ഉപകരണങ്ങൾ, നടീൽ വസ്തുക്കൾ, കന്നുകുട്ടികൾ എന്നിവ എല്ലാവർക്കും ലഭ്യമാക്കണം.

- ☐ നെൽകൃഷി, നാണ്യവിളകൾ, പച്ചക്കറി തുടങ്ങിയവ കൃഷി ചെയ്യുന്നതിന് 50 സെന്റ് എന്ന നിലവിലുള്ള ഭൂപരിധി കുറച്ച് പമ്പുസെററുകൾ വിതരണം ചെയ്യണം.

- ☐ ബയോഗ്യാസ് നിർമ്മിക്കുന്നതിന് കന്നുകാലികളുള്ള മുഴുവൻ പട്ടികജാതിക്കാർക്കും കൃഷിവകുപ്പിൽ നിന്ന് സാമ്പത്തിക സഹായം നൽകണം.

- ☐ വിവിധ വിളകൾക്ക് കൃഷിവകുപ്പിൽ നിന്നും വിതരണം ചെയ്യുന്ന മിനിക്കിററ് യോജിച്ച സമയത്ത് നൽകണം.

* തൊഴിൽപരിശീലനങ്ങൾ സംഘടിപ്പിക്കുക. തുടർ പ്രവർത്തനങ്ങളും ആവിഷ്കരിക്കുക.

* സാമൂഹ്യ അനാചാരങ്ങൾക്കും, ചൂഷണങ്ങൾക്കും പട്ടികജാതി വിഭാഗങ്ങളെ വിധേയമാക്കുന്ന പ്രവണതകൾക്കെതിരെ ശക്തമായ ബോധവല്ക്കരണ പ്രവർത്തനങ്ങളും ഹരിജന പീഢന വിരുദ്ധനിയമത്തെ (Sc/St Atroeities Aet. 1991) കുറിച്ച് ബോധവല്ക്കരണ ക്ലാസുകളും സംഘടിപ്പിക്കുക.

* വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി/വർഗ്ഗ സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് സ്കൂൾ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ അനുവദിക്കുക

* KIRTADS - ന്റെ പ്രവർത്തനം പഞ്ചായത്തു തലത്തിൽ ലഭ്യമാക്കുക.

* SC/ST കോർപ്പറേഷന്റെ വായ്പകൾ ലഭിക്കുന്നതിന് നിലവിലുള്ള ജാമ്യ വ്യവസ്ഥകൾ ലഘൂകരിക്കുക

* ഹരിജനങ്ങൾക്ക് നൽകുന്ന വീട്, കക്കൂസ് തുടങ്ങിയവയുടെ സാമ്പത്തിക സഹായം തുക വർദ്ധിപ്പിക്കുക.

* പട്ടികജാതി/വർഗ്ഗ വനിതാ വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.

* പഞ്ചായത്തിൽ ഹരിജനങ്ങൾക്കായി ഒരു ശ്മശാനം നിർമ്മിക്കുക.

* സ്വന്തമായി സ്ഥലമോ, വീടോ ഇല്ലാത്ത ഹരിജനങ്ങൾക്ക് സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക.

* പട്ടികജാതിക്കാർക്ക് കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കുക.

* വിധവകളുടെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം വർദ്ധിപ്പിക്കുക.

* മിശ്ര വിവാഹിതർക്കുള്ള സാമ്പത്തിക സഹായം പരിധി വർദ്ധിപ്പിക്കുക.

അഞ്ചു വർഷത്തിനുള്ളിൽ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളുടെയും ജീവിതനിലവാരം ഉയർത്തി സാമൂഹ്യനീതി ഉറപ്പുവരുത്തലാണ് നമ്മുടെ ലക്ഷ്യം. ഇതിന് സഹായകമായ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാണ് 9-ാം പദ്ധതി, ജനകീയപദ്ധതി

# വിഭവ സമാഹരണം.

ഒന്നാം ഗ്രേഡിൽ പെട്ടതാണെങ്കിലും വരുമാനം തീരെ കുറവായ ഒരു പഞ്ചായത്താണ് കൊപ്പം. തൊഴിൽ നികുതി, കെട്ടിട നികുതി, വിനോദ നികുതി, ലൈസൻസ് ഫീസ് എന്നിവയും സർക്കാരിൽ നിന്നുമുള്ള വിവിധ ഗ്രാൻറുകളുമാണ് മുഖ്യ വരുമാന മാർഗ്ഗം.

| | | |
|---|---|---|
| **കെട്ടിട നികുതി** | — | 14.31% |
| **തൊഴിൽ നികുതി** | — | 6.12% |
| **വിനോദ നികുതി** | — | 2.45% |
| **ലൈസൻസ് ഫീസ്** | — | 1% |
| **ഗ്രാൻറുകൾ** | — | 39.28% |

ഇതിൽ ഭൂരിഭാഗവും ഭരണ ചെലവുകൾക്കും, പൊതുമരാമത്ത് പണികൾക്കുമായി വിനിയോഗിക്കേണ്ടി വരുന്നു മൊത്തം വരുമാനത്തിന്റെ 34% ഭരണ ചെലവുകൾക്കും, പൊതു മരാമത്ത് 24.3% ശുദ്ധജലവിതരണം 2.18% തെരുവു വിളക്കുകൾ കത്തിക്കൽ 1.25% വിദ്യാഭ്യാസം 1.2% പത്രമാസിക സാക്ഷരത, കേരളോത്സവം, ഭവന നിർമ്മാണം, വരൾച്ചാ ദുരിതാശ്വാസം തുടങ്ങിയ ഇനങ്ങളിൽ 72.6% വു മാണ്.

കൂടാതെ 5 ലക്ഷത്തിൽ പരം രൂപ ശുദ്ധ ജല വിതരണ പദ്ധതിയുടെ അററ കുററ പണികൾക്കും, മററുമായി കേരള വാട്ടർ അതോറിററിക്ക് ബാധ്യതയുമുണ്ട്.

1985-86; 1990-91; 1995-96 എന്നീ വർഷങ്ങളിലെ വരവു ചെലവു കണക്കുകൾ താഴെ കൊടുക്കുന്നു.

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1985-86 | 369305.00 | 272466.00 |
| 1990-91 | 659405.00 | 761572.00 |
| 1995-96 | 1607220.00 | 1598338.00 |

ഇതിൽ അൺടൈഡ് ഫണ്ട് ഇനത്തിൽ അന്നുണ്ട് വരവ് 296000/- രൂപയാണ്. ഇതു മൊത്തം വരുമാനത്തിന്റെ 18.4% ആകുന്നു.

ജെ. ആർ. വൈ. ഇനത്തിൽ ലഭിച്ചത് 463500/- രൂപയാണ്. ഈ ഫണ്ട് പ്രധാനമായും റോഡു നിർമ്മാണം, ഭവന നിർമ്മാണം, ക്ലബ്ബ് നിർമ്മാണം എന്നിവയ്ക്കാണ് ചെലവഴിക്കുന്നത്.

ഭരണപരമായ ചെലവിനത്തിൽ കാലാനുസൃതമായ വർദ്ധനവ് മാത്രമാണുണ്ടായിട്ടുള്ളത്. മുഖ്യമായും ചെലവിനത്തിൽ പെടുന്നത്. റോഡു പോലുള്ള പൊതു മരാമത്ത് പണികളാണ്. 40000/- രൂപ തോട് സംരക്ഷണത്തിനും ചെലവഴിച്ചിട്ടുണ്ട്. ആകെ വരുമാനത്തിന്റെ 85% വും ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നു. ഇതിൽ ഭൂരിഭാഗവും കോൺട്രാക്ട് പണികൾ തന്നെയാണ്. പഞ്ചായത്ത് നേരിട്ടോ, ജനകീയ കമ്മിററികൾ വഴിയോ ചെയ്യുന്ന പ്രവൃത്തികൾ നാമ മാത്രമാണ്.

പഞ്ചായത്ത്‌രാജ് ഭരണ സംവിധാനം നിലവിൽ വന്നതിനു ശേഷം കാർഷിക വികസന രംഗത്തും മൃഗ സംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിലും നടപ്പു പദ്ധതി വിഹിതം ചെലവഴിക്കൽ മാത്രമാണ് നടക്കുന്നത്. പഞ്ചായത്ത് തനതായി പ്രത്യക്ഷ ഉല്പാദനമേഖലകളിൽ ഇടപെടുകയുണ്ടായിട്ടില്ല. കേരള സംസ്ഥാന ഗ്രാമ വികസന ബോർഡിൽ നിന്നും വായ്പ എടുത്ത് പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിച്ച വകയിൽ കടം തിരിച്ചടയ്ക്കുന്നതാണ്. ആണ്ടിൽ 56710 രൂപ ചെലവാകുന്നുണ്ട്. വാടകയിനത്തിൽ മൊത്തം 45000 രൂപയാണ് ലഭിക്കുന്നത്. ഇത് കടം തിരിച്ചടയ്ക്കുന്നതിന് മതിയാകുന്നില്ല.

കഴിഞ്ഞ വർഷങ്ങളിലെ പ്രധാന വരവിനങ്ങളും ചെലവിനങ്ങളും കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

## വരവിനങ്ങൾ.

| വർഷം | കെട്ടിട നികുതി | തൊഴിൽ നികുതി | വിനോദ നികുതി | മററിനങ്ങൾ | ആകെ |
|---|---|---|---|---|---|
| 1993-94 | 188050-00 | 71260-00 | 34868-00 | 667754-00 | 961932-00 |
| 1994-95 | 207133-00 | 83590-00 | 39421-00 | 968790-00 | 1298934-00 |
| 1995-96 | 230141-00 | 8235-00 | 39379-00 | 1239465-00 | 1607220-00 |

## ചെലവിനങ്ങൾ.

| വർഷം | ഭരണം | പൊതുമരാമത്ത് | ആരോഗ്യം വിദ്യാഭ്യാസം | ജലവിതരണം തെരുവു വിളക്ക് | മററിനങ്ങൾ | ആകെ |
|---|---|---|---|---|---|---|
| 1993-94 | 445711 00 | 78814-00 | 97528 00 | 20112-00 | 390453-00 | 1032618-00 |
| 1994-95 | 537632-00 | 123097-00 | 29049 00 | 27593-00 | 171091-00 | 898462-00 |
| 1995 95 | 547742-00 | 390858-00 | 46975-00 | 56169-00 | 557594 00 | 1598338-00 |

പഞ്ചായത്തുകൾക്ക് നിലവിലുള്ള സാമ്പത്തിക അവകാശങ്ങൾ വളരെ പരിമിതമാണ്. പഞ്ചായത്ത് രാജ് ഭരണക്രമം നിലവിൽ വന്നിട്ട് ഒരു വർഷമായെങ്കിലും ഈ കാര്യത്തിൽ കാര്യമായ ഒരു മാററവും വന്നിട്ടില്ല. അൻപതു രൂപയ്ക്കു മേൽ പണമായി നല്കാൻ പാടില്ല എന്നും, ചെക്ക് ആയി തന്നെ നല്കണമെന്നുമുള്ള വ്യവസ്ഥ കാലങ്ങളായി നിലനിന്നു വരുന്നതാണ്. പൊതുമരാമത്തു പണികൾക്ക് 5000 രൂപയിൽ അധികരിക്കാത്ത തുകയ്ക്കു് എസ്റ്റിമേററു തയ്യാറാക്കാനുള്ള അധികാരം മാത്രമാണ് നിലവിലുള്ളത്. കാലാനുസൃതമായ മാററം ഇക്കാര്യങ്ങളിൽ വരേണ്ടതുണ്ട്.

അഞ്ചു ലക്ഷം രൂപയ്ക്കു വരെയുള്ള പൊതുമരാമത്തു പണികൾ പഞ്ചായത്തിന് നേരിട്ടു ചെയ്യാൻ അധികാരമുണ്ടെങ്കിലും ആവശ്യമായ സാങ്കേതിക ഉദ്യോഗസ്ഥൻമാരെ അനുവദിക്കാത്തതു കൊണ്ട് ഉദ്ദേശിച്ച ഫലം ഉണ്ടായിട്ടില്ല. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൂടുതൽ ചുമതലകൾ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളത് സ്വാഗതാർഹമാണെങ്കിലും ഇത് ഫലപ്രദമായി നടപ്പാക്കാനാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടില്ല. പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടുകൾ പോലും ഉപാധികൾ വെച്ചു നല്കുന്നത് ഗ്രാമസഭകളിൽ ഉയർന്നു വരുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ പരിമിതികൾ ഉണ്ടാക്കുന്നു. വികസന ഫണ്ടിന്റെ 50%മെങ്കിലും പ്രത്യക്ഷ ഉല്പാദനമേഖലകളിൽ വിനിയോഗിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം ഉണ്ടാകേണ്ടതാണ്. 50% ലഭിക്കുകയാണെങ്കിൽ തന്നെ ഇപ്പോഴത്തേതിനെക്കാൾ 15% അധികം നിർമ്മാണ പ്രവർത്തികൾ നടക്കുമെന്നാണ് പഠനങ്ങൾ കാണിക്കുന്നത്. ഇപ്പോൾ വികസനഫണ്ടിൽ 65%ഉം ചോർന്നു പോകുന്നതായാണ് സർക്കാർ കണക്കുകൾ സൂചിപ്പിക്കുന്നത്. ജനകീയാസൂത്രണ പ്രസ്ഥാനം വഴി വളർന്നു വരുന്ന കൂട്ടായ്മ ഉപയോഗപ്പെടുത്തി ഗ്രാമ സഭകൾ വികസന പ്രവർത്തനങ്ങൾ ഏറെറടുക്കുമ്പോൾ മുഴുവൻ ചോർച്ചയും ഒഴിവാക്കപ്പെടുന്നതാണ്. പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. ധനലക്ഷ്മി ബാങ്ക്.
2. പാലക്കാട് ജില്ലാ സഹകരണ ബാങ്ക്.
3. കൊപ്പം സർവ്വീസ് സഹകരണ ബാങ്ക്.
4. കൊപ്പം പട്ടികജാതി കാർഷിക സഹകരണ സംഘം.

ഇതിനുപുറമെ I, IX വാർഡുകൾ സർവ്വീസ് ഏരിയയായുള്ള പട്ടാമ്പി കനറാബാങ്കും VI-ാം വാർഡ് തിരുവേഗപ്പുറ കനറാബാങ്കും VII, VIII വാർഡുകൾ പട്ടാമ്പി സ്റ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂറും I, II III, VIII, IX, X വാർഡുകൾ സർവ്വീസ് ഏരിയായായി പട്ടാമ്പി സർവ്വീസ് സഹകരണബാങ്കും പ്രവർത്തിക്കുന്നുണ്ട്. പട്ടാമ്പി ബ്ലോക്ക് ഭവന നിർമ്മാണ സഹകരണസംഘം, ഒററപ്പാലം കാർഷികവികസന ബാങ്ക് എന്നിവയും കൊപ്പം പഞ്ചായത്ത് പ്രദേശത്തേയ്ക്ക് വായ്പ അനുവദിക്കുന്നുണ്ട്.

ഇതിൽ II, III, IV, V വാർഡു തലങ്ങളിൽ സർവ്വീസ് ഏരിയായുള്ള ധനലക്ഷ്മി ബാങ്കിന്റെ വായ്പാ പദ്ധതികൾ ഗ്രാമീണർക്ക് ലഭ്യമാകുന്നില്ല പ്രൈവററ് ബാങ്കിന്ന് അനുവദിച്ചിട്ടുള്ള സർവ്വീസ് ഏരിയായിലും മററു ദേശസാൽകൃത ബാങ്കുകളുടെ സേവനം കൂടി ലഭ്യമാക്കാനുള്ള നടപടികൾ ഉണ്ടാവണം. കനറാബാങ്കും, S.B.T യും ഉല്പാദനമേഖലാ വികസന പരിപാടികൾക്കാവശ്യമായ വായ്പ നൽകുന്നതിൽ വിമുഖത കാണിക്കുന്നതായി ഗ്രാമസഭകളിൽ പരാതി ഉയന്നു വന്നിട്ടുണ്ട്. N A B A R D ന്റെയും പട്ടാമ്പി കനറാ ബാങ്കിന്റെയും സംയുക്താഭിമുഖ്യത്തിൽ ആമയൂർ പ്രദേശത്ത് V. V. V (വികാസ് വാളണ്ടിയർ വാഹിനി) ക്ലബ്ബ് രൂപീകരിച്ചിട്ടുണ്ട്. കാഷിക വായ്പ എടുത്ത് കൃത്യമായും തിരിച്ചടക്കുന്നവർക്ക് ആവശ്യമായ പ്രോത്സാഹനവും പഠനയാത്രകളുമാണ് ഇതിന്റെ ഉദ്ദേശം. IX-ാം വാർഡ് പട്ടാമ്പി കനറാബാങ്കു, VI ാം വാർഡ് തിരുവേഗപ്പുറ കനറാബേങ്കും വികസനത്തിനായി തെരഞ്ഞെടുത്തത് കൂടുതൽ ഫലപ്രദമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകേണ്ടതാണ്. അതുപോലെ S B T യുടെ സർവ്വീസ് ഏരിയയായ VII, VIII വാർഡുകളിൽ ഇത്തരം പദ്ധതികൾ ആലോചിക്കേണ്ടതാണ്. ഗ്രാമീണരുടെ വായ്പാവിനിയോഗ ശേഷി വദ്ധിപ്പിച്ച് ഉല്പാദന മേഖല ളിൽ കൂടുതൽ മുതൽ മുടക്കാനും അതുവഴി വരുമാനം വർദ്ധിപ്പിക്കാനും തിരിച്ചടവ് സാധ്യമാക്കാനും ഇത്തരം പദ്ധതികൾ സഹായകമാണ്. സഹകരണ ബാങ്കുകളുടെ പ്രവർത്തനവും ആശാവഹമല്ല ഗ്രാമീണരുടെ ബാങ്കായി പ്രവർത്തിക്കേണ്ട സഹകരണബാങ്കുകൾ വായ്പാ ആവശ്യം പൂർണ്ണതോതിൽ നിറവേററുന്നില്ല സഹകരണ ബാങ്കുകളുടെ പ്രവർത്തനരീതി ലഘൂകരിക്കേണ്ടതുണ്ട്. വായ്പ അനുവദിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ മൂലമുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ് പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക സഹായിക്കുന്ന ധനകാര്യ സ്ഥാപനമാകണം സഹകരണ ബാങ്കുകൾ പഞ്ചായത്തിന്റെ ബാങ്കു തന്നെ എന്നു പറയാം. വാണിജ്യ ബാങ്കുകൾ സമാഹരിക്കുന്ന നിക്ഷേപത്തിന്റെ പകുതിയിലധികവും മററു സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു പഞ്ചായത്തിലെ മുഴുവൻ ധനവിഭവങ്ങളും സഹകരണ ബാങ്കുകളിൽ സമാഹരിച്ച് നമ്മുടെ പഞ്ചായത്തിലെ വായ്പാ ആവശ്യങ്ങൾ നിറവേററാൻ കഴിയും. ഇതിനായി "നബാഡ്" പോലുള്ള ഏജൻസികളുടെ സഹായവും പിന്തുണയും ഉറപ്പാക്കേണ്ടതാണ്. കൊപ്പം സഹകരണ ബാങ്കിന്റെ പ്രവത്തന മേഖല കൊപ്പം പഞ്ചായത്തു മുഴുവനാവണം.

മേൽ സൂചിപ്പിച്ച ധനകാര്യ സ്ഥാപനങ്ങൾക്ക പുറമെ അനൗപചാരികമായി പണം വൻപലിശയ്ക്കു നൽകുന്ന വ്യക്തികളും, ഏജൻസികളും ഈ പഞ്ചായത്തിന്റെ മിക്കവാറും എല്ലാ ഭാഗത്തും പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ ചൂഷണത്തിൽ നിന്നും ഗ്രാമീണരെ മോചിപ്പിക്കാനാവശ്യമായ പദ്ധതികൾക്ക രൂപം നൽകണം.

നമ്മുടെ പഞ്ചായത്തിൽ നിന്ന് 1000 - 1500 ഓളം ആളുകൾ ഗൾഫ് മേഖലയിൽ പണിയെടുക്കുന്നുണ്ട് ഇവരുടെ നിക്ഷേപത്തിൽ നിന്നും ഒരു വിഹിതം ഉൽപ്പാദനമേഖല വികസനത്തിന് ഉപയോഗിച്ചാൽ തന്നെ ഇവിടത്തെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധി വരെ അറുതിവരുത്താനാകും. 1980 കളിലാണ് ഗൾഫ് കുടിയേററം വ്യാപകമായത്. ഇടത്തരം മുസ്ലിം കുടുംബാംഗങ്ങളാണ് പ്രധാനമായും ഈ രംഗത്തുള്ളത്. ഇവരുടെ വരുമാനത്തിന്റെ പ്രധാന ഭാഗവും ഭൂമി വാങ്ങുന്നതിനും കെട്ടിട നിർമ്മാണത്തിനുമായാണ ഉപയോഗിക്കപ്പെടുന്നത്. അടുത്തകാലത്തായി ഇവരുടെ തിരിച്ചു വരവ് കൂടുതലായിട്ടുണ്ട്. മടങ്ങി വരുന്നവരിൽ ചിലർ കച്ചവടരംഗത്ത് മുതൽ മുടക്കി കാണുന്നു. കാർഷിക മേഖലയിലോ വ്യവസായ മേഖലയിലോ മററു ഉൽപ്പാദന രംഗങ്ങളിലോ മുതൽ മുടക്കുന്നവർ നാമമാത്രമാണ്. നാട്ടിലെ സാമൂഹിക സാംസ്കാരിക സാമുദായിക മേഖലകളിലെ പ്രവർത്തനങ്ങൾക്ക് ഉദാരമായി സംഭാവന നല്കുന്ന ഗൾഫ്

മലയാളികളുടെ ശ്രദ്ധ ഉല്പാദനമേഖലകളിലേക്ക് കൂടി തിരിച്ചു വിടുകയാണെങ്കിൽ ആ രംഗത്തെ തകർച്ചയും ഒരു അളവു വരെ പരിഹാരമാകും.

കാലങ്ങളായി നമ്മുടെ പഞ്ചായത്തിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സന്നദ്ധ പ്രവർത്തകരുടെ പങ്കാളിത്തമുണ്ടായിട്ടുണ്ട്. 1960 കളിലെ കൊപ്പം ആശുപത്രി കെട്ടിടനിർമ്മാണം മുതൽ വിവിധ വാർഡുകളിൽ നിർമ്മിക്കപ്പെട്ട റോഡുകൾ (നാലാം മൈൽ - മേൽമുറി, തൃത്താല കൊപ്പം - പുന്നങ്ങാട്ട് പടി, ചക്കപറമ്പ് - മാപ്പിളത്തൊടി, വെൽഫേർ സ്കൂൾ - പുലാശ്ശേരി റോഡുകൾ തുടങ്ങി ഇപ്പോൾ പ്രവർത്തി നടന്നുകൊണ്ടിരിക്കുന്ന ആക്കപറമ്പ് റോഡ്, വിയററ്നാംപടി എടപ്പലം റോഡുവരെ) കിണറുകൾ, കുളങ്ങൾ, ചിറകൾ എല്ലാം ഉദാഹരണങ്ങളാണ്. ഈ രംഗത്തു പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളും നമുക്കുണ്ട്. പഞ്ചായത്തിൻെറ ബോധപൂർവ്വമായ ഇടപെടലും പദ്ധതിവകയിരുത്തലും ഉണ്ടെങ്കിൽ നമ്മുടെ വികസന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും.

## പ്രശ്നങ്ങൾ:-

- ○ പഞ്ചായത്തിൻെറ വരുമാന സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തായ്മ.
- ○ ഭരണ ചെലവു വർദ്ധന.
- ○ ഇടത്തട്ടുകാരുടെയും, കോൺട്രാക്ടർമാരുടെയും ചൂഷണം.
- ○ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിന് തടസ്സങ്ങൾ.
- ○ വായ്പകളുടെ ദുർവ്വിനിയോഗം.
- ○ പ്രാദേശികാവശ്യങ്ങൾക്കനുസൃതമായ സ്കീമുകൾ തയ്യാറാക്കുവാൻ അസൗകര്യം.
- ○ ചില രംഗങ്ങളിലെ സുതാര്യത കുറവ്.

## സാദ്ധ്യതകൾ:-

* പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് മുഖ്യവിഭവങ്ങളായ നികുതികളും ഫീസുകളും ചുമത്തുന്നരീതിയിലെ പോരായ്മ പരിഹരിക്കണം. ലൈസൻസില്ലാത്ത ഒരു സ്ഥാപനം പോലും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല എന്നു ഉറപ്പുവരുത്തണം.
* പരസ്യനികുതി ചുമത്തൽ.
* എസ്റ്റാബ്ലിഷ്മെൻറ് തുക കാലാനുസൃതമായി വർദ്ധിപ്പിക്കുക.
* വൈദ്യുതി, ശുദ്ധജലം ഇവയുടെ ഉല്പാദനം മാത്രം ബോർഡുകളെയോ ഏജൻസികളെയോ ഏല്പിക്കുകയും, വിതരണം പഞ്ചായത്തിൻെറ ചുമതലയിലാക്കുകയും ചെയ്യുക.
* പണ്ടു മുതലെ നിലനിന്നിരുന്ന നമ്മുടെ സന്നദ്ധ പ്രവർത്തന ശൈലി വിപുലീകരിക്കുക.
* പഞ്ചായത്തിൻെറ ചെലവുകൾ സുതാര്യമാക്കുക, ഗ്രാമസഭകളിൽ വരവു - ചിലവു കണക്ക് അവതരിപ്പിക്കുക, നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുക. മുതലായവ.
* സന്നദ്ധ സംഘടനകൾക്കായുള്ള സഹായ പദ്ധതി.

നമ്മുടെ പഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനകൾക്കുള്ള സഹായപദ്ധതികൾ പ്രസ്തുത സംഘടനകൾ വഴി പദ്ധതികൾ സമർപ്പിച്ച് പലവക വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താൻ കഴിയും.

● ● ●

# കൊപ്പം പഞ്ചായത്ത് വികസന സമിതി.

പഞ്ചായത്തിലെ വിവിധ രാഷ്ട്രീയ-സാമൂഹ്യ-സന്നദ്ധ സംഘടനകളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി വികസനരംഗത്ത് കൂട്ടായ്മ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ ഈ വർഷത്തെ പഞ്ചായത്ത് ദിനത്തിൽ (19-2-96) ചേർന്ന സെമിനാറിൽ വെച്ച് കൊപ്പം പഞ്ചായത്ത് വികസന സമിതിക്ക് രൂപം കൊടുത്തു. അഭയത്തിൻെറയും കേരളശാസ്ത്രസാഹിത്യ പരിഷത്തിൻെറയും പ്രവർത്തകരാണ് ഇതിന് മുൻകൈയ്യെടുത്തത്. ഈ സമിതി ചാരിററബിൾ സൊസൈററീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. കല്യാശ്ശേരി മാതൃകാ നിയമാവലിയിൽ പ്രാദേശിക മാററങ്ങൾ വരുത്തിയാണ് നിയമാവലി നിർമ്മിച്ചത്. ഗ്രാമ - ബ്ലോക്ക് ജില്ലാ പഞ്ചായത്തംഗങ്ങൾ, അസംബ്ലിയിലെ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വികസന ഉദ്യോഗസ്ഥർ, നെഹ്റു യുവകേന്ദ്ര ശാസ്ത്ര സാഹിത്യ പരിഷത്ത്, അഭയം പ്രതിനിധികൾ എന്നിവർ എക്സ്ഒഫീഷ്യോ അംഗങ്ങളാണ്. 50-100 കുടുംബങ്ങളടങ്ങുന്ന അയൽക്കൂട്ടങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടു പേർ (ഒരു പുരുഷനും ഒരു സ്ത്രീയും) വീതം അടങ്ങിയതാണ്. ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടാണ് പഞ്ചായത്ത് വികസന സമിതിയുടെയും പ്രസിഡണ്ട്.

# ജനറൽബോഡി ഇപ്പോഴത്തെ ഭരണസമിതി.

- ഇ. പി. നാരായണൻ, ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് — പ്രസിഡണ്ട്.
- കെ. അബ്ദുൾജബ്ബാർ, ഗ്രാമ പഞ്ചായത്ത് വൈ: പ്രസിഡണ്ട് — വൈസ് പ്രസിഡണ്ട്.
- എൻ. പി. മരക്കാർ, ഗ്രാമ പഞ്ചായത്ത് മെമ്പർ, — വൈസ് പ്രസിഡണ്ട്.
- പി. സുബ്രഹ്മണ്യൻ, ,, — സെക്രട്ടറി.
- എ. പി. രാമദാസ്, ,, — ജോ : സെക്രട്ടറി.
- പി. ഇന്ദിരാദേവി ,, — ,,
- ടി. ഭാനുമതി, ,, — ,,
- കെ. മോഹൻദാസ്, കരുവാൻതൊടി, മണ്ണേങ്ങോട്. — ,,
- പി. കൃഷ്ണൻ, ഡയറക്ടർ, അഭയം. — ട്രഷറർ.
- ഇ, പി. ശങ്കരൻ, ജില്ലാ പഞ്ചായത്തംഗം — മെമ്പർ.
- കമ്മുക്കുട്ടി എടത്തോൾ, ബ്ലോക്ക് പഞ്ചായത്തംഗം — ,,
- വി. പി. സോമൻ, സെക്രട്ടറി, കൊപ്പം ഗ്രാമ പഞ്ചായത്ത് — ,,
- സി. ഉസ്മാൻ ഹാജി, ഗ്രാമപഞ്ചായത്തംഗം — ,,

- പി രുഗ്മിണി അന്തർജ്ജനം, ഗ്രാമ പഞ്ചായത്തംഗം. — ,,
- വി. പി. അയിഷാബി. ,, — ,,
- ടി. പി. ഭാസ്കരൻ, കൃഷിഓഫീസർ. — ,,
- ഡോ: മുഹമ്മദ് ഹനീഫ, വെററിനറി സർജൻ. — ,,
- കെ. മൂസ്സ, കല്ലിങ്ങൽ – ആമയൂർ. — ,,
- കെ. കുമാരി, അഭയം – പുലാശ്ശേരി. — ,,
- എസ്. സജിതാകുമാരി, അംഗനവാടി വർക്കർ. — ,,
- വി. പ്രേമകുമാരി, അംഗനവാടി വർക്കർ. — ,,

21 അംഗ ഭരണസമിതിയിൽ 7 പേർ വനിതകളും 3 പേർ SC വിഭാഗത്തിൽ പെട്ടവരുമായിരിക്കും. എല്ലാ വർഷവും ഏപ്രിൽ മാസത്തിൽ ജനറൽബോഡി ചേർന്ന് ഭരണസമിതിയെ തെരഞ്ഞെടുക്കേണ്ടതാണ്.

സമിതിയുടെ തനതായ പ്രവർത്തനങ്ങൾ സജീവമായിട്ടില്ല. 3-4 അയൽക്കൂട്ടങ്ങൾ രൂപം കൊണ്ടിട്ടുണ്ട് പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് സമിതിയുടെ പ്രവർത്തനം സജീവമാക്കണം.

# കൊപ്പം പഞ്ചായത്ത് വിദ്യാഭ്യാസ സമിതി.

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പ്രവർത്തനം സജീവമാക്കാനും ജനപങ്കാളിത്തം വർദ്ധിപ്പിക്കാനുമായി 28-3-96 ന് ഒരു പഞ്ചായത്ത് വിദ്യാഭ്യാസ സമിതിക്ക് രൂപം കൊടുത്തു.

**ഭാരവാഹികൾ:-**

ഇ. പി. നാരായണൻ (ചെയർമാൻ), കെ. അബ്ദുൾജബ്ബാർ, കെ. മധുസൂദനൻ, പി. സുധാകരൻനായർ (വൈ: ചെയർമാൻമാർ), കെ. സി. ഗോപാലകൃഷ്ണൻ (കൺവീനർ), എം. കെ. മാധവൻ, ടി പി കൈലാസനാഥൻ, കെ. കുമാരി (ജോ. കൺവീനർമാർ) തുടർന്ന് മെയ്മാസത്തിലും ജൂലായിലും യോഗം ചേർന്ന് പരിപാടികൾ ആവിഷ്ക്കരിച്ചിരുന്നു. പഞ്ചായത്ത് വിദ്യാഭ്യാസ കോംപ്ലക്സുമായി സഹകരിപ്പിച്ച് തുടർ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കണം.

# വികസന റിപ്പോർട്ട് തയ്യാറാക്കാൻ നേതൃത്വം നൽകിയവർ.

- ഇ പി. നാരായണൻ, ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്.
- കെ. അബ്ദുൾജബ്ബാർ, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട്.
- പി. സുബ്രഹ്മണ്യൻ, സ്റ്റാൻറിങ്ങ് കമ്മററി ചെയർമാൻ.

- ☐ എൻ. പി. മരക്കാർ, ഗ്രാമ പഞ്ചായത്ത് മെമ്പർ.
- ☐ സി. ഉസ്മാൻഹാജി ,,
- ☐ എ. പി രാമദാസ് ,,
- ☐ പി. രുഗ്മിണി അന്തർജ്ജനം ,,
- ☐ പി. ഇന്ദിരാദേവി ,,
- ☐ ടി. ഭാനുമതി ,,
- ☐ വി പി. അയിഷാബി ,,
- ☐ ഇ. പി ശങ്കരൻ KRP
- ☐ പി. കൃഷ്ണൻ KRP
- ☐ കെ. സി ഗോപാലകൃഷ്ണൻ DRP
- ☐ പി യം ത്രിവിക്രമൻ ,,
- ☐ ടി, പി. കുഞ്ഞൻ ,,
- ☐ കെ. കുമാരി ,,
- ☐ കെ. മോഹൻദാസ് ,,
- ☐ എ. കെ. മുസ്തഫ ,,

* വി. പി. സോമൻ, ജൂനിയർ സൂപ്രണ്ട്, കൊപ്പം പഞ്ചായത്ത്.
* ഡോ: മുഹമ്മദ് ഹനീഫ, വെററിനറി സർജൻ, കൊപ്പം.
* ടി. പി ഭാസ്കരൻ, അഗ്രികൾച്ചർ ഡവലപ്മെൻറ് ഓഫീസർ, കൊപ്പം.
* പി. പരമേശ്വരൻ, U D C, കൊപ്പം ഗ്രാമപഞ്ചായത്ത്.
* സി. അബ്ദുൾസലാം U D C, കൊപ്പം ഗ്രാമപഞ്ചായത്ത്.
* കെ. മധുസൂധനൻ, പ്രസിഡണ്ട്, കൊപ്പം സർവ്വീസ് സഹകരണബാങ്ക്.
* എം എം. പീതാംബരൻ നമ്പൂതിരി.
* കെ. ബാലചന്ദ്രൻ.
* കെ. നാരായണൻ.
* പി. സുധാകരൻ നായർ.
* സി. പോക്കർ ഹാജി.
* പി. മൊയ്തീൻകുട്ടി.
* എൻ. ജി. നായർ.
* കെ. അപ്പുകുട്ടൻ.
* സജിതാകുമാരി.

തുടങ്ങി പഞ്ചായത്തിലെ നൂറോളം സന്നദ്ധ പ്രവർത്തകരുടെയും സേവനം ലഭ്യമായി.

# ഉപസംഹാരം

ജനകീയാസൂത്രണം രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഉല്പന്നമാണീ റിപ്പോർട്ട്. ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന വികസന പ്രശ്നങ്ങളും ഓഫീസുകളിൽ നിന്നു ലഭിച്ച ദ്വിതീയ സ്ഥിതിവിവരം കണക്കുകളും പഞ്ചായത്തിന്റെ 3 വ്യത്യസ്ത പാതയിലൂടെ (TRANSECT) നടത്തിയ പഠന പര്യടന വിവരങ്ങളും കാരണവൻമാരുടെ അനുഭവങ്ങളും ഓഫീസുകളിലെ പദ്ധതി വിലയിരുത്തൽ യോഗങ്ങളും ക്രോഡീകരിക്കാൻ ഇതിൽ ശ്രമിച്ചിട്ടുണ്ട്. ധാരാളം കാര്യങ്ങൾ വിട്ടുപോയിട്ടുണ്ടെന്നും കൂട്ടി ചേർക്കാനുണ്ടാകുമെന്നു വരാം. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ സമയ ബന്ധിതമായി തിരക്കിട്ട് ചെയ്തു തീർക്കേണ്ടി വന്നത് വലിയൊരു പരിമിതിയായി. മുൻ അനുഭവങ്ങളില്ലാത്തതും വിഷമമായി. സെമിനാറിൽ ചച്ച് ചെയ്ത് വിട്ടുപോയവ കൂട്ടി ചേർക്കണമെന്നും മുൻഗണനാക്രമം തീരുമാനിക്കാൻ ശ്രമിക്കണമെന്നും ഒമ്പതാം പദ്ധതി രൂപീകരണത്തിനുള്ള ഒരു സമഗ്രരേഖയാക്കി മാറ്റണമെന്നും അഭ്യർത്ഥിക്കുന്നു.

സഹകരിച്ച എല്ലാവർക്കും നന്ദി!

- പ്രവർത്തകർ.

D $\frac{1}{4}$ Pages : 98. Copies : 500. Nov. 96.

4280

KERALA INSTITUTE OF LOCAL ADMINISTRATION
LIBRARY
THRISSUR-680581

എന്റെ ജീവിതമാണ് എന്റെ സന്ദേശം



Printed at AKSHARA PRINTERS, Koppam, Tel: 0492-692407